The High Court passed another detailed order on 25-8-1995 (Ext. R 30) reads thus:

"By order dated 19-6-1995 in the above Civil Revision Petition, this court directed the Board of Trustees of respondent No.1 therein elected on 25-12-1994 pending Revision and the continuance of which was to be subject to the final result of the revision (see order of P.A.Mohammed, J dt. 6-1-1995 in C.M.P 23 of 1995) to put the management in the hands of the Board of Trustees elected earlier on 26-7-1994. This court also directed the court below to get that direction implemented if the direction of this court was not complied with.

The direction of this court was not complied with by the first respondent or the Board of Trustees elected on 25-12-1994 and holding office subject to the final orders in Revision. The first respondent filed an application for Special Leave Petition before the Supreme Court against the direction of this Court. That application was rejected by the Supreme Court on 29-6-1995. The first respondent thereafter filed R.P 204 of 1995 on 10-7-1995 seeking a review of the decision of this court. An application for stay C.M.P 2272 of 1995 was also filed asserting that the charge had not been handed over by the Board elected on 25-12-1994. This court there upon sought information from the trial court by

Official Memorandum dated 13-7-1995 as to whether the order dated 19-6-1995 had not yet been implemented. In his report dated 17-7-1995, the Subordinate Judge, Attingal reported to this Court that the parties had not obeyed the direction of this court, that the Amin had been deputed to enforce the direction, but he had not carried out the work, that the Amin sought protection from the police to perform his duty and hence he had ordered such protection, that

LIBRARY ARCHIVES Kerala Legislative Assembly

the police did not do anything to help the Amin to carry out the work that a further request was made for proper police protection and since that was also not made available, he had directed the Deputy Superintendent of Police, Attingal to take all steps to remove the obstructions offered to the Amin's trying to enforce the order. The Subordinate Judge sent a second report dated 22-7-1995 detailing the steps taken by him to get the order implemented, but reported that the order still remained unenforced. Another report dated 26-7-1995 was also sent reporting the failure to enforce the order. A copy of the statement received from the Deputy Superintendent of Police, Attingal was also enclosed. It was stated therein that the police apprehend that resistance will be offered and the removal of obstructions will create law and order issues. It is in that context that this court on 7-8-1995 requested the Additional Director General of Prosecutions to look into the matter and to ensure that the necessary help is given to the officers of court to implement the orders of court. A copy of the judgement in the Civil Revision Petition was also directed to be issued to him. The Review Petition was adjourned to 14-8-1995. Meanwhile the Subordinate Judge sent another report dated 7-8-1995 to the effect that the police are reluctant to act and hence he could not implement the orders of this court.

"The matter came up only on 21-8-1995, since this court resumed its regular single sitting only on that day. A further report from the Subordinate Judge dated 14-8-1995 had been received enclosing a copy of the report made by the Superintendent of Police, Trivandrum Rural stating that forcible removal of obstruction will create law and order issues. Clearly, the order had not been implemented. This court got the distinct impression that the police was dragging their feet. This court also found that the very authority of the Subordinate Judge and consequently of the entire judiciary, was being questioned. This court therefore felt it necessary to pursue the matter further. It is in that context that the Additional Director General of Prosecutions assured this court that the obstructions will be removed so as to enable the officers of court to carry out their duty in implementing the order of this court. The matter was adjourned to 25-8-1995. It has to be noticed that the implementation only meant that the body elected pending Revision and holding office subject to decision in the Revision was to hand over the management to a body elected earlier which was found entitled to hold office."

"At 1.45 p.m. on 24-8-1995, the present petition is moved by the Advocate General requesting this court to postpone the implementation of the directions in its orders dated 21-8-1995 and 19-6-1995 for a period of one month in the interest of justice and for the protection and safeguarding the interests of the Sree Narayana Dharma Sanghom Trust and its numerous beneficiaries. The order dated 19-6-1995 had been affirmed by the Supreme Court. It has also to be noticed with regret that the learned Advocate General, the leading figure in the machinery set

LIBRARY ARCHIVES Kerala Legislative Assembly

up for the administration of justice in the State, has not specifically sought time to get the orders of court implemented but sought to protect the interests of the first respondent which was defying the authority of court and permitting a body holding charge subject to the result of the Revision to continue to hold charge against the final decision in Revision."

"In this petition, it is stated that the Chief Minister of the State has formed a Sub Committee with a view to investigate the possibilities of an amicable settlement acceptable to all parties and for that, time is required. A period of one month is said to be required to enable the Chief Minister to arrive at a solution by a negotiation. There is no statement that an attempt will be made at that level to persuade the concerned party to obey the directions of court, sought to be implemented by the Subordinate Judge. There is no doubt a statement in the context of dealing with the undertaking given to this court earlier by the Additional Director General of Prosecutions that it was "the intention of the police authorities to carry out their duties despite whatever may happen."

When this aspect was pointed out to the learned Advocate General at the time of hearing, he stated that he was prepared to undertake on behalf of the State, "to implement the order or otherwise settle the entire dispute between the parties, if time is granted."

"This Court is really unhappy with the situation. Are we following the Rule of law or the principle, ""show me the party, I will tell you whether we will implement the directions of court or not"? The Counsel who appeared for the first respondent and the learned Advocate General and the Additional Advocate General who was also present along with the Advocate General when this petition was moved, are the protectors of the rule of law and the pillars of the judicial system and in that capacity they clearly have a duty to advise their clients to ensure that the orders of the Court are respected and got implemented. The executive cannot show reluctance to implement the orders of Court or-look at the parties to the litigation to extend or not to extend its arm to enforce the orders of Court."

"Even with this aspect seriously troubling the mind of this court, this court has no reason to doubt the bonafides of the request now made. This court therefore is inclined to grant the time sought for but with the definite hope that those who have now sought time would ensure that judicial verdicts are respected and orders of court are implemented. It will be in the fitness of things if the concerned parties are first persuaded to obey the directions made, in addition to finding a solution to the dispute itself. It has to be borne in mind that the body now refusing to hand over charge was holding office only subject to the result of

LIBRARY ARCHIVES Kerala Legislative Assembly

the Revision. The Revision has been decided and their continuance cannot be justified from any point of view."

"In view of the request made for time and the undertaking given by the learned Advocate General, I grant the time of one month sought for."

"Post this petition and the Review for further orders on 25-9-1995."

FURTHER TIME PLEA BY ADVOCATE GENERAL

The Advocate General filed a second petition C.M.P 3325/95 praying for a further one week time from 25-9-1995 for implementing the earlier order of the Court. The Court as per order dated 25-9-1995 granted one week time.

REVIEW PETITION DISPOSED

When the notice was ordered on the review petition on 1-11-1995, the Court had passed an order thus:

"Notice. It is made clear that the question whether this court retains the power to review the order already passed in view of the subsequent order of the Supreme Court will be considered initially, after notice. Learned counsel for the petitioner Mr.T.R.G.Wariyar submits that the records may be called for. Call for the entire records from the court below".

The question of jurisdiction to review, after the order in CRP was confirmed by the Supreme Court was considered first by the High Court thus:

"It is in this context that one has to remember that in the Thungabhadra Industries case the Supreme Court dealing with the power of review of the High Court, had specifically stated that the crucial date for considering whether an application for review could be entertained is the date on which the application for review is filed and if on that day, there has been an approach already to the appellate court, the review may not lie. Since the decision in Thungabhadra Industries directly dealt with the power of review as distinct from the cases relied on by counsel for the petitioner regarding the scope of an appeal under Article 136 of the Constitution, I am inclined to follow the ratio of the decision in Thungabhadra Industries case. In that context, with respect, I am inclined to agree with the views of the Calcutta and Andhra Pradesh High Courts on the question as expressed in C.K.Sukla (84 CWN 324) and Sitarama Sastry (A.I.R.1966 A.P.173)."

"The next aspect to be considered is the effect of the decision of the Supreme Court dated 29-6-1995. While according to counsel for the petitioner,

LIBRARY ARCHIVES Kerala Legislative Assembly

the said order is not a speaking one and consequently it cannot be said to have decided anything on the merits of the controversy, according to counsel for the opposite party, the said order indicates that their Lordships had considered the correctness of the order of this court dated 19-6-1995 and had found no reason to interfere with that order. Counsel for the opposite party therefore submits that in this case, in any event, there is a merger of the order of this court with that of the Supreme Court and consequently this court has lost its jurisdiction to hear and dispose of the Review Petition on merits."

"It is to be noticed here that the situation here is one, where the application for special leave was made and dismissed by the Supreme Court before the filing of the review, thus attracting both the situations contemplated by the Supreme Court in Thungabhadra Industries case."

"I therefore hold that in view of the order of the Supreme Court dated 29-6-1995, there is a merger of the order of this court dated 19-6-1995 in that of the Supreme Court and consequently, this court has lost its jurisdiction to review the order dated 19-6-1995. The above view, according to me, is also supported by the ratio of the decision in U.P.Avas Evam Vikas Parishad v. Ravi Kumar Anand (A.I.R.1995 sc 2076)."

"Thus, on an anxious consideration of the relevant aspects, I hold that the present Review Petition cannot be entertained by this court in exercise of its jurisdiction under Order 47 Rule 1 of the Code of Civil Procedure."

This order also was challenged by the Supreme Court in S.L.P (Civil 12203/96. That S.L.P was also dismissed.

LIBRARY ARCHIVES Kerala Legislative Assembly

CHAPTER IX

PRESS AND PUBLICITY

The media played an important role mobilising police opinion regarding Sivagiri Mutt. Reports from various newspapers are extracted:-

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 4

ശിവഗിരിതർക്കം: അനുരഞ്ജനശ്രമം സർക്കാർ മതിയാക്കുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം : ശിവഗിരിയിലെ സന്ന്യാസിമാർ തമ്മിലുള്ള തർക്കം അനുരഞ്ജനത്തിലൂടെ പരിഹരിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിക്ക് ആ ഉദ്യമത്തിൽ വിജയിക്കാൻ കഴിഞ്ഞില്ലെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി അറിയിച്ചു.

ഒരു കൂട്ടർ ഒന്നിനോടും യോജിക്കുന്നില്ല

അനുരഞ്ജന ശ്രമങ്ങൾ ഗവൺമെന്റ് അവസാനിപ്പിച്ചതായി അദ്ദേഹം 'കേരളകൗമുദി'യോട് പറഞ്ഞു.

നിരവധി ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ ഇരുപക്ഷത്തിന്റെയും പരിഗണനയ്ക്കായി സമർപ്പിച്ചെങ്കിലും ശാശ്വതികാനന്ദ സ്വാമികളെ എതിർക്കുന്ന കൈവല്യാനന്ദ സ്വാമിയുടെ നേതൃത്വത്തിലുള്ള വിഭാഗം അവയോടൊന്നും യോജിച്ചില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ശിവഗിരിയിൽ പൊലീസ് കയറി അധികാരം കൈമാറ്റം നടത്തണമെന്നും അതിനായി തങ്ങൾക്ക് ആവശ്യമായ സംരക്ഷണം നൽകണമെന്നുമുള്ള ഒറ്റ നിർദ്ദേശമേ തങ്ങൾക്കുള്ളൂവെന്ന് കൈവല്യാനന്ദ പക്ഷം ഉറച്ചുനിന്നു. എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി കെ. ഗോപിനാഥന്റെ പിന്തുണ തങ്ങൾക്കുണ്ടെന്നും അവർ അവകാശപ്പെട്ടിട്ടുണ്ട്.

എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്ന ശാശ്വതികാനന്ദ സ്വാമികൾ അനുരഞ്ജന ചർച്ചകൾ അലസിയതിനെ തുടർന്ന് ഇതുവരെ നടന്ന കാര്യങ്ങൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനായി സത്യവാങ്മൂലം സമർപ്പിക്കും. ഹൈക്കോടതിയുടെ ഇടക്കാലവിധി നടപ്പാക്കുന്നതിന് വിധിയിൽ പറയും പ്രകാരമുള്ള ട്രസ്റ്റ് നിയമാവലി അനുസരിച്ചുള്ള ബോർഡ് നിലവിൽ ഇല്ലാത്തതിനാൽ ഭരണം ആരെയും ഏല്പിക്കാൻ കഴിയാത്ത നിലയിലാണ് താനെന്നും സത്യവാങ്മൂലത്തിൽ ബോധിപ്പിക്കും. നിയമസാധുതയില്ലാത്ത ഒരു ബോർഡിന് അധികാരം കൈമാറാൻ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് അംഗീകരിച്ച ട്രസ്റ്റ് സ്കീം തന്നെ അനുവദിക്കുന്നില്ലെന്ന വസ്തുതയും അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തും.

കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് 1959-ൽ രൂപം കൊടുത്ത ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് സ്കീമനുസരിച്ച് ഏഴിൽ കുറയാതെയും 11-ൽ കവിയാതെയും ഉള്ളതായിരിക്കണം ട്രസ്റ്റ് ബോർഡിന്റെ അംഗസംഖ്യ. ഈ ബോർഡ് അംഗങ്ങളെ ജനറൽ ബോഡിയാണ് തിരഞ്ഞെടുക്കേണ്ടത്. (ട്രസ്റ്റ് സ്കീം 18-ാം വകുപ്പ്) അഞ്ചുവർഷമാണ് ബോർഡിന്റെ ഭരണ കാലാവധി. ഈ ട്രസ്റ്റ് ബോർഡ് പിന്നീട് ഭാരവാഹികളെ തിരഞ്ഞെടുക്കും. 11 പേരുള്ള ബോർഡിൽ എട്ട് അംഗങ്ങൾ സന്ന്യാസിമാരായാൽ മാത്രമേ വിശേഷാൽ ബോർഡ് യോഗം കൂടുവാൻ സാധിക്കൂ. ട്രസ്റ്റ് സ്കീമിലെ 48-ാം വകുപ്പ് പ്രകാരം സ്പെഷ്യൽ ബോർഡിന് മൊത്തം അംഗസംഖ്യയുടെ മൂന്നിൽ രണ്ടാണ് കോറം. സാധാരണ ബോർഡിന്റെ കോറം ആറാണ്.

ബോർഡും സ്പെഷ്യൽ ബോർഡും കൂടാൻ കഴിയുമ്പോൾ മാത്രമേ ബോർഡിന്റെ പൂർണ്ണ ചുമതല നിർവഹിക്കാൻ കഴിയുകയുള്ളൂ. ആ അർത്ഥത്തിൽ 11 പേരെ ജനറൽ ബോഡി ബോർഡിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അതിൽ എട്ടുപേരെങ്കിലും ബോർഡ് പ്രവർത്തിക്കുന്നതിന് ഉണ്ടായിരിക്കണം.

1994 ജൂലായ് 26-നാണ് പുതിയ ട്രസ്റ്റ് ബോർഡ് തിരഞ്ഞെടുപ്പ് നടന്നത്. ശാശ്വതികാനന്ദ സ്വാമികളുടെ

(ശേഷം പേജ് 7 കോളം 1)

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 4

അനുരഞ്ജനശ്രമം മതിയാക്കുന്നു

നേതൃത്വത്തിൽ 11 പേരുടെ പാനലാണ് പ്രമുഖമായി ഉണ്ടായിരുന്നത്. രണ്ടുപേർ മാത്രമേ എതിരായി നോമിനേഷൻ കൊടുത്തിരുന്നുള്ളൂ-സ്വാമി പ്രകാശാനന്ദയും സ്വാമി മഹേശ്വരാനന്ദയും. ഒരു എതിർ പാനലിലൂടെ മത്സരിക്കത്തക്ക പിന്തുണ ഇവർക്കുണ്ടായിരുന്നില്ല. ഇലക്ഷനെ സംബന്ധിക്കുന്ന നയപരമായ തീരുമാനങ്ങൾ എടുക്കുന്ന ബോർഡിൽ ശാശ്വതികാനന്ദ സ്വാമികൾ ഉണ്ടായിരുന്നില്ല. അദ്ദേഹം വിദേശയാത്രയിലായിരുന്നു. ഇലക്ഷന്റെ നോമിനേഷൻ കൊടുക്കുന്നതിന് രണ്ടുദിവസം മുൻപ് മാത്രമാണ് സ്വാമി തിരിച്ചെത്തിയത്.

എന്നാൽ യാത്രയ്ക്ക് മുൻപ് ഭരണപക്ഷത്തിന്റെ ബോർഡിലേക്കുള്ള 11 പേരുടെ പാനൽ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന പവിത്രാനന്ദ സ്വാമിയെ ഏല്പിച്ചിട്ടാണ് ശാശ്വതികാനന്ദ സ്വാമികൾ ലണ്ടനിൽ പോയത്.

തിരിച്ചുവന്നു പാനൽ പരിശോധിച്ചപ്പോഴാണ് നിർദ്ദേശിക്കപ്പെട്ടിരുന്നവരിൽ മൂന്നുപേർ നോമിനേഷൻ സമർപ്പിക്കാൻ എത്തിയിരുന്നില്ല എന്നുകണ്ടത്. അന്നത്തെ സെക്രട്ടറി അവരെ കൂട്ടിക്കൊണ്ടു വരുവാനായി ശിവഗിരിയിൽ നിന്നും യാത്രതിരിച്ചു. എന്നാൽ നോമിനേഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ അവർക്ക് എത്തിച്ചേരാൻ കഴിഞ്ഞില്ല. ഈ ഘട്ടത്തിൽ ശാശ്വതികാനന്ദ സ്വാമികളുടെ പാനലിൽ ഉൾപ്പെട്ടിരുന്നയാളും ശിവഗിരി ബ്രഹ്മവിദ്യാലയത്തിന്റെ ആചാര്യനുമായിരുന്ന കൈവല്യാനന്ദ സ്വാമിയുടെ വിദ്യാർത്ഥികളായിരുന്ന മൂന്നു സന്ന്യാസിമാർ ചിലരുടെ നിർദ്ദേശ പ്രകാരം താത്കാലിക അഡ്ജസ്റ്റ്മെന്റ് എന്ന നിലയിൽ നോമിനേഷൻ സമർപ്പിച്ചു.

നോമിനേഷൻ പിൻവലിക്കാനുള്ള സമയം കഴിഞ്ഞതിനുശേഷം 12 മണിയോടെ ലിസ്റ്റിന് അന്തിമരൂപം കൊടുത്തുകൊണ്ട് റിട്ടേണിംഗ് ഓഫീസർ അഡ്വ. ആനന്ദക്കുട്ടൻ ശാശ്വതികാനന്ദ സ്വാമികളെ അറിയിക്കുമ്പോഴാണ് വിദ്യാർത്ഥികളായ മൂന്നുപേർ കൂടി നോമിനേഷൻ കൊടുത്ത വിവരം സ്വാമികളുടെ ശ്രദ്ധയിൽപ്പെട്ടത്.

ശിവഗിരിയിൽ രണ്ടു വിധത്തിൽ സന്ന്യാസം നൽകാറുണ്ട്. ഒന്ന് വിദ്വത് സന്ന്യാസി (സന്ന്യാസ യോഗ്യത നേടിയശേഷം നൽകപ്പെടുന്ന പദവി). രണ്ട് വിവിദിക്ഷ സന്ന്യാസി (സന്ന്യാസ യോഗ്യത നേടുന്നതിനുവേണ്ടി കാഷായ വസ്ത്രം നൽകുന്നു).

വിദ്യാർത്ഥികളായിരിക്കുമ്പോൾ സന്ന്യാസവും അംഗത്വവും നൽകുന്നത് ഭരണപരമായ സൗകര്യത്തിനുവേണ്ടിയാണ്. നിരവധി ശാഖാസ്ഥാപനങ്ങളുള്ള ശിവഗിരി മഠത്തിന് വളരെ കുറച്ച് പ്രഗത്ഭരായ സന്ന്യാസികൾ മാത്രമേയുള്ളൂ. ട്രസ്റ്റ് സ്കീമനുസരിച്ച് ശാഖാ സ്ഥാപനങ്ങളുടെ ഭരണാധികാരം അംഗങ്ങൾക്ക് മാത്രമേ നൽകുവാൻ പാടുള്ളൂ. അതുകൊണ്ടാണ് വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നെ സംഘത്തിൽ അംഗങ്ങളാക്കുന്ന നയം സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഭരണശേഷിയും പ്രാപ്തരും നേടുന്നവരെ മാത്രമേ ബോർഡിലേക്ക് തിരഞ്ഞെടുക്കാവൂ. ട്രസ്റ്റ് സ്കീമിലെ 19-ാം വകുപ്പ് ഇങ്ങനെ അനുശാസിക്കുന്നു: ഭരണപരമായ ശേഷിയും വ്യക്തിപരമായ സന്തുലിതത്വവും സന്ന്യാസിയായുള്ള [illegible] ഉള്ളവരെ മാത്രമേ ട്രസ്റ്റു ബോർഡിലേക്ക് തിരഞ്ഞെടുക്കാവൂ. ഈ വകുപ്പനുസരിച്ച് പരിശോധിക്കുമ്പോൾ ട്രസ്റ്റ് ബോർഡിലേക്ക് നോമിനേഷൻ നൽകിയ 'വിദ്യാർത്ഥി സന്ന്യാസി'കളായ അമേയാനന്ദ സ്വാമി, പ്രീതാത്മാനന്ദ സ്വാമി, വിശ്രുതാത്മാനന്ദ സ്വാമി എന്നിവർക്ക് ബോർഡിലേക്ക് മത്സരിക്കാനുള്ള പ്രാഥമിക യോഗ്യതപോലും റിട്ടേണിംഗ് ഓഫീസറായ ശാശ്വതികാനന്ദ സ്വാമികൾ ഇന്നു വാസ്തവം [illegible] എന്നായി ആരും തന്നെ ഇക്കാര്യം റിട്ടേണിംഗ് ഓഫീസറുടെ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 4

അനുരഞ്ജനശ്രമം മതിയാക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽ യഥാസമയം കൊണ്ടുവരാതിരുന്നതുകൊണ്ട് അദ്ദേഹം തന്റെ നിസ്സഹായത അറിയിച്ചു. പിന്നീട് രണ്ടു മാർഗ്ഗമേ ശാശ്വതീകാനന്ദസ്വാമികളുടെ മുന്നിൽ ഉണ്ടായിരുന്നുള്ളു. ഒന്ന്-ഇലക്ഷൻ മാറ്റിവയ്ക്കുക. രണ്ട്-സ്വന്തം പാനലിൽ ഉൾപ്പെട്ട ഈ മൂന്ന് വിദ്യാർത്ഥി സന്യാസികളെ പരാജയപ്പെടുത്തുക. ഇതു രണ്ടും വളരെയധികം തെറ്റിദ്ധാരണകൾക്ക് ഇടനൽകും. അതുകൊണ്ട് മൂന്ന് വിദ്യാർത്ഥി സ്വാമിമാരുടെ ആചാര്യനും ശാശ്വതികാനന്ദ സ്വാമികളുടെ വിശ്വസ്തനും പാനലിൽ അംഗവുമായ കൈവല്യാനന്ദ സ്വാമിയോട് എങ്ങിനെ ഉവർ പാനലിൽ കടന്നുകൂടി എന്ന് ആരാഞ്ഞു.

ട്രസ്റ്റ് മാനേജർ താൽക്കാലികമായി ഒരു അഡ്ജസ്റ്റ്മെന്റ് എന്ന നിലയിൽ ഇവരുടെ നോമിനേഷൻ കൊടുത്തതാണെന്ന് വിശദീകരിക്കപ്പെട്ടു. ഇവരുടെ രാജിക്കത്ത് താൻ വാങ്ങിയിട്ടുണ്ടെന്നും തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഇവരെക്കൊണ്ട് രാജിയവ്പിച്ചു നോമിനേഷൻ സമയത്ത് കൊടുക്കാൻ കഴിയാതിരുന്ന സീനിയർ സന്യാസിമാരെ ബോർഡിൽ കോ ഓപ്റ്റ് ചെയ്യാമെന്നും കൈവല്യാനന്ദ സ്വാമി നിർദ്ദേശംവച്ചു. ഈ നിർദ്ദേശം ശാശ്വതികാനന്ദ സ്വാമികൾ സ്വീകരിക്കുകയാണുണ്ടായത്. എന്നാൽ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ശാശ്വതികാനന്ദ സ്വാമികളുടെ പാനലിൽ ഉണ്ടായിരുന്ന ജനറൽ സെക്രട്ടറി പ്രകാശാനന്ദ സ്വാമി രണ്ടു വോട്ടിന് പരാജയപ്പെടുകയും എതിരായി നോമിനേഷൻ കൊടുത്തിരുന്ന പ്രകാശാനന്ദസ്വാമി വിജയിക്കുകയും ചെയ്തു.

ഇതിനെക്കുറിച്ച് പരിശോധിച്ചപ്പോൾ അതിന്റെ പുറകിൽ കൈവല്യാനന്ദ സ്വാമിയാണെന്ന് മനസിലായി. അതോടെ കൈവല്യാനന്ദ സ്വാമിയുടെ നിക്കങ്ങളിൽ സാർവ്വത്രികമായ സംശയം ഉണ്ടായി. അംഗങ്ങൾക്കിടയിൽ 11 പേരുള്ള പാനലിൽ കൈവല്യാനന്ദ സ്വാമിയും ശിഷ്യനുമായും ശുദ്ധമായി ഇയിപ്പിച്ചെടുത്ത പ്രകാശാനന്ദ സ്വാമിയും ഉൾപ്പെട്ട അഞ്ചുപേരുടെ ഒരു കൂട്ടുകെട്ട് ഉണ്ടായതായി കണ്ടു.

വിദ്യാർത്ഥി സന്യാസിമാരെ രാജിവയ്പിക്കാമെന്ന ധാരണയിൽ നിന്ന് കൈവല്യാനന്ദ സ്വാമി മാറിയത് ഈ കൂട്ടുകെട്ടിന്റെ ബലത്തിലാണ്.

കൈവല്യാനന്ദ സ്വാമിയുടെ പ്രവർത്തനങ്ങൾ വളരെ ആസൂത്രിതമായും നിശബ്ദമായും നടന്നുവരുന്നതായി ട്രസ്റ്റ് അധികൃതർക്കു അപ്പോൾ മാത്രമാണ് മനസിലായത്. ശാശ്വതികാനന്ദ സ്വാമികൾ ബ്രഹ്മവിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്നപ്പോൾകൈവല്യാനന്ദ സ്വാമി ഒരു വിദ്യാർത്ഥിയായി ശിവഗിരിയിൽ ഉണ്ടായിരുന്നു. കുറേനാൾ കഴിഞ്ഞ് അവിടെനിന്നും നാടകീയമായി അദ്ദേഹം അപ്രത്യക്ഷനായതെ വർഷങ്ങൾ കഴിഞ്ഞ് കാഷായവസ്ത്രധാരിയായി ശിവഗിരിയിൽ തിരിച്ചെത്തി ശാശ്വതികാനന്ദ സ്വാമികളുടെ ആശ്രിതനായി ഭാവിച്ചുവെന്നും

ചുണ്ടിക്കാണിക്കപ്പെടുന്നു. ട്രഷറിനായാണ് വാർഡൻ, ആചാര്യൻ എന്നി സ്ഥാനങ്ങൾ അദ്ദേഹം കരസ്ഥമാക്കിയതത്രേ. വാർഡനായി ബ്രഹ്മവിദ്യാലയത്തിൽ കടന്നുകയറിയതിനുശേഷം ശാശ്വതികാനന്ദസ്വാമികളുടെ വിശ്വസ്തനായി അഭിനയിച്ചുകൊണ്ട് ബ്രഹ്മവിദ്യാലയത്തെ പൂർണ്ണമായും കൈപ്പിടിയൊതുക്കുന്നതിനും കൈവല്യാനന്ദ സ്വാമിക്ക് കഴിഞ്ഞു.

കൈവല്യാനന്ദ സ്വാമിയുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുവാനും പരിശോധിക്കുവാനും ശിവഗിരിയിൽ യാതൊരു സംവിധാനവും ഉണ്ടായിരുന്നില്ല. വളരെയധികം തിരക്കുള്ള ശാശ്വതികാനന്ദ സ്വാമികൾ വളരെക്കുറച്ച് ദിവസങ്ങൾ മാത്രമേ ശിവഗിരിയിൽ ഉണ്ടാകാറുള്ളു.

കേരളത്തിൽ പതിനെട്ടാപ്പുര, കർണ്ണാടകത്തിലും തമിഴ്നാട്ടിലുമായി നാലോളം ശാഖകളുള്ള ട്രസ്റ്റിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകിക്കൊണ്ട് രാജ്യത്തും പുറത്തും തിര

കേരളകൗമുദി 1995 ഒക്ടോബർ 4

അനുരഞ്ജനശ്രമം മതിയാക്കുന്നു

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ക്കിട്ട പരിപാടികളിൽ ശാശ്വതികാനന്ദ സ്വാമികൾക്കു മുഴുകേണ്ടി വന്നിട്ടുണ്ട്. ഈ സന്ദർഭം വളരെ കൗശലപൂർവ്വം തന്റെ നിഗൂഢമായ താല്പര്യങ്ങൾക്ക് ഉപയുക്തമായ നിക്കങ്ങൾക്ക് സമർത്ഥമായി ഉപയോഗിച്ചതായിട്ടാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഈ സാഹചര്യത്തിൽ 11 പേരുള്ള ബോർഡിൽ അഞ്ചുപേരെ കൂടുക്കുവഴികളിലൂടെ കൊണ്ടുവരാൻ കൈവല്യാനന്ദ സ്വാമിക്കു കഴിഞ്ഞതായി പറയപ്പെടുന്നു. ശാശ്വതികാനന്ദ സ്വാമിയെ പ്രസിഡന്റ് പദത്തിൽ വച്ചുകൊണ്ട് ബോർഡിൽ അഞ്ചു പേരുടെ സമ്മർദ്ദഗ്രൂപ്പായി പ്രവർത്തിക്കുകയായിരുന്നു കൈവല്യാനന്ദസ്വാമിയുടെ ലക്ഷ്യം.

കൈവല്യാനന്ദസ്വാമിയെ പൂർണ്ണമായും മനസിലാക്കിയപ്പോൾ ശാശ്വതികാനന്ദ സ്വാമികൾ വളരെ പെട്ടെന്ന് പ്രവർത്തിച്ചു. തിരഞ്ഞെടുക്കപ്പെട്ട 11 അംഗ പാനലിലെ ശാശ്വതികാനന്ദ സ്വാമികളെ അനുകൂലിക്കുന്ന അഞ്ചുപേർ രാജിവയ്ക്കുകയും അതിലൂടെ ബോർഡ് പ്രവർത്തന ക്ഷമമല്ലാതാക്കുകയും ചെയ്തു. തുടർന്ന് തന്നെക്കുറിച്ച് സാർവ്വത്രികമായി ട്രസ്റ്റ് അംഗങ്ങളുടെ ഇടയിൽ സംശയം ഇനിച്ചപ്പോൾ കൈവല്യാനന്ദ സ്വാമി ബോർഡ് മെമ്പർ സ്ഥാനം തന്ത്രപരമായി രാജിവച്ചു. പിന്നീട് അഞ്ചുപേർ മാത്രമാണ് ബോർഡിൽ അവശേഷിച്ചത്. മൊത്തം അംഗസംഖ്യ 11 ഉള്ള ബോർഡിൽ എട്ടുപേരുണ്ടെങ്കിൽ മാത്രമേ ഈ സമിതിക്കു നിയമപരമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഈ പശ്ചാത്തലത്തിലാണ് സംഘത്തിന്റെ ജനറൽ ബോഡി കൂടി ബോർഡിലേക്ക് വീണ്ടും പുതിയ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിക്കുന്നത്. ഈ തീരുമാനത്തിനെതിരായാണ് രാജിവ

[illegible] പ്രകാശാനന്ദസ്വാമി, അമേയാനന്ദസ്വാമി, വിശുദ്ധാത്മാനന്ദസ്വാമി എന്നിവരും രാജി പിൻവലിച്ചുകൊണ്ട് കൈവല്യാനന്ദസ്വാമിയും തങ്ങളുടെ ബോർഡ് അംഗത്വം നിലനിർത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ആറിന്നാൽ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നത്. വീണ്ടും പുതിയ തിരഞ്ഞെടുപ്പ് നടത്താനുള്ള ജനറൽ ബോഡി തീരുമാനം റദ്ദ് ചെയ്യണമെന്നും അംഗത്വം നിലനിർത്തണമെന്നുമായിരുന്നു അവരുടെ ഹർജിയിലെ പ്രധാന ആവശ്യം.

എന്നാൽ നാലുപേരുടെ അംഗത്വം നിലനിറുത്തിക്കൊണ്ട് ബാക്കി സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്താനാണ് കോടതി വിധിച്ചത്. ഈ വിധിക്കെതിരായി ഇല്ലാ കോടതിയിൽ നിലവിലുണ്ടായിരുന്ന ഭരണസമിതി അപ്പീൽ നൽകുകയും എല്ലാ സ്ഥാനങ്ങളിലേക്കും ഇലക്ഷൻ നടത്താനുള്ള വിധി സമ്പാദിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഇലക്ഷൻ നടത്തുന്നതിനുള്ള നടപടികൾ [illegible]

ഇതിനൊടുവിലായാണ് കൈവല്യാനന്ദ പക്ഷം ഹൈക്കോടതിയിൽ സി.ആർ.പി. ഫയൽ ചെയ്തത്. ഇസ്റ്റിസ് [illegible] കേസിൽ വാദം നടന്നുവെങ്കിലും, വാദികൾ ആവശ്യപ്പെട്ട സ്റ്റേ കോടതി നൽകിയില്ല. തുടർന്ന് പുതിയ തിരഞ്ഞെടുപ്പിന്റെ നടപടികൾ പൂർത്തിയാക്കുകയാണുണ്ടായത്. പിന്നീട് ജസ്റ്റിസ് മുഹമ്മദിന്റെ മുമ്പിൽ കേസ്സിന്റെ വാദം തുടർന്നു.

വീണ്ടും നടന്ന തിരഞ്ഞെടുപ്പിൽ കൈവല്യാനന്ദ സ്വാമിയുടെ തീവ്രനിലപാടുകളായിരുന്ന നാലുപേർ തോൽക്കുകയും കേസ് നടത്തിപ്പുകൊണ്ട് കൈവല്യാനന്ദ സ്വാമിയും മറ്റും ഇലക്ഷനിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുകയും ചെയ്തു. ഇലക്ഷനിൽ കൈവല്യാനന്ദസ്വാമിയുടെ അനുയായികൾക്ക് മുന്നും വാഴും വോട്ടാണ് ലഭിച്ചത്. ഇതിനിടയിൽ ശിവഗിരിയിൽ നിന്നും നിർദ്ദേശമായി സന്ന്യാസ സ്ഥാപനങ്ങൾ [illegible] വിശുദ്ധാനന്ദസ്വാമി, സച്ചിദാനന്ദ സ്വാമി തുടങ്ങിയവർ കൈവല്യാനന്ദ സ്വാമി തന്റെ ക്യാമ്പിലേക്ക് കൂട്ടിക്കൊണ്ടുവന്നു. ഇവരാരും തന്നെ ഇ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 4

അനുരഞ്ജനശ്രമം മതിയാക്കുന്നു

പ്പോൾ ശിവഗിരിയിൽ അന്തഃസംഘർഷങ്ങളില്ലെങ്കിലും ധർമ്മസംഘ ഐക്യത്തിൽ നിന്ന് ഇവരെ നിഷ്കാസനം ചെയ്തിട്ടില്ല. ഈ അംഗത്വത്തിന്റെ മറവിൽ അസംതൃപ്ത വിഭാഗം ഗുരുകവല്യാനന്ദ സ്വാമിയുമായി കൂട്ടുപിടിച്ചുകൊണ്ട് ശിവഗിരിയുടെ ഭരണം കയ്യടക്കാൻ ശ്രമം തുടങ്ങി. ഗുരുകല്യാനന്ദ സ്വാമിയുടെ യഥാർത്ഥ സ്വഭാവത്തിന്റെ ചിത്രം വ്യക്തമായിക്കാൻ ഇവരെ നിർബന്ധിതരാക്കിക്കൊണ്ടാണ് തുടർന്നുള്ള നീക്കങ്ങൾ നടത്തിയതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

കൈവല്യാനന്ദപക്ഷവും മറ്റ് അസംതൃപ്ത വിഭാഗവും ചേർന്നാൽ ആകെയുള്ള 53 ട്രസ്റ്റ് അംഗങ്ങളിൽ 13 പേർ മാത്രമേ ആകൂ. ഇങ്ങനെ 40 പേർ ശാശ്വതികാനന്ദ സമിതിയോടൊപ്പവും 13 പേർ മറുഭാഗത്തും നിന്നുകൊണ്ടുള്ള ശക്തിപരീക്ഷണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ഇതേസമയം കേസ്സിന്റെ ഗതിയിലും ചില മാറ്റങ്ങൾ വന്നു. ജസ്റ്റിസ് മുഹമ്മദ് അഡിയിലായിരുന്നപ്പോൾ ഹൈക്കോടതിയിലെ കേസ് ജസ്റ്റിസ് ബാലസുബ്രഹ്മണ്യത്തിന്റെ പരിഗണനയ്ക്ക് വന്നു. സാധാരണ ഒരു ദിവസത്തേക്ക് വരുന്ന കേസ്സുകൾ

അവ മുമ്പ് കേട്ടുകൊണ്ടിരുന്ന ബഞ്ചിലേക്ക് മടക്കി അയയ്ക്കുന്നതാണ് ഹൈക്കോടതിയിലെ കീഴ്വഴക്കം. ഈ കീഴ്വഴക്കം അവഗണിച്ചുകൊണ്ട് ജസ്റ്റിസ് ബാലസുബ്രഹ്മണ്യം കേസ് തുടർന്നു കേൾക്കുകയാണുണ്ടായതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ട്രസ്റ്റ് തിരഞ്ഞെടുപ്പിന്റെ റിട്ടേണിംഗ് ഓഫീസറുടെ അഭിഭാഷകനായിരുന്ന അഡ്വ. വെങ്കിടകൃഷ്ണന്റെ അതിശക്തമായ എതിർപ്പിനെ അവഗണിച്ചുകൊണ്ടാണ് ജസ്റ്റിസ് ബാലസുബ്രഹ്മണ്യം ഇങ്ങനെ ചെയ്തതെന്നും പറയുന്നു. ജസ്റ്റിസ് ബാലസുബ്രഹ്മണ്യത്തിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ശിവഗിരി മഠത്തിന്റെ അഭിഭാഷകനായ സുഗുണപാലൻ കേസ്സിന്റെ ഈ ഘട്ടത്തിൽ വക്കാലത്ത് ഉപേക്ഷിച്ചു.

പിന്നീട് വന്ന ജസ്റ്റിസ് ബാലസുബ്രഹ്മണ്യത്തിന്റെ ഇടക്കാല വിധി നിലവിലുള്ള ട്രസ്റ്റ് ബോർഡ് പുതിയതായി ഉണ്ടാകാൻ സാദ്ധ്യതയുള്ള ബോർഡിന് അധികാരം കൈമാറണമെന്നായിരുന്നു. ആറ്റിങ്ങൽ കോടതിയിലുള്ള ക്രിമിനൽ സ്യൂട്ടിൽ വിധി വരുന്നതുവരെ അധികാരം കൈമാറണമെന്നായിരുന്നു കോടതിയുടെ നിർദ്ദേശം. ജസ്റ്റിസ് ബാലസുബ്രഹ്മണ്യത്തിന്റെ ഇടക്കാല വിധി അനുസരിച്ച് റാലി വയ്ക്കാതിരിക്കുകയും ബോർഡ് അംഗത്വം പുതുക്കാൻ അനുവദിക്കണമെന്ന് കോടതിയിലൂടെ ആവശ്യപ്പെടുകയും ചെയ്ത നാല് അംഗങ്ങളും റാലിവയ്ക്കുകയും പിന്നീട് അത് പിൻവലിക്കുകയും ചെയ്ത രണ്ട് അംഗങ്ങളും, റാലിവച്ചില്ലെങ്കിലും അടുത്ത ഇലക്ഷനിൽ മത്സരിച്ച് വിണ്ടും തിരഞ്ഞെടുക്കപ്പെട്ട ഇപ്പോഴത്തെ പ്രസിഡന്റ് ശാശ്വതികാനന്ദ സ്വാമികളും ഉൾപ്പെടെ നിലവിൽ ഏഴ് ട്രസ്റ്റ് ബോർഡ് അംഗങ്ങൾ ഉണ്ട്. ഈ ഏഴ് അംഗങ്ങൾ ഉൾപ്പെടുന്ന ബോർഡിന് അധികാരം കൈമാറണമെന്നാണ് ജസ്റ്റിസ് ബാലസുബ്രഹ്മണ്യത്തിന്റെ ഇടക്കാല വിധിയിൽ പറയുന്നത്.

[illegible] ഹൈക്കോടതി പറയുന്ന ഈ ഏഴ് അംഗങ്ങളിൽ ആരു കോടതിയുത്തരവിൽ നിന്ന് ഒഴിവാകണമെന്ന് ഇനാൽ ബാബാധിതരുമാരെന്നുത്തിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും, അങ്ങനെ മാറ്റപ്പെട്ട ആ രണ്ട് അംഗങ്ങൾ ഉള്ള ഒരു ബോർഡിന് താൻ അംഗമായിരിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് വ്യക്തമാക്കിക്കൊണ്ടും ശാശ്വതികാനന്ദ സ്വാമികൾ ആറ്റിങ്ങൽ സബ്കോടതിയിലും തുടർന്ന് അപേക്ഷ സമർപ്പിച്ചു. തുടർന്നുണ്ടായ [illegible] സ്വാമിയുടെ ട്രസ്റ്റ് അംഗത്വം, ഹൈക്കോടതി വിധി വരുന്നതിനു മുമ്പുതന്നെ ക്രിമിനൽ കേസ്സിൽ പ്രതിയെന്ന നിലയിൽ ഇനാൽ ബോ

കേരളകൗമുദി 1995 ഒക്ടോബർ 4

അനുരഞ്ജനശ്രമം മതിയാക്കുന്നു

ഡി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ഹൈക്കോടതി വിധി അനുസരിച്ച് ഈ പശ്ചാത്തലത്തിൽ അധികാരം ഏറ്റുവാങ്ങാൻ അഞ്ച് ബോർഡ് അംഗങ്ങൾ മാത്രമാണുള്ളത്. ട്രസ്റ്റ് സ്കീമിന്റെ 18-ാം വകുപ്പ് പ്രകാരം ബോർഡ് ഉണ്ടാകണമെങ്കിൽ അതിൽ ജനറൽ ബോഡിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട ഏഴുപേരെങ്കിലും വേണം.

ഇന്ന് നിലവിലുള്ള ഭരണസമിതിയെ അലട്ടുന്ന ധാർമ്മികവും നിയമപരവുമായ പ്രശ്നവും ഹൈക്കോടതി ഡിവിഷൻ ബഞ്ച് അംഗീകരിച്ച ട്രസ്റ്റ് സ്കീമിനെ മറികടന്നുകൊണ്ട് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ നിർദ്ദേശം എങ്ങനെ നടപ്പാക്കാമെന്നുള്ളതാണ്. ഇതിനുള്ള പരിഹാരം തേടി സുപ്രീംകോടതിയിൽ ട്രസ്റ്റ് അധികൃതർ പ്രത്യേക അനുമതി ഹർജ്ജി ഫയൽ ചെയ്തു. എന്നാൽ ഹൈക്കോടതിയുടേത് ഒരു താത്കാലിക ഇടക്കാല വിധിയായതുകൊണ്ട് സുപ്രീംകോടതി ഈ കേസ്സിൽ തത്കാലം ഇടപെടുകയില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. ഇതിനുള്ള നിയമപരിഹാരം ഹൈക്കോടതിയിൽ തന്നെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയാണെന്നും നിർദ്ദേശിക്കപ്പെടുന്നു. റിവ്യൂ പെറ്റീഷൻ വിധിന്യായമെഴുതിയ ന്യായാധിപന്റെ മുമ്പാകെ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ. ജസ്റ്റിസ് ബാലസുബ്രഹ്മണ്യത്തിനുമുമ്പാകെ ട്രസ്റ്റ് അധികൃതർ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ പലവട്ടം മാറ്റിവയ്ക്കുകയാണുണ്ടായത്.

ട്രസ്റ്റ് സ്കീം പ്രകാരം 53 പേരിൽ 40 പേർ ആവശ്യപ്പെട്ടാൽ ഏത് ബോർഡ് മെമ്പറും അംഗത്വം ഉപേക്ഷിക്കണം. നിലവിലുള്ള ആറുപേരും അംഗത്വം രാജിവയ്ക്കണമെന്ന് ട്രസ്റ്റിലെ 40 അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ആറിങ്ങൽ സബ്കോടതിയുടെ പരിഗണയ്ക്കുവേണ്ടി സ്വീകരിച്ചിട്ടുമുണ്ട്. അതിന്റെ പരിഗണന ഒക്ടോബർ 10-ലേക്ക് കോടതി മാറ്റിവച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് ട്രസ്റ്റ് സ്കീം പ്രകാരം നടപ്പിലാക്കാനാകാത്ത ഹൈക്കോടതിയുടെ ഇടക്കാലവിധി പൊലീസ് സംരക്ഷണത്തോടെ നടപ്പാക്കണമെന്ന ആവശ്യം കൈവല്യാനന്ദപക്ഷം മുറുകെ പിടിച്ചിരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള കൗമുദി 1995 ഒക്ടോബർ 5 3

യോഗ നേതാക്കന്മാരുടെ ആഹ്വാനവും പ്രതികരണവും

LIBRARY ARCHIVES Kerala Legislative Assembly

വിവിധ രാഷ്ട്രീയ വിശ്വാസികളുടങ്ങിയ ഈഴവ സമുദായത്തെ പ്രതിനിധീകരിക്കുന്ന എസ്.എൻ.ഡി.പി. യോഗം സജീവ രാഷ്ട്രീയത്തിൽ ഇടപെട്ടാൽ യോഗത്തിൽ ഭിന്നിപ്പും അനൈക്യവും ഉണ്ടാകുമെന്നുള്ളതുകൊണ്ട് യോഗ നേതാക്കന്മാർക്ക് രാഷ്ട്രീയമുണ്ടായാലും യോഗത്തിന് രാഷ്ട്രീയം പാടില്ലെന്ന സുചിന്തിതമായ നയമാണ് ഏറെക്കാലമായി സ്വീകരിച്ചിരുന്നത്. അനേക വർഷക്കാലം എസ്.എൻ.ഡി.പി. യോഗത്തിന്റെ അനിഷേദ്ധ്യ നേതാവായിരുന്ന യശഃശരീരനായ ആർ. ശങ്കർ കോൺഗ്രസ്സിന്റേയും കോൺഗ്രസ് നേതൃത്വം നൽകിയ ഗവൺമെന്റിന്റേയും ഉന്നത പദവികൾ അലങ്കരിച്ചിരുന്ന കാലത്തും അദ്ദേഹം യോഗത്തെ കക്ഷിരാഷ്ട്രീയത്തിൽ നിന്ന് അകറ്റി നിറുത്തിയിരുന്നു. ശ്രീ. എം.കെ. രാഘവൻ പതിനായിരം അനുയായികളോടു കൂടി കോൺഗ്രസ്സിൽ ചേരുമെന്ന് പറഞ്ഞപ്പോഴും യോഗത്തെ അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിൽ കൂടുക്കാൻ ശ്രമിച്ചില്ല. ശ്രീ. ശങ്കറിനെപ്പോലുള്ള നേതാക്കന്മാർ വലിയ അനുയായിവൃന്ദം ഉണ്ടായിരുന്നവരാണ്. ഇപ്പോഴത്തെ യോഗ നേതാക്കന്മാർ അത്തരം അവകാശവാദമുന്നയിക്കാൻ ഇന്നുവരെ ധൈര്യം കാണിക്കാത്തവരാണ്. പക്ഷേ, അവർ മുനിസിപ്പൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിക്കു വേണ്ടി വോട്ട് ചെയ്യാൻ ആഹ്വാനം നടത്തുകയും യോഗം കൗൺസിൽ അങ്ങനെയൊരു പ്രമേയം പാസ്സാക്കുകയും ചെയ്തു.

അസംബ്ലി-ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് മുനിസിപ്പൽ-പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ. ഓരോ വീട്ടിലും അതിന്റെ അല ചെന്നടിക്കും. ഒരു വീട്ടിലെതന്നെ വോട്ടർമാർ പല കക്ഷികൾക്കായിരിക്കും വോട്ട് ചെയ്യുന്നത്. അപ്പോൾ എസ്.എൻ.ഡി.പി. യോഗം യു.ഡി.എഫിന് വോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്താൽ അതിനെ ധിക്കരിച്ചുകൊണ്ട് മറ്റു കക്ഷികൾക്ക് വോട്ട് ചെയ്യാൻ യോഗാംഗങ്ങൾ നിർ

കേരള കൗമുദി 1995 ഒക്ടോബർ 5

യോഗ നേതാക്കന്മാരുടെ ആഹ്വാനവും പ്രതികരണവും

LIBRARY ARCHIVES Kerala Legislative Assembly

ബന്ധിതമാകും.

ഇതൊക്കെ അറിയേണ്ട യോഗ നേതാക്കന്മാർ നടത്തിയ ആഹ്വാനത്തിന് ആദ്യ പ്രതികരണമുണ്ടായത് കെ. പി.സി.സി. പ്രസിഡന്റ് ശ്രീ. വയലാർരവിയിൽ നിന്നാണ്. തങ്ങൾ എസ്.എൻ.ഡി.പി. യോഗത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടില്ലെന്ന് ശ്രീ. രവി സൂചിപ്പിച്ചു. ചുരുങ്ങിയ വാക്കുകളിലുള്ള ആ പ്രതികരണം കടുത്ത അപമാനിക്കലായിരുന്നു. പക്ഷേ, യോഗ നേതാക്കന്മാർ ആ അപമാനം പോക്കറ്റിലിട്ടുകൊണ്ട് തുടർന്നും കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിക്ക് വോട്ട് ചെയ്യാനുള്ള ആഹ്വാനം മുഴക്കി ചുറ്റി നടന്നു.

പഞ്ചായത്ത്-- മുനിസിപ്പൽ-തിരഞ്ഞെടുപ്പുകളുടെ ഫലം പുറത്തുവന്നിട്ട് ദിവസങ്ങൾ പലതുകഴിഞ്ഞു. പുതിയ സമിതികൾ ഭരണം തുടങ്ങിക്കഴിഞ്ഞു. ഇടതു മുന്നണിയുടേയും വലതു മുന്നണിയുടേയും നേതാക്കന്മാരുടെ പ്രതികരണങ്ങൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. യോഗ നേതാക്കന്മാരെപ്പറ്റി മാത്രം യാതൊരു അറിവുമില്ല. അവരുടെ ആഹ്വാനം സമുദായം തിരസ്കരിച്ചിക്കുന്നു.

നം സമുദായം തിരസ്കരിച്ചില്ലായിരുന്നുവെങ്കിൽ തിരഞ്ഞെടുപ്പ് ഫലം വിഭിന്നമാകുമായിരുന്നുവെന്നത് തീർച്ചയാണ്. ചെയ്യുതാത്തത് ചെയ്തു തങ്ങളും യോഗാംഗങ്ങളും തമ്മിലുള്ള അകൽച്ച പൊതുജനശ്രദ്ധയിൽക്കൊണ്ടുവന്ന് അപഹാസ്യരായിത്തീർന്നിരിക്കുകയാണ് യോഗനേതാക്കന്മാർ.

എസ്.എൻ.ഡി.പി. യോഗത്തെപ്പോലെ പാരമ്പര്യവും സ്വാധീനവുമുള്ള ഒരു സംഘടനയുടെ നേതാക്കന്മാർ സുപരിക്ഷിതമായ ഒരു നയം ഉപേക്ഷിച്ചു തീർത്തും വിവാദപരവും സംഘടനയുടെ ഐക്യത്തെ ഉലയ്ക്കുന്നതുമായ നയം സ്വീകരിക്കാൻ ആലോചിച്ചപ്പോൾ പരിചയ സമ്പന്നരായ യോഗാംഗങ്ങൾ അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കേണ്ടതായിരുന്നു. മഹത്തായ ഒരു സംഘടനയെ ഇപ്പോൾ ലജ്ജാകരമായ ഒരവസ്ഥയിൽ നേതാക്കന്മാർ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു.

Ext. R 44 dt. 5-10-95

കേരള കൗമുദി 1995 ഒക്ടോബർ 5 3

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരിയിലേക്ക് മാർച്ചു ചെയ്യും

തിരുവനന്തപുരം : ആദ്ധ്യാത്മിക നവോത്ഥാന കേന്ദ്രമായ ശിവഗിരിയിൽ ഇന്നുണ്ടായിരിക്കുന്ന പ്രതിസന്ധികൾക്ക് സമാധാനപരമായ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി കേരള സർക്കാർ നടത്തിയ അഭിനന്ദനാർഹമായ അനുരഞ്ജന ശ്രമങ്ങൾക്ക് തുരങ്കം വച്ചുകൊണ്ട് അധികാരം പിടിച്ചെടുക്കണമെന്ന് ശഠിക്കുന്ന കപട സന്യാസിമാരുടെ കുത്സിത നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കുവാൻ ശിവഗിരി സംരക്ഷണ സേന ശിവഗിരിയിലേക്ക് മാർച്ചു ചെയ്യുമെന്ന് സേനയുടെ സെൻട്രൽ കമ്മിറ്റി അറിയിച്ചു.

നീച മാർഗ്ഗത്തിലൂടെ ശിവഗിരിയിൽ കടന്നുകൂടി അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്ന കുബുദ്ധികളായ സന്യാസിമാർ ചിത്തശുദ്ധി വരുത്തി ഗുരുദേവനോടും ശ്രീനാരായണീയരോടും മാപ്പു പറയണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടു. ശിവഗിരിയെ ഒരു നിമിഷത്തേക്കെങ്കിലും പിടിച്ചെടുക്കാൻ ശ്രമിച്ചാൽ അതിന് അവർ വലിയ വില നല്കേണ്ടിവരുമെന്നും സെൻട്രൽ കമ്മിറ്റി മുന്നറിയിപ്പു നൽകി.

പരിപാവനമായ ശിവഗിരിയുടെ ശാന്തിയും സമാധാനവും നശിപ്പിക്കുവാൻ ഏതു ശക്തി തയ്യാറായാലും അതിനെ പ്രാണത്യാഗം ചെയ്തും ചെറുത്തുതോൽപ്പിച്ച് ശിവഗിരിയേയും ശ്രീനാരായണധർമ്മസംഘത്തേയും അതിന്റെ പരിശുദ്ധിയോടെ സംരക്ഷിക്കുവാൻ ജീവനെ സാക്ഷിയാക്കി പ്രതിജ്ഞയെടുത്ത് സജ്ജരായിരിക്കുന്ന സേനാംഗങ്ങൾക്ക് ഗുരുദേവന്റെ വിധി മാത്രമാണ് ശിരസ്സാവഹിക്കുവാനുള്ളത്. ലോകശ്രദ്ധ സമാകർഷിച്ചുകൊണ്ട് അനേകം ധർമ്മസ്ഥാപനങ്ങളോടുകൂടി നാൾക്കുനാൾ വളർന്നുവരുന്ന ശിവഗിരി പ്രസ്ഥാനത്തെ നയിക്കുവാൻ പ്രാപ്തിയുള്ള ശിവഗിരി മഠാധിപതി ശാശ്വതികാനന്ദ സ്വാമികളുടെ പിന്നിൽ അണിനിരന്ന് ശിവഗിരിയെ സംരക്ഷിക്കുവാൻ സേനയുടെ സെൻട്രൽ കമ്മിറ്റി എല്ലാ സേനാംഗങ്ങളോടും ആഹ്വാനം ചെയ്തു.

ശിവഗിരി പ്രശ്നം പരിഹരിക്കുന്നതിൽ നിന്നും സംസ്ഥാന ഗവർമ്മെന്റ് പിന്തിരിഞ്ഞതിൽ സേനയ്ക്ക് അതിയായ ദുഃഖവും ഉത്കണ്ഠയും ഉണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ സേനയുടെ ശക്തി വർദ്ധിപ്പിക്കുവാൻ എല്ലാ തേതരത്വ ചിന്താഗതിക്കാരും യഥാർത്ഥ ശ്രീനാരായണകേന്ദ്രവും ഏതു സമയത്തും ശിവഗിരിയിലേക്ക് മാർച്ചു ചെയ്യുന്നതിനായി തങ്ങളോടൊപ്പം അണിനിരക്കണമെന്നും സെൻട്രൽ കമ്മിറ്റി ഒരു പ്രസ്താവനയിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. ശിവഗിരി സംരക്ഷണ സേനയുമായി സഹകരിക്കാനാഗ്രഹിക്കുന്നവർ ജി. അരവിന്ദൻ, ജനറൽ കൺവീനർ, ശിവഗിരി സംരക്ഷണ സേന, ശ്രീനാരായണ ഗുരുവിശ്വസംസ്കാരവേദി, കനകക്കുന്ന്, തിരുവനന്തപുരം എന്ന വിലാസത്തിലോ 433529 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടണമെന്ന് അറിയിച്ചു.

P3(12) Dtd. 5-10-95

കേരള കൗമുദി 1995 ഒക്ടോബർ 5

കൈവല്യാനന്ദന്റെയും കൂട്ടരുടെയും അട്ടിമറി ഗുരുഭക്തർ അനുവദിക്കരുത്

സ്വാമി ശാശ്വതികാനന്ദ

ഗുരുദേവന്റെ നിത്യചൈതന്യം നിറഞ്ഞുനില്ക്കുന്ന ശിവഗിരിയിലെ പരിപാവനമായ സഹവാസങ്ങളിൽ വേദിയാകുന്ന നിഷ്കളങ്കരായ അനേകലക്ഷം ഗുരുദേവ ഭക്തന്മാരുടെ മുൻപാകെ ചില വസ്തുതകൾ ചൂണ്ടിക്കാണിക്കേണ്ടത്, ഇന്ന് അനിവാര്യമായിത്തീർന്നിട്ടുണ്ട്. അതോടൊപ്പം കോടതിവിധിയുടെ മറവിൽ ശിവഗിരിയുടെ ഭരണരംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധി പൂർണ്ണമായും മാറുന്നതുവരെ ഭരണരംഗത്തുനിന്നും പൂർണ്ണമായി ഒഴിയുന്നതിനും ഗുരുദേവ സന്ദേശ പ്രചരണത്തിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള എന്റെ തീരുമാനംകൂടി അറിയിച്ചുകൊള്ളട്ടെ.

ഒരു ദശാബ്ദത്തോളമായി ഞാൻ ധർമ്മസംഘത്തിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ചുവരികയാണ്. അതിന് ശേഷമുള്ള ശിവഗിരിയുടെ ഭരണസംവിധാനവും പഴയകാല ഭരണരീതിയും തമ്മിലുള്ള വ്യത്യാസം വളരെ പ്രകടമാണ്. ഗുരുദേവ സന്ദേശങ്ങളുടെ ഉത്തമപീഠം, ശിവഗിരിയുടെ ഘടനാപരമായ പ്രത്യേകതയും തമ്മിലുള്ള അന്തരം പരിഗണിക്കുകയാണ്-എന്റെ പ്രാഥമിക കർത്തവ്യമായി ഞാൻ കണ്ടത്. അതിനു പറ്റിയ ഘടനാപരമായ തെരഞ്ഞെടുപ്പുനടപടികളുമായി നടക്കുകയായിരുന്നു എന്റെ ലക്ഷ്യം. എന്റെ ഈ വിനീതമായ തീരുമാനത്തിന്റെ ആഘാത-പ്രത്യാഘാതങ്ങളിൽ നിന്നാണ്-എന്നെ പുറത്താക്കുവാനുള്ള ഊർജ്ജിതവും, പ്രചാരണവും നിക്ഷിപ്ത താല്പര്യക്കാർ ഉൾക്കൊണ്ടത്. മാനാപമാനങ്ങളെ ഒരേനിലയിൽ കാണുവാൻ കഴിയുന്നതുള്ള സന്യാസി എന്ന നിലയിൽ എല്ലാം പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുകയും ധീരമായി അഭിമുഖീകരിക്കുകയും ചെയ്യുകയേ എനിക്ക് കരണീയമായിട്ടുള്ളൂ.


ശിവഗിരിക്കു ഗുരുദേവ ദർശനത്തിലൂന്നിയ മതേതരത്വ ഘടനയും ശൈലിയും സംരക്ഷിക്കുന്നതിനു വേണ്ടി വളരെ വിശാലമായ കാഴ്ചപ്പാട് സ്വീകരിക്കുവാൻ തുടക്കം മുതൽക്കേ ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്റെ മറവിലൂടെ മഠത്തിന്റെ അകത്തളങ്ങൾ കടന്നുവന്ന പലർക്കും പല കാരണങ്ങൾ കൊണ്ട്, ഈ കാഴ്ചപ്പാട് ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. അതിനാൽ മഠവിരോധികളായത്, അവരുടെ സങ്കുചിത ചിന്താഗതികളിലേക്ക് മഠത്തെ ഗുഹയായി നയിക്കുവാനുള്ള അണിയറ നീക്കങ്ങളാണ്. അവരുടെ സമർത്ഥമായ നീക്കങ്ങളിൽ കുടുങ്ങി ശുദ്ധഗതികൊണ്ടും, ബുദ്ധിപരമായ പിന്നോക്കാവസ്ഥ കൊണ്ടും നിശാബോധമില്ലാതെ ചിലർ സഞ്ചരിക്കുന്നുണ്ട്. അസംതൃപ്തരായ അവരെ ബുദ്ധിപരമായ നീക്കങ്ങളിൽ ചതുരന്മാരായ ചിലർ നിഗൂഢലക്ഷ്യങ്ങൾക്കുള്ള കരുക്കളാക്കി മാറ്റിയിട്ടുണ്ട്. നേരത്തെ അസംതൃപ്തരായി സ്വന്തം സ്ഥാപനങ്ങൾ നടത്തിയിരുന്നവരും ഇപ്പോഴത്തെ പ്രശ്നങ്ങളുടെ ആസൂത്രകനായ സ്വാമി കൈവല്യാനന്ദയും തമ്മിലുള്ള കൂട്ടുകെട്ടാണ്-ശിവഗിരി പ്രശ്നങ്ങളുടെ പിറകിലുള്ളത്. ശുദ്ധാത്മാക്കളെ കരുക്കളാക്കി മുഖം മറയ്ക്കുന്ന തന്ത്രമാണ് സ്വാമി കൈവല്യാനന്ദയ്ക്കുള്ളതെന്ന്, ഇതിനകം പല സംഭവങ്ങളിലും തെളിയിച്ചിട്ടുണ്ട്. തന്നെ തിരിച്ചറിയാതിരിക്കുന്നതിനും, ഇനിഞാനെന്തെന്ന് തിരിച്ചറിപ്പിക്കുന്നതിനും ഇവരെ മുൻപിൽ നിറുത്തുവാൻ കൈവല്യാനന്ദ സ്വാമി നിർബന്ധിതനായിത്തീരുകയാണുണ്ടായത്. 53 പേരുള്ള സന്യാസി സംഘത്തിൽ-ഇവരെല്ലാം കൂടി 13 പേർ മാത്രമെയുള്ളൂ എന്നതാണ് സത്യം.

ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു

കൈവല്യാനന്ദ സ്വാമിയുടെ ശിവഗിരി പ്രവേശനത്തിനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുകയാണ്. അതുകൊണ്ടുതന്നെ, അദ്ദേഹത്തെ കടുത്തിയിൽ നിന്നും, ശിവഗിരിയെ മോഹിപ്പിക്കുവാനുള്ള ബാദ്ധ്യതയിൽനിന്നും മാറുവാൻ എനിക്ക് കഴിയുകയുമില്ല. അദ്ധ്യാപനത്തിൽ ജീവിതം ഒതുങ്ങിനിന്നിരുന്ന കൈവല്യാനന്ദ സ്വാമിയുടെ യഥാർത്ഥ മുഖം വളരെ വൈകിയാണ് തിരിച്ചറിഞ്ഞത്. കൈവല്യാനന്ദ സ്വാമിയുടെ ശുപാർശ അനുസരിച്ച്-ഇപ്പോൾ അന്തേവാസിയായി ബോർഡിൽ കടന്നുകയറിയ മൂന്നു വിദ്യാർത്ഥികൾ ഉൾപ്പെടെ പലർക്കും സന്യാസവും അംഗത്വവും നൽകേണ്ടിവന്നു. എന്റെ അറിവോടുകൂടി കൈവല്യാനന്ദസ്വാമിയും, സാഹചര്യത്തിന്റെ പ്രേരണകൊണ്ട് മുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



ശിഷ്യന്മാരും താല്ക്കാലികമായി ട്രസ്റ്റ് ബോർഡിൽ കടന്നുകയറിയപ്പോഴാണ്, കൈവല്യാനന്ദ സ്വാമി തന്നിന്നും പ്രകടിപ്പിച്ചത്. ശിവഗിരിയുടെ ഘടന ശ്രദ്ധാപൂർവ്വം പഠിച്ചിരുന്ന കൈവല്യാനന്ദ സ്വാമി സാവകാശം മുന്നേറുകയായിരുന്നു. ഇക്കാര്യം എനിക്ക് മനസ്സിലായി എന്നു ബോദ്ധ്യപ്പെട്ടപ്പോൾ തന്റെ സ്വാധീനത്തിലുള്ള വിദ്യാർത്ഥികളെയും സന്യാസിമാരെയും എനിക്കെതിരായുള്ള സംഘടിത പ്രചരണത്തിന്റെ ആയുധങ്ങളാക്കുവാനാണ് കൈവല്യാനന്ദ സ്വാമി ശ്രമിച്ചത്. നേരത്തെ തന്നെ അവരെ ഇതിനുവേണ്ടി മോടിപിടിപ്പിച്ചും പാകപ്പെടുത്തിയിരുന്നു.

നാട്ടുകാരുടെ മുൻപിൽ യഥാർത്ഥ മുഖം മറയ്ക്കുവാനുള്ള ആസൂത്രിത ശ്രമങ്ങളാണ് കൈവല്യാനന്ദ സ്വാമി തുടർന്നു നടത്തിയത്. ധർമ്മസംഘം ട്രസ്റ്റിന്റെ മുഖ്യസാരഥി എന്ന നിലയിൽ സമാധാനകാംക്ഷിയും ആത്മനിയന്ത്രണം എന്റെ തന്നെ തിരിഞ്ഞു. എനിക്ക് എതിരെ വ്യാപകമായ അപവാദ കഥകളും സ്വഭാവഹത്യാശ്രമങ്ങളും നടത്തി. എന്റെ മൗനത്തിന്റെ മറവിൽ എനിക്കെതിരെ നടന്നിട്ടുള്ള കുപ്രചരണങ്ങളെ അവഗണിച്ചുകൊണ്ട് അനേകം ഗുരുദേവഭക്തന്മാർ എനിക്ക് നൽകിവരുന്ന നിസ്സീമമായ സഹകരണ മനോഭാവം ഗുരുദേവ കൃപയുടെയുമാണെന്ന് ഞാൻ കരുതുകയും വഞ്ചനാപരമായ നീക്കങ്ങൾ നടത്തുകയും ചെയ്ത കൈവല്യാനന്ദ സ്വാമി നിഗൂഢമായ ലക്ഷ്യവുമായിട്ടാണ് ശിവഗിരിയിൽ പ്രവേശിച്ചതെന്ന് വ്യക്തമാണ്. ശിവഗിരി മഠത്തിലെ ബഹുഭൂരിപക്ഷം സന്ന്യാസിമാർക്കും കൈവല്യാനന്ദ സ്വാമിയെ വളരെ മുൻപ് തന്നെ സംശയമുണ്ടായിരുന്നു.

വളരെമുമ്പേതന്നെ സംശയമുണ്ടായിരുന്നു

ശിവഗിരിയുടെ ഭരണത്തെക്കുറിച്ച് പ്രാഥമിക വിവരം പോലും മനസ്സിലാക്കുവാനുള്ള അവസരം കൈവല്യാനന്ദ സ്വാമിക്ക് ഇതുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ കൈവല്യാനന്ദ സ്വാമിയുമായി എനിക്ക് ഒരു സഹപ്രവർത്തനത്തിനുള്ള സാദ്ധ്യതയില്ല. എന്റെ പ്രവർത്തനങ്ങളിലൂടെ ട്രസ്റ്റ് ബോർഡിൽ കടന്നുകൂടിയ 11 പേരുള്ള ട്രസ്റ്റ് ബോർഡിൽ നിന്നും കൈവല്യാനന്ദയോട് വിധേയത്വമുള്ള 5 പേർ രാജിവച്ചത്. കൈവല്യാനന്ദ സ്വാമിയോടുള്ള പൊതുയോഗത്തിന്റെ മനോഭാവം തിരിച്ചറിഞ്ഞപ്പോൾ കൈവല്യാനന്ദ സ്വാമിയും രാജിവച്ചു. 11 പേരുള്ള ബോർഡിൽ നിന്നും 6 പേർ രാജിവച്ചാൽ ശേഷിച്ച 5 പേർക്ക് ബോർഡായി തുടരുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് സന്യാസിമാരുടെ പരമാധികാരസഭയായ ജനറൽ ബോഡി പുതിയ തിരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചത്. ഈ പൊതുയോഗതീരുമാനത്തെ രാജി നാടകമായി പിൻവലിച്ച കൈവല്യാനന്ദസ്വാമിയും, മുന്ന് ശിഷ്യൻമാരും കോടതിയിൽ ഹരജി ചെയ്തു. ശിവഗിരിയുടെ ഉത്തമതാൽപര്യത്തിന് ഹാനികരമെന്ന് മനസ്സിലാക്കി പൊതുയോഗം ബോർഡിൽനിന്നും ഒഴിവാക്കണമെന്ന് തീരുമാനിച്ച കൈവല്യാനന്ദസ്വാമിക്കും ശിഷ്യൻമാർക്കുമാണ് – ശിവഗിരിയുടെ ഭരണം താൽക്കാലികമായിട്ടെങ്കിലും നൽകണമെന്ന് കോടതി ആജ്ഞാപിച്ചിരിക്കുന്നത്. 11 പേരിൽ രാജിവയ്ക്കാത്ത 4 പേരും രാജിപിൻവലിച്ച 2 പേരും ഞാനും കൂടിയാൽ 7 പേർ അടങ്ങിയ ബോർഡായി പ്രവർത്തിക്കാമെന്നാണ് കോടതിയുടെ നിഗമനം.

ഒരേ ക്രിമിനൽ കേസിൽ പ്രതി

രാജിവയ്ക്കാത്ത 4 പേരിൽ ഒരാളായ സ്വാമി പ്രിയാത്മാനന്ദയെ,

LIBRARY ARCHIVES Kerala Legislative Assembly

ക്രിമിനൽ കേസിൽ പ്രതിയായതു കൊണ്ട് ഇനറൽ ബോഡിയും ട്രസ്റ്റ് ബോർഡും സസ്പെൻഡ് ചെയ്തിട്ടുണ്ട്. രാജിപിൻവലിച്ച 2 പേരെ സംബന്ധിച്ചിടത്തോളം അതിന്റെ ആത്യന്തികമായ നിയമസാധുത ഇനിയും തെളിയിക്കപ്പെട്ടിട്ടില്ല. ഈ പശ്ചാത്തലത്തിൽ ബോർഡിൽയഥാർത്ഥത്തിൽ അവശേഷിക്കുന്നത് മൂന്ന് പേർ മാത്രമാണ്. ഇങ്ങിനെയുള്ള ഒരു ബോർഡിൽ പൊതുയോഗത്താൽപ്രതിഷ്ഠിക്കപ്പെട്ടതെന്ന വിഗണിച്ചുകൊണ്ട് എനിക്ക് അംഗമായിരിക്കുവാൻ കഴിയുകയില്ല. ഇക്കാര്യം ഞാൻ, കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നിട്ടും കോടതി വിധിയെ മാനിച്ചുകൊണ്ട് ഇവരുടെ ബോർഡ് മീറ്റിംഗ് കൂടാൻ ഞാൻ നൊട്ടീസ് നൽകിയിരുന്നു. നിർഭാഗ്യവശാൽ, അവർ, അതിൽ സംബന്ധിക്കുവാൻ കൂട്ടാക്കിയില്ല.

കോടതി വിധി അനുസരിച്ചുകൊണ്ട് സ്റ്റാറ്റിയമാവലി അനുസരിച്ചും ഇവർക്ക് ഒരു ബോർഡായി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. ഇതിനുള്ള നിയമപരിഹാരം തേടി ഞങ്ങൾ സുപ്രീംകോടതിയെ സമീപിച്ചു. ഇപ്പോൾ നിലവിലുള്ള കോടതിവിധി താൽക്കാലിക ഇടക്കാല വിധി മാത്രമായതുകൊണ്ട് വസ്തുതകളിലേക്ക് സുപ്രീംകോടതി പ്രവേശിച്ചില്ല. എസ്.എൽ.പി അനുവദിച്ചില്ല. ഇക്കാര്യത്തിൽ നിയമപരമായി ചെയ്യാവുന്നത് റിവ്യൂ സമർപ്പിക്കുകയാണ്. ജഡ്ജ്മെന്റ് എഴുതിയ ന്യായാധിപന് മാത്രമേ റിവ്യൂ പരിഗണിക്കുവാനാകൂ. എന്നാൽ റിവ്യൂ ഇതുവരെ പരിഗണിച്ചില്ല.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ആൻറണിയുടെ സൗമനസ്യപൂർണ്ണമായ നിർദ്ദേശപ്രകാരം ചില അനുരഞ്ജനശ്രമങ്ങൾ നടക്കുകയുണ്ടായി. എന്റെ ഭാഗത്തുനിന്നും ഒരൊറ്റ നിർദ്ദേശം മാത്രമേ സമർപ്പിച്ചിരുന്നുള്ളൂ. കൈവല്യാനന്ദസ്വാമിയും മൂന്ന് ശിഷ്യന്മാരും ബോർഡിൽ നിന്ന് മാറിനിൽക്കണമെന്നുള്ള നിർദ്ദേശം. ഇവർക്കു കടന്നുവരുവാൻ വഴിയൊരുക്കിയതിന്റെ പ്രായശ്ചിത്തമെന്ന നിലയിൽ ഞാൻ പൂർണ്ണമായും ഭരണരംഗത്തുനിന്ന് നിരുപാധികം ഒഴിഞ്ഞു നിൽക്കാമെന്നും സമ്മതിച്ചിരുന്നു. കേരളകൗമുദി പ്രത്രാധിപർ ശ്രീ. എം.എസ് മണിയുടെ മദ്ധ്യസ്ഥതയിലുള്ള അനുരഞ്ജനശ്രമത്തിനിടയിൽ ഞാൻ ഇക്കാര്യം വ്യക്തമാക്കിയിരുന്നു. എന്നാൽ ഒന്നിനും വഴങ്ങാൻ അവർ തയ്യാറായില്ല. സോളമന്റെ പ്രസിദ്ധമായ കഥയെ അനുസ്മരിപ്പിക്കുന്ന വിധത്തിലായിരുന്നു കൈവല്യാനന്ദസ്വാമിയുടെയും മറ്റും നീക്കങ്ങൾ.

ഈ സാഹചര്യം എന്നെ വളരെയധികം ധർമ്മസങ്കടത്തിൽപ്പെടുത്തിയിരിക്കുകയാണ്. കോടതിവിധിയുടെ നിയമസാങ്കേതിക പ്രശ്നങ്ങളും അനിഷേധ്യ വസ്തുതകളുടെ വെളിച്ചത്തിലുള്ള പ്രായോഗിക പ്രശ്നങ്ങളും എന്റെ മുൻപിലുണ്ട്. ഭരണം നിലനിർത്തുവാനുള്ള തന്ത്രമാണെന്ന് തൽപരകക്ഷികളുടെ പ്രചരണത്തിനിടയിലും വ്യക്തിപരമായി അപകീർത്തിപ്പെടുത്തപ്പെട്ടപ്പോഴും സങ്കീർണ്ണ സാഹചര്യങ്ങളുടെ നടുവിലൂടെ ശിവഗിരിയെ അതിന്റെ വിശാല ലക്ഷ്യങ്ങളിലേക്ക് നയിക്കുവാൻ പരമാവധി ശ്രമിച്ചതിന്റെ പാരിതോഷികമെന്നോണം കൂടി ഞാൻ ഭരണരംഗത്ത് നിന്ന് തൽക്കാലം മാറുകയാണ്.

എന്നാൽ, ഗുരുദേവ ദർശനങ്ങൾക്കും സന്ദേശങ്ങൾക്കും കടകവിരുദ്ധമായ പ്രവർത്തനങ്ങൾക്കുള്ള താവളമാക്കി ശിവഗിരിയെ മാറ്റാനുള്ള കൈവല്യാനന്ദ സ്വാമിയുടെയും കൂട്ടരുടെയും അട്ടിമറിശ്രമങ്ങളെ ഗുരുദേവകേന്ദ്രം പൂർണ്ണമായി പരാജയപ്പെടുത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്.ശിവഗിരി സംരക്ഷണത്തിനായുള്ള കർമ്മരംഗത്ത് ഞാൻ അവരോടൊപ്പം അണിചേരുന്നു. ഗുരുദേവ ചൈതന്യത്തിന്റെ പ്രകാശരശ്മികൾ എല്ലാ കാർമേഘങ്ങളെയും ഇല്ലാതാക്കട്ടെ.

ഒപ്പ്
(സ്വാമി പ്രകാശാനന്ദ)

ശിവഗിരി മഠം
4-10-95

കേരളകൗമുദി 1995, oct 6

ശിവഗിരിയുടെ ഭാഗധേയം ആരുടെ കൈയിൽ?

സ്വാമി സന്ദർഭാനന്ദ

കോടതി വിധിയുടെ നിയമപ്രശ്നങ്ങളിൽ കടന്നുകയറി അഭിപ്രായം രേഖപ്പെടുത്തുവാനുള്ള നിയമപരിജ്ഞാനം എനിക്കില്ല. എന്നാൽ ഈ വിധിയുടെ ഫലമായി ശിവഗിരിയിൽ സംഭവിക്കാവുന്ന അത്യാഹിതങ്ങളെക്കുറിച്ച് എനിക്ക് അത്യന്തം ആശങ്കയുണ്ട്. കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി ശിവഗിരി മഠത്തിലും, ബോർഡിലും അംഗമായിരിക്കുന്ന എനിക്ക് എല്ലാ സന്യാസിമാരേയും നേരിട്ടറിയാം.

ഇപ്പോൾ കോടതി അധികാരം നൽകണമെന്ന് ആജ്ഞാപിച്ചിട്ടുള്ള 6 പേരുടെ സ്വഭാവവും പൂർവ്വാശ്രമ ചരിത്രവും അറിയുവാനുള്ള അവകാശം ഭക്തർക്കുണ്ടെന്നതിനുള്ള ശ്രീനാരായണ ഭക്തന്മാർക്കുണ്ട്. ഗുരുദേവന്റെ മഹത്തായ ദർശനവും ശിവഗിരിയുടെ പാവനമായ ഭാഗധേയവും കാത്തു സൂക്ഷിക്കുവാൻ മുന്നോട്ടുവരുന്നവർ തീർച്ചയായും അതിന് അർഹരായിരിക്കണം. ധാർമ്മികാടിത്തറയിൽ മാത്രമേ നിയമവ്യാഖ്യാനങ്ങൾക്കും സാങ്കേതിക വാദങ്ങൾക്കും ആത്യന്തികമായി നിലകൊള്ളാനാവൂ. ധാർമ്മികതയെ നിഷേധിക്കുന്ന നിയമവിശകലനങ്ങൾ എന്നും ശാപമായിത്തീരുകയേയുള്ളൂ.

സ്വാമി കൈവല്യാനന്ദയുടെ ശിഷ്യന്മാരും, കഴിഞ്ഞ ഒരുവർഷത്തിനു മുമ്പ് മാത്രം സന്യാസ ദീക്ഷ സ്വീകരിച്ചിട്ടുള്ളവരുമാണ് മുന്നുപേർ. സ്വാമി കൈവല്യാനന്ദ ശിവഗിരിയുടെ ദീക്ഷാസമ്പ്രദായം അനുസരിച്ച് കാഷായം ധരിച്ചിട്ടുള്ള ആളല്ല. അദ്ദേഹത്തിന്റെ ഗുരുവിനെക്കുറിച്ചും, സമ്പ്രദായത്തെക്കുറിച്ചും, ശിവഗിരിയിൽ ആർക്കും, യാതൊരു അറിവും ഇല്ല. വടക്കേ ഇന്ത്യയിൽനിന്നുമാണ് സന്യാസം സ്വീകരിച്ചതെന്നും, സ്വന്തമായി കാഷായം ധരിച്ചതാണെന്നും രണ്ട് അഭിപ്രായമുണ്ട്.

കൈവല്യാനന്ദയ്ക്ക് ശിവഗിരിയോട് പ്രതിപത്തിയുണ്ടായിരുന്നില്ല

കൈവല്യാനന്ദ സ്വാമിക്ക് ശിവഗിരിയോടോ ഗുരുദേവ ദർശനത്തോടോ യാതൊരു വിധ പ്രതിപത്തിയും ബഹുമതിയും ഇല്ല. ഒരിക്കലും സ്വാമി ഗുരുദേവദർശനത്തെക്കുറിച്ച് എഴുതുകയോ അഭിപ്രായ പ്രകടനം നടത്തുകയോ ചെയ്തിട്ടില്ല. കൈവല്യാനന്ദ സ്വാമിയുടെ ശിഷ്യന്മാരായ സ്വാമി പ്രീതാത്മാനന്ദ, സ്വാമി അമലാനന്ദ, സ്വാമി വിശ്രുതാത്മാനന്ദ എന്നിവർ വിദ്യാർത്ഥികളായിരുന്നപ്പോൾ സന്യാസം നൽകപ്പെട്ടവരാണ്. അവർ പഠനം തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞ ബോർഡ് തിരഞ്ഞെടുപ്പിൽ യാദൃച്ഛികമായി കടന്നുവന്നവരാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

തന്നെ ഇനിയും തിരിച്ചറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത ഈ മൂന്ന് ശിഷ്യന്മാരുടെ പിൻബലത്തോടുകൂടി പ്രായകാല പ്രവർത്തകരായ രണ്ട് സ്വാമിമാരെ മുമ്പിൽ നിർത്തിയിട്ടുള്ള, കരണ സപ്തനാണ് സ്വാമി കൈവല്യാനന്ദയ്ക്കുള്ളത്.

പ്രകാശാനന്ദയും മറ്റും നടത്തുന്ന സംഘത്തിന്റെ പാവകൾ

സ്വാമി പ്രകാശാനന്ദയെക്കുറിച്ചും സ്വാമി അമൃതാനന്ദയെക്കുറിച്ചും നിന്നും പറയേണ്ടതില്ല. അവരെ പരിചയമുള്ളവർക്ക് അവരുടെ പരിമിതികൾ അറിയാം. സന്യാസി സംഘത്തിലെ പരിചയ സമ്പന്നരായ ബഹുഭൂരിപക്ഷം സന്യാസിമാരെ മാറ്റി നിർത്തിക്കൊണ്ട് കൈവല്യാനന്ദയുടെ നേതൃത്വത്തിലുള്ള നാലാൾ സംഘത്തിന്റെ പാവകളായി സ്വാമി പ്രകാശാനന്ദയും സ്വാമി അമൃതാനന്ദയും മരണം നടത്തിയാൽ അതിന്റെ പരിണതഫലം അനുമാനിക്കാവുന്നതേയുള്ളൂ.

ഇപ്പോൾ മരണം നൽകണമെന്ന് കോടതിവിധിയിൽ പറയുന്ന 6 പേരിൽ സ്വാമി പ്രീതാത്മാനന്ദയെ ധർമ്മസംഘം ട്രസ്റ്റ് ബോഡി സസ്പെന്റ് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ 5 പേരാണ് അവശേഷിക്കുന്നത്. അവരിൽ തന്നെ രണ്ടുപേർ എന്റെ കൂടെ രാജിവയ്ക്കുകയും അന്നത്തെ ബോർഡ് അത് അംഗീകരിക്കുകയും ചെയ്തതാണ്. ഇപ്പോൾ ഇവർ രണ്ടുപേരും രാജി പിൻവലിച്ചെന്നും അത് കോടതി താൽക്കാലികമായി അംഗീകരിച്ചെന്നും അറിയുന്നു.

ഇവരെ തിരിച്ചറിയുക

ഇവരെക്കുറിച്ച് ഗവൺമെന്റും പൊതുജനങ്ങളും അന്വേഷിക്കണമെന്നും ഇവരിൽ ശിവഗിരി സുരക്ഷിതമായിരിക്കുമോ എന്ന് ഗാഢമായി ചിന്തിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഇവരെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടെങ്കിൽ അവർ തീർച്ചയായും ഇവരെ അറിയുവാൻ ശ്രമിക്കണം.

ഇവരെല്ലാം എങ്ങനെ ശിവഗിരിയിൽ കടന്നുകയറി എന്നത് ദീർഘമായ കഥയാണ്. വിസ്തരഭയമായതിനാൽ അതിലേക്ക് കടക്കുന്നില്ല.

അനേകം അന്വേഷണ ഏജൻസികളുള്ള ഗവൺമെന്റ് ഗുരുദേവന്റെ ചരിത്ര പ്രാധാന്യവും ദർശനമഹിമയും കാത്തുസൂക്ഷിക്കുന്നവരെക്കുറിച്ച് തീർച്ചയായും യാഥാർത്ഥ്യബോധമുള്ളവരായിരിക്കണം. വളരെയധികം നിഗൂഢതകൾ നിറഞ്ഞുനിൽക്കുന്ന സ്വാമി കൈവല്യാനന്ദയുടെ കൈകളിലേക്ക് ശിവഗിരി മഠത്തിന്റെ ഭരണം കുറുക്കുവഴിയിലൂടെ എത്തിച്ചേരുവാൻ ഇടയാകുന്ന സാഹചര്യത്തിനു നേരെ കണ്ണടയ്ക്കുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. ചരിത്രബോധത്തോടുകൂടി ഗുരുദേവന്റെ നവോത്ഥാന സന്ദേശങ്ങളെ വിലയിരുത്തുന്നവർക്ക്, ശിവഗിരിയുടെ ഇന്നത്തെ അവസ്ഥ വളരെയധികം ഭയാശങ്കകൾ ഇന്നിപ്പിക്കും. സാങ്കേതികവാദങ്ങളും, സങ്കീർണ്ണതകളും നമ്മെ നിഷ്ക്രിയരാക്കിയാൽ ഭാവിയിൽ ദുഃഖിക്കേണ്ടി വരുമെന്ന് ഇവിടത്തെ ജീവിതത്തിന്റെ സായംസന്ധ്യയിൽ പ്രവേശിച്ചിരിക്കുന്ന ഒരു വൃദ്ധ സന്യാസി എന്ന നിലയിൽ-ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഗവൺമെന്റും, സംഘടനകളും, ഭക്തന്മാരും കണ്ണുതുറക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Ext.No.P3(13) dt. 6-10-95

കേരളകൗമുദി 1995, oct 6

ശിവഗിരിയിൽ പൊലീസ് നടപടി ഇന്നോ നാളെയോ

വർക്കല : കൈവല്യാനന്ദ സ്വാമിയേയും കൂട്ടരേയും ശിവഗിരി ഭരണം ഏല്പിക്കുന്നതിനുള്ള പൊലീസ് നടപടി ഇന്നോ നാളെയോ ഉണ്ടായേക്കുമെന്നറിയുന്നു.

എന്നാൽ ശിവഗിരിയുടെ പവിത്രതയ്ക്ക് മങ്ങലേല്പിക്കുന്ന ഏതൊരു സ്ഥിതിവിശേഷത്തേയും ഇവിടെ കൊടുത്തും നേരിടുമെന്ന വൃദ്ധപ്രതിജ്ഞയോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശ്രീനാരായണീയർ ശിവഗിരിയിലേക്ക് പ്രവഹിച്ചു തുടങ്ങി.

വ്യാഴാഴ്ച പ്രഭാതം മുതൽ ഓരോ നിമിഷവും ഇവിടെ ഉൽക്കണ്ഠയുടെ മുൾമുനയിലൂടെയാണ് കടന്നു പോകുന്നത്. പൊലീസിന്റെ ബൂട്ടുശബ്ദം, ശിവഗിരികുന്നിൽ ഉയരാനുദ്ദേശിക്കുന്ന ഉറച്ച നിലപാടിലാണ് ഇവിടെയെത്തുന്ന ഭക്തജനങ്ങൾ. പ്രതിസന്ധി മാറുന്നതുവരെ ഭരണരംഗത്തുനിന്നും പൂർണ്ണമായി മാറിനിൽക്കുകയാണെന്നുള്ള സ്വാമി ശാശ്വതികാനന്ദയുടെ പരസ്യ പ്രസ്താവന ശിവഗിരി പ്രശ്നത്തെ പുതിയൊരു വഴിത്തിരിവിലെത്തിച്ചിരിക്കുകയാണ്.

സന്ന്യാസി സംഘത്തിലെ അധികാരസ്ഥാനത്തേക്ക് നേരിട്ട് അവകാശവാദമുന്നയിക്കുകയുണ്ടായി. എസ്.എൻ.ഡി.പി. യോഗം മുൻ ജനറൽ സെക്രട്ടറി എ. എ. പ്രതാപസിംഗ്, മുൻ ദേവസ്വം കമ്മീഷണർ വേണുഗോപാൽ, എസ്. പി. ട്രസ്റ്റിന്റെ മുൻ അസി. സെക്രട്ടറി [illegible], യോഗം കൗൺസിലർ ഡോ. കെ.എ. നാഗനൂലയൻ, ശ്രീനാരായണ ധർമ്മസമിതി പ്രസിഡന്റ് അഡ്വ. ജി.പുഷ്പാംഗദൻ, യോഗം ബോർഡംഗങ്ങളായ അന്വർ സുരേന്ദ്രൻ, കെ.സുരേഷ് (കൊട്ടാരക്കര), മണ്ണാല രാമചന്ദ്രൻ, കുണ്ടുമാമൻ (ദേവികുളം), ദേവികുളം അടിമാലി യൂണിയൻ പ്രസിഡന്റ് ഇന്ദ്രാദർശനൻ, എസ്.ഭാസ്കർ, പി. സംസ്ഥാന സെക്രട്ടറി കെ.വി. വാസുദേവൻ, യോഗം നേതാക്കളായ ചെങ്ങന്നൂർ ബാബു, മുട്ടത്താ ബാബു, ഗുരുധർമ്മ പ്രചരണ സഭയുടെ [illegible] തുടങ്ങിയവരും [illegible] ണിക്കൻ, സി.കെ. ശ്രീധരൻ, സഭയുടെ കാര്യത്തിക്കുഞ്ഞി താലൂക്ക് യൂണിയൻ പ്രസിഡന്റ് രാജപ്പനുണ്ണി തുടങ്ങി എന്നിവരുൾപ്പെടെ വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ പ്രധാന പ്രവർത്തകർ കഴിഞ്ഞ രണ്ടു ദിവസങ്ങളായി ശിവഗിരിയിലെത്തി സംഘവികാസങ്ങൾ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. ഇതിനുപുറമേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അനുഭാവ ശ്രീനാരായണ പ്രവർത്തകരും, ശിവഗിരി മഠത്തിന്റെ [illegible] നിന്നുള്ള സന്ന്യാസിമാരും, ശിവഗിരിയിലെത്തിയിട്ടുണ്ട്.

ഏതു സാഹചര്യത്തെയും നേരിടുവാൻ പ്രതിജ്ഞാബദ്ധരാണവർ. അതേസമയം, ഏതു സ്ഥിതിവിശേഷത്തേയും നേരിടുവാനുള്ള തയ്യാറെടുപ്പിലാണ് പൊലീസ് വൃത്തങ്ങൾ. അധികാരം കൈമാറാൻ കോടതി നിർദ്ദേശിച്ചിട്ടുള്ള സമിതിയെയും അതിനെയും കണ്ട പൊലീസ് സംഘം ക്രമസമാധാനത്തോടെ ശിവഗിരിയിൽ കൊണ്ടുവന്ന് നടപടി നടത്തിക്കുവാനാ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995, oct 6

ശിവഗിരിയിൽ പോലീസ് നടപടി

മുന്നാം പേജിൽ നിന്നും തുടർച്ച

എന്ന് പൊലീസിന്റെ ശ്രമം.

മന്ത്രി സന്ദർശിച്ചു

പി.ഡി.പി. ചെയർമാൻ അബ്ദുൾ നാസർ മദനി ബുധനാഴ്ച രാത്രി ശിവഗിരിമഠം സന്ദർശിച്ചു. ശിവഗിരി മഠത്തിലെ പ്രതിസന്ധിയെക്കുറിച്ച് അദ്ദേഹം അവിടെയുണ്ടായിരുന്ന സാമിമാരുമായി സംസാരിക്കുകയുണ്ടായി. ശിവഗിരിയുടെ പവിത്രത നശിപ്പിക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങളിൽ മദനി അസംതൃപ്തത പ്രകടിപ്പിച്ചതായി അറിയുന്നു.

അഡ്വ. ജനറലിന്റെ നിർദ്ദേശം വിവാദമായി

തിരുവനന്തപുരം : ഉപരാഷ്ട്രപതി കെ.ആർ. നാരായണന്റെ തിരുവനന്തപുരം സന്ദർശനം അവസാനിക്കുന്നതുവരെ ശിവഗിരിയിൽ നടത്താൻ ആഗ്രഹിച്ചിരുന്ന പൊലീസ് നടപടി മാറ്റിവയ്ക്കാൻ അനുവദിക്കണമെന്ന് തിരുവനന്തപുരം റൂറൽ എസ്.പി. അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിച്ചതായി അറിയുന്നു.

ശിവഗിരിയിലേക്കുള്ള എല്ലാ റോഡുകളും പൊലീസ് ബ്ലോക്ക് ചെയ്യുന്നതിനുള്ള ഏതിയാ മാപ്പ് തയ്യാറായി കഴിഞ്ഞതായും എസ്.പി. അറിയിച്ചിട്ടുണ്ട്. കൈവല്യാനന്ദ സ്വാമിയുടെ ശ്രദ്ധയിൽ പെടുത്തിയാണ് പൊലീസ് ഏതിയാ മാപ്പ് തയ്യാറാക്കിയത്.

അതേസമയം, ശിവഗിരിയുടെ രക്ഷണം താൽക്കാലികമായി ഗവൺമെന്റ് ഏറ്റെടുക്കണമെന്ന ഒരു നിർദ്ദേശവും ഉന്നത രാഷ്ട്രീയ തലങ്ങളിൽ ചർച്ച ചെയ്തു തുടങ്ങിയിട്ടുണ്ട്. ഒരു ഓർഡിനൻസ് മുഖേന ഭരണം ഏറ്റെടുത്ത് ശ്രീനാരായണ കേന്ദ്രങ്ങളായ മൂന്നു റിസീവർമാരെ ഏല്പിക്കുക, കോടതി കേസുകൾ അവസാനിക്കുന്നതുവരെ ആ സംവിധാനം തുടരുക- ഇതാണ് ചിന്താഗതി.

അഡ്വക്കേറ്റ് ജനറൽ പൊലീസ് നടപടിക്ക് മന്ത്രിസഭ നിർദ്ദേശം നൽകിയത് നിയമ, രാഷ്ട്രീയ തലങ്ങളിൽ വിവാദമായിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ചുമതല കോടതി നിർദ്ദേശങ്ങൾ ഗവൺമെന്റിനെ അറിയിക്കുകയും നിയമോപദേശം ഗവൺമെന്റിന് നൽകുകയും ചെയ്യുക മാത്രമാണ്. ഉദ്യോഗസ്ഥന്മാർക്ക് നേരിട്ട് നിർദ്ദേശം അഡ്വക്കേറ്റ് ജനറൽ നൽകാറില്ല.

കോടതി നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകുന്നത് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോ അതിനേക്കാൾ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോ ആണ്. എന്നാൽ ശിവഗിരി കാര്യത്തിൽ കോടതി കേസ് പരിഗണനയ്ക്കെടുക്കാത്ത സാഹചര്യത്തിൽ പുതിയ ഉത്തരവ് ഉണ്ടാകാത്തതുകൊണ്ട് കോടതിയുടെ മുൻ ഉത്തരവ് പാലിക്കാൻ ഈ രണ്ട് ഉദ്യോഗസ്ഥരും വിസമ്മതിച്ചുവെന്നാണറിയുന്നത്. അതു തുടർന്നാണ് ആ വാദം അഡ്വക്കേറ്റ് ജനറൽ ഏറ്റെടുത്തതെന്നറിയുന്നു. നിയമവൃത്തങ്ങളിൽ അഡ്വക്കേറ്റ് ജനറലിന്റെ നടപടി അത്ഭുതമുളവാക്കിയിട്ടുണ്ട്.

തിരുവോണം വെള്ളിയാഴ്ചയോ ശനിയാഴ്ചയോ പൊലീസ് നടപടി ഉണ്ടായേക്കുമെന്നാണ് സൂചന. ശിവഗിരിയിൽ നിയന്ത്രണാതീതമായ ജനക്കൂട്ടമുണ്ടാകുകയാണെങ്കിൽ പൊലീസ് അവിടെ കടന്നുചെല്ലുന്നത് ബുദ്ധിപൂർവ്വകമായിരിക്കുമോ എന്നും രാഷ്ട്രീയ തലങ്ങളിൽ സന്ദേഹമുണ്ട്. ബലപ്രയോഗം ഒഴിവാക്കണമെന്നും അതിനാവശ്യമായ തന്ത്രങ്ങൾ സ്വീകരിക്കണമെന്നുമാണ് പൊലീസിനോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതെന്നറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995, oct 6

Ext.No.P3(14) dt. 6-10-95

LIBRARY ARCHIVES Kerala Legislative Assembly

ഗുരുദേവന്റെ ഇരിപ്പിടത്തിൽ കൈവല്യാനന്ദനെ ഇരുത്തുകയില്ല

-പ്രതാപ്സിംഗ്

വർക്കല: ശ്രീനാരായണഗുരുദേവന്റെ സമാധിയും ശിവഗിരിയും അന്യാധീനപ്പെടുത്തുന്നതു നോക്കിനിൽക്കാൻ ശ്രീനാരായണീയർക്ക് കഴിയുകയില്ലെന്ന് എസ്.എൻ.ഡി.പി. യോഗം മുൻ ജനറൽ സെക്രട്ടറിയും എസ്.ആർ.പി. പ്രസിഡന്റുമായ എ.എസ്. പ്രതാപ് സിംഗ് മുന്നറിയിപ്പു നൽകി.

"ശ്രീനാരായണ ഗുരുദേവന്റെ ഇരിപ്പിടത്തിൽ ഒരു കൈവല്യാനന്ദനെ പിടിച്ചിരുത്താൻ ഈ ലോകത്തെ ഏതു കോടതി പറഞ്ഞാലും ശരി, അത് അനുവദിക്കാനാവില്ല. ഒറ്റക്കെട്ടായി ഞങ്ങൾ അതിനെ ചെറുക്കും. ഈ ചെറുക്കൽ നടപടി ശ്രീനാരായണ ധർമ്മസംരക്ഷണമാണ്"- അദ്ദേഹം കേരളകൗമുദിയോടു പറഞ്ഞു.

"നൂറ്റാണ്ടുകളായി നിലനിന്ന അനാചാരത്തിന്റെയും അടിച്ചമർത്തലിന്റെയും കരിങ്കല്ലിൽ ശ്രീനാരായണൻ ഉയർത്തിയ സാമൂഹ്യ സമത്വത്തിന്റെ തുരുത്താണ് ശിവഗിരി. ശ്രീനാരായണീയരുടെ ആത്മാഭിമാനമാണ് അവിടെ നിറഞ്ഞു നിൽക്കുന്നത്. ആ ചരിത്രത്തിനുമേൽ സവർണ്ണാധിപത്യം സ്ഥാപിക്കുന്നതിനായി പൊലീസിനെ ഇറക്കിയാൽ സർവ്വശക്തിയുമുപയോഗിച്ച് അതിനെ ഞങ്ങൾ ചെറുക്കും. ഗുരുദേവന്റെ പരിപാവനമായ പാദമുദ്രകൾ പതിഞ്ഞ് പൂണ്ടും ലഭിച്ച ശിവഗിരിയുടെ മണ്ണിൽ പൊലീസിന്റെ ബൂട്ടുകൾ പതിയാൻ തിരിക്കലും അനുവദിക്കുകയില്ല. ഇതിനു വേണ്ടതെന്തു ത്യാഗം സഹിക്കാനും ഞങ്ങൾ തയ്യാറാണ്. ഈ സവർണ്ണ ഫാസിസ്റ്റ് നീക്കത്തെ ചെറുത്തു തോൽപ്പിക്കാൻ ഞങ്ങളോടൊപ്പം അണിനിരക്കണം"- പ്രതാപ്സിംഗ് അഭ്യർത്ഥിച്ചു.

ശിവഗിരിയിലേക്കുള്ള റോഡുകളിലും പൊലീസിനെ കയറ്റണമെന്ന് ബിജോക്കു ചെയ്യിപ്പിച്ച് ഗുരുദേവ സന്നിധാനത്തിലേക്കു വരുന്ന ഭക്തജനങ്ങളെ തടയാൻ കൈവല്യാനന്ദനെയും കൂട്ടരെയും മാത്രമേക്ക് എഴുന്നള്ളിക്കാനാണ് അധികാരത്തിൽ ഇന്നും തങ്ങി കോയ്മയുള്ള ബ്രാഹ്മണ ശ്രേഷ്ഠന്മാർ തങ്ങളുടെ കൗശലം പ്രയോഗിക്കുന്നതെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഈ കൗശലം ഫലവർത്തികമാക്കുന്നതിനാണ് ഗവൺമെന്റ് ഒരുമെടുക്കുന്നതെങ്കിൽ ശക്തമായ തിരിച്ചടി നേരിടേണ്ടിവരും - പ്രതാപ്സിംഗ് മുന്നറിയിപ്പു നൽകി. അയോദ്ധ്യയിലെയും സുവർണ്ണ ക്ഷേത്രത്തിലെയും സംഭവങ്ങൾ ശിവഗിരിയിൽ ആവർത്തിക്കാതെ നോക്കാൻ ഗവൺമെന്റിനും കോടതിക്കും മാത്രമല്ല അഡ്വക്കേറ്റ് ജനറലിനും ഉത്തരവാദിത്വമുണ്ട്. ശ്രീനാരായണ ധർമ്മ സംരക്ഷണ പ്രസ്ഥാനം അത് തകർക്കാൻ ആരു നോക്കുന്നവരുടെ കയ്യിൽ എത്തിക്കാനുള്ള ശ്രമം ധർമ്മമല്ല, നീതിയല്ല, ന്യായവുമല്ല.

"ശ്രീനാരായണ ധർമ്മം സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ തീർത്ഥാടകരായി അണിചേരാൻ എല്ലാ ശ്രീനാരായണീയർക്കും സമാന ആശയഗതിക്കാർക്കും ബഹുജനമായ കടമയുണ്ടെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു." ശിവഗിരിക്കു നേരെ ഇപ്പോൾ ഉയർന്നിരിക്കുന്ന ഈ വെല്ലുവിളിയെ എന്തു ത്യാഗവും സഹിച്ചു എതിർത്തു തോൽപ്പിക്കാൻ ഗുരുദേവ ഭക്തരോടെല്ലാം അദ്ദേഹം അഭ്യർത്ഥിച്ചു.

Ext.No.P3(17) dt. 7-10-95

FOUNDER EDITOR: K. SUKUMARAN B.A.

കേരളകൗമുദി

LATE NEWS

തിരുവനന്തപുരം 1995 ഒക്ടോബർ 7 ശനി

ഹൈക്കോടതി ഉത്തരവ് നടപ്പാക്കാനാവില്ല

തിരുവനന്തപുരം : ശിവഗിരി ഭരണം കൈവല്യാനന്ദ സ്വാമി പക്ഷത്തെ ഏല്പിക്കാൻ തിരുവനന്തപുരം റൂറൽ എസ്.പിക്കും ആറ്റിങ്ങൽ ഡിവൈ.എസ്.പിക്കും അഡ്വ. കേറ്റ് ജനറൽ എസ്. നാരായണൻ പോറ്റി നൽകിയ ഉത്തരവിന് നിയമ സാധുതയില്ലെന്ന് പ്രമുഖ നിയമ ജ്ഞർ ചൂണ്ടിക്കാട്ടുന്നു.

ഇരുവരും ഉത്തരവുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടത് ഡയറക്ടർ ജനറൽ ഒഫ് പ്രോസിക്യൂഷനോ, അഡിഷണൽ ഡയറക്ടർ ജനറൽ ഒഫ് പ്രോസിക്യൂഷനോ ആണ്. എന്നാൽ ഈ കേസിൽ ഇപ്പോൾ ഇരുവരും അതിന് തയ്യാറായില്ല. ഈ സാഹചര്യത്തിൽ അഡ്വ കേറ്റ് ജനറലിന് ചെയ്യാമായിരുന്നത് വിവരം മുഖ്യമന്ത്രിയേയോ ചീഫ് സെക്രട്ടറിയേയോ അറിയിക്കുക എന്നതായിരുന്നു. അവർ വേണം ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകാൻ. അതല്ലെങ്കിൽ ഹൈക്കോടതി നിർദ്ദേശമുണ്ടായാൽ ആറ്റിങ്ങൽ സബ്കോടതിക്ക് ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകാം. ആറ്റിങ്ങൽ കോടതിക്ക് ഹൈക്കോടതിയിൽനിന്നും പുതിയ നിർദ്ദേശമൊന്നും ലഭിക്കാതിരുന്നതിനാൽ അവരും ഇക്കാര്യത്തിൽ ഇപ്പോൾ ഇടപെട്ടിട്ടില്ല.

ഹൈക്കോടതി വിധി കാലഹരണപ്പെട്ടു

ശാശ്വതീകാനന്ദ സ്വാമികൾ തന്റെ ട്രസ്റ്റ് ബോർഡ് അംഗത്വവും പ്രസിഡന്റ് സ്ഥാനവും രാജിവച്ചതോടെ ശിവഗിരി ഭരണ കൈമാറ്റം സംബന്ധിച്ച ഹൈക്കോടതി സിങ്കിൾ ബഞ്ചിന്റെ ഇടക്കാലവിധി ' ഇൻഫ്രക്ചവസ് '(നടപ്പാക്കാൻ കഴിയാത്ത വിധം കാലഹരണപ്പെട്ട ഉത്തരവ്) ആയതായി നിയമജ്ഞർ ചൂണ്ടിക്കാണിക്കുന്നു. ട്രസ്റ്റ് സ്കീം പ്രകാരം ജനറൽ ബോഡിയാൽ തിരഞ്ഞെടുക്കപ്പെട്ട ഏഴുപേർ ചുരുങ്ങിയത് ഉണ്ടെങ്കിൽ മാത്രമേ ബോർഡ് തന്നെ ഉണ്ടാവുകയുള്ളൂ. കൈവല്യാനന്ദ സ്വാമിയുടെ പക്ഷത്തുള്ള ആറു പേരും ശാശ്വതീകാനന്ദ സ്വാമിയും കൂടി ചേരുമ്പോഴാണ് ഹൈക്കോടതി ചൂണ്ടിക്കാണിക്കുന്ന ഏഴുപേരുള്ള ബോർഡ് ഉണ്ടാകുന്നത്. ഈ ഏഴംഗ ബോർഡിന് അധികാരം കൈമാറാനാണ് ഹൈക്കോടതി സിംഗിൾ ബഞ്ച് ഒരു ഇന്റർ ലോക്യൂട്ടറി ഓർഡറിലൂടെ വിധിച്ചത്. ശാശ്വതീകാനന്ദ സ്വാമി ഇപ്പോൾ ബോർഡംഗത്വം രാജിവച്ചതോടെ നിയമാനുസൃതമായ ബോർഡ് ഇല്ലാതായിരിക്കു

(ശേഷം പേജ് 6 കോളം)

LIBRARY ARCHIVES Kerala Legislative Assembly

FOUNDER EDITOR: K. BUKUMARAN B.A.

കേരളകൗമുദി

LATE NEWS

തിരുവനന്തപുരം 1995 ഫെബ്രുവരി 7 ചൊവ്വ

ഹൈക്കോടതി ഉത്തരവ് നടപ്പാക്കാനാവില്ല

(ഒന്നാം പേജിൽ നിന്നും തുടർച്ച)

കയാണ്. ട്രസ്റ്റിന്റെ നിയമാവലി 1959ൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അംഗീകരിച്ചാണ്. അതിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ ട്രസ്റ്റ് അംഗങ്ങളുടെ പൊതുയോഗത്തിന്റെ മുന്നിൽവച്ച് ഭൂരിപക്ഷം പ്രമേയം പാസ്സാക്കി ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ കൊണ്ടുവന്ന് അംഗീകാരം സമ്പാദിച്ചിരിക്കണം എന്നും ഡിവിഷൻ ബഞ്ച് ട്രസ്റ്റ് നിയമാവലി അംഗീകരിച്ച ഉത്തരവിൽ പ്രത്യേകം പറയുന്നുണ്ട്. ഡിവിഷൻ ബഞ്ച് അംഗീകരിച്ച ഈ നിയമാവലിയിലെ വ്യവസ്ഥകൾ ഒരു സിംഗിൾ ബഞ്ചിന് മാറ്റാൻ കഴിയുന്നതല്ല. അതുകൊണ്ടുതന്നെ ഇപ്പോഴവശേഷിക്കുന്ന ആറ് അംഗങ്ങൾക്ക് ഭരണ കൈമാറ്റം നടത്താൻ സാധിക്കുന്നതല്ല. സിംഗിൾ ബഞ്ചിനുപോലും ഈ വ്യവസ്ഥ ലംഘിക്കാൻ കഴിയുകയില്ലെന്നാണ് നിയമജ്ഞർ ചൂണ്ടിക്കാണിക്കുന്നത്.

എസ്.പിയും ഡിവൈ.എസ്.പിയും ഉത്തരവാദികളാവും

അഡ്വക്കേറ്റ് ജനറൽ നൽകിയ ടെലിപ്രിന്റർ നിർദ്ദേശം നടപ്പിലാക്കാൻ തിരുവനന്തപുരം റൂറൽ എസ്.പിയോ ആറ്റിങ്ങൽ ഡിവൈ.എസ്.പിയോ ശ്രമിച്ചാൽ അതുമൂലമുണ്ടാകുന്ന എല്ലാ അനന്തര ഫലങ്ങളുടേയും പൂർണ്ണമായ ഉത്തരവാദിത്വം അവർക്കായിരിക്കും. ആമീനുമായി ശിവഗിരിയിൽ എത്തുമ്പോൾ ഉണ്ടായേക്കാവുന്ന ചെറുത്തുനില്പ് സംഘർഷത്തിലേക്ക് നീങ്ങുകയും അവിടെ അനിഷ്ട സംഭവങ്ങളുണ്ടാവുകയും ചെയ്താൽ അതിനുള്ള ഉത്തരവാദിത്വവും പൂർണ്ണമായും ഇവർക്കായിരിക്കും. ഹൈക്കോടതിയോ ഗവൺമെന്റോ ശിവഗിരിയിൽ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഇവരെ യഥാവിധി ചുമതലപ്പെടുത്തിയിട്ടില്ല. അഡ്വക്കേറ്റ് ജനറലാകട്ടെ, ആറ്റിങ്ങൽ സബ്കോടതി മുഖേന ഈ നടപടി നടത്തിക്കിട്ടാൻ ആവശ്യപ്പെട്ടിട്ടുമില്ല. ഹൈക്കോടതിയുടെ ഇതിനകം 'ഇൻഫ്രക്ചവസ്' ആയ താല്ക്കാലിക ഇടക്കാല ഉത്തരവിന്റെ ഗുണകാംക്ഷികളായ കൈവല്യാനന്ദ സ്വാമിയും കൂട്ടരും വിധി നടപ്പാക്കിക്കിട്ടാൻ ആറ്റിങ്ങൽ സബ്കോടതിയെ സമീപിച്ചിട്ടുമില്ല. ആകെ ഇപ്പോഴുള്ളത് അഡ്വക്കേറ്റ് ജനറലിന്റെ ഒരു ടെലിപ്രിന്റർ സന്ദേശം മാത്രമാണ്. അതാകട്ടെ കീഴ്വഴക്കങ്ങളെല്ലാം ലംഘിച്ചുകൊണ്ടുള്ള ഒരു സന്ദേശവും!

കരുണാകരനും എതിർക്കുന്നു

ശിവഗിരിയിൽ പൊലീസിനെ അയയ്ക്കുന്ന നടപടി ആരുടേതായാലും അത് ശുദ്ധ വിവരക്കേടാണെന്ന് കേന്ദ്ര വ്യവസായ വകുപ്പ് മന്ത്രി കെ. കരുണാകരൻ അഭിപ്രായം പ്രകടിപ്പിച്ചതായി അറിയുന്നു. കേരള മന്ത്രിസഭയിലെ ചില അംഗങ്ങളെത്തന്നെ അദ്ദേഹം ടെലിഫോണിലൂടെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്. രണ്ട് ദിവസത്തിനുള്ളിൽ അദ്ദേഹം തിരുവനന്തപുരത്തെത്തും.

LIBRARY ARCHIVES Kerala Legislative Assembly

Ext.No.P3(15) dt. 7-10-95 & R 46

FOUNDER EDITOR: K. SUKUMARAN B.A.

കേരളകൗമുദി

LATE NEWS

തിരുവനന്തപുരം 1995 ഒക്ടോബർ 7 ശനി

ശിവഗിരിയിൽ കാലുകുത്താൻ പൊലീസിനെ അനുവദിക്കില്ലെന്ന് പ്രതിജ്ഞ

വർക്കല : ശിവഗിരിയുടെ ശാന്തി ഭഞ്ജിക്കാനുള്ള ഏതു നീക്കത്തേയും എന്തുവിലകൊടുത്തും ചെറുത്തു തോൽപ്പിക്കണമെന്ന് ശിവഗിരിയിൽ ചേർന്ന ശ്രീനാരായണീയരുടെ സമ്മേളനം തീരുമാനിച്ചു.

"അറസ്റ്റിനോ അടിച്ചമർത്തലിനോ വഴങ്ങുന്ന പ്രശ്നമില്ല. കോടതി വിധി നടപ്പാക്കുന്നതിനായി ശിവഗിരിയുടെ മണ്ണിൽ കാലുകുത്താൻ പൊലീസിനെ അനുവദിക്കുകയുമില്ല"-യോഗം പ്രഖ്യാപിച്ചു.

കോടതി നടപടികൾ ഏതു നിമിഷവും ഉണ്ടാവാമെന്ന അവസ്ഥയിൽ ശിവഗിരി ഇന്നലെ ഉടനീളം സംഘർഷത്തിലായിരുന്നു. പക്ഷേ, ഒന്നും സംഭവിക്കാതെ ശിവഗിരിക്കുന്നിൽ പകൽ പൊലിഞ്ഞു. ഇരുട്ടുവീണ ശിവഗിരിയെ അപ്പോഴും ചുഴിഞ്ഞു നിന്നത് ഉൽക്കണ്ഠയുടെ നിമിഷങ്ങളായിരുന്നു. 'നാളെ അത് സംഭവിക്കും.' വിപുലമായ തയ്യാറെടുപ്പുകളാണ് നിയമനടപടികളുടെ പടനിക്കങ്ങൾ ഒരുതരത്തിൽ ശിവഗിരിക്കുന്നുകളിൽ നടക്കുന്നത്. ഏതു അടിയന്തരാവസ്ഥയേയും നേരിടാൻ അവിടം സജ്ജമായിക്കഴിഞ്ഞു.

"ശിവഗിരിയെ വിലങ്ങുവയ്ക്കുന്നുവെന്ന വാർത്ത അശരീരി പോലെ നാടെങ്ങും മുഴങ്ങിയത് വ്യാഴാഴ്ച മുതൽ തന്നെ ഇവിടേക്ക് കേറ്റിയ പ്രവാഹം സൃഷ്ടിച്ചിരുന്നു. വന്നവർ ശിവഗിരി വിട്ടുപോയില്ല. അങ്ങനെ ഇന്നലെ പുലർന്നു. ഉദ്വേഗം സൃഷ്ടിച്ച ഇരമ്പം പോലെ പിന്നെയും ജനപ്രവാഹമുണ്ടായി. ഇന്നലെ വൈകുന്നേരം അവിടം ശരിക്കും ശ്രീനാരായണീയരെ കൊണ്ടു നിറഞ്ഞു. അവിടെ താമസത്തിന് തയ്യാറെടുത്തു വന്നവരാണ് അധികവും. ഏതു പ്രതികൂല നീക്കത്തേയും നേരിടാൻ അവർ സുസജ്ജരായി അവിടെ തമ്പടിച്ചിരിക്കുന്നു.

വൈകുന്നേരം വൈകാരിക പിരിമുറുക്കം കൊണ്ട് ജനക്കൂട്ടം നിയന്ത്രണം വിടുന്ന ഘട്ടം വന്നപ്പോൾ ശിവഗിരി സംരക്ഷണ സമിതിക്കാർ അവരെ വിളിച്ചുകൂട്ടി പൊതുസമ്മേളനം ചേർന്നു.

നേതൃസമ്മേളനത്തിൽ വിവിധ കമ്മിറ്റികൾ രൂപംകൊണ്ടു. വോളണ്ടിയർ കൺവീനർമാരായി മോഹൻ ശങ്കർ, അഡ്വ. അജ്മൽ സുരേന്ദ്രൻ, സലിം എന്നിവരെ തിരഞ്ഞെടുത്തു. ജനക്കൂട്ടത്തിന്റെ മേൽനോട്ട ചുമതല മുൻ ഡി.ജി.പി. ഭാസ്കരപ്പണിക്കർ, കെ.വി. വാസുദേവൻ എന്നിവർക്കാണ്. താമസസൗകര്യം ഒരുക്കാൻ [illegible] സുകുമാരൻ, കണ്ടല്ലൂർ സുധീർ എന്നിവർക്ക് ചുമതല നൽകി. ഇതിനുപുറമെ ഉറച്ച ചെറുത്തു നില്പിന് ജനങ്ങളെ സജ്ജരാക്കുന്നതിന് എസ്. എൻ. ഡി.പി. യോഗം യൂണിയൻ ശാഖാ ഭാരവാഹികളെ ഉൾപ്പെടുത്തി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു. യോഗം കൗൺസിലർ കെ. എ. ബാഹുലേയൻ, യോഗം ഡയറക്ടർ ബി. കൃഷ്ണ മൂർത്തി ഐ.പി. എസ്. ഹൈറേഞ്ച് യൂണിയൻ ഭാരവാഹികളായ പ്രസിഡന്റ് ബാബു പെരുവന്താനം, സെക്രട്ടറി സാബു, ദേവികുളം യൂണിയൻ പ്രസിഡന്റ് ഇന്ദ്രാർദ്ദനൻ, സെക്രട്ടറി കെ.ടി. സുകുമാരൻ, അടൂർ യൂണിയൻ പ്രസിഡന്റ് ഡോ. അടൂർ രാജൻ, സെക്രട്ടറി പി.കെ. കരുണാകരൻ, കടയ്ക്കൽ യൂണിയൻ പ്രസിഡന്റ് ആർ.പി. ഷാനാസ്, സെക്രട്ടറി സെൽവൻ, കൊല്ലം യൂണിയൻ പഞ്ചായത്തു മെമ്പർ മുഖത്തല സുഗതൻ, നെടുമങ്ങാട് യൂണിയൻ പ്രസിഡന്റ് കാവ്യാട് മാധവൻ കുട്ടി, സെക്രട്ടറി പുഷ്പാംഗദൻ തുടങ്ങിയവർ ഉൾപ്പെടുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. കൂടുതൽ നേതാക്കൾ എത്തിച്ചേരുന്നത് അനുസരിച്ച് കമ്മിറ്റി വിപുലീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി
LATE NEWS
1995 ഒക്ടോബർ 7 ശനി

ശിവഗിരിയിൽ കാലുകുത്താൻ

സ്വാമി ശാശ്വതീകാനന്ദ, എ. എസ്. പ്രതാപ്സിംഗ് എന്നിവർ വിവിധ കമ്മിറ്റികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകും.

ശിവഗിരിയും പരിസരവും ഭക്തജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പൊലീസ് നടപടി ഉണ്ടാവുന്ന ഏതു നിമിഷവും അതിനെ ശക്തമായി ചെറുക്കാനാണ് സംരക്ഷണ സമിതി ആഹ്വാനം നൽകിയിരിക്കുന്നത്. വോളണ്ടിയർമാരും സമിതി അംഗങ്ങളും വിവിധ ഭാഗങ്ങളിൽ അതിനായി കേന്ദ്രീകരിച്ച് വരിക്കുന്നു.

ശിവഗിരിയിൽ എത്തിയ ശ്രീനാരായണീയർക്ക് ഭക്ഷണം വച്ചു വിളമ്പാൻ ഗുരുസേവാസംഘം ഭാരവാഹികൾ സമ്മതം അറിയിച്ചിട്ടുണ്ട്. പ്രസിഡന്റ് ഡോ. സത്യശീലൻ, വൈസ് പ്രസിഡന്റ് ഡോ. ശിരപാണി, കൺവീനർ കൃഷ്ണൻ കുട്ടി എന്നിവരുടെ നേതൃത്വത്തിൽ അന്നദാനം നടക്കും.

ഇതിനിടയിൽ ശിവഗിരിയിലെ നിയമ നടപടികളെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന എസ്. എൻ.ഡി.പി. യോഗം ഭാരവാഹികൾക്കെതിരെ ശിക്ഷണ നടപടി ഉണ്ടാവുമെന്ന യോഗം ജനറൽ സെക്രട്ടറിയുടേതായി ചില പത്രങ്ങളിൽ വന്ന വാർത്ത ശിവഗിരിയിലെ ചർച്ചകളെ പൊടിപ്പിച്ചു. അതിനെതിരെ പ്രമേയം പാസാക്കണമെന്നും പ്രതിഷേധിക്കണമെന്നും ആവശ്യം ഉയർന്നു. എന്നാൽ അത്രത കാര്യമാക്കേണ്ട എന്ന മറ്റൊരു അഭിപ്രായവും ഉണ്ടായി. "യോഗം ജനറൽ സെക്രട്ടറിയുടെ പ്രസ്താവനയ്ക്ക് എന്തു വിലയുണ്ടെന്ന് തെളിയിക്കുന്നതാണ് യോഗം യൂണിയൻ ശാഖാ ഭാരവാഹികളുടെ ഇവിടത്തെ സാന്നിദ്ധ്യം എന്നും ചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. ആ വഴിക്ക് പിന്നീട് ചർച്ച പോയില്ല. എസ്. എൻ.ഡി.പി. യോഗം യൂണിയൻ ശാഖായോഗങ്ങളെ പ്രതിനിധീകരിച്ചും വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ബാനറിലുമാണ് ഇവിടേക്ക് ഭക്തജനങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നത്.

സ്ഥാനമൊഴിഞ്ഞ ശാശ്വതീകാനന്ദ സ്വാമികൾ മഠത്തിൽ ക്യാമ്പ് ചെയ്യുന്നത് സ്ഥിതിഗതികൾ ഒരു പരിധിവരെ നിയന്ത്രണാതീതമാവാതെ സൂക്ഷിക്കുന്നുണ്ട്.

രാത്രി 9 മണിയോടെ നടന്ന പൊതുയോഗം, ശിവഗിരിയിലെ ചെറുത്തുനില്പിനോടൊപ്പം നാടിന്റെ നാനാ ഭാഗങ്ങളിൽ പ്രതിഷേധം സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

" നടപ്പാക്കാനാവാത്ത ഒരു കോടതിവിധിക്ക് മുന്നിൽ ശിവഗിരിമഠത്തിന് കുമ്പിടാനാവില്ല. മഠത്തിന്റെ നിയമാവലി മാത്രമേ മഠത്തിന് അനുസരിക്കേണ്ടതുള്ളൂ. ശിവഗിരിയോട് അനീതികാട്ടിയാൽ അതിന് വലിയ വില കൊടുക്കേണ്ടിവരും" സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച എ. എസ്. പ്രതാപ് സിംഗ് മുന്നറിയിപ്പ് നൽകി.

ഇവിടെ മനുഷ്യമതമുള്ള ഒരേയൊരുമാമേയുള്ളൂ. അതേസമയം മതങ്ങളുടെ മാങ്ങൾ അനവധിയുണ്ട്. സർക്കാർ നിലപാടുകൾ മുമ്പും നമ്മൾ കണ്ടിട്ടുള്ളതാണ്. അതൊക്കെ മനസ്സിൽ വച്ചുകൊണ്ട് വേണം ശിവഗിരിക്കെതിരെ നീങ്ങാനെന്ന് പ്രതാപ് സിംഗ് ഓർമ്മിപ്പിച്ചു.

കെ. എ. ബാഹുലേയൻ, മോഹൻശങ്കർ, കുമാരസ്വാമി, തുടങ്ങിയവർ പ്രസംഗിച്ചു. അഡ്വ. അഞ്ചൽ സുരേന്ദ്രൻ സ്വാഗതം പറഞ്ഞു.

ശിവഗിരിമഠം ചാതുർവർണ്യ വിമുക്തമാക്കാൻ പ്രക്ഷോഭരംഗത്തിറങ്ങാൻ ഗുരുധർമ്മ പ്രചാരണ സഭയുടെ മറ്റൊരു സമ്മേളനം തീരുമാനിച്ചു. പ്രാദേശികമായി ശിവഗിരി സംഭവത്തിന്റെ വിശദീകരണയോഗങ്ങൾ സംഘടിപ്പിക്കാനും സഭയ്ക്ക് പരിപാടിയുണ്ട്.

ശിശുപാലന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അഡ്വ. ജി. സുരേന്ദ്രൻ, മധു മാറനാട്, എൻ. ഗിരിലാൽ, പള്ളിക്കൽ സുരേഷ് എന്നിവർ സംസാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

Ext.No-P3(16) dt. 7-10-95

FOUNDER EDITOR: K. SUKUMARAN B.A.

കേരളകൗമുദി

LATE NEWS

തിരുവനന്തപുരം 1995 ഒക്ടോബർ 7 ശനി

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരി സമരമുഖത്ത് പി.ഡി.പി. ഉണ്ടാകും: മദനി

കൊല്ലം: ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെയും ശിവഗിരി സ്ഥാപനങ്ങളുടെയും മതേതരത്വനിലപാട് തകർത്ത് അവ കൈയടക്കുവാൻ സവർണ്ണ ഫാസിസ്റ്റുകൾ നടത്തുന്ന നീക്കങ്ങളെ എന്തുവിലകൊടുത്തും എതിർത്ത് പരാജയപ്പെടുത്തണമെന്ന് പി.ഡി.പി ചെയർമാൻ അബ്ദുൾ നാസർ മദനി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ഇന്ത്യയിലാദ്യമായി ദളിത്-പിന്നോക്കവിഭാഗങ്ങൾക്കുവേണ്ടി ശബ്ദിച്ചതും കേരളത്തെ ഇളക്കിമറിച്ച സാമൂഹ്യവിപ്ലവം നയിച്ചതും നവോത്ഥാന നായകനായ ശ്രീനാരായണഗുരുവായിരുന്നു. ഗുരു സ്ഥാപിച്ച ശ്രീനാരായണ ധർമ്മസംഘവും ശിവഗിരിസ്ഥാപനങ്ങളും എക്കാലത്തും സർവ്വമത സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മഹനീയ പ്രതീകങ്ങളാണ്. സവർണ്ണ സന്യാസസമൂഹികവാദത്തിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ടുഴലുന്ന ഭാരതത്തിന്റെ ആത്മീയരംഗത്ത് പിന്നോക്കക്കാരുടെയും ദളിതരുടെയും മതന്യൂനപക്ഷക്കാരുടെയും ആശാകേന്ദ്രമാണ് ശിവഗിരിമഠം. ശങ്കരാചാര്യമഠത്തിൽ നിന്നുയരുന്ന ചാതുർവർണ്ണ്യമന്ത്രങ്ങൾക്ക് പ്രതിരോധം ശിവഗിരിമഠത്തിന്റെ ശാന്തിസന്ദേശങ്ങളാണ്. വർണ്ണാശ്രമ ധർമ്മവാദികളായ സവർണ്ണ ഫാസിസ്റ്റുകൾ ഈ സ്ഥാപനങ്ങൾ കൈയടക്കുവാൻ നടത്തുന്ന ഏതു നീക്കത്തെയും ചെറുത്തു തോൽപ്പിക്കേണ്ടത് ഇന്ത്യയിലെ , പ്രത്യേകിച്ചും കേരളത്തിലെ ദളിത്-പിന്നോക്ക മതന്യൂനപക്ഷങ്ങളുടെ കർത്തവ്യമാണെന്ന് പ്രസ്താവനയിൽ ഓർമ്മിപ്പിച്ചു. ഇക്കാര്യത്തിൽ സർവ്വാദരണീയനും ധീരനുമായ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് ശാശ്വതികാനന്ദസ്വാമികൾക്ക് സർവ്വവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നു. ശിവഗിരിമഠത്തെ രക്ഷിക്കാനുള്ള എല്ലാ സമരമുഖത്തും താനും തന്റെ പ്രസ്ഥാനവും മുൻനിരയിൽത്തന്നെ ഉണ്ടായിരിക്കുമെന്ന് പ്രഖ്യാപിക്കുന്നതായി അദ്ദേഹം അറിയിച്ചു.

കേരളകൗമുദി

1995 ഒക്ടോബർ 8 ഞായർ

Ext.No.P3(15) dt. 8-10-95 & R 47

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരിയിൽ പൊലീസ് നടപടിക്കു തുടക്കമായി

മോഹൻശങ്കറിന്റെ ഉപവാസത്തോടെ പ്രതിരോധനിരയും സജ്ജം

ഘർഷം പൊടുന്നനെ മൂർച്ചരിപ്പിച്ചു. ഇതിനിടയിൽ പൊലീസ് നടപടി ഉണ്ടാകുമോ എന്ന ഉൽക്കണ്ഠയിൽ അവിടം ഇന നിബിഡമാകുമ്പോൾ വിദൂരങ്ങളിൽനിന്ന് ഭക്തജനങ്ങൾ സംഘങ്ങളായി എത്തിക്കൊണ്ടിരിക്കുന്നു. രാവിലെ 11.30നാണ് മോഹൻശങ്കർ നിരാഹാര സത്യഗ്രഹം ആരംഭിച്ചത്.

ഹൃദയവേദന ഉണ്ടാക്കുന്ന സ്ഥിതി

"ശിവഗിരിയിൽ സംഭവിച്ചുകൂടാത്തതൊക്കെ സംഭവിക്കുന്നതിന് പ്രതിവിധി കാണാനാണ് മോഹൻശങ്കർ നിരാഹാരം ആരംഭിച്ചതെന്ന് സത്യഗ്രഹം ഉദ്ഘാടനം ചെയ്തുകൊണ്ട് വ്യവസായ പ്രമുഖൻ എൻ. സുന്ദരേശ്വരൻ മുതലാളി പറഞ്ഞു."

"ഏഴാംവയസ്സിൽ ശ്രീനാരായണ ഗുരുദേവനെ നേരിൽക്കണ്ടത് മുതലാണ് ആ ദർശനങ്ങളിലേക്ക് താൻ ആകർഷിക്കപ്പെടുന്നത്. ഗുരുദേവ സന്ദേശങ്ങൾ ജീവിത വ്രതമാക്കിയതുകൊണ്ട് ഞാനും എന്നെപ്പോലെ നന്നായിട്ടുള്ള പലരുമുണ്ട്. ഇവിടെ ശിവഗിരിയിൽ, സ്വാമിയുടെ അനുഗ്രഹവും ചൈതന്യവുംകൊണ്ട് നല്ല നിലയിലെത്തിയ ഞങ്ങളെപ്പോലുള്ളവർക്ക് ഹൃദയ വേദനയുളവാക്കുന്ന കാര്യങ്ങളാണ് നടക്കുന്നത്. ശിവഗിരി എന്തിനുവേണ്ടിയാണോ ഗുരുദേവൻ സ്ഥാപിച്ചത് ആ ലക്ഷ്യങ്ങൾ തകർക്കുന്ന ശ്രമങ്ങൾ ആണ് ഒരുവിഭാഗം സന്യാസിമാർ നടത്തു

(ശേഷം പേജ് 7 കോളം 1)

കേരളകൗമുദി 1995 ഒക്ടോബർ 8 ഞായർ

ശിവഗിരിയിൽ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

നത്. എത്തൊരു ദുരവസ്ഥയാണ്! ഇതിനൊക്കെ പരിഹാരം കാണാനും ബന്ധപ്പെട്ടവരുടെ മനസ്സു നിർത്താനും നിരാഹാരം എളുപ്പം അവസാനിപ്പിക്കാനും ഇടവരട്ടെയെന്ന് അദ്ദേഹം ആശംസിച്ചു."

സത്യഗ്രഹിക്ക് പൂമാല ഇട്ടുകൊണ്ടാണ് സുന്ദരേശ്വരൻ മുതലാളി നിരാഹാരം ഉദ്ഘാടനം ചെയ്തത്.

ഗുരുദേവ ദർശനങ്ങളുടെ ആസ്ഥാനത്തിൽത്തന്നെ വർണ്ണാശ്രമ ധർമ്മങ്ങൾ ആധിപത്യം പുലർത്തുന്ന ഏത് സ്ഥിതിവിശേഷത്തേയും ജീവൻ കൊടുത്തും പൊരുത്തു തോല്പിക്കണമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് എ.എസ്. പ്രതാപ്സിംഗ് അഭിപ്രായപ്പെട്ടു.

നടപ്പാക്കാൻ കഴിയാത്ത കോടതിവിധി ശിവഗിരിയെ ധർമ്മ സങ്കടത്തിലാക്കിയിട്ട് നാളുകളേറെയായി. പരമാവധി വിട്ടുവീഴ്ചകൾക്ക് മാനം തയ്യാറായെങ്കിലും നിഗൂഢ താല്പര്യക്കാർ വഴങ്ങിയില്ല. പൊരുത്തുനില്പില്ലാതെ ശിവഗിരിക്ക് മുന്നിൽ ഇനി മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല.

ഇതിനിടയിൽ നമ്മെ അത്യന്തം വേദനിപ്പിക്കുന്ന മറ്റൊരു ഘടകമുണ്ട്. എസ്.എൻ.ഡി.പി. യോഗത്തിന്റെ തലപ്പത്തിരുന്ന് ചിലർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ. ശിവഗിരി എങ്ങനെപോയാലും യോഗത്തിനൊന്നുമില്ലെന്നും ശിവഗിരി നന്നാക്കാൻ പോകുന്നവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമെന്നും. എന്താണിത്?

ശിവഗിരിയിൽ പോകാൻ യോഗനേതാക്കളുടെ ചിറ്റെന്തിന്

ശിവഗിരിയിൽ പോകാൻ എസ്. എൻ.ഡി.പി. യോഗ നേതാക്കളുടെ ചിറ്റ് വേണോ? അതിലും വിചിത്രമായ സംഗതി, ഇവിടെനിന്ന് ഈ സമരത്തെ നയിക്കാൻ ചുമതലപ്പെട്ട ആളാണ് ഇതൊക്കെ പറയുന്നത് എന്നതാണ്. വിധി വൈപരീത്യമെന്നല്ലാതെ എന്തുപറയാൻ! എന്ത് മതാന്ധവാസവും വിവരക്കേടും. പറയുന്നവർക്കിരിക്കാനുള്ളതല്ല യോഗം ജനറൽ സെക്രട്ടറിയുടെ കസേരയെന്ന് ബന്ധപ്പെട്ടവർ ഇനിയെങ്കിലും മനസ്സിലാക്കുന്നത് കൊള്ളാം. അല്ലെങ്കിൽ അവർ താമസിയാതെ അത് താനെ മനസ്സിലാക്കിക്കൊള്ളും- പ്രതാപ് സിംഗ് പറഞ്ഞു.

"കേരളകൗമുദി" ദിനപത്രം കത്തിച്ചുകളയാൻ സമ്മേളനം വിളിച്ചുകൂട്ടിയ എസ്.എൻ.ഡി.പി. യോഗ നേതാക്കൾ ഇനിയെങ്കിലും കേരളകൗമുദിയുടെ പ്രസക്തി മനസ്സിലാക്കണമെന്ന് നെടുമങ്ങാട് യൂണിയൻ പ്രസിഡന്റ് കാവിയാട് മാധവൻകുട്ടി പറഞ്ഞു.

യോഗം കൗൺസിലർ കെ.എ. ബാഹുലേയൻ, മുൻ ദേവസ്വം സെക്രട്ടറിമാരായ എം.കെ. നാരായണൻ, വേണുഗോപാൽ, സി.എൻ. ജയപാലൻ, കൊട്ടാരക്കര താലൂക്ക് യൂണിയൻ പ്രസിഡന്റ് കെ.എൻ. സത്യപാലൻ, അഡ്വ. പുഷ്പാംഗദൻ, ആർ. സലിംകുമാർ, പി.ആർ. കുമാരൻ, സമ്പൂർണ്ണാനന്ദസ്വാമി, സരൂപാനന്ദസ്വാമി, തേവർതോട്ടം സുകുമാരൻ തുടങ്ങിയവർ ആശംസാപ്രസംഗവും ഹാരാർപ്പണവും നടത്തി. വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ എസ്. എൻ.ഡി.പി. യൂണിയൻ-ശാഖാ നേതാക്കളും മോഹൻശങ്കറിന് ഹാരാർപ്പണം നടത്തി. മുടിത്ര ഭാസ്കരപ്പണിക്കർ, പി.എൻ. രാഘവൻ, ചെമ്പഴന്തി രാമചന്ദ്രൻ, മുഖത്തല സുഗതൻ, എസ്. ജയദേവൻ, കണ്ടല്ലൂർ സുധീർ, ഡോ. സീരപാണി, ശ്രീനാരായണ കേന്ദ്രം പ്രസിഡന്റ് പന്തളം സുനിൽ, , പി.ഐ. ദാക്ഷായണിഅമ്മ തുടങ്ങിയവരും മോഹൻശങ്കറിന് ഹാരാർപ്പണം നടത്തിയവരുടെ കൂട്ടത്തിൽപ്പെടും.

സത്യഗ്രഹ ചടങ്ങിനോടൊപ്പംതന്നെ ശിവഗിരിയിൽ ഒക്ടോബർ 10-ാംതീയതിവരെ നിലനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 8 ഞായർ

ശ്രീനാരായണ ദർശനത്തെക്കുറിച്ചുള്ള സെമിനാറും ഉദ്ഘാടനം ചെയ്യപ്പെട്ടു.

തീർത്ഥാടന പദയാത്രകൾ തിരിച്ചു

ഇതിനിടെ തീർത്ഥാടന പദയാത്രകൾ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശിവഗിരിയിലേക്ക് തിരിച്ചുതുടങ്ങിയതായി റിപ്പോർട്ടുണ്ട്. ഈ പദയാത്രാ സംഘങ്ങൾ ഞായറാഴ്ച വൈകുന്നേരത്തോടെ ശിവഗിരിയിൽ എത്തിച്ചേരുമെന്ന് വോളണ്ടിയർ കമ്മിറ്റി കൺവീനർമാരായ അഡ്വ. അഞ്ചൽ സുരേന്ദ്രൻ, ആർ. സലിംകുമാർ, കണ്ടല്ലൂർ സുധീർ എന്നിവർ അറിയിച്ചു. പീതാംബരധാരികളായി തീർത്ഥാടന മഹാത്മ്യത്തെ അനുസ്മരിപ്പിക്കും വിധമായിരിക്കും പദയാത്രാസംഘങ്ങളുടെ വരവ്.

ശിവഗിരിയിൽ എത്തിയ വനിതകളായ ഭക്തജനങ്ങളെ മഠം അധികൃതർ തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. മഠത്തിലെ പരിമിതികളാണ് അതിന് കാരണം.

എസ്.എൻ.ഡി.പി. താലൂക്ക് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ ശിവഗിരി സംരക്ഷണത്തിനായി നിക്കങ്ങൾ തുടങ്ങിയതായും റിപ്പോർട്ടുണ്ട്.

ശിവഗിരിയിൽ പൊലീസ് കടന്നാൽ ശക്തിയായി നേരിടുമെന്ന് കൊട്ടാരക്കര ആർ. ശങ്കർ സ്മാരക എസ്.എൻ.ഡി.പി. യൂണിയൻ ഒരു പ്രമേയത്തിലൂടെ മുന്നറിയിപ്പ് നൽകി.

"പവിത്രമായ ശിവഗിരിയിൽ കോടതി വിധിയുടെ മറവിൽ ഗുരുസ്മരണയില്ലാത്ത ചില കപട സന്യാസികൾ കടന്നുകയറാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഗുരുദേവനോടും ദർശനങ്ങളോടുമുള്ള അനാദരവിൽ ശക്തമായി പ്രതിഷേധിക്കുന്നതോടൊപ്പം പൊലീസ് നടപടികളെ ശക്തിയായി ചെറുക്കുകയും വേണം"-പ്രമേയം ചൂണ്ടിക്കാട്ടി.

യൂണിയൻ പ്രസിഡന്റ് കെ.എൻ. സത്യപാലന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൗൺസിൽ യോഗത്തിൽ വൈസ് പ്രസിഡന്റ് കെ. സുകുമാരപ്പണിക്കർ, സെക്രട്ടറി ജി. വിശ്വംഭരൻ, ഡയറക്ടർ ബോർഡ് അംഗങ്ങളായ കെ. സുരേഷ്കുമാർ, അഡ്വ. എം.എൻ. നടരാജൻ എന്നിവർ പ്രസംഗിച്ചു.

മുഴുവൻ ശ്രീനാരായണീയരും ഒറ്റക്കെട്ടായി ചെറുക്കേണ്ട വിപത്താണ് ശിവഗിരിയെ ഗ്രസിച്ചിരിക്കുന്നതെന്ന് ചങ്ങനാശ്ശേരി എസ്.എൻ. ഡി.പി. യൂണിയൻ പ്രസിഡന്റ് കെ. വി. ശശികുമാർ പ്രസ്താവിച്ചു.

ശിവഗിരിയുടെപരിശുദ്ധി കാത്തു സൂക്ഷിക്കുന്നതിന് ജീവത്യാഗത്തിനു പോലും സന്നദ്ധമാണെന്ന് ഗുരുസേവാ സംഘം സമ്മേളനം പ്രഖ്യാപിച്ചു. സംഘം പ്രസിഡന്റ് ഡോ. സത്യശീലന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എൻ. കൃഷ്ണൻകുട്ടി സംസാരിച്ചു. പി.ജി. കമലാസനൻ കൃതജ്ഞത പറഞ്ഞു.

ശിവഗിരി സംരക്ഷണത്തിനു വേണ്ടി അവസാന ശ്വാസംവരെ പൊരുതാൻ ശ്രീനാരായണ സ്റ്റഡിസർക്കിൾ സംസ്ഥാന നേതൃയോഗം തീരുമാനിച്ചു.

പുനലൂർ സോമരാജന്റെ അദ്ധ്യക്ഷതയിൽ ശിവഗിരി ഗസ്റ്റ്ഹൗസിൽ ചേർന്ന യോഗത്തിൽ അഡ്വ. എൻ. സോമരാജൻ പ്രമേയം അവതരിപ്പിച്ചു. കെ. സുരേന്ദ്രൻ, വി. വിദ്യാധരൻ, എൻ.ജി. ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

ഇതിനിടയിൽ ശിവഗിരിയിൽ ശാന്തി പുലരണമെന്നും വികലമായ കോടതിവിധി നടപ്പാക്കരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് വർക്കലയിൽ വാഹന റാലി നടന്നു. നിരവധി കാറുകളും ആട്ടോറിക്ഷകളും പീത പതാകയേന്തി റാലിയിൽ പങ്കെടുത്തു.

ശിവഗിരിയിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള വിവാഹങ്ങളുടെ കാര്യത്തിൽ ഉൽക്കണ്ഠ രേഖപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണങ്ങൾ അടിക്കടി എത്തുന്നുണ്ട്. നിശ്ചയിച്ചിട്ടുള്ള വിവാഹം അവിടെവച്ച്നടത്തുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് മഠം അധികൃതർ ആവർത്തിച്ച് അറിയിച്ചിട്ടും പലരുടേയും ഉൽക്കണ്ഠ നിശ്ശേഷം നീങ്ങിക്കിട്ടിയിട്ടില്ല. പൊലീസ് ഇടപെടൽ ഏത് സമയത്തുമുണ്ടാവുമെന്ന ഭീതിയാണ് അവരെ അലട്ടുന്നത്.

ഇന്ന് സെമിനാർ

ഗുരുദേവ ദർശനത്തെക്കുറിച്ചുള്ള സെമിനാർ ഇന്ന് രാവിലെ ശിവഗിരിയിൽ നടക്കും. ഡോ. സീരപാണി, സ്വാമി ആർഷ ജ്ഞാനനാന്ദ,സ്വാമി അസ്പർശാനന്ദ, സന്യാസിനി ശാന്തിമയീമാതാ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

Ext.R. 48 dt. 9-10-95

കേരളകൗമുദി 1995 ഒക്ടോബർ 9

ശിവഗിരി: ഉത്കണ്ഠയുടെ പിരിമുറുക്കം തുടരുന്നു

വർക്കല : ശിവഗിരിയെ ചൂഴ്ന്നുനില്ക്കുന്ന ഉൽക്കണ്ഠയുടെ പിരിമുറുക്കം കഴിഞ്ഞ ദിവസങ്ങളിലെപ്പോലെ തന്നെ തുടരവെ, മോഹൻ ശങ്കർ ശിവഗിരിയിൽ ആരംഭിച്ച അനിശ്ചിതകാല ഉപവാസം ഞായറാഴ്ച രണ്ടാംദിവസത്തേക്ക് കടന്നു.

നൂറുകണക്കിന് എസ്.എൻ.ഡി.പി യോഗം പ്രവർത്തകരുൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് രാവിലെ മുതൽ എത്തിച്ചേർന്ന ശ്രീനാരായണീയർ മോഹൻ ശങ്കറിന് അഭിവാദ്യങ്ങൾ നേർന്നു. ഉപവാസമാരംഭിക്കുന്നതിനുമുമ്പ് പ്രകടിപ്പിച്ചുകൊണ്ട് ഗുരുധർമ്മ പ്രചാരണ സഭയുടെ സംസ്ഥാന പ്രസിഡന്റും എസ്.എൻ.ഡി.പി യൂത്ത് മൂവ്മെന്റ് സംസ്ഥാനകമ്മിറ്റി അംഗവുമായ മുതുകുളം ശശികുമാർ ഇന്നു പുലർച്ചെ മുതൽ ശിവഗിരിയിൽ ഉപവസിച്ചു. എസ്.എൻ. ട്രസ്റ്റിന്റെ മുൻ ചെയർമാൻ എം.എ. ഉണ്ണിരിക്കുട്ടി, എ.എസ്. പ്രതാപസിംഗ്, എൻ. വേണുഗോപാൽ, എസ്. സുവർണ്ണകുമാർ, യോഗം ഡയറക്ടർമാരായ വെലമ്പിറ സുകുമാരൻ, സി.എം ലോഹിതൻ, ഷാജി ബോൺസലെ, കശുഅണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ വി. സത്യശീലൻ, അഡ്വ. ടി. പുഷ്പാംഗദൻ, കൊട്ടാരക്കര എസ്.എൻ.ഡി.പി യൂണിയൻ പ്രസിഡന്റ് കെ.എൻ. സത്യപാലൻ, അടൂർ എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് ഡോ. അടൂർ രാജൻ, യോഗം ഡയറക്ടർമാരായ കെ. സുരേഷ് കുമാർ, എം.എൻ. നടരാജൻ, പ്രൊഫ. ദിവാകരൻ, ഗോവിന്ദ ഷേണായി, ദേവികുളം എസ്.എൻ.ഡി.പി യൂത്ത്മൂവ്മെന്റ് പ്രസിഡന്റ് കെ.ഡി. രമേശൻ, അഡ്വ. സുന്ദരേശൻ, എൻ. ശ്രീധരൻ മുതലാളി, അഡ്വ. പ്രസാദ് ഗാന്ധി, കുമ്പനാകുടി രാമസ്വാമി, നേതാജി ഭാസ്കരൻ, കുട്ടനാട് എസ്.എൻ.ഡി.പി യൂണിയൻ പ്രസിഡന്റ് പി.പി. മധുസൂദനൻ, നിണ്ടകര കൃഷ്ണഗുരു, ഗുരുധർമ്മ പ്രചരണസഭ കൊയിക്കോട് താലൂക്ക് പ്രസിഡന്റ് കട്ടച്ചാൽകുഴി കൃഷ്ണൻകുട്ടി, യോഗം കൗൺസിലർ കെ.എൻ. ദിവാകരൻ, ഡയറക്ടർ കെ.ടി. കുഞ്ഞുമോൻ, അഡ്വ. അഞ്ചൽ സുരേന്ദ്രൻ, മധു മാനാഞ്ചേരി ഡോ. ബി. സീരപാണി, സ്വാമി ആർഷജ്ഞാനാനന്ദ, ഹിലിം നിർമ്മാതാവ് ജോഷി, കാഥികൻ ആലപ്പി രമണൻ, സ്വാമി അസ്പർശാനന്ദ, നാരനാട് രാജേഷ് കുമാർ തുടങ്ങിയവർ അഭിവാദ്യ പ്രസംഗങ്ങൾ നടത്തി.

കോടതിവിധിയുടെ മറവിൽ ആശ്രമ നിയമങ്ങൾ കാറ്റിൽ പറത്തി അധികാരം പിടിച്ചെടുക്കുവാൻ ധർമ്മസംഘത്തിലെ ന്യൂനപക്ഷക്കാരായ സന്യാസിമാർ നടത്തുന്ന ശ്രമങ്ങളെ പ്രസംഗകർ എല്ലാപേരും ഒരേ സ്വരത്തിൽ അപലപിച്ചു.

ഏത് സ്ഥിതിവിശേഷവും അതിജീവിക്കുവാനുള്ള കരുത്താർജ്ജിച്ചുകൊണ്ട് ശിവഗിരിയിൽ തെറ്റുചേർന്നിട്ടുള്ള ശ്രീനാരായണീയരിൽ ഐക്യബോധവും ആത്മവിശ്വാസവും പ്രകടമാണ്. ഞായറാഴ്ച വെെവുദിവസമായതിനാൽ കോടതിവിധി നടത്തിക്കുവാനുള്ള ഒരു ശ്രമവും നടന്നില്ല. അതേസമയം തിങ്കളാഴ്ച മുതൽ ഏത് നിമിഷവും പൊലീസ് നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് പൊലീസിന്റെ ഉന്നതതലങ്ങളിൽ കൂടിയാലോചനകൾ നടന്നുവരുന്നതായി അറിയുന്നു. 'ഓപ്പറേഷൻ' നടക്കുകയാണെങ്കിൽ ഒരു സ്വതന്ത്ര സ്വഭാവം ഉണ്ടാകണമെന്നാണ് പൊലീസിന്റെ ശ്രമം.

ശിവഗിരിയുടെ ഭരണം കയ്യടക്കുവാനുള്ള സവർണ്ണ ലോബിയുടെ ഗൂഢനീക്കത്തെ എന്തുവിലകൊടുത്തും നേരിടുകതന്നെ ചെയ്യുമെന്ന് എസ്.എൻ. ട്രസ്റ്റിന്റെ മുൻ ചെയർമാനും വൃവസ്ഥയ പ്രമുഖനുമായ എം.എ. ഉണ്ണിരിക്കുട്ടി പ്രസ്താവിച്ചു.

ശിവഗിരിയിൽ അനിശ്ചിതകാല ഉപവാസമനുഷ്ഠിക്കുന്ന മോഹൻ ശങ്കർക്ക് അഭിവാദ്യമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ധർമ്മവും അധർമ്മവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ശിവഗിരിയിൽ നടക്കുന്നത്. ശിവഗിരി പ്രശ്നത്തിൽ എസ്.എൻ.ഡി.പി. യോഗ നേതാക്കൾ സ്വീകരിച്ചിട്ടുള്ള നിലപാട് തീർത്തും അപഹാസ്യമാണ്. അവരെ ഇങ്ങനെ ഒരു നിഷേധാത്മക നിലപാട് സ്വീകരിക്കുവാൻ പ്രേരിപ്പിച്ച ഘടകം എന്താണെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ലെന്ന് ഉണ്ണിരിക്കുട്ടി പറഞ്ഞു.

(ശേഷം പേജ് 10 കോളം 1)

ശിവഗിരിയുടെ യശസ്സും. ശ്രീനാരായണ ധർമ്മത്തിന്റെ പ്രസക്തിയും നാൾക്കുനാൾ വർദ്ധിക്കുന്നതിൽ അസഹിഷ്ണുതയുള്ള ചിലരാണ് ഈ പ്രശ്നങ്ങൾക്കെല്ലാം പിറകിൽ പ്രവർത്തിക്കുന്നത്. യോഗനേതാക്കളും അവരുടെ പിണിയാളുകളായിത്തീർന്നിരിക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ സന്ന്യാസാശ്രമങ്ങളിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ആശ്രമമാണ് ശിവഗിരി മഠം. അതിനെ തകർക്കുവാൻ നടക്കുന്ന ഏതൊരു നീക്കവും ചോരയും നീരും നല്കി ശ്രീനാരായണീയർ ചെറുത്തുതോല്പിക്കുമെന്ന് ഉണ്ണിരിക്കുട്ടി പറഞ്ഞു.

ഗോപിനാഥനെ പിടിച്ചിറക്കണം

ശിവഗിരി പ്രശ്നത്തിൽ ശ്രീനാരായണീയരുടെ വികാരം മാനിക്കാത്ത യോഗം ജനറൽ സെക്രട്ടറി രാജിവയ്ക്കണമെന്നും, അല്ലാത്തപക്ഷം ജനറൽ സെക്രട്ടറിയുടെ കസേരയിൽ നിന്ന് ഗോപിനാഥനെ പിടിച്ചുപുറത്താക്കാൻ സമുദായം നിർബന്ധിതരാവുമെന്നും മുൻയോഗം കൗൺസിലറും, യോഗം ഡയറക്ടറുമായ വെലമ്പിറ സുകുമാരൻ അഭിപ്രായപ്പെട്ടു. കേരളകൗമുദിയെ തെറിപറഞ്ഞ ഗോപിനാഥൻ ഇപ്പോൾ ശിവഗിരിക്കും പാരയായിത്തീർന്നിരിക്കുകയാണ്. യോഗം പ്രവർത്തകർക്ക് ഇത് പൊറുക്കുവാൻ കഴിയില്ലെന്നും സുകുമാരൻ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 9 5

ശിവഗിരിയിൽ പിരിമുറുക്കം

(ഒന്നാംപേജിൽ നിന്നും തുടർച്ച)

ശിവഗിരി പ്രശ്നത്തിൽ കാർത്തികപ്പള്ളി എസ്.എൻ.ഡി.പി. യൂണിയന്റെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ട് യോഗം ഡയറക്ടർമാരായ പ്രൊഫ. സി.എം. ലോഹിതൻ, ഷാജി ബോൺസലെ എന്നിവർ സംസാരിച്ചു.

വൈക്കത്തുനിന്ന് പീതാംബര ധാരികൾ

വൈക്കം എസ്.എൻ.ഡി.പി. യൂണിയനിൽപ്പെട്ട 113-ാം നമ്പർ ശാഖയിൽ നിന്ന് 12 പേരടങ്ങുന്ന സംഘം പീതാംബരധാരികളായാണ് ഞായറാഴ്ച ശിവഗിരിയിലെത്തിയത്. ശിവഗിരി പ്രശ്നത്തിന്റെ യഥാർത്ഥ ചിത്രം യോഗം നേതാക്കൾ മൂടിവയ്ക്കാൻ ശ്രമിക്കുന്നതിൽ വിന്നരായാണ് അവർ ശിവഗിരിയിലെത്തിയത്. ശ്രീനാരായണീയരുടെ ആത്മീയ തലസ്ഥാനമായ ശിവഗിരിയിൽ ഇങ്ങനെയൊരനാദരവ് സംഘാടകരായിട്ടും മൗനംപൂണ്ടിരിക്കുന്ന യോഗ നേതൃത്വത്തിന്റെ നിലപാടിൽ അവർ അമർഷം രേഖപ്പെടുത്തി. ആർക്കു വേണ്ടിയാണിവരിങ്ങനെ പുറംതിരിഞ്ഞിരിക്കുന്നത്. ഇവരെ എങ്ങനെ സമുദായ നേതാക്കളെന്നു വിളിക്കും–ശാഖാസെക്രട്ടറി കെ. ബാബു ചോദിച്ചു. യൂണിയൻ കമ്മിറ്റി അംഗം എ. രമണൻ, പ്രവീൺകുമാർ എന്നിവരും സംഘത്തിലുണ്ട്.

കൂട്ടനാട് എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് പി.പി. മധുസൂദനൻ, കാർത്തികപ്പള്ളിയിൽ നിന്നുള്ള ബോർഡംഗങ്ങളായ മേലഞ്ചിറ സുകുമാരൻ, പ്രൊഫ: സി.എം. ലോഹിതൻ, ഷാജി, രാജമ്മ ആനന്ദ്, കൊട്ടാരക്കര യൂണിയൻ കൗൺസിലർ ശാർങ്ഗധരപ്പണിക്കർ, കണ്ണൂർ യൂണിയൻ സെക്രട്ടറി എം. എം. ഹൽഗുനൻ, ചാത്തന്നൂർ എസ്.എൻ.ഡി.പി. യൂണിയനിൽ നിന്നുള്ള ബോർഡംഗം ശ്യാംലാൽ തുടങ്ങിയവരും ഇതേ സംശയങ്ങളുന്നയിക്കുന്നു. ഇവർക്കു പുറമെ കോട്ടയം, ചങ്ങനാശ്ശേരി, അടിമാലി, ഇടുക്കി, തലശ്ശേരി, കണ്ണൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എസ്.എൻ.ഡി.പിയുടെ സാധാരണ പ്രവർത്തകരും ഒറ്റയ്ക്കും കൂട്ടായും ശിവഗിരിയിലെത്തി സ്ഥിതിഗതികൾ മനസിലാക്കിവരുന്നു.

യൂണിയൻ ഭാരവാഹികൾ

കണ്ണൂർ യൂണിയൻ സെക്രട്ടറി എം.എം. ഹൽഗുനൻ, കോട്ടയം യൂണിയൻ പ്രസിഡന്റ് പി.ജി. രാധാകൃഷ്ണൻ, കൂട്ടനാട് യൂണിയൻ പ്രസിഡന്റ് അഡ്വ: പി.പി. മധുസൂദനൻ, കൊട്ടാരക്കര യൂണിയൻ പ്രസിഡന്റ് കെ.എൻ. സത്യപാലൻ, വൈസ് പ്രസിഡന്റ് സുകുമാരപ്പണിക്കർ, സെക്രട്ടറി ജി. വിശ്വനാഥൻ, മുണ്ടക്കയം യൂണിയൻ പ്രസിഡന്റ് ബാബു, സെക്രട്ടറി ഇയോടകുടി ബാബു, കടയ്ക്കൽ യൂണിയൻ പ്രസിഡന്റ് ആർ. പി. ഛാനവാസ്, സെക്രട്ടറി ശശിധരൻ ഇവർക്കു പുറമെ നിരവധി ബോർഡ് അംഗങ്ങളും യൂണിയൻ കൗൺസിലർമാരും കഴിഞ്ഞ രണ്ടു ദിവസമായി ശിവഗിരിയിൽ ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

ധനസഹായവുമായി വരുന്നവർ

ശിവഗിരി നേരിടുന്ന പ്രതിസന്ധിയെ തരണം ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് ധനസഹായം വാഗ്ദാനം ചെയ്തുകൊണ്ട് ധാരാളംപേർ ശിവഗിരിമഠവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. സഹായധനം സ്വരൂപിക്കുന്നതിന് ആർ. വി ശങ്കരൻ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായി സ്വാമി സ്വരൂപാനന്ദ അറിയിച്ചു. സംഭാവനകൾ ആർ. വിശ്വംഭരൻ, എസ്.ആർ.എം. മോട്ടേഴ്സ്, വടശ്ശേരിക്കോണം, വർക്കല എന്ന വിലാസത്തിൽ അയച്ചുകൊടുക്കണമെന്ന് സ്വാമി സ്വരൂപാനന്ദ അഭ്യർത്ഥിച്ചു.

തൊടുപുഴ യൂണിയൻ

തൊടുപുഴ: ശിവഗിരിയുടെ പവിത്രത നശിപ്പിക്കുന്ന വിധത്തിൽ യാതൊരു നടപടികളും അധികാരികളുടെ ഭാഗത്തു നിന്ന് ഉണ്ടാകരുതെന്ന് തൊടുപുഴ എസ്.എൻ.ഡി.പി. യൂണിയൻ കൗൺസിൽ ഒരു പ്രമേയത്തിലൂടെ അഭ്യർത്ഥിച്ചു.

ശിവഗിരിയുടെ രേണം നൂനപക്ഷംവരുന്ന ചിലർ തന്ത്രപരമായി കയ്യടക്കുവാൻ നടത്തുന്ന കുത്സിത ശ്രമങ്ങളിൽ യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തി.

സമൂഹത്തിന് മാർഗ്ഗദർശനം നൽകി മതേതരത്വത്തിന്റെ പ്രകാശഗോപുരമായി നിലകൊള്ളുന്ന ശിവഗിരിയുടെ നിയന്ത്രണം മതതതരത്വ സംഹിതകൾക്ക് എതിരായി പ്രവർത്തിക്കുന്ന ശക്തികളുടെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കുവാൻ അധികാരികൾ കൂട്ടുനിൽക്കരുതെന്ന് കൗൺസിൽ അഭ്യർത്ഥിച്ചു. എന്തു വിലകൊടുത്തും ശിവഗിരിയുടെ പരിപാവനത കാത്തുസൂക്ഷിക്കുവാൻ ശ്രീനാരായണധർമ്മത്തിൽ വിശ്വസിക്കുന്നവർ മുന്നോട്ടുവരണമെന്ന് കൗൺസിൽ ആഹ്വാനം ചെയ്തു.

യോഗത്തിൽ യൂണിയൻ പ്രസിഡന്റ് അഡ്വ: സി.കെ. വിദ്യാസാഗർ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ സെക്രട്ടറി കെ.കെ. പുഷ്പൻ റിപ്പോർട്ട് അവതരിപ്പിച്ചു.

സാംസ്കാരിക സമിതിയുടെ പ്രതിഷേധം

കായംകുളം: ലോകസമാധാനത്തിനും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം പകർന്ന് ശ്രീനാരായണഗുരുവിന്റെ സമാധി സ്ഥാനമായ ശിവഗിരിയുടെ പാവനതയെ കളങ്കപ്പെടുത്തുവാൻ നടത്തുന്ന ശ്രമങ്ങളിൽ ശ്രീനാരായണ സാംസ്കാരിക സമിതി പത്തിയൂർ യൂണിറ്റ് യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തി.

മതേതരത്വത്തെ പിന്നിൽ നിന്നു കുത്തുന്ന വിഭാഗീയശക്തികൾക്ക് പിന്തുണ നൽകുന്ന എസ്. എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയും നിഷ്ക്രിയത്വം പാലിക്കുന്ന മറ്റു ഭാരവാഹികളും രാജിവച്ചു പുറത്തുപോ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 9

കണമെന്ന് യോഗം ആവശ്യപ്പെട്ടു.

സമുദായഗ്രാഹം നടത്തുന്ന ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള യോഗ നേതാക്കളുടെ കായംകുളം പ്രദേശത്തെ എല്ലാ പൊതുപരിപാടികളും ബഹിഷ്കരിക്കുവാനും യോഗം തീരുമാനിച്ചു.

പ്രസിഡന്റ് എം. ഉപേന്ദ്രന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സെക്രട്ടറി പി. പ്രഭാകരൻ പ്രമേയം അവതരിപ്പിച്ചു. യൂണിയൻ സെക്രട്ടറി എൻ. സുശീലൻ തമ്പി പിന്താങ്ങി.

തലശ്ശേരി ജ്ഞാനോദയ യോഗത്തിന്റെ പിന്തുണ

തലശ്ശേരി : ശിവഗിരി ശ്രീനാരായണ ധർമ്മസംഘത്തിന്റെ പരിപാവനത കാത്തുസൂക്ഷിക്കുന്നതിന് ശാശ്വതികാനന്ദ സ്വാമികൾ കൈക്കൊള്ളുന്ന നടപടികൾക്ക് തലശ്ശേരി ശ്രീ ജ്ഞാനോദയ യോഗം കരണസമിതി യോഗം പിന്തുണ പ്രഖ്യാപിച്ചു.

ശിവഗിരി ശ്രീനാരായണ ധർമ്മ സംഘങ്ങളിൽ അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങളിൽ യോഗം അതിയായ ഉൽക്കണ്ഠ രേഖപ്പെടുത്തി. ഗുരുദേവന്റെ ആദർശങ്ങൾക്ക് കടകവിരുദ്ധവും ഗുരുദേവന്റെ ലക്ഷ്യങ്ങളെ തുരങ്കം വയ്ക്കുന്നതുമായ നടപടികൾക്ക് ചില കുത്സിത ബുദ്ധികൾ ശ്രമിച്ചുവരുന്നതായി കാണുന്നു. ഈ ഘട്ടത്തിൽ ശാശ്വതികാനന്ദ സ്വാമികൾക്ക് യോഗം സർവ്വവിധ പിന്തുണയും പ്രഖ്യാപിച്ചു.

യോഗം പ്രസിഡന്റ് കെ.പി. രത്നാകരൻ പ്രമേയം അവതരിപ്പിച്ചു. പി. വി. പത്മനാഭൻ പിന്താങ്ങി.

കൊല്ലം യൂണിയൻ

കൊല്ലം: ശിവഗിരിയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന സംഭവ വികാസങ്ങൾക്ക് ഇരുവിഭാഗം സന്യാസിമാരും ഉത്തരവാദികളാണെന്നും പോർവിളി നടത്തുന്ന സന്യാസിമാർ അതിനാൽ ശിഷ്ടജീവിതം നിൽക്കണമെന്നും കൊല്ലം എസ്. എൻ.ഡി.പി. യൂണിയൻ കൗൺസിൽ ആവശ്യപ്പെട്ടു.

നെയ്യാറ്റിൻകര യൂണിയൻ

തിരുവനന്തപുരം: ശിവഗിരിക്കുന്നിലെ ശാന്തതയും പവനതയും കാത്തുസൂക്ഷിക്കുന്നതിന് സ്വാമി ശാശ്വതികാനന്ദയ്ക്ക് സർവ്വവിധ പിന്തുണയും നൽകാൻ നെയ്യാറ്റിൻകര എസ്.എൻ.ഡി.പി. യൂണിയൻ തീരുമാനിച്ചു.

ഗുരുദേവൻ കനിഞ്ഞനുഗ്രഹിച്ച, മലയാളത്തിന്റെ കുത്തകയായിരുന്ന വൈദികവൃത്തി, സന്യാസവൃത്തി തുടങ്ങിയ വൈശിഷ്ട്യങ്ങളുടെ ഫലം താണസമുദായക്കാർ അനുഭവിക്കുന്നത് തടയാൻ ചില ഗൂഢശക്തികളുടെ സഹായത്തോടെ നടക്കുന്ന ശ്രമങ്ങൾ ഗുരുദേവ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന മുഴുവൻ ഭക്തജനങ്ങളേയും ബാധിക്കുന്ന ഒരു പ്രശ്നമാണെന്ന് യൂണിയൻ കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ച ഒരു പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

ശിവഗിരിയെ തകർക്കാനുള്ള സവർണ്ണ ഫാസിസ്റ്റുകളുടെ ദുഷ്ടലാക്കിനെ ചെറുത്തു തോല്പിക്കേണ്ടത് ഗുരുദേവ ഭക്തൻമാരുടേയും സഹോദര സംഘടനകളുടേയും ചരിത്രപരമായ കടമയാണെന്നും പ്രമേയത്തിൽ പറയുന്നു.

ശിവഗിരി നേരിടുന്ന ഭീഷണിയെക്കുറിച്ച് ചർച്ച ചെയ്യാൻ നെയ്യാറ്റിൻകര യൂണിയന്റെ കീഴിലുള്ള എല്ലാ ശാഖകളിലും പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുന്നതാണെന്ന് യൂണിയൻ സെക്രട്ടറി എൻ. നാരായണൻ അറിയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 9 5

Ext.No.P3(19) dt. 9-10-95

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരി മഠത്തെ മറ്റൊരു അയോദ്ധ്യയാക്കാൻ അനുവദിക്കില്ല: പി.ഡി.പി.

കൊച്ചി : ബാബറി മസ്ജിദ് തകർത്ത് സവർണ്ണ ക്ഷേത്രം പണിയാൻ തയ്യാറെടുക്കുന്ന ഫാസിസ്റ്റ് ശക്തികൾ ഇന്ത്യൻ മതേതരത്വത്തിന്റെ മഹനീയ പ്രതീകമായ ശിവഗിരിമഠം പിടിച്ചെടുത്ത് സവർണ്ണ മഠമാക്കാനുള്ള ശ്രമത്തെ എന്തുവില കൊടുത്തും എതിർത്ത് പരാജയപ്പെടുത്തണമെന്ന് പി.ഡി.പി. കേന്ദ്ര സെക്രട്ടേറിയറ്റ് യോഗം അംഗീകരിച്ച പ്രമേയത്തിൽ ആവശ്യപ്പെട്ടു. ജാതിക്കെതിരെ പോരാടിയ ശ്രീബുദ്ധനേയും ബുദ്ധധർമ്മങ്ങളേയും ഉന്മൂലനം ചെയ്യാൻ ചാതുർവർണ്ണവുമായി നടക്കുന്നവർ തയ്യാറായ ചരിത്രം നമ്മുടെ മുന്നിലുണ്ട്.

ദളിത്-പിന്നോക്ക-മതന്യൂനപക്ഷങ്ങൾ ഒറ്റക്കെട്ടായി നില്ക്കണമെന്നും ശിവഗിരിമഠത്തിന്റെ മതേതരത്വത്തനിമ കാത്തുസൂക്ഷിക്കുവാൻ തയ്യാറാകണമെന്നും പി.ഡി.പി. കേന്ദ്ര സെക്രട്ടേറിയറ്റ് അഭ്യർത്ഥിച്ചു. സെക്രട്ടേറിയറ്റ് യോഗത്തിൽ ചെയർമാൻ അബ്ദുൽ നാസർ മദനി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എസ്. സുവർണ്ണകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. എം. വി. പ്രസാദ്, പി. എം. സെയ്തു, പി. പി. വിത്സൻ, പന്തളം നജീദ്, അഡ്വ. സി.വി. ആൻറണി, അഡ്വ. കെ.എ. ഹസ്സൻ, അഡ്വ സത്യദേവ്, അബ്ദുൽ അസ്സീസ്, റ്റി.എ. വേലായുധൻ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.

Ext. R 49 dt. 10-10-95

കേരളകൗമുദി 1995 ഒക്ടോബർ 10 ചൊവ്വ

ശിവഗിരിയിൽ പോയാൽ നടപടിയെടുക്കുമെന്ന ഗുരുനിന്ദയും പിൻവലിച്ചു

കോടതിവിധി നടപ്പാക്കണമെന്ന നിലപാടിൽ നിന്ന് യോഗവും പിന്മാറി

കൊല്ലം : കത്തിനിൽക്കുന്ന ശിവഗിരി പ്രശ്നത്തിൽ നിർണ്ണായകവും പ്രായോഗികവുമായ തീരുമാനങ്ങളൊന്നും ഇന്നലെ ചേർന്ന എസ്. എൻ.ഡി.പി. യോഗം കൗൺസിലിന് എടുക്കാനായില്ല.

കോടതിവിധി നടപ്പാക്കി ശിവഗിരി പ്രശ്നം പരിഹരിക്കണമെന്ന എസ്. എൻ.ഡി. പി. യോഗത്തിന്റെ മുൻനിലപാട് പ്രസിഡന്റും ഇന്നത്തെ സെക്രട്ടറിയും ഉൾപ്പെടെ ആരും ഈ യോഗത്തിൽ മുന്നോട്ടുവച്ചില്ല.

പ്രധാനമായും ശിവഗിരി പ്രശ്നം ചർച്ച ചെയ്യാൻ കൂടിയ കൗൺസിൽ യോഗത്തിൽ ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും അത് നടപ്പാക്കാനുള്ള സബ് കമ്മിറ്റി രൂപീകരിച്ച് പിരിയുകയുമാണുണ്ടായത്. നിർദ്ദേശത്തോട് കൗൺസിലർമാരുടെ വികാരപ്രകടനവും പ്രകടമായി.

ശിവഗിരി പ്രശ്നം സന്യാസിമാർ തമ്മിൽ രമ്യമായി പരിഹരിക്കുകയാണെങ്കിൽ, രണ്ടു വിഭാഗം സന്യാസിമാരും അധികാരത്തർക്കത്തിൽ നിന്ന് പിൻമാറുക. അല്ലെങ്കിൽ, ധർമ്മസംഘം ട്രസ്റ്റിലെ നിഷ്പക്ഷനായ ഒരാളിന്റെ മദ്ധ്യസ്ഥത്തിൽ സ്വതന്ത്രവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് നടത്തുക, ഇതിന് കേരള മുഖ്യമന്ത്രിയെക്കൊണ്ട് മുൻകൈയെടുപ്പിക്കുക എന്നീ നിർദ്ദേശങ്ങളാണ് കൗൺസിലിൽ ഉയർന്നത്. ഈ കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ യോഗം ജന. സെക്രട്ടറി ചെയർമാനായി 5 അംഗ സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

കൗൺസിലിന്റെ ഈ മദ്ധ്യസ്ഥശ്രമത്തോട് ചില കൗൺസിലർമാർ പ്രത്യക്ഷമായ എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി.

സവർണ്ണ സന്യാസിമാരെ ഒരു കാരണവശാലും ശിവഗിരിയുടെ അധികാരം പിടിച്ചെടുക്കാൻ എസ്.എൻ.ഡി.പി. യോഗം അനുവദിക്കരുതെന്ന കൗൺസിലർ കെ.എ. ബാഹുലേയൻ അഭിപ്രായപ്പെട്ടു. ശ്രീനാരായണ സന്ദേശത്തിനും മതസൗഹാർദ്ദത്തിനും വേണ്ടി നിലകൊള്ളുന്ന സ്വാമി ശാശ്വതികാനന്ദയെ വീണ്ടും മഠാധിപതിയായി അവരോധിക്കാനുള്ള നടപടിയാണ് യോഗം സ്വീകരിക്കേണ്ടത്. അനന്തരം സുരേഷ് പ്രമേയത്തിൽ മാറ്റം വരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടത് കൗൺസിലിൽ കൈപ്പാട് സൃഷ്ടിച്ചു.

"പൊലീസ് നടപടി ആസന്നമായിരിക്കേ നിർദ്ദേശങ്ങളും സബ് കമ്മിറ്റിയും കൊണ്ട് എന്തു പ്രയോജനം? ധീരവും പ്രായോഗികവുമായ നടപടിയാണ് എസ്. എൻ.ഡി.പി. യോഗം സ്വീകരിക്കേണ്ടതെന്ന്" മറു വിഭാഗം കൗൺസിലർമാർ ആവശ്യപ്പെട്ടു.

"എസ്.എൻ.ഡി.പി. യോഗം പ്രവർത്തകർക്ക് മുഴുവൻ ശിവഗിരി സംരക്ഷിക്കണമെന്ന വികാരമാണുള്ളത്. ആ മുദ്രാവാക്യമാണ് യോഗം ഏറ്റെടുക്കേണ്ട"തെന്ന് കൗൺസിലർ കെ.എൻ.ദിവാകരൻ അഭിപ്രായപ്പെട്ടു. മറ്റൊരു കൗൺസിലറായ അരയക്കണ്ടി സന്തോഷും ഈ അഭിപ്രായത്തോട് യോജിച്ചു.

എന്നാൽ രണ്ടു വിഭാഗം സന്യാസിമാരെയും ഒഴിവാക്കി പുതിയ സംവിധാനം കൊണ്ടുവരുകയാണ് വേണ്ടതെന്ന് കൗൺസിലർമാരിൽ അന്നം മറ്റൊരു വിഭാഗം വാദിച്ചു. പാല

(ശേഷം പേജ് 10 കോളം 3)

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി
1995 ഒക്ടോബർ 10 ചൊവ്വ

കോടതിവിധി നടപ്പാക്കണമെന്ന നിലപാടിൽനിന്ന്

(ഒന്നാംപേജിൽ നിന്നും തുടർച്ച)

ക്കാട് രാമകൃഷ്ണൻ, കണയന്നൂർ രാധാകൃഷ്ണൻ, റൈക്കം പൊന്നപ്പൻ തുടങ്ങിയവർ ഈ അഭിപ്രായത്തോട് യോജിച്ചു.

ശിവഗിരി പ്രശ്നം കോടതി നടപടി കളിലൂടെ പരിഹരിക്കണമെന്ന് ഒറ്റകൗൺസിലറും ഇന്നലത്തെ യോഗത്തിൽ അഭിപ്രായപ്പെട്ടില്ല.

"തെറ്റും ശരിയും പോസ്റ്റ്മോർട്ടം ചെയ്യാനുള്ള സമയമല്ലിത്. ശിവഗിരി പ്രശ്നം പുതുവർഷത്തിലെങ്കിലും തീർക്കണം" എന്നായിരുന്നു യോഗം ജനറൽ സെക്രട്ടറിയുടെ അഭ്യർത്ഥന.

സ്വാമി ശാശ്വതികാനന്ദ താൻ ഗുരുതുല്യം ബഹുമാനിക്കുന്ന ആൾ മിത്ര മനസ്സാണെന്നു പറഞ്ഞ എസ്. എൻ.ഡി.പി. യോഗം പ്രസിഡന്റ് കെ.കെ. നാരായണൻ പക്ഷേ, പ്രധാന ശത്രുവായി കണ്ടത് കേരളകൗമുദിയെ ആണ്. "ഈ പ്രശ്നങ്ങളെല്ലാം വളർത്തിയെടുക്കുന്നത് കേരളകൗമുദിയാണ്" എന്ന് അദ്ദേഹം ആരോപിച്ചു.

അധികാരത്തർക്കത്തിൽ നിന്ന് ഇരു സന്യാസിമാരും പിന്മാറണമെന്ന നിർദ്ദേശമടങ്ങിയ പ്രമേയം പാസ്സാക്കുന്നതിനിടെ അതു നടപ്പാക്കുന്നതിനു വേണ്ടി രൂപീകരിക്കുന്ന സബ് കമ്മിറ്റിയുടെ ചെയർമാനായി യോഗം പ്രസിഡന്റിന്റെ പേര് നിർദ്ദേശിച്ചതും ചെറുപ്രകടനങ്ങൾക്കിടയാക്കി.

എതിർവിഭാഗത്തിലെ സ്വാമി സച്ചിദാനന്ദയുമായി യോഗം പ്രസിഡന്റിന് ബന്ധമുള്ളതുകൊണ്ട് ഒത്തുതീർപ്പ് കമ്മിറ്റിയിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കണമെന്നായിരുന്നു കൗൺസിലർമാരുടെ ആവശ്യം. ഈ അഭിപ്രായം യോഗം വൈസ് പ്രസിഡന്റ് ജി. പ്രിയദർശനൻ രൂക്ഷമായി വിമർശിച്ചു.

"യോഗം പ്രസിഡന്റിനെ കൗൺസിലർമാർ അംഗീകരിക്കാതിരിക്കുന്നത് 'പൊക്രിത്താ'ത്താണെന്ന് നിയന്ത്രണം വിട്ട വിധത്തിൽ അദ്ദേഹം പൊട്ടിത്തെറിച്ചു. സത്യമല്ലാത്ത പദപ്രയോഗം പിൻവലിക്കണമെന്ന് അദ്ദേഹത്തോട് യോഗനേതൃത്വത്തിൽനിന്നുള്ളവർ ആവശ്യപ്പെടുന്നുണ്ടായിരുന്നു.

ശിവഗിരിയിൽ മേധയാൽ നടപടിയെടുക്കുമെന്ന ഗുരുനിന്ദയും ഒടുവിൽ പിൻവലിച്ചു. ജനറൽ സെക്രട്ടറി ചെയർമാനായി സബ് കമ്മിറ്റി രൂപീകരിക്കുകയും ശിവഗിരി പ്രശ്നത്തെപ്പറ്റി ചർച്ച അവസാനിപ്പിക്കുകയും ചെയ്തു.

കൗൺസിലർമാരായ കെ.പി. ബാഹുലേയൻ, കെ.എസ് ദിവാകരൻ, മുറാട്ടു പുഴ സത്യൻ, മാവേലിക്കര മുരളി, അരയക്കണ്ടി സന്തോഷ്, പാലക്കാട് രാമകൃഷ്ണൻ എന്നിവർ രാവിലെ ശിവഗിരിയിലെത്തി അവിടുത്തെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കിയശേഷമാണ് യോഗം കൗൺസിലിൽ പങ്കെടുക്കാനെത്തിയത്. ആയിരക്കണക്കിന് ഗുരുഭക്തർ തടിച്ചുകൂടിയ സംഘർഷഭരിതമായ അന്തരീക്ഷം അവർ കൗൺസിലിനെ അറിയിക്കുകയും ചെയ്തു. യോഗം പ്രവർത്തകരാരും ശിവഗിരിയിലില്ലെന്നു യോഗം വൈസ് പ്രസിഡന്റ് ഇതിനിടെ അറിയപ്പെട്ടപ്പോൾ വൈസ് പ്രസിഡന്റിന്റെ സ്വന്തം യൂണിയനിലെ സെക്രട്ടറി വരെ ശിവഗിരിയിലുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു.

ശിവഗിരി പ്രശ്നത്തിൽ എസ്. എൻ.ഡി.പി. യോഗം പാസ്സാക്കിയ പ്രമേയത്തിന്റെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിലെ സന്യാസിമാർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ധർമ്മ സംഘം ട്രസ്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും ഉത്തമതാല്പര്യങ്ങൾക്കും ഹാനികരമായ ഒരു പതനത്തിൽ എത്തി നിൽക്കുകയാണ്. ഇത് ശ്രീനാരായണീയ സമൂഹത്തിന് മൊത്തത്തിൽ ദുഃഖകരമാണ്.

സന്യാസി സംഘത്തിലെ അഭിപ്രായവ്യത്യാസങ്ങൾ അനുരഞ്ജനത്തിലൂടെ പരിഹരിക്കപ്പെടണമെന്ന ഖണ്ഡിതമായ അഭിപ്രായമാണ് എന്നും യോഗത്തിനുള്ളത്. എന്നാൽ ബന്ധപ്പെട്ടവരെല്ലാവരും അവസരത്തിനൊത്ത് ഉയരാനും യോഗവുമായി സഹകരിക്കാനും തയ്യാറാകാതെ വന്നതിനാൽ പ്രശ്നപരിഹാരത്തിനായി യോഗം നടത്തിയ നീക്കങ്ങൾ വിഫലമായിച്ചില്ല. എന്നിരുന്നാലും യോഗത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതല തുടർന്നും നടത്തി പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കണമെന്നാണ് കൗൺസിലിന്റെ ആഗ്രഹം. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കക്ഷികളുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ഈ കൗൺസിൽ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി

1995 ഒക്ടോബർ 10 ചൊവ്വ

കോടതിവിധി നടപ്പാക്കണമെന്ന നിലപാടിൽനിന്ന്

(ഒന്നാംപേജിൽ നിന്നും തുടർച്ച)

നിർദ്ദേശങ്ങൾ

ശിവഗിരിപ്രശ്നം സന്ന്യാസിമാർ തമ്മിൽ രമ്യമായി പരിഹരിക്കണം, അല്ലെങ്കിൽ രണ്ട് വിഭാഗം സന്ന്യാസിമാരും അധികാരതർക്കത്തിൽനിന്നും പിൻമാറണം, അല്ലെങ്കിൽ സ്വതന്ത്രവും നീതിപൂർവ്വവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിൽ നിഷ്പക്ഷമതിയായ ഒരാളുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള സാഹചര്യം ഇരുവിഭാഗം സന്ന്യാസിമാരും ഉണ്ടാക്കിക്കൊടുക്കണം. അതിന് കേരള ഗവൺമെന്റ്, വിശിഷ്യ കേരളമുഖ്യമന്ത്രി എ.കെ. ആന്റണിയെക്കൊണ്ട് മുൻകൈയെടുപ്പിക്കണം. ഗവൺമെന്റിനെക്കൊണ്ട് ഈ കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രഹണ ചെലുത്തുവാൻ യോഗം കൗൺസിലിൽനിന്നും താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തണം.

സബ് കമ്മിറ്റി അംഗങ്ങൾ

അഡ്വ. കെ. ഗോപിനാഥൻ-കൺവീനർ, അഡ്വ. കെ.ബി. ശ്രീനിവാസപ്പണിക്കർ, കെ.എൻ. ദിവാകരൻ, എം.കെ. രാധാകൃഷ്ണൻ, എസ്. രാമകൃഷ്ണൻ.

പിന്നോക്കക്കാർക്കുള്ള സംവരണത്തിൽ ക്രീമിലേയർ തത്വം അംഗീകരിക്കണമെന്ന് ചില അംഗങ്ങൾ ആവശ്യപ്പെട്ടു. മറ്റ് ചിലർ അതിനെ ശക്തിയായി എതിർത്തു. സംവരണം സ്വകാര്യമേഖലയിലേക്ക് വ്യാപിപ്പിക്കണമെന്നായിരുന്നു ചില പ്രതിനിധികൾ ഉന്നയിച്ച ആവശ്യം. പിന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവരുടെ കാര്യം ഉയർത്തിപ്പിടിക്കണമെന്നും എല്ലാവരും വാദിച്ചു.

കുറുമാറ്റനിരോധനം വ്യത്യസ്ത സംസ്ഥാനങ്ങളിൽ വ്യത്യസ്ത രീതികളിൽ വ്യാഖ്യാനിക്കപ്പെടുന്നതിനാൽ സമഗ്രമായ പുതിയൊരു നിയമം ആവശ്യമാണെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു.

കോൺഗ്രസിനും ബി.ജെ.പിക്കും എതിരായി ഒരു മൂന്നാം ശക്തി ആവശ്യമായിത്തീർന്നിരിക്കുകയാണെന്നും ദേശീയ രാഷ്ട്രീയത്തിൽ ഇടതുമുന്നണി കൂടുതൽ പ്രാമുഖ്യം കൈവരിക്കണമെന്നും പ്രതിനിധികൾ ആവശ്യപ്പെട്ടു.

സംഘടനാ റിപ്പോർട്ടിന്റെ കരട് രൂപം അവതരിപ്പിച്ച എൻ. ശിവപ്രസാദ് പാർട്ടി രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി ഉറച്ച നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും എടുത്തുപറഞ്ഞു.

വിദേശനിക്ഷേപത്തിന്

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ട് വിശദീകരിച്ച പാർട്ടി വക്താക്കളായ ഷമീം സെയ്ഫിയും പോളിറ്റ് പാറയ്ക്കലും പാർട്ടി വിദേശനിക്ഷേപത്തിന് എതിരല്ലെന്ന് വ്യക്തമാക്കി. മഹാരാഷ്ട്ര ഗവൺമെന്റ് എൺറോൺ കരാർ റദ്ദാക്കിയത് സാധൂകരിക്കുന്നു എന്നാൽ വൈദ്യുതി മേഖലയിൽ വിദേശ നിക്ഷേപം ഉണ്ടാകുന്നതിന് പാർട്ടി എതിരല്ല- അവർ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

Ext. R 49 dt. 10-10-95

കേരളകൗമുദി 1995 ഒക്ടോബർ 10 ചൊവ്വ

മോഹൻശങ്കറിന്റെ നിരാഹാരം 4-ാം ദിവസത്തിലേക്ക്

ഭൂരിപക്ഷം യോഗം കൗൺസിലർമാരും ശിവഗിരിപക്ഷത്ത്

വർക്കല: എസ്.എൻ.ഡി.പി. യോഗത്തിന്റെ ആറു കൗൺസിലർമാർ ഇന്നലെ ശിവഗിരിയിൽ എത്തി മൂന്നുദിവസത്തെ നിരാഹാരത്തെ തുടർന്ന് അവശനായ മോഹൻ ശങ്കറിന് അഭിവാദ്യം അർപ്പിക്കുകയും ഗാശ്വതികാനന്ദ സ്വാമികൾക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

രാവിലെ തന്നെ ആറ്റിങ്ങൽ സബ് കോടതി ശിവഗിരിഭരണം കൈമാറുന്നതു സംബന്ധിച്ച ഹൈക്കോടതിയുടെ 'കാലഹരണപ്പെട്ട' ഇടക്കാല വിധി നടപ്പാക്കാൻ ആമീന് നിർദ്ദേശം നൽകി. എന്നാൽ രാത്രി 9 മണിവരെയും ആമീനും സംഘവും ശിവഗിരിയിൽ എത്തിയില്ല. ഏതു നിമിഷവും പൊലീസ് സംരക്ഷണത്തോടെ ശിവഗിരിയിൽ എത്തുമെന്നറിയുന്നു.

അവശതമൂലം ആശുപത്രിയിലേക്ക് മാറ്റണമെന്ന വൈദ്യോപദേശം ഉണ്ടായിട്ടും മോഹൻ ശങ്കറിന്റെ അനിശ്ചിതകാല നിരാഹാര സത്യഗ്രഹം നാലാം ദിവസത്തേക്കു പ്രവേശിക്കുകയാണ്. വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന സംഘം അദ്ദേഹത്തിന്റെ ആരോഗ്യനില നിരീക്ഷിച്ചുകൊണ്ട് ശിവഗിരിയിൽ ക്യാമ്പു ചെയ്യുന്നുണ്ട്.

ഇതിനിടെ, ഭക്തജനങ്ങളുടെ ശക്തമായ പ്രതിരോധനിര തകർത്ത് ശിവഗിരിയിൽ കാലുകുത്താൻ പൊലീസ് നിക്കം തുടങ്ങിയതിന്റെ സൂചനകൾ ലഭിച്ചത് രാത്രിയോടെ അവിടമാകെ സംഘർഷഭരിതമാക്കിയിരിക്കുകയാണ്. എന്തു വിലകൊടുത്തും കോടതിവിധി ശിവഗിരിയിൽ നടപ്പാക്കണമെന്ന കർശനമായ നിർദ്ദേശം വൈകുന്നേരത്തോടെ പൊലീസിന് ലഭിച്ചിട്ടുണ്ടെന്നാണ് സ്ഥിരീകരിക്കാത്ത റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ പൊലീസ് ബലിച്ചു തുടങ്ങിയതിന്റെ സൂചനകളും ശിവഗിരിയിൽ ലഭിച്ചുതുടങ്ങി. കൊല്ലം കേന്ദ്രമാക്കി 'ശിവഗിരി ഓപ്പറേഷൻ' നടത്താനാണ് നിക്കമെന്ന് അറിയുന്നു.

ശിവഗിരിയിൽ സ്ഥിതി, സംഘർഷ പൂർണ്ണമാണെന്ന ആവർത്തിച്ചുള്ള റിപ്പോർട്ടുകൾ അവഗണിച്ചുകൊണ്ട് വിധി നടപ്പാക്കാനുള്ള കടുംപിടുത്തം സംസ്ഥാന വ്യാപകമായി വിവിധ കേന്ദ്രങ്ങളെ ഉൽക്കണ്ഠാകുലമാക്കിയിട്ടുണ്ട്.

എസ്.എൻ.ഡി.പി. യോഗത്തിന്റെ ശിവഗിരിയോടുള്ള നിഷേധാത്മക, നിലപാടു തിരുത്തിക്കുറിക്കാൻ ആറു യോഗം കൗൺസിലർമാർ ഇന്നലെ ഇവിടെ നേരിട്ട് ഹാജരായത് ആവേശകരമായ അനുഭവമായി. കെ.എ. ബാഹുലേയൻ, കെ.എൻ. ദിവാകരൻ, മാവേലിക്കര മുരളി, അയരിക്കണ്ടി സന്തോഷ്, പാലക്കാട് രാമകൃഷ്ണൻ, മുവാറ്റുപുഴ സത്യൻ എന്നിവരാണ് ഇന്നലെ രാവിലെ ശിവഗിരിയിൽ എത്തി ഗാശ്വതികാനന്ദ സ്വാമികളേയും മോഹൻ ശങ്കറിനേയും സന്ദർശിച്ച യോഗം കൗൺസിലർമാർ. അവർ മോഹൻ ശങ്കറിന് അഭിവാദ്യം അർപ്പിച്ചു. സത്യഗ്രഹത്തിന് പിന്തുണയായി തങ്ങൾ കൗൺസിൽ യോഗത്തിൽ ഉപവസിച്ചുകൊണ്ട് പങ്കെടുക്കുമെന്ന് കെ.എ. ബാഹുലേയൻ അറിയിച്ചു.

തിരഞ്ഞെടുക്കപ്പെട്ട പതിനൊന്നംഗ കൗൺസിലും ഭാരവാഹികളും അടങ്ങുന്നതാണ് എസ്.എൻ.ഡി.പി. യോഗത്തിന്റെ ഔദ്യോഗിക നേതൃത്വം. ഇവരിൽ ആറു കൗൺസിലർമാർ നേരിട്ട് ഹാജരാവുകയും മറ്റൊരാളായ കെ.പി. രത്നാകരൻ നേരത്തെ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തതോടെ യോഗം ഇന്നലെ സെക്രട്ടറി അഡ്വ. കെ. ഗോപിനാഥന്റെ നിഷേധാത്മക നിലപാടിന് കൗൺസിലിൽ പിന്തുണ നഷ്ടമായിരിക്കുകയാണ്. മാത്രമല്ല, ശിവഗിരിയിൽ കോടതി വിധിക്കെതിരേ നിലപാട് എടുക്കുന്ന ശാഖാ തലംവ

(ശേഷം പേജ് 10 കോളം 1)

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷം കൗൺസിലർമാർ ശിവഗിരിപക്ഷത്തേക്ക്

(ഒന്നാംപേജിൽ നിന്നും തുടർച്ച)

രെയുള്ള ഭാരവാഹികൾക്കെതിരെ. യോഗം കൗൺസിൽ ശിക്ഷണ നടപടി സ്വീകരിക്കുമെന്ന ജനറൽ സെക്രട്ടറിയുടെ വിമ്പിളക്കലിന് കനത്ത തിരിച്ചടി കൂടിയായി ഈ സംഭവം. നടപടി സ്വീകരിക്കാൻ മൂന്നുതലങ്ങളിലുള്ള സമിതിയിലെ ആറു അംഗങ്ങൾ തന്നെ ശിവഗിരിയിൽ എത്തി പരസ്യപിന്തുണ പ്രഖ്യാപിച്ചുഗോഷ്ഠമാണ് വിവാദമായ കൗൺസിൽ യോഗത്തിൽ പങ്കെടുക്കാൻ കൊല്ലത്തേക്കു തിരിച്ചത്. ഇന്നും നിരവധി യൂണിയൻ ശാഖാ ഭാരവാഹികൾ ശിവഗിരിയിൽ എത്തി മോഹൻ ശങ്കറിന് അഭിവാദ്യം അർപ്പിച്ചു. സെക്രട്ടറിൻ കേരള യൂണിയൻ പ്രസിഡന്റ് കോവളം നാഗപ്പൻ, യോഗം ഡയറക്ടർ മണ്ണന്തല രാമചന്ദ്രൻ തുടങ്ങിവർ ഇക്കൂട്ടത്തിൽ പെടും. ഇരുപത്തഞ്ചോളം യോഗം ഡയറക്ടർമാർ ശിവഗിരിയിൽ ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ നിയന്ത്രിക്കുന്നവരെ സഹായിക്കുന്നുണ്ട്. ശാഖാഭാരവാഹികളും ഒട്ടധികമുണ്ട്.

പി.ഡി.പി. ചെയർമാൻ അബ്ദുൽ നാസർ മദനി ഇന്നലെ ശിവഗിരിയിൽ എത്തിയത് ആവേശകരമായ അനുഭവമായി. രാവിലെ മുതൽ പി.ഡി.പി. ബാഡ്ജ് ധരിച്ച ആയിരക്കണക്കിന് വോളണ്ടിയർമാർ അവിടെ കർമ്മനിരതരായിരുന്നു. ഉച്ചയ്ക്ക് മദനി എത്തിച്ചേരുന്നതിന് മുൻപ് അവർ ശിവഗിരി സംരക്ഷണ സേനയ്ക്കൊപ്പം വിവിധ കേന്ദ്രങ്ങളിൽ നിലയുറപ്പിച്ചു. ഉച്ചയ്ക്ക് ഒരുമണിയോടെ പതിവ് സന്നാഹങ്ങളൊന്നും ഇല്ലാതെ ഒരു അംബാസിഡർ കാറിൽ മദനി ശിവഗിരിയിൽ എത്തി. ഗസ്റ്റ് ഹൗസിൽ ക്യാമ്പ് ചെയ്ത മദനി ശാശ്വതികാനന്ദയെ കണ്ടു. ഉച്ചഭക്ഷണവും മദനി ശിവഗിരിയിൽ നിന്നു കഴിച്ചു.

ഭക്ഷണത്തിനുശേഷം സ്വാമി ശാശ്വതികാനന്ദയുമായി മദനി ദീർഘനേരം പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇരുവരും മാത്രമെ ഈ ചർച്ചയിൽ പങ്കെടുത്തുള്ളൂ. സ്ഥിതിഗതികൾ ഏതുനിമിഷത്തിലും അടിയന്തര ഘട്ടത്തിലേക്ക് കടക്കാനിടയുണ്ടെന്ന് അവർ വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ മദനി വർക്കലയിൽ അന്ന തങ്ങുകയാണ്. ഏത് അടിയന്തര ഘട്ടത്തിലും ശിവഗിരിയിൽ എത്തിച്ചേരാൻ കഴിയുന്ന അകലത്തിലുള്ളതാണ് മദനിയുടെ ക്യാമ്പ്.

നിരാഹാരമനുഷ്ഠിച്ച് അവശനായ മോഹൻ ശങ്കറിനെ ഇന്നലെ രാവിലെ പരിശോധിച്ച ഡോക്ടർ അടിയന്തരമായി ആശുപത്രിയിലേക്ക് നീക്കണമെന്നാണ് അഭിപ്രായപ്പെട്ടത്. എന്നാൽ മോഹൻ ശങ്കർ ഈ ഉപദേശത്തിന് വഴങ്ങാൻ കൂട്ടാക്കിയില്ല. ഉച്ചകഴിഞ്ഞപ്പോൾ അദ്ദേഹത്തെ പരിശോധിക്കുന്ന കാർഡിയോളജിസ്റ്റ് ഡോ. കണ്ണൻ കൊല്ലത്ത് നിന്ന് എത്തി. അവശതയുണ്ടെന്ന് അദ്ദേഹവും സൂചന നൽകി. എന്നാൽ മോഹൻ ശങ്കറിന്റെ നിർബന്ധപൂർവ്വമായ നിലപാടുകാരണം നിരാഹാരം തുടരുകയാണ്. മുപ്പതോളം വനിതകൾ അടക്കം നിരവധി ഭക്തജനങ്ങൾ ഇന്നലെ ഇവിടെ അനുഭാവ ഉപവാസം നടത്തി.

മോഹൻശങ്കറിന്റെ അവശതയിൽ ഉൽക്കണ്ഠയും പൊലീസ് നടപടിയിൽ ആശങ്കയും സംഘർഷത്തിന്റെ പരിമുറുക്കവും ചേർന്ന് ശിവഗിരിയുടെ ശാന്തതയ്ക്ക് മേൽ കരിനിഴൽ പരത്തുകയാണ്. ഇതിന് കലമ്പം സൃഷ്ടിക്കാനെന്നവണ്ണം ഉച്ചഭാഷി

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷം കൗൺസിലർമാർ ശിവഗിരിപക്ഷത്തേക്ക്

(ഒന്നാംപേജിൽ നിന്നും തുടർച്ച)

ണി ഘടിപ്പിച്ച പൊലീസ് വാഹനങ്ങൾ ഇടയ്ക്കിടെ ശിവഗിരിയെ ചുറ്റുന്നു. വാഹനത്തിന്റെ വരവ് കാണുമ്പോൾ തന്നെ ഓടിക്കൂടുന്ന ജനങ്ങൾ പൊലീസ് അകന്നു പോകുമ്പോൾ പിന്തിരിയും. സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻമാരുടെ നിരന്തര നിരീക്ഷണത്തിലാണ് ഇപ്പോൾ ശിവഗിരി. കോടതിയിൽ നിന്ന് നിർദ്ദേശം ലഭിച്ചാലുടൻ ശിവഗിരിയിൽ കടന്നുകയറാൻ തങ്ങൾ സുസജ്ജരാണെന്ന് പൊലീസ് കേന്ദ്രങ്ങൾ അറിയിച്ചു. എന്നാൽ അതിനുള്ള നിർദ്ദേശം യഥാവിധി ലഭിക്കണമെന്ന് മാത്രം.

അതേസമയം, അധികൃത നീക്കങ്ങളിലെ അപകടം മണത്തറിഞ്ഞ് അടിയന്തരമായി സമ്മേളിക്കാൻ ഗുരുസംരക്ഷണ സേനയും ഗുരുധർമ്മ പ്രചാരണസഭയും ആഹ്വാനം നൽകിയിട്ടുണ്ട്. ഗുരുധർമ്മ പ്രചരണാർത്ഥം ഒക്ടോ: 8 മുതൽ ആരംഭിച്ച സെമിനാറിന്റെ സമാപനമാണ് ഇന്ന്. അതിന്റെ വിപുലമായ പരിപാടികൾ രാവിലെ മുതൽ ശിവഗിരിയിൽ നടക്കും. സമാപന ചടങ്ങിൽ പങ്കെടുക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഭക്തജനങ്ങൾ പുറപ്പെട്ടതായി ഇവിടെ മഠത്തിൽ വിവരം ലഭിച്ചിട്ടുണ്ട്. അതിന് പുറമെ സന്നദ്ധ സേവകരുടെ സംഘങ്ങളും ഇന്ന് രാവിലെ ശിവഗിരിയിൽ എത്തിച്ചേരും. ഇവർക്ക് പുറമെയാണ് ശിവഗിരി സംരക്ഷണത്തിന് വേണ്ടി രൂപീകരിക്കപ്പെട്ട പി.ഡി.പി.യുടെ വാളണ്ടിയർ വിഭാഗവും രംഗത്തുള്ളത്.

പൊലീസ് അതിക്രമത്തിന് മുതിരരുത്

കോട്ടയം : ശ്രീനാരായണ ധർമ്മം പുലർത്തുകാണാൻ ആഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളുടെയും വികാരം മാനിക്കാതെ ശിവഗിരിയിൽ പൊലീസ് അതിക്രമങ്ങൾക്ക് മുതിർന്നാൽ മറ്റൊരു വിമോചന സമരത്തിന് കേരളം സാക്ഷ്യംവഹിക്കേണ്ടിവരുമെന്ന് എസ്.എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറി എ.കെ.സോമൻ ഒരു പ്രസ്താവനയിൽ മുന്നറിയിപ്പ് നൽകി.

ശിവഗിരി പ്രശ്നം പരിഹരിക്കാൻ മുൻകൈയെടുത്ത മുഖ്യമന്ത്രി ഇപ്പോൾ ഒളിച്ചോടുന്നത് പ്രശ്നം സങ്കീർണ്ണമാക്കാനെ സഹായിക്കൂ. എന്ത് ശ്രമം നടത്തി, ആരുടെ ഭാഗത്ത് അനീതി എന്നെങ്കിലും വെളിപ്പെടുത്താൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും ബോർഡ് മെമ്പർ ആവശ്യപ്പെട്ടു.

ശിവഗിരി ഭരണം സർക്കാർ ഏറ്റെടുക്കണം

കോട്ടയം : ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ഭരണച്ചുമതല പ്രത്യേക ഓർഡിനൻസ് മുഖേന ഏറ്റെടുക്കണമെന്ന് ശ്രീനാരായണ സാംസ്കാരിക സമിതി കോട്ടയം ജില്ലാ കമ്മിറ്റിയുടെ അടിയന്തര യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

ശിവഗിരി മഠത്തിന്റെ ആന്തരീക്ഷീയ പ്രശ്നത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് ലക്ഷോപലക്ഷം ശ്രീനാരായണ ഭക്തരുടെ ഉത്കണ്ഠാപൂർവ്വം പരിഗണിച്ചും പൊലീസ് നടപടിക്ക് ഇടംകൊടുത്ത് സംഘർഷം സൃഷ്ടിക്കരുതെന്ന് യോഗം ബന്ധപ്പെട്ട എല്ലാവരോടും അഭ്യർത്ഥിച്ചു.

ഓർഡിനൻസ് വഴി ഭരണച്ചുമതല സർക്കാർ ഏറ്റെടുത്ത് ഇരുവിഭാഗം സന്യാസിമാർക്കും സ്വീകാര്യമായ രീതിയിൽ വർക്കല നിയമിക്കുകയും എന്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷം കൗൺസിലർമാർ ശിവഗിരിപക്ഷത്തേക്ക്

(ഒന്നാംപേജിൽ നിന്നും തുടർച്ച)

വേഗം ട്രസ്റ്റ് ഇലക്ഷൻ നടത്തുകയും ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു. വി.എൻ.നെഹ്റു അദ്ധ്യക്ഷത വഹിച്ചു. ഡോ.പി.ചന്ദ്രമോഹൻ, കെ.എസ്.മണി, കുറിച്ചി സദൻ, വി.പി.ഇന്നാർദ്ദനൻ, വി. ആർ.ഭാസ്കരി, പി.എൻ.പീതാംബരൻ, പി.എസ്.വിജയൻ എന്നിവർ പ്രസംഗിച്ചു.

ശാശ്വതികാനന്ദക്ക് പിന്തുണ

കോട്ടയം : ശിവഗിരിയിൽ നിലനിലുണ്ടായിരിക്കുന്ന പ്രശ്നങ്ങളിൽ സ്വാമി ശാശ്വതികാനന്ദയ്ക്ക് പൂർണ്ണ പിന്തുണ നൽകാൻ കോട്ടയത്ത് ചേർന്ന ശ്രീനാരായണീയരുടെ യോഗം തീരുമാനിച്ചു.

കോട്ടയം എസ്.എൻ.ഡി.പി.യൂണിയൻ മുൻ പ്രസിഡന്റ് കൂടിയായ അഡ്വ.വി.വി. പ്രഭയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ശിവഗിരിയുടെ പവിത്രത നശിപ്പിക്കുന്നതിന് ചില സന്യാസിമാരുടെ നേതൃത്വത്തിൽ നടക്കുന്ന ഗൂഢശ്രമങ്ങളെ അപലപിച്ചു. ശിവഗിരിയുടെ പരിപാവനതാം നിലനിർത്തുന്നതിന് ശ്രീനാരായണ ധർമ്മ സംഘം പ്രസിഡന്റായിരുന്ന ശാശ്വതികാനന്ദ കൈക്കൊണ്ട ത്യാഗപൂർണ്ണമായ നടപടിയിൽ അദ്ദേഹത്തെ യോഗം അഭിനന്ദിച്ചു.

ശിവഗിരി പ്രശ്നത്തിന്റെ യഥാർത്ഥ വസ്തുത പൊതുജനങ്ങളെ അറിയിക്കുന്നതിനായി ശ്രീനാരായണ പ്രസ്ഥാനങ്ങളുടെയും ശ്രീനാരായണീയരുടെയും വിപുലമായ യോഗം കോട്ടയത്ത് വിളിച്ചുകൂട്ടുന്നതിന് അഡ്വ.വി.വി.പ്രഭ, സദാനന്ദൻ വിരിപ്പുകാല, വി.കെ. നാണപ്പൻ, എം.എസ്.സാബു, എ.എസ് സുകുമാരൻ, എസ് എൻ.ഡി.പി. ശാഖായോഗം പ്രസിഡന്റുമാരായ ഇ.എം.സോമനാഥൻ, എം.കെ.പൊന്നപ്പൻ എന്നിവരെ യോഗം ചുമതലപ്പെടുത്തി

ഗുരുധർമ്മപ്രചരണസഭ

പത്തനംതിട്ട : അധികാരമോഹികളായ അഡ്വസൻ കാവിധാരികളിൽ കൂടി ശിവഗിരിയുടെ ആദ്ധ്യാത്മിക നേതൃത്തത്തെയും പരിപാവനതയെയും ദർശനത്തെയും കളങ്കപ്പെടുത്താൻ കുത്സിത ശ്രമം നടത്തുന്ന ബാഹ്യശക്തികളുടെ കുത്സിതങ്ങളെ തകർക്കാൻ ഒറ്റക്കെട്ടായി അണിനിരക്കണമെന്ന് ഗുരുധർമ്മ പ്രചരണസഭ പത്തനംതിട്ട ജില്ലാ കമ്മിറ്റി സഭാ പ്രവർത്തകരെയും ഗുരുദേവഭക്തരെയും ആഹ്വാനം ചെയ്തു.

ലോകത്തിന്റെ രക്ഷാമാർഗ്ഗമായ ജാതിഭേദവും മതദ്വേഷവും ഇല്ലാത്ത ഗുരുദേവ ദർശനം കാറ്റിൽ സുഗന്ധം പോലെ ശ്രീനാരായണീയരുടെ മാത്രമല്ല മതമാലിക വാദികളുൾപ്പടെ എല്ലാ നല്ല മനുഷ്യരുടെയും ആവശ്യമാണെന്ന് യോഗം വിലയിരുത്തി. യോഗത്തിൽ സഭയുടെ ജില്ലാ പ്രസിഡന്റ് എ.എൻ. പവിത്രൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എ.ആർ. മോഹനൻ, വൈസ്പ്രസിഡന്റ് പി. നാരായണൻ, ജില്ലാ ജോ.സെക്രട്ടറി പി.കെ. കരുണാകരൻ എന്നിവർ സംസാരിച്ചു.

ശിവഗിരിയിലേക്ക് ദളിതരുടെ മാർച്ച്

കൊട്ടാരക്കര: ശിവഗിരിയിലേക്ക് ഗുരുദേവ ഭക്തരായ പട്ടികവിഭാഗക്കാരുടെ മാർച്ച് നടത്തുവാൻ പിന്നോക്കസമുദായ പട്ടികജാതി-പട്ടികവർഗ്ഗ മഹാസഭയുടെ സംസ്ഥാന നേതൃയോഗം തീരുമാനിച്ചു. നെടുവത്തൂർ ഗുരുദേവ ഹാളിൽ നടന്ന സംസ്ഥാനത്തിൽ സഭ കാനാട് അദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷം കൗൺസിലർമാർ ശിവഗിരിപക്ഷത്തേക്ക്

(ഒന്നാംപേജിൽ നിന്നും തുടർച്ച)

ക്ഷത വഹിച്ചു.

ഫാർച്ചിനെക്കുറിച്ച് ഒക്ടോബർ 19 നു വൈകിട്ട് 5 മണിക്ക് വൈസോർ പുത്തൻപുര ഗ്രൗണ്ടിൽ നടക്കുന്ന ശ്രീനാരായണ വിശ്വദർശന സമ്മേളനത്തിൽ സമാധി ശാശ്വതീകാനന്ദ വിശദീകരിക്കും. മാർച്ച് നടത്തുവാൻ മധുമാനാട് (ചെയർമാൻ), ബി. സ്വാമിനാഥൻ (വൈസ് ചെയർമാൻ), ബി. രവീന്ദ്രൻ (ജനറൽ കൺവീനർ) എം.ആർ. ഗോവിന്ദൻകുട്ടി (വൈസ് കൺവീനർ എന്നിവർ ഭാരവാഹികളായി സ്വാഗതസംഘം രൂപീകരിച്ചു.

കുന്നത്തൂർ യൂണിയന്റെ പ്രതിഷേധം

കൊല്ലം : പൊലീസ് നടപടികളിലൂടെ ശിവഗിരിയുടെ പവിത്രത നശിപ്പിക്കാനുള്ള നിഷ്കർത്തിൽ കുന്നത്തൂർ എസ്.എൻ.ഡി.പി. യൂണിയൻ ശക്തമായി പ്രതിഷേധിച്ചു.

ഗുരുദേവനോടും ഗുരുദേവദർശനങ്ങളോടും കാട്ടുന്ന അനാദരവായി യൂണിയൻ പാസാക്കിയ പ്രമേയത്തിൽ ഈ നടപടികളെ വിലയിരുത്തി. ഗുരുദേവദർശനങ്ങളോട് പ്രതിബദ്ധതയില്ലാത്ത സന്യാസിശ്രേഷ്ഠരെ കോടതിവഴിയുടെ ശരവിൽ ശിവഗിരി മഠത്തിൽ അവരോധിക്കാൻ അനുവദിക്കുകയില്ലെന്ന് യോഗം പ്രസ്താവിച്ചു.

യൂണിയൻ പ്രസിഡന്റ് പി. സുകുമാരൻ വൈദ്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വൈസ്പ്രസിഡന്റ് അഡ്വ. ആർ. ശർമ്മ, സെക്രട്ടറി അഡ്വ. കെ.വി. സണ്ണി, ബോർഡ് മെമ്പർ കെ.ജി. ഭാസ്കരൻ, യൂത്ത്മൂവ്മെന്റ് കൺവീനർ അഡ്വ. വി. പ്രസാദ്, കൗൺസിലർമാരായ കെ. സുന്ദരേശൻ, കെ. നാരായണൻ, പി.കെ. വിശ്വംഭരൻ, നന്ദിനി സംഘമിത്ര, വിനോദ് ആനന്ദവല്ലി, ശാഖാ പ്രസിഡന്റുമാരായ പി. ഗോപിനാഥൻ, സി. പുഷ്പവിദ്യാധരൻ, കെ. അപ്പു തുടങ്ങിയവർ സംസാരിച്ചു.

ശിവഗിരി മഠം സംരക്ഷിക്കണം

കൊട്ടാരക്കര: ശിവഗിരിയുടെ പവിത്രതയും ശാന്തതയും തകർക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് മഹാത്മജി സ്മാരക സാംസ്കാരിക സമിതിയോഗം ആവശ്യപ്പെട്ടു. സമാധി ശാശ്വതീകാനന്ദയ്ക്ക് സർവ്വമതാധിപനുണ്ടായിരുന്നു നൽകുവാൻ യോഗം തീരുമാനിച്ചു. ആനക്കോട്ടൂർ ബി. സദാശിവൻ അദ്ധ്യക്ഷത വഹിച്ചു. ജി. ശ്രീകുമാർ, സുനിൽദത്ത് പാൽ, എ. സുരേഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

Ext. R 50 dt. 10-10-95

കേരളകൗമുദി

1995 ഒക്ടോബർ 10 ചൊവ്വ

മതേതരമന്ത്രം മുഴങ്ങുന്ന ഏക ആശ്രമം ശിവഗിരി -മദനി

വർക്കല : ശിവഗിരിയെ മറ്റൊരു അയോദ്ധ്യയാക്കാനുള്ള നിക്ഷിപ്ത താല്പര്യക്കാരുടെ ഗൂഢശ്രമങ്ങളെ ചിരന്തനമായ ചെറുത്തു തോല്പിക്കുമെന്ന് പി.ഡി.പി. ചെയർമാൻ അബ്ദുൾ നാസർ മദനി പ്രസ്താവിച്ചു.

ശിവഗിരിയിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്ന മോഹൻശങ്കറെ സന്ദർശിച്ച് അഭിവാദ്യം അർപ്പിച്ച് സംസാരിക്കുകയായിരുന്നു മദനി. മദനിയുടെ പ്രസംഗം കേൾക്കാൻ വമ്പിച്ച ഒരു ജനാവലിയാണ് തടിച്ചു കൂടിയത്. ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ കൊണ്ട് ജനസഹസ്രങ്ങളുടെ അന്തരംഗം കവരുന്ന മദനിയുടെ ആത്മസമർപ്പണ പ്രഖ്യാപനം ശിവഗിരിക്കുന്നുകളെ പുളകമണിയിച്ചു.

"രാഷ്ട്രീയ ലക്ഷ്യങ്ങളൊന്നുമില്ലാതെയാണ് ഇന്നി ശിവഗിരി മണ്ണിൽ കാലുകുത്തുന്നത്. ഇന്ത്യയിൽ മിക്ക മതങ്ങൾക്കും ആശ്രമമുണ്ട്. സവർണ്ണ വിശ്വാസങ്ങളുടെ ധനിമുഴക്കുന്ന ആ ആശ്രമങ്ങളിൽ നിന്ന് ശിവഗിരി വേറിട്ട നില്ക്കുന്നു. മതേതര സന്ദേശം മുഴങ്ങുന്ന ഒരേയൊരു ആശ്രമമാണ് ശിവഗിരി. ഇവിടെ മത വിശ്വാസങ്ങളെ പുനഃസ്ഥാപിക്കാൻ ഗൂഢനീക്കം നടക്കുന്നു. അയോദ്ധ്യയിൽ കളിച്ച കളി ശിവഗിരിയിൽ കളിക്കാനാണ് ഫാസിസ്റ്റ് ശക്തികളുടെ നീക്കം. അയോദ്ധ്യാവിഷയത്തിലുള്ള അതേ വികാരവും താല്പര്യവും ശിവഗിരിയുടെ കാര്യത്തിലും അവർ കാണിക്കും. ഇവിടേക്ക് വന്ന് മദനി കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ശ്രമിക്കുന്നുവെന്നാണ് ചിലരുടെ ആരോപണം. ഞാൻ ഒരു മുസൽമാനാണ്. അവിടെ തെളിഞ്ഞ വെള്ളത്തിൽ തന്നെ മദനിക്ക് പിടിക്കാൻ ഒട്ടേറെ മീനുകളുണ്ട്. മീൻപിടിക്കാനാണ് മദനി ഇറങ്ങുന്നതെങ്കിൽ പിടിക്കുകതന്നെ ചെയ്യും. പക്ഷേ, ഇവിടെ ശ്രീനാരായണ ഗുരുദേവന്റെ ശാന്തിമന്ത്രങ്ങൾ ഉരുവിട്ട് ഈ താഴ്വരയിൽ ഞാൻ പൊയ്ക്കാലിൽ വന്നത്, ഈ ശാന്തി, പുലർന്നുകാണാൻ എന്റെ മറ്റ് അവയവങ്ങൾ കൂടി സമർപ്പിക്കാനാണ്. എന്റെ ശേഷിക്കുന്ന അവയവങ്ങൾ മൊന്നായി അഗ്നിഞ്ഞുവീഴ്ത്തപ്പെട്ടാലും ഈ സമരത്തിൽ നിന്ന് അവസാന ശ്വാസം വരെ മദനി പിന്മാറില്ല.

ശാശ്വതികാനന്ദ സ്വാമികളോട് എനിക്ക് കടപ്പാടുണ്ട്. അക്രമികൾ ബോംബു വച്ച് എന്റെ ശരീരം തകർക്കാൻ ശ്രമിച്ചപ്പോൾ നഷ്ടമായ പകുതി കാലുമായി ഞാൻ ആശുപത്രിയിൽ കിടക്കുന്നു. ഒടുവിൽ ഒപ്പറേഷൻ തിയേറ്ററിൽ നിന്ന് പുറത്തുവന്ന്, ബോധം തെളിഞ്ഞ് എന്റെ കണ്ണുകൾ തുറക്കുമ്പോൾ ഞാൻ കാണുന്നത് എന്റെ തലയിൽ തലോടി നില്ക്കുന്ന ശാശ്വതികാനന്ദ സ്വാമികളെയാണ്. ഒരു മുസൽമാനായ എന്നെ കാണാനെത്തിയ അമൂല്യമായ ഏകമതാചാര്യൻ ശാശ്വതികാനന്ദ സ്വാമികളായിരുന്നു. ഗുരുദേവ മന്ത്രങ്ങളുരുവിട്ടുകൊണ്ട് അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. മതേതരത്വത്തിന്റെ മഹത്തായ സന്ദേശമായിരുന്നു ആ സമാശ്വാസമെന്ന് മദനി പറഞ്ഞു.

കോടതി വിധികൾ ആ വിധി പ്രഖ്യാപനം കൊണ്ടുതന്നെ ബഹുജനങ്ങളുടെ മതിപ്പ് ആർജ്ജിക്കുന്നവയായിരിക്കണം. അതിന്റെ മഹത്വം കൊണ്ടുതന്നെ അത് നടപ്പാക്കപ്പെടണം. അതല്ലാതെ വിധിക്ക് ശേഷം ഒരോ ദിവസവും അത് നടപ്പാക്കിയോ എന്ന് ഗവൺമെന്റ് അന്വേഷിച്ചുകൊണ്ടിരിക്കേണ്ടിവരുന്നത് ഒരു വിധിന്യായത്തിന്റെ ഗതികേടാണ്. ഞാൻ ചെയ്യുന്നതും പറയുന്നതും കുറ്റമാണെങ്കിൽ എനിക്കെതിരെ കേസ് എടുത്തുകൊള്ളൂ. ഇതുവരെ 183 പൊലീസ് കേസുകൾ എനിക്കെതിരെയുണ്ട്. 184-ാമതായി മറ്റൊരു കേസിൽ ശിവഗിരിക്ക് വേണ്ടി പ്രതിയായാൽ എനിക്ക് അഭിമാനമേയുള്ളൂ- മദനി പറഞ്ഞു.

ശിവഗിരിയെ ആവേശംകൊള്ളിച്ച പ്രഭാഷണമായിരുന്നു മദനിയുടേത്. മദനി പ്രസംഗിച്ച യോഗത്തിൽ എസ്. എൻ. ഡി. പി. യോഗം മുൻ ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 10 ചൊവ്വ

മതേതരമന്ത്രം മുഴങ്ങുന്ന ഏക ആശ്രമം ശിവഗിരി
-മദനി

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി എ.എസ്. പ്രതാപ്സിംഗ് അദ്ധ്യക്ഷതവഹിച്ചു. ചേർത്തല സുരേന്ദ്രൻ സ്വാഗതം പറഞ്ഞു

ശിവഗിരി മഠത്തിനെതിരെ എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി സ്വീകരിച്ച നിഷേധാത്മക നിലപാടിന് ചരിത്രം മാപ്പ് നൽകുകയില്ലെന്ന് തച്ചടി പ്രഭാകരൻ അഭിപ്രായപ്പെട്ടു. നിരാഹാരം അനുഷ്ഠിക്കുന്ന മോഹൻശങ്കറിന് അഭിവാദ്യം അർപ്പിക്കുകയായിരുന്നു അദ്ദേഹം.

മഹാനുഭാവന്മാർ നേതൃത്വം നൽകിയ യോഗത്തിന് ഇന്നത്തെ നേതൃത്വം അപമാനമാണ്. കാലാവധി കഴിഞ്ഞ നേതൃത്വത്തിന്റെ നിർദ്ദേശം യോഗം ഭാരവാഹികൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞത് നന്നായി. ശിവഗിരിയിൽ എത്തിയപ്പോഴാണ് തനിക്കത് ബോദ്ധ്യമായത്. ശിവഗിരി മഠത്തിനും ശാശ്വതികാനന്ദ സ്വാമികൾക്കുമെതിരെ നടക്കുന്ന ഏതു നീക്കത്തെയും ചെറുക്കാൻ താൻ മുൻനിരയിലുണ്ടാവുമെന്നും തച്ചടി പ്രഭാകരൻ പറഞ്ഞു.

കായംകുളം മുനിസിപ്പൽ ചെയർമാൻ ടി. എം. ജാഫർകുട്ടി, ദേവികുളങ്ങര, മുൻ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. രാജഗോപാലൻ, മുതുകുളം ഹയർ സെക്കൻഡറി സ്കൂൾ മാനേജർ കെ. ശങ്കരൻകുട്ടി തുടങ്ങിയവരും ആശുപത്രിയിലെത്തി മോഹൻശങ്കറിന് അഭിവാദ്യം അർപ്പിക്കാൻ എത്തിയിരുന്നു.

കേരളകൗമുദി
1995 October 11

LIBRARY ARCHIVES Kerala Legislative Assembly

അവസാന അനുരഞ്ജനത്തിന് വയലാർ രവിയുടെ ശ്രമം

ശിവഗിരി ഭരണം ഏറ്റെടുക്കാൻ ഗവ. ആലോചിക്കുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഹൈക്കോടതി വിധിയെത്തുടർന്ന് ശിവഗിരിയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ഭരണം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം ഇന്നലെ ഇവിടെ മന്ത്രിമാർ അനൗപചാരികയോഗത്തിൽ ചർച്ച ചെയ്യുകയും അതിനുള്ള നിയമസാദ്ധ്യതകൾ ആരായുകയും ചെയ്തു.

എസ്. എൻ. ഡി. പി. യോഗം ഉൾപ്പെടെയുള്ള എല്ലാ കേന്ദ്രങ്ങളിൽ നിന്നും ധർമ്മസംഘം ട്രസ്റ്റ് ബോർഡിലേക്ക് പുതിയ തിരഞ്ഞെടുപ്പ് നടത്തണമെന്ന ആവശ്യം ഉയർന്നു വന്നതോടെയാണ് അത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗം മന്ത്രിമാരുടെ തലത്തിൽ ആലോചിച്ചു തുടങ്ങിയത്. ഇന്നലെ രാവിലെ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി തലസ്ഥാനത്തുണ്ടായിരുന്ന മന്ത്രിമാരുടെ ഒരു അനൗപചാരിക യോഗം വിളിച്ചുകൂട്ടി. കെ. പി.സി.സി. പ്രസിഡന്റ് വയലാർ രവി [illegible] ആ യോഗത്തിലേക്ക് ക്ഷ[illegible] ഹൈക്കോടതി വിധിക്ക് ശേഷം ശിവഗിരി പ്രശ്നത്തിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾ യോഗം ചർച്ചചെയ്തു. കോടതി വിധി നടപ്പാക്കണോ വേണ്ടയോ എന്ന കാര്യത്തിൽ ഒരു രാഷ്ട്രീയ തീരുമാനം കൈക്കൊള്ളുന്നതിന് യു.ഡി.എഫ്. ഏകോപന സമതിയിയുടെ ഒരു

കേരളകൗമുദി
1995 October 11

അവസാന അനുരഞ്ജനത്തിന് വയലാർ രവിയുടെ ശ്രമം

ശിവഗിരി ഭരണം ഏറ്റെടുക്കാൻ ഗവ. ആലോചിക്കുന്നു

സ്വന്തം ലേഖകൻ

യോഗം വിളിച്ചുകൂട്ടാനും ഈ അനൗപചാരിക യോഗം തീരുമാനിച്ചു.

എസ്.എൻ.ഡി.പി. യോഗം മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവസാനമായി ഒരു അനുരഞ്ജന ശ്രമം കൂടി നടത്തുന്നതിന് വയലാർ രവിയെ യോഗം ചുമതലപ്പെടുത്തി. അനുരഞ്ജനത്തിനുള്ള ആ ശ്രമവും പരാജയപ്പെട്ടാൽ ശിവഗിരി ഭരണം തൽക്കാലം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശമുണ്ടായി. ആ നിർദ്ദേശത്തോട് പൊതുവേ എല്ലാവർക്കും യോജിപ്പാണുണ്ടായത്. ഗവൺമെന്റ് ശിവഗിരി ഭരണം ഏറ്റെടുത്താൽ ഉന്നത ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ധർമ്മസംഘം ട്രസ്റ്റ് ബോർഡിലേക്ക് പുതിയ തിരഞ്ഞെടുപ്പ് സുതാര്യവും നിഷ്പക്ഷവുമായി നടത്താൻ കഴിയും. ശിവഗിരിയിലെ പ്രശ്നങ്ങൾക്ക് അങ്ങനെ പരിഹാരമുണ്ടാക്കാനാവും. ഇതാണ് യോഗത്തിൽ പൊതുവേ ഉളവായ അഭിപ്രായസമന്വയം. ഈ നിർദ്ദേശം ഏകോപനസമിതി അംഗീകരിച്ചാൽ മന്ത്രിസഭയ്ക്ക് അത് യഥാവിധി പ്രാവർത്തികമാക്കാനുമാകും.

എന്നാൽ ചില കേന്ദ്രങ്ങളിൽ നിന്ന് ഇതിനെതിരെ ചില സാങ്കേതിക തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. നിയമപരമായ ഈ തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ലെന്ന ഉപദേശവും മന്ത്രിമാർക്ക് ലഭിച്ചിട്ടുള്ളതായി അറിയുന്നു. ട്രസ്റ്റുകളുടെ കസ്റ്റോഡിയനായ ഗവൺമെന്റിന് അവിടെ ഭരണപ്രതിസന്ധിയുണ്ടാകുമ്പോൾ പൊതുതാല്പര്യം മുൻനിറുത്തി ഇടപെടാനാകുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. സഹകാരി സ്ഥാപനങ്ങൾ വരെ ഗവൺമെന്റ് ഇങ്ങനെ ഏറ്റെടുത്തിട്ടുള്ളതിന്റെ പല ഉദാഹരണങ്ങളും ഉണ്ട്.

പൊലീസ് തയ്യാറെടുക്കുന്നു

ഹൈക്കോടതി വിധി നടപ്പാക്കുന്നതിനായി ശിവഗിരിയിലേക്ക് മാർച്ച് ചെയ്യാൻ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ചില കേന്ദ്രങ്ങളിൽ പൊലീസിനെ തയ്യാറാക്കി നിറുത്തിക്കഴിഞ്ഞതായി അറിയുന്നു. ചിലപ്പോൾ ഈ വെളുപ്പാൻകാലത്തുതന്നെ പൊലീസ് ശിവഗിരിയിലെത്തിക്കുടെന്നില്ല. എന്നാൽ അവരെ തടയുന്നതിന് ആയിരക്കണക്കിന് വാളന്റിയർമാരും ശിവഗിരിയിൽ നിലയുറപ്പിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

Ext.No.P3(20) dt. 11-10-95 & R 51

കേരളകൗമുദി

LATE NEWS

തിരുവനന്തപുരം 1995 ഒക്ടോബർ 11 ബുധൻ

ശിവഗിരിയിൽ സംഘർഷം മുറുകുന്നു

മോഹൻശങ്കറിന്റെ നില ഗുരുതരം

സ്വന്തം ലേഖകൻ

ശിവഗിരി : ശിവഗിരിയിൽ മോഹൻ ശങ്കർ ആരംഭിച്ച നിരാഹാരം അഞ്ചാംദിവസത്തിലേക്ക് കടക്കുമ്പോൾ, ഉൽക്കണ്ഠ തളംകെട്ടി നിൽക്കുന്ന അന്തരീക്ഷത്തിൽ സംഘർഷത്തിന് വീണ്ടും പിരിമുറുകുകയാണ്.

"അനുരഞ്ജനം കൊണ്ടായാലും ബലപ്രയോഗം കൊണ്ടായാലും ശിവഗിരിയിൽ ശാന്തി പുലർന്നതിന് ശേഷം മാത്രമേ ഞാൻ വർക്കല വിട്ടുപോകൂ" വീണ്ടും പിൻതുണ പ്രഖ്യാപിക്കാൻ ഇന്നലെ ശിവഗിരിയിൽ എത്തിയ പി.ഡി.പി. ചെയർമാൻ അബ്ദുൾ നാസർ മദനി പ്രഖ്യാപിച്ചു. മദനിയുടെ ഈ വാക്കുകൾ ശിവഗിരിക്കുന്നുകളെ പ്രകമ്പനംകൊള്ളിച്ച ഹർഷാരവത്തോടെയാണ് ശ്രീനാരായണീയർ സ്വാഗതം ചെയ്തത്.

"ഞാൻ ശിവഗിരിയിൽ വന്നതാണ് ഇപ്പോൾ പലരുടെയും ഉറക്കം കെടുത്തുന്നത്. മദനി ഇവിടെ ബാങ്ക് വിളിക്കാൻ വന്നതല്ല. മുഖം കാണിച്ചിട്ട് പോകാൻ വന്നതുമല്ല. ഈ മണ്ണിൽ നിന്ന് മതേതരത്വത്തിന്റെ മന്ത്രങ്ങളാണ് ഉയരുന്നത്. അത് നിലച്ചുകൂടാ. എന്ത് വിലകൊടുത്തും ആ മന്ത്രങ്ങളെ സംരക്ഷിക്കണം. ഇവിടെ ശാന്തി പുലരണം. ഏതുവിധേനയാണെങ്കിലും ശിവഗിരിയിൽ ശാന്തി സ്ഥാപിച്ചതിന് ശേഷം മാത്രമേ ഇനി മദനി വർക്കല വിട്ടുപോകൂ." നിറഞ്ഞ ഹർഷാരവത്തിനിടയിൽ മദനി ആവർത്തിച്ചു.

അധികൃത കേന്ദ്രങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ച ഉൽക്കണ്ഠയുടെ നിഴലിൽ ശിവഗിരി ആറ് നാളുകൾ പിന്നിടുകയാണ്. നിരാഹാരം അഞ്ചാം ദിവസത്തേക്ക് കടക്കുമ്പോൾ മോഹൻ ശങ്കർ തീർത്തും അവശനായിട്ടുണ്ട്. വിദഗ്ദ്ധ വൈദ്യോപദേശത്തിനും സഹപ്രവർത്തകരുടെ സമ്മർദ്ദങ്ങൾക്കും വഴങ്ങാതെ ഉപവാസം തുടരാൻ തന്നെയാണ് അദ്ദേഹത്തിന്റെ തീരുമാനം. ഇന്നലെ കൊല്ലം ശങ്കേഴ്സിലെ പ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധൻ ഡോ: കണ്ണൻ അദ്ദേഹത്തെ വീണ്ടും പരിശോധിച്ചു. ആശുപത്രിയിലേക്ക് മാറ്റണമെന്നാണ് ഡോക്ടറുടെയും ഉപദേശം.

ഇതിനിടയിൽ ഉപവാസത്തിന് പിന്തുണയും അഭിവാദ്യവും അർപ്പിക്കാൻ ശ്രീനാരായണീയരുടെ നിലയ്ക്കാത്ത പ്രവാഹം തുടരുകയാണ്. എസ്.എൻ.ഡി.പി. യോഗം കൗൺസിലർ കെ.കെ. തങ്കപ്പൻ ഇന്നലെ ശിവഗിരിയിൽ എത്തി ഉപവാസത്തിന് മോഹൻശങ്കറിന് അഭിവാദ്യം അർപ്പിച്ചു. ഇതോടെ എസ്.എൻ.ഡി.പി. യോഗത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട

(ശേഷം പേജ് 10 കോളം 4)

LIBRARY ARCHIVES Kerala Legislative Assembly

മോഹൻ ശങ്കറിന്റെ നില ഗുരുതരം

(ഒന്നാംപേജിൽ നിന്നും തുടർച്ച)

പതിനൊന്ന് കൗൺസിലർമാരിൽ എട്ടുപേരും ശിവഗിരിപക്ഷത്തായി.

കൊല്ലത്തുനിന്ന് നിരാഹാരത്തിന് അഭിവാദ്യം അർപ്പിക്കാൻ അഭിഭാഷകരുടെ ഒരു സംഘം ശിവഗിരിയിൽ എത്തി. അഡ്വക്കേറ്റുമാരായ ഇ. ഷാനവാസ് ഖാൻ, ബേബിസൺ, ജി. ശുഭദേവൻ, ദിലീപ്, സോമരാജൻ, ജയപ്രദീപ്, സലിം രാജ്മോഹൻ, സുനിൽ എന്നിവരാണ് അഭിവാദ്യം അർപ്പിക്കാൻ എത്തിയ അഭിഭാഷകർ. രാവിലെ മുതൽ വൈകുന്നേരം വരെ അവർ മോഹൻ ശങ്കർക്കൊപ്പം അനുഭാവ ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു.

മുൻ പി.എസ്.സി. അംഗം കായിക്കര ബാബു, എസ്.എൻ.ഡി.പി. യോഗം നേതാക്കളായ എ. ജി. തങ്കപ്പൻ, ഗംഗാധരപ്പണിക്കർ, വി.കെ. ജനാർദ്ദനൻ, എ.കെ. രാജൻ, കോൺഗ്രസ് നേതാക്കളായ തച്ചടി പ്രഭാകരൻ, കരുമാലിൽ സുകുമാരൻ, പ്രൊഫ. ഇ. മേരിദാസൻ, ഇനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ലാലി വിജയധരൻ, ശ്രീനാരായണ വനിതാസമിതി സംസ്ഥാന പ്രസിഡന്റ് സുഷമ തങ്കപ്പൻ, ഗുരുധർമ്മ പ്രചരണ സഭാനേതാക്കളായ പി.ജി. കമലാസനൻ, പി. ആർ. കുമാരൻ തുടങ്ങിയവർ അഭിവാദ്യം അർപ്പിക്കാൻ എത്തിയവരിൽ ഉൾപ്പെടും.

ഗുരുധർമ്മ പ്രചരണ സഭ അഞ്ചാലുംമൂട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വർക്കല ടൗണിൽ നിന്ന് ശിവഗിരിയിലേക്ക് വായ്മൂടിക്കെട്ടി പ്രകടനം നടന്നു. ശിവഗിരിയിൽ ശാന്തി പുലരണമെന്നായിരുന്നു പ്രകടനക്കാരുടെ ആവശ്യം.

വടക്കൻ ജില്ലകളിൽ നിന്ന് കൂടുതൽ ഭക്തജനങ്ങൾ ഇന്നലെ ശിവഗിരിയിൽ എത്തി. മഞ്ഞക്കൊടി കെട്ടി അലങ്കരിച്ച വാഹനങ്ങളിലാണ് ഇവർ എത്തിയത്.

പി.ഡി.പിയുടെ സന്നദ്ധ സേനാംഗങ്ങൾ ശിവഗിരി നിറഞ്ഞുണ്ട്. ശിവഗിരിയുടെ വിവിധ കേന്ദ്രങ്ങളിൽ അവർ നിലയുറപ്പിച്ചിരിക്കുന്നു. ഗുരുധർമ്മ പ്രചരണ സഭ, ഗുരു സേവാസേന എന്നിവയുടെ നൂറുകണക്കിന് ബാഡ്ജ് ധരിച്ച വോളണ്ടിയർമാരും രംഗത്തുണ്ട്.

ശിവഗിരിയുടെ പാവനതയും ശാന്തിയും കാത്തുസൂക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ശ്രീനാരായണ കേന്ദ്രം ആലപ്പുഴ ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. ശിവഗിരിയിൽ പൊലീസ് നടപടി കൈക്കൊള്ളാനുള്ള നീക്കത്തെ ശിവഗിരിയിൽ എത്തിയ കേന്ദ്രം പ്രവർത്തകർ അപലപിച്ചു. ജില്ലാ പ്രസിഡന്റ് കെ. രാജേഷ്കുമാറിന്റെ നേതൃത്വത്തിലാണ് സംഘം എത്തിച്ചേർന്നത്. വൈ.ഷാജി, പി. ശിവപ്രസാദ്, എം.വി. പ്രസാദ്, കെ. വേണു, വി. വിജയൻ തുടങ്ങിയവരും സംഘത്തിലുണ്ട്.

വികലമായ വിധികളിൽ നിന്ന് ശിവഗിരിയെ രക്ഷിക്കാൻ ശ്രീനാരായണീയർ സംഘടിക്കണമെന്ന് ഗുരുധർമ്മ പ്രചരണസഭയുടെ ബാനറിൽ ഇടുക്കിയിൽ നിന്ന് എത്തിയ പ്രവർത്തകർ ആവശ്യപ്പെട്ടു. യോഗം ഡയറക്ടർ ടി. എൻ. കുഞ്ഞുമോൻ, പി. എൻ. രാഘവൻ, കെ.ടി. സുകുമാരൻ, പി.പി. ശിവൻ, കെ.കെ. പീതാംബരൻ, കെ.ഡി. രമേശ്, കെ.പി. സജീവ് തുടങ്ങിയവർ ഇവിടെ ക്യാമ്പ് ചെയ്യുന്ന സംഘത്തിലുണ്ട്.

ഗുരുധർമ്മ പ്രചരണസഭ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ യോഗം അരുവിപ്പുറത്ത് ചേർന്ന് ശിവഗിരിയിലെ കോടതി നടപടികളെ അപലപിച്ചു. വിധി നടപ്പാക്കൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന യോഗം മുന്നറിയിപ്പ് നൽകി. ജില്ലാ പ്രസിഡന്റ് അരുമാനൂർ ജി. രാമച

LIBRARY ARCHIVES Kerala Legislative Assembly

ന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. അരുവിപ്പുറം പ്രഭാകരൻ, തൊഴുക്കൽ എൻ. ഭാസ്കരൻ, കെ. ഇയധരൻ തുടങ്ങിയവർ പ്രസംഗിച്ചു.

സെമിനാർ നീട്ടി

ഗുരുധർമ്മ പ്രചരണസഭയുടെയും വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളുടേയും സംയുക്ത ആഭിമുഖ്യത്തിൽ ശിവഗിരി മഠത്തിൽ നടന്നുവരുന്ന സെമിനാർ ഒക്ടോ: 15 വരെ നീട്ടി. ശിവഗിരിയിലേക്കുള്ള ഭക്തജനപ്രവാഹം കണക്കിലെടുത്താണ് തിയതി ദീർഘിപ്പിച്ചത്.

ശിവഗിരിയിൽ നിലനില്ക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഇവിടേക്ക് അയയ്ക്കുന്ന സംഭാവനകൾ ആർ. വിശ്വംഭരൻ, ഗുരുസേവാസംഘം ഓഫീസ്, ശിവഗിരി എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

അപവാദ പ്രചരണം

വർഗ്ഗീയ വിഷം കുത്തിവച്ച് ചിലമാദ്ധ്യമങ്ങളെ പ്രീണിപ്പിച്ചും കബളിപ്പിച്ചും തെറ്റിദ്ധാരണാജനകമായ രീതിയിൽ ശിവഗിരി വിരുദ്ധ വാർത്തകൾ പ്രചരിപ്പിക്കുകയും ബ്രഹ്മശ്രീ ശാശ്വതീകാനന്ദ സ്വാമിയ്ക്കെതിരെ തന്ത്രപരമായ രീതിയിൽ ദുരാരോപണങ്ങൾ അഴിച്ചുവിടുകയും ചെയ്യുന്ന നീച ശക്തികൾക്കെതിരെ തുടർന്നും ശക്തമായി മുന്നോട്ടുപോകുമെന്ന് ശിവഗിരി സംരക്ഷണ സേനയുടെ സെൻട്രൽ കമ്മിറ്റി മുന്നറിയിപ്പു നൽകി.

യോഗം നേതാക്കൾ രാജിവെക്കണം:

പ്രാപ്പൊയിൽ: വിശ്വഗുരുവായ ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശമേറ്റ് പുണ്യമായ ശിവഗിരിയുടെ പരിപാവനത നശിപ്പിക്കുന്നതിനും വർണ്ണാശ്രമ ധർമ്മങ്ങൾ ഊട്ടിഉറപ്പിക്കുന്നതിനും ചില ബാഹ്യശക്തികളുടെ പ്രേരണയോടെ ചില സന്യാസിമാർ നടത്തിക്കൊണ്ടിരിക്കുന്ന ഹീന ശ്രമത്തിൽ ഗുരുധർമ്മ പ്രചരണ സഭ പ്രാപ്പൊയിൽ യൂണിറ്റിന്റെ അടിയന്തര യോഗം പ്രതിഷേധിച്ചു.

ശ്രീനാരായണ ദർശനങ്ങൾക്ക് നേരെ നടക്കുന്ന ഏതൊരു വെല്ലുവിളിയേയും ഈഴവർ കൊടുത്ത് നേരിടുമെന്ന് യോഗം പ്രമേയം പാസ്സാക്കി.

ശിവഗിരി പ്രശ്നത്തിൽ നിഷേധാത്മക നയം സ്വീകരിക്കുന്ന യോഗം ഈനാറൽ സെക്രട്ടറി കെ. ഗോപിനാഥൻ ശ്രീനാരായണ പ്രസ്ഥാനങ്ങൾക്ക് അപമാനമാണെന്നും അദ്ദേഹം രാജിവെക്കണമെന്നും മറ്റൊരു പ്രമേയത്തിൽ ആവശ്യപ്പെട്ടു. പ്രമേയങ്ങൾ ടി.ഇ. മോഹനൻ അവതരിപ്പിച്ചു. കെ.എസ്. ദിലീഷ് കുമാർ പിന്താങ്ങി.

ശിവഗിരിയുടെ പുണ്യഭൂമിയിൽ പ്രവേശിക്കുന്നതിന് പൊലീസ് നടത്തുന്ന നീക്കത്തിൽ പ്രതിഷേധിച്ചുകൊണ്ടും ശ്രീനാരായണ പ്രസ്ഥാനങ്ങൾക്കാകെ അപമാനകരമായി മാറിയ യോഗം ഈനാറൽ സെക്രട്ടറി കെ. ഗോപിനാഥൻ രാജിവെച്ച് പുറത്തുപോവുക, ശ്രീനാരായണ പ്രസ്ഥാനങ്ങളെ രക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഗുരുധർമ്മ പ്രചരണ സഭ പ്രവർത്തകർ പ്രാപ്പൊയിൽ ടൗണിൽ പ്രതിഷേധ പ്രകടനം നടത്തി. പ്രസിഡന്റ് ടി.ഇ. മോഹനൻ പ്രസംഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരിയിലേക്ക് പൊലീസ്

തിരുവനന്തപുരം: ശിവഗിരിയിൽ ഹൈക്കോടതി വിധി നടപ്പാക്കാൻ പൊലീസ് തീരുമാനിച്ചുകഴിഞ്ഞു. ബുധനാഴ്ച വെളുപ്പിന് ശിവഗിരിക്കുന്നുകൾ പെലീസ് വളയും. രാവിലെ 8 മണിക്ക് മുമ്പ് ഓപ്പറേഷൻ പൂർത്തിയാക്കിയിരിക്കണമെന്നാണ് പൊലീസ് സേനയ്ക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. കൊല്ലത്തു നിന്നും ആറ്റിങ്ങൽ നിന്നുമായി 1200 ലധികം വരുന്ന പൊലീസുകാരും നിരവധി ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന സേനാവ്യൂഹങ്ങൾ അർദ്ധരാത്രിയോടെ ശിവഗിരിയിലേക്ക് നീങ്ങിത്തുടങ്ങും.

ചെറുത്തുനില്പ് ശക്തമെന്ന് കണ്ടാൽ പൊലീസ് പിൻവാങ്ങിയേക്കും. എന്തും നേരിടാൻ തയ്യാറായി ചെറുപ്പക്കാരായ ആയിരക്കണക്കിന് വാളന്റിയർമാർ മഹാസമാധിക്ക് സംരക്ഷണ വലയം തീർത്തുകഴിഞ്ഞിട്ടുണ്ട്.

പൊലീസ് എത്തുമ്പോൾ വാളന്റിയർമാരുടെ ഭാഗത്തു നിന്നും യാതൊരു പ്രകോപനവുമുണ്ടാകരുതെന്ന് ശാശ്വതികാനന്ദ സ്വാമികൾ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇതിനകം ശിവഗിരിയിൽ നുഴഞ്ഞുകയറിയിട്ടുള്ള മഫ്റ്റി പൊലീസ് പ്രകോപനത്തിന് വഴിമരുന്നിടുമോ എന്ന് ഉൽക്കണ്ഠയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

ശിവഗിരി പൊലീസ് ചവിട്ടിപ്പൊളിച്ചു


● വെടിക്കമ്പോത്തിൽ നാശനഷ്ടം ● പർണ്ണശാലയിലെ ഗുരുപ്രതിമയുടെ കണ്ണാടിക്കൂടു പൊട്ടിച്ചു ● ശാരദാമഠത്തിനു നേരേ മിയർ ഷെൽ പ്രയോഗം ● 3 കാറുകൾ കത്തിച്ചു ● മറ്റേറെ വാഹനങ്ങൾ തകർത്തു ● നാലര മണിക്കൂർ നിന്ന പൊലീസ് അഴിഞ്ഞാട്ടം ● അതിക്രമങ്ങൾക്കു പുറമേ പൊലീസിന്റെ വക കൊള്ളയും ● പൊലീസ് എത്തിയത് ആരിൽനിന്നുമറിയാതെ ● പൊലീസ് പേക്കൂത്ത് ആന്റണി ന്യായീകരിക്കുന്നു

പൈശാചിക ലാത്തിച്ചാർജ്ജ്

● സ്ത്രീകൾ ഉൾപ്പെടെ 300ൽപ്പരം പേർക്കു പരിക്ക് ● നൂറോളം പേർക്കെതിരെ നില ഗുരുതരം ● സന്യാസിമാർക്കും മർദ്ദനമേറ്റു ● ഉപവാസത്തിലായിരുന്ന മഹാഹൻ ശങ്കറിനും ലാത്തിയടി ● പ്രതാപ്സിംഗിന്റെ നില ഗുരുതരം



പൊലീസ് മർദ്ദനത്തിൽ നെറ്റിപൊട്ടി, കണ്ണിനു പരിക്കേറ്റ സ്വാമി അസ്പൃശ്യാനന്ദ. ഇടതുകണ്ണിൽനിന്ന് ചോരവാർന്നതിന്റെ പാട് കാണാം.



ശിവഗിരിയിലെ പൊലീസ് ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ ചിലർ.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

വർക്കല : മുഖ്യമന്ത്രി ആൻറണിയുടെ ആജ്ഞാനുസരണം നിയോഗിക്കപ്പെട്ട പൊലീസ് ശ്രീനാരായണ ഗുരുദേവൻറെ പവിത്രസാന്നിദ്ധ്യം കുടികൊള്ളുന്ന ശിവഗിരി ചവിട്ടിപ്പൊളിക്കുകയും ആ പുണ്യഭൂമിയിൽ ചോരപ്പുഴ ഒഴുക്കുകയും ചെയ്തു.

സമീപകാല ചരിത്രത്തിലൊന്നും കേരളം സാക്ഷ്യം വഹിച്ചിട്ടില്ലാത്ത രീതിയിൽ പൊലീസ് നടത്തിയ അതിക്രൂരമായ ലാത്തിച്ചാർജ്ജിലും റബർ ബുള്ളറ്റുകൊണ്ടുള്ള വെടിവെയ്പ്പിലും സ്ത്രീജനങ്ങൾ ഉൾപ്പെടെ മുന്നൂറിൽപ്പരം ശ്രീനാരായണീയർക്ക് പരിക്കേറ്റു. അവരിൽ നൂറോളം പേരുടെ നില ഗുരുതരമാണ്. നരനായാട്ട് നടത്തിയിട്ടും കലിയടങ്ങാത്തവരെപ്പോലെ ഉഴറി നടന്ന പൊലീസുകാർ ശാരദാമഠത്തിന് സമീപമുള്ള പർണ്ണശാലയിലെ ഗുരുദേവപ്രതിമയ്ക്കു ചുറ്റുമുള്ളതെല്ലാം തല്ലിത്തകർത്തു. ഒരു വിഭാഗം പൊലീസുകാർ ഗുരുദേവ സ്മരണയെ തെറി കൊണ്ട് അഭിഷേകം ചെയ്തു.

ലോകമെമ്പാടുമുള്ള ശ്രീനാരായണ ഭക്തർ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ശാരദാമഠത്തിന് നേരെ ടിയർ ഗ്യാസ് ഷെല്ലുകൾ നിരന്തരം പൊട്ടിച്ചുകൊണ്ട് മുന്നോട്ടുകടന്നു കയറിയ പൊലീസ് വ്യൂഹം നാലമണിക്കൂറിലേറെനേരം നിന്നുനിന്ന പൈശാചിക വേട്ടയാണ് നടത്തിയത്. അവർ ആ പുണ്യഭൂമിയുടെ പവിത്രതയേയും ശാന്തിയേയും കുരുക്കിയെറിയുകയായിരുന്നു. പുലർച്ചയ്ക്ക് ശിവഗിരി കുന്നുകളിൽ നിന്നുയർന്ന നിലവിളി വർക്കലയേയും പരിസരപ്രദേശങ്ങളേയും സ്തബ്ധമാക്കി.

ശിവഗിരി ഗസ്റ്റ് ഹൗസിന് മുമ്പിൽ പാർക്ക് ചെയ്തിരുന്ന മൂന്ന് കാറുകൾ തിവച്ചുനശിപ്പിച്ച പൊലീസ് സംഘം സ്കൂൾ ബസ്സുൾപ്പെടെ കണ്ണിൽ കണ്ട മറ്റ് വാഹനങ്ങളെല്ലാം തല്ലിത്തകർക്കുകയും ചെയ്തു.

പർണ്ണശാല, ശാരദാമഠം, വൈദികമഠം എന്നിവിടങ്ങളിൽ ചോരക്കളങ്ങൾ കാണാമായിരുന്നു. കണ്ണടകളും ചോരപുരണ്ട വസ്ത്രങ്ങളും തകർത്തെറിഞ്ഞ ചെരിപ്പുകളും ചിതറിക്കിടക്കുന്നു. പൊലീസ് പേക്കൂത്തിന്റെ പ്രതീകം പോലെ ടെിഞ്ഞ ലാത്തിക്കഷണങ്ങളും കിടപ്പുണ്ട്. പ്രാർത്ഥനാമന്ദിരത്തിലെ ഗുരുദേവ പ്രതിമയുടെ ചുറ്റുമുള്ള കണ്ണാടിക്കൂടും പൊലീസ് തകർത്തു 'സിമൻറ് നാണു'വിന്റെ ആവശ്യം ഇവിടെയില്ലെന്ന് ആക്രോശിച്ചുകൊണ്ടായിരുന്നു കണ്ണാടിക്കൂട് അടിച്ചു തകർത്തത്.

പൊലീസിന്റെ നിഷ്ഠൂരമായ മർദ്ദനത്തിൽ പരിക്കേറ്റ മോഹൻശങ്കർ, എസ്.എൻ.ഡി.പി. യോഗം മുൻ ജനറൽ സെക്രട്ടറി എ.എസ്. പ്രതാപസിംഗ്, ധർമ്മസംഘം ട്രസ്റ്റ് മുൻ ജനറൽ സെക്രട്ടറി സ്വാമി പവിത്രാനന്ദ, ഡെപ്യൂട്ടേഷൻ എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡൻറ് കാവ്യാട് മാധവൻകുട്ടി, പി.ഡി.പി നേതാവ് എസ്. സുവർണ്ണകുമാർ, യോഗം കൗൺസിലർ കെ. എ. ബാഹുലേയൻ, ഗുരുധർമ്മ പ്രചരണസഭ ജനറൽ സെക്രട്ടറി അഞ്ചൽ സുരേന്ദ്രൻ, സ്വാമി അസ്പർശാനന്ദ, സ്വാമി ത്രിരത്ന തീർത്ഥർ എന്നിവരുടെ നില ഗുരുതരമാണ്.

പൊലീസ് ആശ്രമത്തിലുള്ള സ്വാമി പവിത്രാനന്ദ

(തുടർന്ന് പേജ് 8 കോളം 3)

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

ശിവഗിരി പൊലീസ് ചവിട്ടിപ്പൊളിച്ചു

(ഒന്നാംപേജിൽനിന്നും തുടർച്ച)

യുടെ മുറിയിൽ കടന്നാണ് അദ്ദേഹത്തെ വലിച്ചു പുറത്തിട്ടത്. അദ്ദേഹത്തിന്റെ കാലുകൾ ബൂട്ട്സ് ഇട്ട കാലുകൾ കൊണ്ട് ചവിട്ടി ഒടിച്ചു. ലാത്തി കൊണ്ട്കൈവിരലുകൾ തല്ലി ഒടിച്ചു. അബോധാവസ്ഥയിൽ കിടന്നിരുന്ന സ്വാമികളെ വാളന്റിയർമാർ ആശുപത്രിയിലെത്തിക്കുകയായിരുന്നു.

സ്വാമി ത്രിരത്നതീർത്ഥരുടെ മൃതുകെല്ല് പൊലീസിന്റെ അടിയിൽ തകർന്നിട്ടുണ്ട്.

അതിവ ഗുരുതരമായി പരിക്കേറ്റവരിൽ കോട്ടയം സ്വദേശികളായ ഗോപാലൻ, കുഞ്ഞുമോൻ, കോഴിക്കോട് സ്വദേശി വേണുഗോപാൽ, പത്തനംതിട്ട സ്വദേശി വിജയൻ, കായംകുളം സ്വദേശി ശ്രീധർ, കൊട്ടാരക്കര സ്വദേശി എം.കെ. രാമചന്ദ്രൻ, എടത്വാ സ്വദേശി ഉത്തമൻ, പുളിങ്കൊമ്പ് സ്വദേശി ശാർങ്ധരൻ എന്നിവരും ഇവിടെ മൃതുതരാവസ്ഥയിൽ ചികിത്സയിലുണ്ട്.

പരിക്കേറ്റവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, വർക്കല ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രി, വർക്കല ഗവ. ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ശിവഗിരി സംരക്ഷിക്കാൻ തയ്യാറെടുത്തുനിന്ന വാളന്റിയർമാരുടെ ശക്തമായ ചെറുത്തുനില്പിനെത്തുടർന്നാണ് പൊലീസ് നടപടി നിണ്ടുപോകാൻ ഇടയായത്.

ശിവഗിരി ഗസ്റ്റ് ഹൗസിലെയും വൈദികമഠത്തിലെയും ഓഫീസ് മന്ദിരങ്ങളിലെയും മുറികൾ ചവിട്ടിപ്പൊളിച്ചു കയറി നാശനഷ്ടങ്ങൾ വരുത്തിയ പൊലീസ് അവിടുണ്ടായിരുന്ന വിലപ്പെട്ട സാധനങ്ങളും പണവും അപഹരിക്കുകയും ചെയ്തു. ലാത്തിച്ചാർജ്ജിൽ അടികൊണ്ടും മറ്റുമുള്ള പൊട്ടിയും മറ്റും ചോരയൊലിപ്പിച്ച് അവശരായിക്കിടന്ന ശ്രീനാരായണിയരെ ചവിട്ടിമെതിച്ച് അട്ടഹാസം മുഴക്കിക്കൊണ്ട് വേട്ടപ്പട്ടികളെപ്പോലെ പൊലീസ് പാഞ്ഞുനടക്കുകയായിരുന്നു.

കോടതി വിധിനടപ്പാക്കാനെന്ന പേരിൽ ശിവഗിരിയിൽ ഇരച്ചുകയറിയ പൊലീസിനോടൊപ്പം ആരാധനാസ്വാതന്ത്ര്യോദ്യോഗസ്ഥന്മാരോ ഭരണമേറ്റെടുക്കേണ്ട കൈവല്യസ്വാമിയും കൂട്ടരുമോ ഉണ്ടായിരുന്നില്ല.

പിന്നീടാണ് ഒരു പൊലീസ് വാനിൽ പൊലീസ് സംരക്ഷണയോടെ ഇവരെ കൊണ്ടുവന്നത്. അടികൊണ്ടവശനായ ഗുരുദേവ ഭക്തരുടെ രക്തത്തിൽ ചവിട്ടിവന്നാണ് അവർ പൊലീസിന്റെ കൈയിൽ നിന്നും "അധികാരം" ഏറ്റെടുത്തത്. എട്ടര രണ്ടിയോടെ "പൊലീസ് ആക്ഷൻ" അവസാനിച്ചെങ്കിലും ആരെയും അവിടെ വരാനോ പോകാനോ അനുവദിച്ചിരുന്നില്ല. പൊലീസ് ശാരദാനന്ദ സ്വാമി ഇരുന്നിരുന്ന മുറിക്കുനേരെ മൂന്നാലു പ്രാവശ്യം കല്ലേറുവലിച്ചെറിയുകയും ചെയ്തു.

ദൂരദേശങ്ങളിൽ നിന്ന് ശിവഗിരിയിലേക്കെത്തിക്കൊണ്ടിരുന്ന ശ്രീനാരായണീയരുടെ ചെറുതും വലുതുമായ സംഘങ്ങളെ പൊലീസ് വഴിക്കുവച്ചു തടഞ്ഞ് മർദ്ദിച്ചോടിച്ചുകൊണ്ടിരുന്നു.

"അധികാരം" ഏറ്റെടുത്ത ആറ് സ്വാമിമാരും ഓഫീസുമുറി ഒരു പുതിയ പൂട്ടിട്ട് പൂട്ടി പൊലീസ് സംരക്ഷണത്തോടെ തന്നെ ശിവഗിരി വിട്ടു. ഉച്ചയ്ക്ക് പതിനൊന്നരമണിയോടെ പൊലീസ് ശിവഗിരിക്കുന്നിറങ്ങി. അമ്പതോളം വരുന്ന ഒരു സംഘം പൊലീസ് ശിവഗിരിയിലേക്കുള്ള പ്രവേശന മാർഗ്ഗത്തിൽ വഴി തടഞ്ഞുനില്പുണ്ട്. മഹാസമാധിയിലും ശാരദാമന്ദിരത്തിലും ഇന്നലെ നടക്കേണ്ടിരുന്ന പൂജകളെല്ലാം മുടങ്ങി. പവിത്രമായ പൂജാദ്രവ്യങ്ങൾ പൊലീസുകാർ ചവിട്ടിമെതിച്ചു.

ലാത്തിയടിയിൽ പരിക്കേറ്റ് വർക്കല ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന പി എസ്. പ്രതാപ്സിംഗിന്റെ നില ഉച്ചയോടെ കൂടുതൽ വഷളായി. അദ്ദേഹത്തെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

ഓപ്പറേഷൻ ശിവഗിരിയുടെ ഫലമായി നൂറോളം പൊലീസുകാർക്കും അമ്പത് വാളന്റിയർമാർക്കും പരിക്കേറ്റു എന്നാണ് തിരുവനന്തപുരം റൂറൽ എസ്.പി ശങ്കർ റെഡ്ഡി പറയുന്നത്. രാത്രി 9.30 വരെ നിണ്ടുനില്ക്കുന്ന നിരോധനാജ്ഞ ശിവഗിരിയിലും പരിസരത്തും ഏർപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇരുന്നൂറോളം പേരെ ശിവഗിരിയിലും പരിസരത്തുനിന്നും പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട് പക്ഷേ. ഇവരുടെ കണക്കുകൾ സംബന്ധിച്ച് പൊലീസ് സ്ഥിരികരണം നൽകിയിട്ടില്ല.

മദനി ചർച്ച നടത്തി

ഉച്ചയ്ക്കുശേഷം പി.ഡി.പി. നേതാവ് മാത്തിലെത്തി ശാശ്വതികാനന്ദസ്വാമികളുമായി ചർച്ച നടത്തി

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

പൊലീസ് നടപടി അപലപനീയം

-മന്ത്രി പി.ജെ. കുര്യൻ

നരേന്ദ്രൻ

ന്യൂഡൽഹി : ആരാധനാലയത്തിൽ പ്രവേശിക്കുവാൻ പൊലീസിനെ അനുവദിച്ചത് അങ്ങേയറ്റം തെറ്റായിപ്പോയി എന്ന് കേന്ദ്രമന്ത്രി പി.ജെ. കുര്യൻ അഭിപ്രായപ്പെട്ടു. ശിവഗിരിയിൽ ഇന്നലെ നടന്ന മൊത്തം നടപടിയേയും അദ്ദേഹം അപലപിച്ചു.

സംഭവം രാഷ്ട്രീയമായി ചർച്ച ചെയ്ത് പരിഹരിക്കുകയാണ് വേണ്ടിയിരുന്നത്-പ്രൊഫ. കുര്യൻ രോഷംകൊണ്ടു.

മുടിത ഭാസ്കരപ്പണിക്കർ ചൊവ്വാഴ്ച തനിക്കൊരു ഫാക്സ് സന്ദേശം അയച്ചിരുന്നുവെന്ന് പ്രൊഫ. കുര്യൻ തുടർന്നറിയിച്ചു. ശിവഗിരിമഠ പ്രശ്നം അന്നിടപെട്ട് ഒത്തുതീർപ്പാക്കണമെന്നതായിരുന്നു അതിലെ ആവശ്യം. ഇതനുസരിച്ച് സന്ധി സംഭാഷണങ്ങൾക്കായി താൻ അങ്ങോട്ടു പോകുവാനിരിക്കുകയായിരുന്നു; അപ്പോഴാണ് സംഭവ വികാസങ്ങളെല്ലാമുണ്ടായത്.

മുഖ്യമന്ത്രി ആൻറണിയുടെ ചൊവ്വാഴ്ചത്തെ ഡൽഹി ദൗത്യം നിഗൂഢതകളിൽ പൊതിഞ്ഞതായിരുന്നു. പ്രധാനമന്ത്രി നരസിംഹറാവുവിനെയോ മറ്റ് സീനിയർ നേതാക്കളെയോ മുഖ്യമന്ത്രി കാണുകയുണ്ടായില്ല. ഉമ്മൻചാണ്ടിയും പ്രൊഫ. പി.ജെ. കുര്യനുമൊത്ത് മുറിക്കകത്ത് അടച്ചിരുന്ന് വർക്കല സംഭവത്തിലുണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചർച്ച ചെയ്യുകയായിരുന്നു അദ്ദേഹം.

വർക്കലയിൽ പൊലീസ് നടപടിയുണ്ടാകുന്നതിനുള്ള എന്തെങ്കിലും സാദ്ധ്യത ആൻറണി വെളിപ്പെടുത്തുകയുണ്ടായില്ലെന്നാണ് പ്രൊഫ. കുര്യൻ പിന്നീട് അറിയിച്ചത്. ഇതിന്റെ പേരിൽ ആൻറണിയെ താൻ കുറ്റപ്പെടുത്തുന്നില്ലെങ്കിലും, പൊലീസിന് ആരാധനാലയത്തിനകത്ത് പ്രവേശിപ്പിച്ചത് ഒട്ടും

(ശേഷം പേജ് 8 കോളം 1)

(ഒന്നാംപേജിൽനിന്നും തുടർച്ച)

തന്നെ ശരിയായില്ലെന്നാണ് തന്റെ അഭിപ്രായമെന്നും പ്രൊഫ. കുര്യൻ കൂട്ടിച്ചേർത്തു.

വർക്കലയിലെ പൊലീസ് നടപടിക്ക് ഡൽഹിയിൽ നിന്ന് ചൊവ്വാഴ്ച രാത്രി മുഖ്യമന്ത്രി ആൻറണി സംസ്ഥാന പൊലീസ് ഡയറക്ടർ ജനറലിന് പച്ചക്കൊടി കാണിച്ചുവെന്നത് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ഫോൺ വഴി ഉത്തരവ് നൽകിയത് കൂടാതെ മുഖ്യമന്ത്രി കേരളത്തിലേക്ക് ഫാക്സ് സന്ദേശവും അയച്ചു.

വിശുദ്ധ ഭൂമിയിൽ പൊലീസ് ഒരു കാരണവശാലും പ്രവേശിക്കരുതായിരുന്നുവെന്ന് മുൻ കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ അഭിപ്രായപ്പെട്ടു. ശ്രീനാരായണ കേന്ദ്രം ഡൽഹി ഘടകത്തിന്റെ പ്രസിഡൻറുകൂടിയായ കൃഷ്ണകുമാർ അത്യന്തം രോഷത്തോടെയാണ് സംഭവത്തോട് പ്രതികരിച്ചത്. പ്രശ്നം സൗഹാർദ്ദപരമായി പരിഹരിക്കുന്നതിൽ ഭരണ സംവിധാനം പരാജയപ്പെട്ടുവെന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. സ്ഥിതിഗതികൾ നേരിൽ കണ്ടു മനസ്സിലാക്കുന്നതിനായി താൻ ശിവഗിരിയിലേക്ക് പോകുകയാണെന്നും കൃഷ്ണകുമാർ അറിയിച്ചു. ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഈഴവ സമുദായത്തിന്റെ മാത്രമല്ല മറ്റുള്ളവരുടെയും വികാരങ്ങൾ ഇതുവഴി ഹനിക്കപ്പെട്ടിരിക്കയാണ്-കൃഷ്ണകുമാർ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

ഇന്നു പകൽ ബന്ത്

തിരുവനന്തപുരം : ശിവഗിരിയിൽ നടന്ന പൊലീസ് അതിക്രമങ്ങളിൽ ശക്തമായി പ്രതിഷേധിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി ബന്ത് നടത്തും. ഗുരുധർമ്മ പ്രചരണസഭ, വിവിധ എസ്. എൻ.ഡി.പി യൂണിയനുകൾ, ശാഖകൾ തുടങ്ങിയ ശ്രീനാരായണ പ്രസ്ഥാനങ്ങളും പി.ഡി.പിയും ആണ് ബന്തിന് ആഹ്വാനം ചെയ്തിട്ടുള്ളത്.

പാൽ, ആശുപത്രി, പത്രവിതരണം തുടങ്ങിയ അത്യാവശ്യ സർവീസുകളെ ബന്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. രാവിലെ ആറ് മുതൽ വൈകുന്നേരം ആറ് വരെയാണ് ബന്ത്.

ലോകാരാദ്ധ്യനായ ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധിയിരിക്കുന്ന ശിവഗിരിയെ മതേതര വിരുദ്ധശക്തികളുടെ കരങ്ങളിൽ നിന്ന് സംരക്ഷിക്കാൻ നിന്ന കാവൽഭടൻമാരെ വെട്ടുപ്പട്ടികളെപ്പോലെ പൊലീസിനെക്കൊണ്ട് തല്ലിച്ചതച്ചതിൽ പ്രതിഷേധിച്ച് ഇന്ന് കേരള വ്യാപകമായി ബന്താചരിക്കണമെന്ന് ശിവഗിരി സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ള ആക്ഷൻ കൗൺസിലിന്റെ ജനറൽ കൺവീനറും എസ്.എൻ. ഡി.പി യോഗം കൗൺസിലറുമായ കെ.എ. ബാഹുലേയൻ അഭ്യർത്ഥിച്ചു.

ശിവഗിരിയിൽ നടന്ന പൊലീസ് അതിക്രമങ്ങളിൽ പ്രതിഷേധിച്ച് സംസ്ഥാന വ്യാപകമായി ഇന്ന് പി.ഡി.പി. ബന്താചരിക്കുമെന്ന് ചെയർമാൻ അബ്ദുൾ നാസർ മദനി അറിയിച്ചു. ബന്ത് സമാധാനപരമായിരിക്കണമെന്ന് അദ്ദേഹം പി.ഡി.പി പ്രവർത്തകരോടഭ്യർത്ഥിച്ചു.

ഇന്ന് നടക്കുന്ന ബന്തിൽ ഗുരുധർമ്മ പ്രചരണ സഭയുടെ എല്ലാ യൂണിറ്റുകളും പങ്കെടുക്കുകയും പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണമെന്ന് വൈസ് പ്രസിഡന്റ് മുടിത്ര ഭാസ്കരപ്പണിക്കർ പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

ശിവഗിരിയിൽ പൊലീസ് അതിക്രമിച്ചുകടന്ന് ഗുരുദേവ കേന്ദ്രത്തെയും സന്യാസിമാരെയും ആക്രമിച്ചതിൽ പ്രതിഷേധിച്ച് ഇന്ന് കൊല്ലം ജില്ലയിൽ ബന്ത് ആചരിക്കാൻ ഗുരുധർമ്മ പ്രചരണസഭ കൊല്ലം ജില്ലാപ്രസിഡന്റ് ഗുരുദേവ് ശിശുപാലൻ, സെക്രട്ടറി അഡ്വ. ജി. സുരേന്ദ്രൻ എന്നിവർ അഭ്യർത്ഥിച്ചു.

ശിവഗിരിയിൽ നടന്ന ലാത്തി

ദുഃഖസൂചകമായി കേരളകൗമുദിയുടെ പേട്ട ഓഫീസ്മന്ദിരത്തിൽ കറുത്ത കൊടി ഉയർത്തി

ച്ചാർട്ടിൽ പങ്കിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിയുന്ന ഇരുവരും പ്രസ്താവനയിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.

ഇന്നത്തെ ബന്ത് വിജയിപ്പിക്കണമെന്ന് അടൂർ എസ്.എൻ. ഡി.പി. യൂണിയൻ പ്രസിഡന്റ് ഡോ. അടൂർ രാജനും സെക്രട്ടറി പി.കെ. കരുണാകരനും സമുദായ സ്നേഹികളോട് അഭ്യർത്ഥിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

മെഡി. കോളേജ് ആശുപത്രി വരെ പൊലീസ് തെറി

തിരുവനന്തപുരം : 'ശിവഗിരി ആശ്രമത്തിന്റെ ഓഫീസിനുമുന്നിലിരിക്കുകയായിരുന്ന എന്നെ പൊലീസുകാരാണ് വിളിച്ചു പുറത്തിറക്കിയത്. അപ്പോൾ രാവിലെ ആറ് മണി കഴിഞ്ഞിട്ടുണ്ടാകും. അവർ നടത്തി പുറത്തുള്ള ബുക്ക്സ്റ്റാളിനു മുന്നിലെത്തിയപ്പോൾ തെരുതെരെ മർദ്ദിക്കാൻ തുടങ്ങി. ആദ്യ അടിയിൽ തന്നെ ഞാൻ വീണുപോയി. എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ വീണ്ടും വീണ്ടും മർദ്ദിച്ചു....' ദേഹമാസകലം അടിയേറ്റ ചതഞ്ഞ പാടുകളോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്ന സാമി സുഖാകാശ സരസ്വതി സംഭവം വിശദീകരിച്ചു.

മർദ്ദനത്തിൽ നിന്ന് ചില പൊലീസുകാരാണ് കാഷായവേഷം ധരിച്ചുനിന്ന സാമിയെ രക്ഷപ്പെടുത്തിയത്. എന്നിട്ട് നേരെ വർക്കല പൊലീസ് സ്റ്റേഷനു മുന്നിലാണ് കൊണ്ടുപോയത്. അപ്പോൾ വാനിലുണ്ടായിരുന്നവരുടെ ദേഹത്താകെ മുറിവും ചതവും രക്തവുമായിരുന്നു. അവിടെ അരമണിക്കൂർ വെറുതെ ഇട്ടിരുന്ന ശേഷം വർക്കല ഗവ. ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടെയും കുറെനേരം വെറുതെയിരുത്തിയശേഷമാണ് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുവന്നത്. ശിവഗിരി മഠം മുതൽ മെഡിക്കൽ കോളേജ് വരെ പൊലീസുകാർ വാനിലിരുന്ന് അസഭ്യവർഷം നടത്തുകയായിരുന്നു'- സാമി സുഖാകാശ സരസ്വതി നടുക്കത്തോടെ ഓർമ്മിച്ചു.

ഇന്നലെ പുലർച്ചെ മുതൽ ശിവഗിരി മഠത്തിനുള്ളിൽ 'ഓം ശ്രീനാരായണായ നമഃ' എന്ന മന്ത്രം ജപിച്ചിരിക്കുകയായിരുന്നു സന്ന്യാസിമാർ. അവരിൽ ഭൂരിപക്ഷം പേരും തലേദിവസം ഉപവാസമനുഷ്ഠിച്ചിരുന്നതിനാൽ ക്ഷീണിതരായിരുന്നു. അവരുടെ മേലാണ് പൊലീസ് പാടിവീണത്- പൊലീസിന്റെ ലാത്തിയടിയേറ്റ സാമി ജ്യോതിസ്സാനന്ദ പറഞ്ഞു.

ഇത്ര ക്രൂരമായിരിക്കും പൊലീസ് ഇടപെടലെന്നു കരുതിയില്ല. ഇരുപതോളം സാമിമാർക്ക് മർദ്ദനമേൽക്കുന്നത് ഞാൻ കണ്ടു. ശാന്തി ചെയ്തുകൊണ്ടിരിക്കുകയായിരുന്ന ശാരദാമഠത്തിലെ സുഗതൻ സാമിയെ ലാത്തിക്കടിച്ചു. ഇത്രമാത്രം അസഭ്യങ്ങൾ ഇതുവരെ കേട്ടിട്ടില്ല. പൊലീസ് ജീപ്പിലിരുന്നപ്പോൾ അതുകേട്ട് കാത് പൊട്ടിപ്പോകുമെന്നാണ് കരുതിയത്'- സാമി ജ്യോതിസ്സാനന്ദ പറഞ്ഞു.

'ശാരദാമഠത്തിന്റെ തെക്കുഭാഗത്ത് നിൽക്കുകയായിരുന്നു ഞാൻ. ഗസ്റ്റ് ഹൗസിന്റെ ഭാഗത്തേക്ക് റ്റെയ്ക്ക് നടന്നുപോകുമ്പോൾ അഞ്ചു പൊലീസുകാർ ഓടിവന്ന് എന്നെ തല്ലും വിലണും അടിക്കുകയായിരു

(തുടർന്ന പേജ് 5 കോളം 1)

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

മെഡി. കോളേജ് ആശുപത്രി വരെ പൊലീസ് തെറി

ന്നു. അതിനുമുമ്പ് രണ്ട് പൊലീസുകാർ വന്നപ്പോൾ ഞാനൊന്നുമില്ലെന്നു പറഞ്ഞപ്പോൾ അവർ പിന്തിരിഞ്ഞുപോയി. എന്നാൽ ഈ അഞ്ചുപേരും എന്നെ പൊതിരെ തല്ലി. ഞാൻ നിലത്തുവീണപ്പോൾ വീണ്ടും പിടിച്ചെഴുന്നേൽപ്പിച്ച് അടിക്കാൻ തുടങ്ങിയപ്പോൾ എന്റെ കണ്ണിൽനിന്നും ശരീരത്തുനിന്നും ചോരവാർന്നൊഴുകുന്നതുകണ്ട് അവർ അടി നിറുത്തി. 'നീയൊന്നും കോടതിവിധി നടപ്പാക്കില്ല അല്ലേടാ' എന്നു ചോദിച്ചായിരുന്നു മർദ്ദനം'. കണ്ണിനു പരിക്കേറ്റ, കണ്ണിനുമുകളിൽ ആഴത്തിൽ ലാത്തിയടിയേറ്റ മുറിവുള്ള ഇരിങ്ങാലക്കുട ശ്രീ ബ്രഹ്മാനന്ദ ആശ്രമത്തിലെ സെക്രട്ടറി സ്വാമി അസ്പർശാനന്ദ സംഭവം വിവരിച്ചു. കിടക്കാൻപോലും കഴിയാത്ത വിധത്തിലാണ് സ്വാമിക്ക് മർദ്ദനമേറ്റിട്ടുള്ളത്.

'പ്രശ്നം 24 മണിക്കൂറിനുള്ളിൽ സമാധാനപരമായി കൈകാര്യം ചെയ്യുമെന്നും മുഖ്യമന്ത്രി ആന്റണി അതിന് തന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്നും ചൊവ്വാഴ്ച രാത്രി തച്ചടി ശിവഗിരിയിൽ പ്രസംഗിച്ചു. പൊലീസ് യാതൊരു കാരണവശാലും ശിവഗിരിയിൽ കടക്കില്ലെന്നും തച്ചടി വ്യക്തമാക്കി. അതുകേട്ട് ദൂരദേശങ്ങളിൽനിന്ന് ശിവഗിരിയിലുണ്ടായിരുന്നവരിൽ പകുതിയോളം പേർ ആശ്വാസത്തോടെ തിരിച്ചുപോയി'- മുതുകത്ത് പരന്നിലേറെ ലാത്തിയുടെ പാടുകളുള്ള എസ്.എൻ.ഡി.പി. യോഗം കൗൺസിലർ കെ.എ. ബാഹുലേയൻ പറഞ്ഞു. അദ്ദേഹവും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്.

'ചൊവ്വാഴ്ച രാത്രി 12.30 മുതൽ ശിവഗിരിയിൽ സന്ന്യാസിമാരുടെ നേതൃത്വത്തിൽ 'ഓം ശ്രീനാരായണ നമഃ' എന്ന മന്ത്രം ജപിച്ചിരിക്കുകയായിരുന്നു ഞങ്ങൾ. ഇന്നലെ പുലർച്ചെ നാലിനും അഞ്ചിനും മദ്ധ്യേ പൊലീസ് വണ്ടികൾ വരുന്നതുകണ്ട് ലോകഗുരുവും എല്ലാവരാലും ആദരിക്കപ്പെടുകയും ചെയ്യുന്ന ശ്രീനാരായണഗുരുവിന്റെ പുണ്യഭൂമിയിലേക്ക് പൊലീസിനെ കയറ്റാൻ ഇടവരുത്തരുതെന്ന് ഞാൻ കളക്ടറോട് മൈക്കിലൂടെ അഭ്യർത്ഥിച്ചു. എന്നാൽ പിരിഞ്ഞുപോകണമെന്ന അഭ്യർത്ഥനപോലും നടത്താതെ കരിങ്കല്ലും സോഡാക്കുപ്പികളുമായി എല്ലാ ഊടുവഴികളിലൂടേയും പൊലീസ് മഠത്തിനകത്തേക്ക് കടക്കുകയായിരുന്നു.'

'പൊലീസ് വാനിലേക്ക് സന്ന്യാസിശ്രേഷ്ഠൻമാരെ വലിച്ചിഴച്ചും ചീത്തവിളിച്ചും കൊണ്ടുപോകുന്നത് കാണാമായിരുന്നു. രണ്ട് പെൺകുട്ടികളെ മൃഗീയമായി മർദ്ദിക്കുന്നത് കണ്ട് പിടിച്ചുമാറ്റാൻ ചെന്ന എന്നെ പേപ്പട്ടിയെ തല്ലുംപോലെയാണ് തല്ലിയത്. ഒരു എസ്.ഐ. തല്ലരുതെന്നു പറഞ്ഞിട്ടും അത് കേൾക്കാതെ എന്നെ മർദ്ദിച്ച് പൊലീസ് വാനിലേക്ക് വലിച്ചെറിയുകയായിരുന്നു. വാനിൽ വച്ചും പൊലീസുകാർ സന്ന്യാസിശ്രേഷ്ഠൻമാരെ തെറിവിളിച്ചു. മുഖമാകെ ചോരയൊലിപ്പിച്ചുനിന്ന സ്വാമിമാരെപ്പോലും ആശുപത്രിയുടെ മുന്നിലെത്തിച്ചിട്ടും അകത്തേക്ക് കയറ്റിവിടാൻ പൊലീസ് താൽപര്യം കാട്ടിയില്ല. ടെവിൽ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പലിന്റേയും സൂപ്രണ്ടിന്റേയും നേതൃത്വത്തിൽ ഡോക്ടർമാരും മറ്റ് ജീവനക്കാരുമാണ് ഒ.പി. ടിക്കറ്റ് എഴുതി സ്വാമിമാരുൾപ്പെടെയുള്ളവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്'-ബാഹുലേയൻ വിശദീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

മെഡി. കോളേജ് ആശുപത്രി വരെ പൊലീസ് തെറി

സ്ത്രീകളുൾപ്പെടെ ആയിരത്തോളം ഭക്തജനങ്ങൾ മോഹൻശങ്കറിന്റെ സത്യഗ്രഹപ്പന്തലിനു മുന്നിലും പ്രാർത്ഥനാനിരതയായിരിക്കുമ്പോഴാണ് മുന്നിലൂടെയും പിന്നിലൂടെയും കടന്നുവന്ന് പൊലീസ് ലാത്തിച്ചാർജ്ജ് ആരംഭിച്ചതെന്ന് എസ്.എൻ.ഡി.പി. യോഗം ഡയറക്ടർ ബോർഡ് അംഗം അഡ്വ. അഞ്ചൽ ജി. സുരേന്ദ്രൻ പറഞ്ഞു. കൂറെപ്പേർ ഓടിപ്പോയി. സന്ന്യാസിമാരുൾപ്പെടെയുള്ളവർ കിഴക്കുഭാഗത്ത് നിലത്തിരുന്നു. അതിനിടയിൽ 'തല്ലല്ലേ' എന്ന് ഒരു സന്ന്യാസി അഭ്യർത്ഥിച്ചപ്പോൾ 'ഫോഴ്സ് ഉപയോഗിക്കാൻ ഞങ്ങൾക്ക് സർക്കാർ ഓർഡറുണ്ട്' എന്നാണ് ഒരു മുതിർന്ന പൊലീസ് ഓഫീസർ പറഞ്ഞത്. എന്തോ വൈരാഗ്യം തീർക്കുന്നതുപോലെയാണവർ സന്ന്യാസിമാരെ തല്ലിയത്. സ്ഥിതിഗതികൾ പൂർണ്ണമായും പൊലീസ് നിയന്ത്രണവിധേയമാക്കിയശേഷമാണ് യോഗം കൗൺസിലർ ബാഹുലേയനെ നാലഞ്ച് പൊലീസുകാർ ലാത്തിയടിച്ച് നിലത്ത് തള്ളിയിട്ടത്. ദാക്ഷായണി അമ്മ എന്നൊരു ഭക്തയെ വനിതാ പൊലീസുണ്ടായിട്ടും ഇവർ ക്രൂരമായി മർദ്ദിച്ചു. ദേഹത്ത് ലാത്തിയടിയേറ്റ പാടുകളുള്ള അഡ്വ. സുരേന്ദ്രന്റെ തല പൊട്ടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

ശാരദാമഠത്തിന്റെ കിഴക്കുഭാഗത്ത് നിൽക്കുകയായിരുന്ന തന്നെ ഏതാനും പൊലീസുകാർ തല്ലി നിലത്തിടുകയായിരുന്നുവെന്ന് തലയ്ക്കും ദേഹത്തും ലാത്തിയടിയേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്ന നെടുമങ്ങാട് എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് കാവിയാട് മാധവൻകുട്ടി അറിയിച്ചു. 'നിലത്തുവീണ എന്നെ വീണ്ടും തല്ലി. കരഞ്ഞുവീണ എന്റെ തലയിൽ ബൂട്ടിട്ട് ചവിട്ടി. പിന്നെ എനിക്കൊന്നും ഓർമ്മയില്ല. കണ്ണു തുറക്കുമ്പോൾ ഇവിടെ എക്സ്റേ മുറിയിലാണ്'.

പ്രധാനഗേറ്റിൽ നിൽക്കുകയായിരുന്ന തന്നെ പിന്നിൽ നിന്നുവന്ന പൊലീസ് സംഘം അടിച്ചു വീഴ്ത്തുകയായിരുന്നുവെന്ന് നെടുമങ്ങാട് നിന്നുള്ള എസ്.എൻ.ഡി.പി. യോഗം ഡയറക്ടർ തിരുമലശങ്കര വിശ്വംഭരൻ പറഞ്ഞു. അടിച്ച് തള്ളിയിട്ട് ചവിട്ടുകയായിരുന്നു. അബോധാവസ്ഥയിൽ വാനിൽ കിടക്കുകയായിരുന്ന കാവിയാട് മാധവൻകുട്ടിക്കുവേണ്ടി വെള്ളം ചോദിച്ചപ്പോൾ ചീത്ത വിളിച്ചിട്ട് വെള്ളത്തിനുപകരം പ്രാർത്ഥിച്ചാൽ മതിയെന്നാണ് പൊലീസ് പറഞ്ഞതെന്ന് നട്ടെല്ലിന്റെ ഭാഗത്തും ഇടതു നെഞ്ചിലും പരിക്കുള്ള വിശ്വംഭരൻ അറിയിച്ചു.

'ഞാൻ മോഹൻശങ്കറിന്റെ അടുത്ത് നിൽക്കുകയായിരുന്നു. പൊലീസിനോട് സംസാരിക്കാനാണവിടെ നിന്നത്. ആരും ബഹളമുണ്ടാക്കരുതെന്ന് സത്യഗ്രഹികളോട് പറഞ്ഞു കൈയും ഉയർത്തി ആവശ്യപ്പെടുന്നതിനിടയിലാണ് എന്നെ പിന്നിൽ നിന്ന് അടിച്ചുവീഴ്ത്തിയത്. പിന്നെ എവിടെയൊക്കെ അടിച്ചെന്ന് എനിക്കറിയില്ല. അതിനിടയിൽ മോഹൻശങ്കറിന്റെ പുറത്തേക്ക് ഒരുപാടുപേർ മറിഞ്ഞുവീഴുന്നത് കണ്ടു. ഞാനും ബോധരഹിതനായി. ബോധം വന്നപ്പോൾ പൊലീസ് വാനിലാണ്. വാനിൽ വച്ച് പൊലീസ് ലാത്തിയിട്ട് ഒരാളെ കുത്തിയപ്പോൾ ബാക്കിയുള്ളവർ പ്രതിഷേധിച്ചു. പിന്നിട് ചീത്താവിളിയായി'- മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്ന ഗുരുധർമ്മ പ്രചരണസഭ സെക്രട്ടറി. പി.ജി. കമലാസനൻ വിശദീകരിച്ചു.

ശാരദാമഠത്തിനുസമീപം പൂജയും ഹോമവും നടക്കുന്നതിനടുത്തായി യോഗത്തിന്റെ മുൻ ഇന. സെക്രട്ടറി എ.എസ്. പ്രതാപസിംഗ്. കേരളകൗമുദി ലേഖകൻ ജയപ്രകാശ് എന്നിവരുടെ അടുത്തായി നിന്ന തങ്ങളെ പൊലീസ് അടിച്ചു ചതച്ചതായി ഗുരുധർമ്മ പ്രചരണസഭ കൊല്ലം ജില്ലാ പ്രസിഡന്റ് ഗുരുദേവ ശിശുപാലൻ പറഞ്ഞു. അടിയേറ്റ് താൻ ഓടിയപ്പോഴും സിംഗ് ഓടിയില്ല. അദ്ദേഹത്തെ ചന്നംപിന്നം അടിക്കുന്നതുകണ്ടെന്ന് ഗുരുദേവ ശിശുപാലൻ അറിയിച്ചു. ദേഹമാസകലം ലാത്തിപ്പാടുള്ള അദ്ദേഹം മെഡി. കോളേ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

മെഡി. കോളേജ് ആശുപത്രി വരെ പൊലീസ് തെറി

ജിൽ ചികിത്സയിലാണ്.

പൂജയും ഹോമവും നടക്കുന്ന പർണ്ണശാലയിൽ വച്ചാണ് അടിയേറ്റതെന്ന് ജെ.വൈ.എസ്. വർക്കല മണ്ഡലം പ്രസിഡന്റ് സുരേഷ് പറഞ്ഞു

ശാരദാമഠത്തിലെ മുകളിലൂടെ വന്ന പൊലീസുകാർ കല്ലേറു തുടങ്ങി. ഉടനെതന്നെ സത്യഗ്രഹപ്പന്തലിലിരിക്കുന്നവരുടെ മേൽ പൊലീസ് ലാത്തിച്ചാർജ്ജ് ആരംഭിച്ചതായി വിശ്വസംസ്കാരവേൻ ഇനറൽ കൺവീനർ അരുവിപ്പുറം പ്രഭാകരൻ ഓർമ്മിച്ചു. പൊലീസ് വരുന്നതുകണ്ട് നിലത്ത് കുത്തിയിരുന്നവരെ അടിച്ചും ചവിട്ടിയും ആക്രമിക്കുകയായിരുന്നു. ഓഫിസിനു മുന്നിലിരിക്കുകയായിരുന്ന സന്ന്യാസിമാർക്കും അടിയേറ്റു. അടിയേറ്റ കമലാസനനെ താങ്ങിപ്പിടിച്ച് ഓഫിസിനു മുന്നിലിരിക്കുകയായിരുന്ന എന്നെയും അവരോടൊപ്പം അറസ്റ്റ് ചെയ്യുകയാണുണ്ടായത്- മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന പ്രഭാകരൻ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

പൊലീസിനെ കയറ്റിയവർ അനുഭവിക്കും: ഗൗരിഅമ്മ

ആലപ്പുഴ : ശിവഗിരിയിലെ പൊലീസ് നടപടി ആൻറണി ഗവൺമെൻറിൻറെ തിരഞ്ഞെടുപ്പ് തന്ത്രത്തിൻറെ ഭാഗമായിരുന്നുവെന്ന് ഇന്നാധിപത്യ സംരക്ഷണസമിതി ജനറൽസെക്രട്ടറി കെ.ആർ. ഗൗരിഅമ്മ കുറ്റപ്പെടുത്തി. ഇത് നടത്തിച്ചവരും ഇതിന് ഒത്താശ നൽകിയവരും അടുത്ത തിരഞ്ഞെടുപ്പിൽ ഫലം അനുഭവിക്കുമെന്നും അവർ പറഞ്ഞു.

പതിനായിരക്കണക്കിന് വിശ്വാസികൾ സന്ദർശിക്കുന്ന പരിപാവനമായ സ്ഥലമാണ് ശിവഗിരി. ശ്രീനാരായണ ഗുരുദേവൻറെ സമാധിസ്ഥലവുമാണ്. പൊലീസ് കയറിയും ലാത്തിച്ചാർജ്ജ് നടത്തിയും വെടിവച്ചും വിടിച്ചെടുക്കേണ്ട സ്ഥലമല്ല അത്. എല്ലാ കോടതിവിധികളും ഇവരുടെ ഭാഗം പ്രകീർത്തനം നടത്തിയാൽ നടപ്പാക്കാതെ നിറുത്തിവയ്ക്കാനാവുമോ എന്നാണ് എന്നാനും ദിവസം മുമ്പ് ആൻറണി ചോദിച്ചത്. ഇത്ര ലാഘവത്തോടെ കാണേണ്ട ഒരു വിധിയാണോ ഇത്? ഇതിനൊരു നിയമസാധുത വേണ്ടേ? പൊലീസ് ഇടപെട്ട് മരണം ആരെയാണ് ഏല്പിക്കുക? ഭരണസമിതി ബോർഡ് യോഗം കൂടാൻ കോടതി ഇടപെടുന്നാണ് പറയുന്നത്. അതുകൊണ്ടാണ് നിയമസാധുത ഇല്ലെന്ന് പറയുന്നത്. അതിനാൽ ഇത് ഒട്ടും ആവശ്യമില്ലാത്ത നടപടിയായിപ്പോയി.

ശിവഗിരിയിലെ പ്രശ്നം സംഘർഷത്തിലൂടെ തീരേണ്ടതല്ല. സമന്വയത്തിലൂടെ തീർക്കേണ്ടതാണ്. ഇരുകൂട്ടർക്കും സ്വീകാര്യമായ രീതിയിൽ രമ്യമായ പരിഹാരമാണ് ആവശ്യം. എന്നാൽ ഇപ്പോഴത്തെ നടപടി ഒരു ഗവൺമെൻറിന്റെ നിലയിൽ ചെയ്യാൻ പാടില്ലാത്തതാണ്. ആൻറണി അറിയാതെ ഒരിക്കലും ഇത് സംഭവിക്കുകയില്ലെന്നും ഗൗരിഅമ്മ പറഞ്ഞു.

ശിവഗിരി പ്രശ്നത്തിൽ സി.പി.എം. നേതാവ് വി.എസ്. അച്യുതാനന്ദൻ ഇരട്ടത്താപ്പുനയമാണ് സ്വീകരിക്കുന്നതെന്നും ഗൗരിഅമ്മ കുറ്റപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

അഴിഞ്ഞാട്ടത്തിന്റെ മണിക്കൂറുകൾ

വർക്കല : ഗുരുദേവന്റെ അന്ത്യമായ സാന്നിദ്ധ്യത്താൽ പവിത്രമായ ശിവഗിരിക്കുന്നിന്റെ ശാന്തിയും സമാധാനവും കെടുത്തിയ പൊലീസിന്റെ ഭ്രാന്തമായ അതിക്രമം എന്തായിരുന്നു?

സമയം രാവിലെ 3.30

എവിടെയും സംഘർഷത്തിന്റെ പിരിമുറുക്കം. ശിവഗിരിക്കുന്ന് ഉണർന്നിരുന്നില്ല. പതിവുപോലെ നാലുമണിക്ക് മഹാസമാധിയിൽ മണിമുഴങ്ങി.

രാവിലെ 4.00

കൊല്ലത്തുനിന്നുള്ള പൊലീസ്വ്യൂഹം നിങ്ങിയതായി ശിവഗിരിയിൽ വിവരം ലഭിച്ചു. കഴിഞ്ഞ കുറേ ദിവസങ്ങളായി മഹാസമാധിക്കു സംരക്ഷണവലയം തീർത്ത് ശിവഗിരിയിലുണ്ടായിരുന്ന ശ്രീനാരായണഭക്തർ ജാഗരൂകരായി. സത്യാഗ്രഹപ്പന്തലിൽ, നിന്ന് ഗുരുദേവ സ്തോത്രങ്ങൾ ഉയർന്നു.

രാവിലെ 4.40

പൊലീസ് ബസ്സുകളും വാനുകളും ജിപ്പുകളും കല്ലമ്പലത്തെത്തിയതായി വിവരം ലഭിച്ചു.

രാവിലെ 5.15

രണ്ട് പൊലീസ് വാനുകൾ ശിവഗിരിക്കുന്നിനു താഴെ വന്നുനിന്നു. പൊലീസിന്റെ സാന്നിദ്ധ്യം അറിഞ്ഞ സ്വാമി സത്യപ്രാനന്ദ, സ്വാമി പവിത്രാനന്ദ, സ്വാമി സച്ചിതാനന്ദ തുടങ്ങിയ സന്യാസിമാർ പ്രധാന കവാടത്തിലേക്ക് ചെന്നു. പുറകെ കുറച്ച് ശ്രീനാരായണ ഭക്തരും. രണ്ടുമിനിട്ട് കഴിഞ്ഞപ്പോൾ എത്താനും പൊലീസ് ജിപ്പുകൾ കൂടി എത്തി.

രാവിലെ 5.30

ഉച്ചഭാഷിണി വച്ചുകെട്ടിയ ജിപ്പുകൾ അവിടെ പ്രത്യക്ഷപ്പെട്ടു. ശിവഗിരിക്കുന്നിന്റെ നെറുകയിൽ നിന്ന് കൂടുതൽ ഉച്ചത്തിൽ മന്ത്രജപം മുഴങ്ങി.

രാവിലെ 5.35

കൊല്ലത്തു നിന്നും ആറ്റിങ്ങൽ നിന്നുമുള്ള പൊലീസ് വ്യൂഹം ശിവഗിരി വളഞ്ഞു. ഒരു ഫയർ എൻജിനും പ്രത്യക്ഷപ്പെട്ടു. ദൂരെ മാറി നിലയുറപ്പിച്ചിരുന്ന പൊലീസ് ഉദ്യോഗസ്ഥർ ഒരു 'ഓപ്പറേഷന്' തയ്യാറായി. വാക്കിടോക്കിയിലൂടെ അവർ നിർദ്ദേശങ്ങൾ കൈമാറി. പൊലീസുകാർ പല ഗ്രൂപ്പുകളായി പിരിഞ്ഞു. പൊലീസ് ഉദ്യോഗസ്ഥന്മാർ റിവോൾവറുകൾ കയ്യിലെടുത്തു. ഫൈബർ കവചങ്ങളെടുത്ത് ചട്ടിത്തൊപ്പിയും വച്ച് ഒരു യുദ്ധരംഗത്തേക്കു പോകാനെന്നപോലെ പൊലീസുകാർ തുടങ്ങി.

സമയം 5.45

ശിവഗിരി ഗ്രൗണ്ടിൽ ആക്ഷനു തയ്യാറായി 'പൊലീസ് സൈന്യം' നിന്നു.

സമയം 6.00

ജില്ലാ കളക്ടർ അരുണാ സുന്ദരരാജ്, എ.ഡി.എം. ഷാജഹാൻ, ഡെപ്യൂട്ടി കളക്ടർ മാവോജി, റൂറൽ എസ്.പി ശങ്കർ റെഡ്ഡി, എ എസ് പി. ബീരാറാവുത്തർ, ആറ്റിങ്ങൽ ഡിവൈ.എസ് പി. അബ്ദുൾ കരീം, അഡ്മിനിസ്ട്രേഷൻ ഡിവൈ എസ്.പി. രാജശേഖരൻ നായർ എന്നിവരും വർക്കല, ആറ്റിങ്ങൽ, കിളിമാനൂർ, നെയ്യാറ്റിൻകര, വിഴിഞ്ഞം, കഴക്കൂട്ടം, വെഞ്ഞാറമൂട് തുടങ്ങിയ ഡിവിഷനുകളിലെ സി. ഐ മാരും എസ്. ഐമാരും ചേർന്ന് സേനാവ്യൂഹത്തിന് നേതൃത്വം നൽകി.

സമയം 6.20

ശിവഗിരിക്കുന്നിൽ കളക്ടർ 144 പ്രഖ്യാപിച്ചു. ഈ സമയം അകത്തുനിന്ന് കെ. എ ബാഹുലേയൻ ശിവഗിരിക്കുന്നിന്റെ സമാധാനം തകർക്കരുതെന്നും നിയമം കൈയിലെടുക്കരുതെന്നും ഉച്ചഭാഷിണിയിലൂടെ വിളിച്ചുപറഞ്ഞു. ഇതൊരു ആരാധനാലയമാണെന്നും അതിന്റെ പവിത്രത നഷ്ടപ്പെടുത്താൻ ഉദ്യോഗസ്ഥർ കൂട്ടുനിൽക്കരുതെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ഈ സമയം ജില്ലാകളക്ടർ, നിയമവിരുദ്ധമായി കൂട്ടംകൂടി നിൽക്കുന്നവർ പിരിഞ്ഞുപോകണമെന്ന് മൈക്കിലൂടെ ഇതരഭാഷയിലും പ്രഖ്യാപിച്ചു.

സമയം 6.22

ആക്ഷൻ ആരംഭിച്ചു. ശിവഗിരിക്കുന്നിൽ പൊലീസ് ബൂട്ട്സുകൾ പതിഞ്ഞു. വളരെ ഭാഗത്തെ ഗസ്റ്റ്ഹൗസ് റോഡിലൂടെ പൊലീസിന്റെ ഒരു സംഘം ആക്രോശത്തോടെ അസഭ്യവർഷം നടത്തി ഗസ്റ്റ്ഹൗസിലേക്ക് ഇരച്ചുകയറി, കണ്ണിൽ കണ്ടതെല്ലാം അടിച്ചുതകർത്തുകൊണ്ടായിരുന്നു അവരുടെ കടന്നുകയ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

അഴിഞ്ഞാട്ടത്തിന്റെ മണിക്കൂറുകൾ

റ്റം. മറ്റൊരു ഗ്രൂപ്പ് പൊലീസുകാർ റബ്ബർ ബുള്ളറ്റുകൾ വച്ച് വെടിവച്ചുകൊണ്ട് പ്രാർത്ഥനാമന്ദിരത്തിലേക്ക് പാഞ്ഞുകയറി. പ്രതിരോധിക്കാൻ നിന്നവരുടെ തല അടിച്ചുപൊട്ടിച്ചുകൊണ്ട് എല്ലാം ക്ലിയർ ചെയ്തെന്ന ഹുങ്കോടെ പൊലീസുകാർ ശാരദാമഠത്തിന്റെ പടവുകളിറങ്ങി സന്ധ്യഗ്രഹപ്രഭാലിന്റെ മുന്നിലെത്തി.

സമയം 7.00

വേറൊരു പൊലീസ് സംഘം ഇടത്തുഭാഗത്തെ വയലിനരികിലൂടെ സന്ധ്യഗ്രഹപ്രഭാലിലേക്ക് അതിക്രമിച്ചുകയറി. പിന്നീട് അവിടെ നടന്നത് പൊലീസിന്റെ നരവേട്ടയായിരുന്നു. പൊലീസിന്റെ ആയുധശങ്കകൾക്കിടയിൽ ശ്രീനാരായണീയത്തിന്റെ നിലവിളി ഉയർന്നു. ലാത്തികളും ബൂട്ട്സിട്ട കാലുകളും പലതവണ ഉയർന്നുതാണപ്പോൾ പരിപാവനമായ ശിവഗിരിക്കുന്ന് രക്തപങ്കിലമായി.

അടിയേറ്റ് നിലത്തുവീണ ശ്രീനാരായണീയരെ ബൂട്ടിട്ട് ചവിട്ടി മെതിച്ച് പൊലീസ് അവരുടെ പകപോക്കുംപോലുള്ള കൈത്തരിപ്പ് തീർക്കുന്നതിനിടയിലും ഇടതിപാഞ്ഞ് ശ്രീനാരായണീയരെ ചീത്തവിളിക്കുന്നുണ്ടായിരുന്നു. അറിവിന്റെ മഹത്വം എന്താണെന്നു പഠിപ്പിച്ച ഗുരുദേവനെ നിന്ദിക്കുന്ന പദങ്ങൾ പൊലീസുകാർ 'സന്തം രാഷ്ട്' കലർത്തി വിളിച്ചു.

പ്രാർത്ഥനാ മന്ദിരം ചവിട്ടിപ്പൊളിച്ചു

പ്രാർത്ഥനാമന്ദിരം ചവിട്ടിപ്പൊളിച്ച് പൊലീസ് അകത്തുകയറി. സമാധാനത്തിന്റെ അർത്ഥമെന്തെന്ന് പഠിപ്പിച്ച മഹാത്മാഗാന്ധിയും സ്നേഹഗാഥകൾ പകർന്നുതന്ന ശ്രീനാരായണഗുരുവും ഇരുന്നു സംസാരിച്ച പാവനമായ മന്ദിരം തകർക്കപ്പെടാതിരിക്കാൻ എ.എസ്. പ്രതാപ്സിംഗ് ഓടിയെത്തി. പൊലീസുകാരെ വിവരക്കേടിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ച പ്രതാപ്സിംഗിനെ തള്ളിമാറ്റി പൊലീസ് അകത്തുകടന്നു. അരുത് എന്നുവിളിച്ചുകൊണ്ട് പ്രതാപ്സിംഗ് പുറകേ ചെന്നു. തള്ളിമാറ്റിയിട്ടും പിൻതിരിയുന്നില്ലെന്നു കണ്ടപ്പോൾ പൊലീസുകാർ പ്രതാപ്സിംഗിനെ ലാത്തികൊണ്ട് കുത്തി. പ്രാർത്ഥനാമന്ദിരത്തിലെ ഗുരുദേവ പ്രതിമയെ പൊലീസുകാർ ലക്ഷ്യം വച്ചപ്പോൾ പ്രതാപ്സിംഗ് ഇരുകൈകളും മുയർത്തി. അവരെ തടഞ്ഞു. അരിശംകൊണ്ട പൊലീസുകാർ മുൻപിൻ നോക്കാതെ പ്രതാപ്സിംഗിനെ അടിച്ചുവീഴ്ത്തി. ഈ പൈശാചികരംഗം കണ്ട് അവിടേക്ക് ഓടിച്ചെന്നവരെയൊക്കെയും പൊലീസ് തല്ലിയോടിച്ചു. "ഇത് പ്രതാപ്സിംഗാണ്. മർദ്ദിക്കരുത്." എന്നു വിലക്കിക്കൊണ്ട് അവിടേക്ക് ചെന്ന കേരളകൗമുദി വർക്കല ലേഖകൻ കെ. ജയപ്രകാശിനെയും പൊലീസ് മർദ്ദിച്ചു. താനൊരു പത്രപ്രവർത്തകനാണെന്നു പറഞ്ഞപ്പോൾ പൊലീസുകാർക്ക് വീര്യം കൂടി. ജയപ്രകാശിന്റെ ഇരുതോളിലും വാരിയെല്ലിലും ലാത്തിപതിഞ്ഞു. പരിചയമുണ്ടായിരുന്ന ഒരു പൊലീസുകാരൻ ഓടിവന്ന് ജയപ്രകാശിനെ ഒരുവിധം രക്ഷിച്ചു. പൊലീസുകാർക്ക് അപ്പോഴും അരിശം തീർന്നിരുന്നില്ല. ഗുരുപ്രതിമയെയൊഴികെ അവിടെയുണ്ടായിരുന്ന സകലതും അവർ അടിച്ചുതകർത്തു. എന്തോ കൈയടക്കാനെന്നപോലെ അവർ ശാരദാമഠത്തിലേക്ക് നീങ്ങി. ശാരദാമഠത്തിന്റെ പുറകിൽ നദിക്കഭിമുഖമായി നിൽക്കുകയായിരുന്ന എസ്. എൻ.ഡി.പി. നെടുമ്പാണ്ടി യൂണിയൻ പ്രസിഡന്റ് കാര്യാട് മാധവൻകുട്ടിയെ പൊലീസുകാർ അടിച്ചുവീഴ്ത്തി ചവിട്ടിതെറിപ്പിച്ചു. മോഹാലസ്യപ്പെട്ടുപോയ അദ്ദേഹത്തെ ശാരദാമഠത്തിന്റെ പടികളിലൂടെ താഴേക്ക് വലിച്ചെറിഞ്ഞു.

സന്ധ്യഗ്രഹപ്രഭാലിലുണ്ടായിരുന്നവരെയൊക്കെയും ഇതിനിടയിൽ പൊലീസ് തല്ലിയോടിച്ചുകഴിഞ്ഞിരുന്നു. സുവർണ്ണകുമാർ, കെ.എ. ബാഹുലേയൻ, മുടിത്ര ഭാസ്കരപ്പണിക്കർ, അഞ്ചൽ സുരേന്ദ്രൻ, പി.ജി. കമലാസനൻ, അരുവിപ്പുറം പ്രഭാകരൻ, കെ.എൻ. സത്യപാലൻ തുടങ്ങിയവരെ പൊലീസ് തല്ലുകയും വിലങ്ങുവയ്ക്കുകയും ചെയ്തു.

സന്ന്യാസിമാരായ പവിത്രാനന്ദ, സുരൂപാനന്ദ, കൃഷ്ണാനന്ദ, അസ്പർശ്യാനന്ദ, സുരൊകാശ്വരാനന്ദ, ശ്രീരത്നതീർത്ഥ, മഹേശ്വരാനന്ദ, ലോകേശാനന്ദ തുടങ്ങിയ സന്യാസിമാരെയും പൊലീസ് പൊതിരെ തല്ലി. അടികൊണ്ട് വീണ ഒൻപത് സന്ന്യാസിമാരെ പൊലീസ് രണ്ട് ജീപ്പുകളിൽ വാരിയിട്ട് എങ്ങോട്ടോ കൊണ്ടുപോയി. ഉച്ചയ്ക്ക് 12.30ന് അവരെ വർക്കല പൊലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് എഴുതിവയ്പിച്ചശേഷം രാത്രിയിൽപ്പൊതിഞ്ഞ താക്കീതു നൽകി വിട്ടയച്ചു.

പന്തലിലിരുന്ന് പ്രാർത്ഥിക്കുകയായിരുന്ന സ്ത്രീകളുടെ നേരെ വേ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

അഴിഞ്ഞാട്ടത്തിന്റെ മണിക്കൂറുകൾ

നായ്ക്കളെപ്പോലെയാണ് പൊലീസുകാർ ചാടിവീണത്. വനിതാ പൊലീസ് ഉണ്ടായിരുന്നില്ല. അരുതേ എന്നു വിളിച്ചുവരെ മുഖമടച്ചടിച്ചു. വസ്ത്രങ്ങൾ വലിച്ചുകീറി.

നിരാഹാരം കിടന്ന് അവശനിലയിലായ മോഹൻശങ്കറിനെയും, ലാത്തികൊണ്ടടിച്ചു. ദിഷാക്കാരുടെ അടുത്തെത്തിയ അവർ വലിച്ചിഴച്ച് കൊണ്ടുപോയി.

ശാരദാമഠത്തിനെയും പൊലീസ് വെറുതെ വിട്ടില്ല. ചില ജനാലകളുടെ കണ്ണാടിച്ചില്ലുകൾ ലാത്തികൊണ്ട് അടിച്ചുപൊട്ടിച്ചു. അരിശം തീരാതെ പൊലീസ് കുന്നിനു മുകളിലെ മഹാസമാധിയിലേക്ക് നീങ്ങി. അവിടെ അവർ മഠത്തിനുമുമ്പിൽ നിന്ന സ്വാമി സൂക്ഷ്മാനന്ദയെ അടിച്ചിട്ടു. ആരൊക്കെയോ ഇടപെട്ടപ്പോൾ മഹാസമാധിക്കകത്തേക്ക് കയറാതെ പൊലീസ് പിൻവാങ്ങി.

ഇതിനിടെ മറ്റൊരു സംഘം ഗസ്റ്റ് ഹൗസിനെ വീണ്ടും ലക്ഷ്യംവച്ചു. അവിടെ ഉണ്ടായിരുന്ന നിരവധി വാഹനങ്ങൾ പൊലീസിന്റെ ക്രോധത്തിനിരയായി. ഗസ്റ്റ്ഹൗസ് മുറികളിൽ ഓടിക്കയറിയ സ്വാമിമാരുടെ കാഷായവസ്ത്രം വലിച്ചിഴച്ച് ബൂട്ടസിട്ട് ചവിട്ടി. അടിയേറ്റ് പലരുടെയും തലപൊട്ടി കൈകാലുകൾ ഒടിഞ്ഞു. നിലവിളിച്ചുകൊണ്ട് നാലുപാടും ചിതറിയോടിയ സ്വാമിമാരെയും ബ്രഹ്മചാരികളെയും പിന്നാലെ പാഞ്ഞുചെന്ന് പൊലീസ് തല്ലി.

ഗസ്റ്റ്ഹൗസ് മുറികളുടെ വാതിലുകൾ ചവിട്ടിപ്പൊളിച്ച് പൊലീസ് അകത്തുണ്ടായിരുന്നവരെയൊക്കെ പുറത്തേക്ക് വലിച്ചെറിഞ്ഞു. മുറിക്കുള്ളിലുണ്ടായിരുന്ന രേഖകൾ പലതും നശിപ്പിച്ചു. ചിലതെല്ലാം അവർ സ്വന്തം പെട്ടികളിലാക്കി.

പിന്നീട് പൊലീസ് സംഘത്തിന്റെ ലക്ഷ്യം സ്വാമി ശാശ്വതികാനന്ദയുടെ മുറിയായിരുന്നു. അവിടെ അപ്പോൾ സ്വാമി മാത്രമാണുണ്ടായിരുന്നത്. സ്വാമി ശിവഗിരിയിൽ സന്ന്യാസം സ്വീകരിച്ച കാലം മുതൽ ഉപയോഗിച്ചിരുന്ന ആ മുറി ചവിട്ടിത്തുറന്ന് അകത്തുകയറിയ പൊലീസുകാർ ശാശ്വതികാനന്ദയെ പുലഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തി. ഇതിനിടയിൽ ചില പൊലീസുകാർ മുറിക്കുള്ളിലേക്ക് കല്ലേറും നടത്തി.

സമയം 9 മണി

വലിയൊരു സംഘം പൊലീസ് തിരുത്ത സുരക്ഷാവലയത്തിൽ കൈവല്യാനന്ദപക്ഷം ആളിനുമായി എത്തി. വൈദികമഠത്തിനു പിന്നിലുള്ള ധർമ്മസംഘം പ്രസിഡന്റിന്റെയും ശിവഗിരി മഠം സെക്രട്ടറിയുടെയും ഓഫീസുകളുടെ പൂട്ടുകൾ പൊലീസ് തല്ലിപ്പൊളിച്ച് കൈവല്യാനന്ദപക്ഷത്തെ അകത്തുകയറ്റി. അവിടെയുണ്ടായിരുന്ന കുറേ രേഖകൾ അവർ നശിപ്പിച്ചു. കുറേ രേഖകൾ അവർ കയ്യിലെടുത്തു. പിന്നീട് പൊലീസ് കരുതിയിരുന്ന പൂട്ടുകൾ ഉപയോഗിച്ച് പൂട്ടി താക്കോലുകൾ സമിതികൈവല്യാനന്ദപക്ഷത്തിനു നൽകി.

സമയം 9.15

അപ്പോഴും ശിവഗിരിക്കുന്നിന്റെ വിവിധ കോണുകളിൽ നിന്ന് ഒറ്റപ്പെട്ട നിലവിളികളും [illegible] ആക്രോശങ്ങളും കേൾക്കാമായിരുന്നു.

ഗസ്റ്റ്ഹൗസിന്റെ ഇടനാഴികളിൽ മർദ്ദനമേറ്റ് പലർ കിടക്കുന്നുണ്ടായിരുന്നു. അവരിൽ കയ്യൊടിഞ്ഞവരും കാലൊടിഞ്ഞവരും തലപൊട്ടിയവരും ചോരയൊലിപ്പിച്ച് സഹായത്തിനായി കേഴുകയായിരുന്നു.

ശിവഗിരിയിൽ ജനനയിലും പൂജയിലും പങ്കുകൊള്ളുകയായിരുന്ന സ്ത്രീകൾക്ക് നേരെ തന്നെ കാടത്തമാണ് പൊലീസ് കാട്ടിയത്. സ്ത്രീകളെ പൊലീസ് കൈകാര്യം ചെയ്യുമ്പോൾ വനിതാ പൊലീസുകാരാരും ഉണ്ടായിരുന്നില്ല. ലാത്തികളും ബയണറ്റ് വച്ച തോക്കുകളുമായാണ് പൊലീസുകാർ സ്ത്രീകളെ നേരിട്ടത്. അടികൊണ്ടുവീണ ഭക്തകളെ പൊലീസ് വലിച്ചിഴച്ച് ശാരദാമഠത്തിന് പുറത്തെത്തിച്ചു.

കായംകുളം സ്വദേശി ഉദയഭ, ഗുരുധർമ്മ സഭയുടെ മുഖ്യഗ്രന്ഥകർത്തയായ രാജേശ്വരി, രാധാമണി, ശ്രീലേഖ എന്നിവർ കടുത്ത മർദ്ദനമേറ്റ് അവശരായി വർക്കല ശ്രീനാരായണ മിഷൻ ഹോസ്പിറ്റലിൽ കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

അഴിഞ്ഞാട്ടത്തിന്റെ മണിക്കൂറുകൾ

ശിവഗിരിയിലെ മർദ്ദന രംഗങ്ങളോർക്കുമ്പോൾ അവരിപ്പോഴും നടുങ്ങുന്നു. ഒപ്പം ഉണ്ടായിരുന്ന തീർത്ഥാടകർക്ക് എന്ത് സംഭവിച്ചു എന്ന ഉത്കണ്ഠയിൽ അവർ ഉഴലുകയാണ്. മോഹൻശങ്കറിനൊടൊപ്പം പന്തലിലുണ്ടായിരുന്ന സുഗതൻ, ഉല്ലിയക്കോവിൽ ശശി, പട്ടത്താനം സാബു എന്നിവരെ പൊലീസ് ക്രൂരമായി മർദ്ദിച്ചു. അവർ മെഡിക്കൽ കോളേജിലും മിഷൻ ആശുപത്രിയിലുമായി ചികിത്സയിലാണ്.

രാവിലെ പത്തുമണിയോടെ ഇല്ലാകളക്ടറും മറ്റ് ഉദ്യോഗസ്ഥ പരിവാരങ്ങളും കൃത്യനിർവഹണം നടത്തിയ സന്തോഷത്തോടെ ശിവഗിരി വിട്ടു.

മന്ത്രിമാർക്ക്

മുഖത്തേറ്റ അടി

തിരുവനന്തപുരം: ശിവഗിരി പ്രശ്നത്തിൽ ഒരു അവസാന ഒത്തുതീർപ്പ് ശ്രമം കൂടി നടത്താൻ ചൊവ്വാഴ്ച മുൻകൈയെടുത്ത മന്ത്രിമാർക്ക് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഇന്നലെ നടന്ന പൊലീസ് നടപടി മുഖത്തേറ്റ അടിയായി.

ഈ കുതികാൽവെട്ടിൽ പരസ്യമായി പ്രതിഷേധിക്കാൻ അവരാരും രംഗത്ത് വന്നിട്ടില്ലെങ്കിലും ഇന്ന് ചേരുന്ന മന്ത്രിസഭായോഗത്തിൽ തങ്ങളുടെ വികാരം ശക്തമായി രേഖപ്പെടുത്താൻ ഈ മന്ത്രിമാർ തീരുമാനിച്ചു കഴിഞ്ഞു.

മന്ത്രിമാരിൽ ചിലർ ഇന്നലെ മുഖ്യമന്ത്രിയെ നേരിൽ കണ്ട് പ്രതിഷേധം അറിയിച്ചപ്പോൾ അതിനൊന്നും ചെവികൊടുക്കാതിരുന്ന മുഖ്യമന്ത്രി എന്തെങ്കിലും പറയാനുണ്ടെങ്കിൽ മന്ത്രിസഭായോഗത്തിൽ ഉന്നയിച്ചാൽ മതിയെന്നാണ് അവരോട് നിർദ്ദേശിച്ചത്.

ശിവഗിരിപ്രശ്നത്തിൽ ഒരു രാഷ്ട്രീയ തീരുമാനം എടുക്കുമെന്നാണ് മുഖ്യമന്ത്രി ഈ മന്ത്രിമാർക്ക് സൂചന നൽകിയിരുന്നതത്രേ. അവസാന ശ്രമം പരാജയപ്പെടുകയാണെങ്കിൽ ശിവഗിരി ഭരണം ഗവൺമെന്റ് ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും കെ പി സി സി പ്രസിഡന്റ് വയലാർ രവിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 12

ഇത് അപലപനീയം, ജുഡിഷ്യൽ അന്വേഷണം വേണം: കരുണാകരൻ

വൽസാമണി

ന്യൂഡൽഹി : ശിവഗിരി പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സമീപനം അത്യന്തം അപലപനീയമാണെന്ന് കേന്ദ്ര വ്യവസായവകുപ്പുമന്ത്രിയും മുൻ കേരള മുഖ്യമന്ത്രിയുമായ കെ. കരുണാകരൻ അഭിപ്രായപ്പെട്ടു. ശിവഗിരിയിലെ പൊലീസ് നടപടിയെപ്പറ്റി ജുഡിഷ്യൽ അന്വേഷണത്തിന് ഉത്തരവാകണമെന്നും കരുണാകരൻ നിർദ്ദേശിച്ചു.

ഇന്നലെ രാവിലെ, ശിവഗിരിമഠത്തിൽ പൊലീസിന്റെ തേർവാഴ്ച പുതുടരവെ ഇവിടെ 'കേരളകൗമുദി'യുമായി സംസാരിക്കുകയായിരുന്നു കരുണാകരൻ. ശിവഗിരിയിൽ സ്ഥിതിഗതികളെ ഇത്രത്തോളം മോശമായ ഒരവസ്ഥയിലേക്കെത്തിച്ചതുതന്നെ തീർത്തും നിർഭാഗ്യകരമാണ്; പ്രശ്നത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നിലപാട് കാര്യങ്ങളെ ഒന്നുകൂടി വഷളാക്കുകയാണ് ചെയ്തത്---കരുണാകരൻ ചൂണ്ടിക്കാട്ടി. ഇത്തരമൊരു വിവാദത്തിൽ പൊലീസ് ഇടപെട്ടതും പൊലീസിന്റെ ഭാഗത്തുനിന്നുണ്ടായ സമീപനവും വിവേകമതികൾക്ക് ഒരു കാലത്തും അംഗീകരിച്ചു കൊടുക്കുവാനാവാത്തതാണ്. ഉത്തരവാദപ്പെട്ടവർ പൊലീസിന് ശരിയായ നിർദ്ദേശം നൽകുകയോ നിയന്ത്രിക്കുകയോ ചെയ്തില്ലെന്നതും വ്യക്തം. ഇതു തികച്ചും ലജ്ജാവഹമാണ്. ഈ വൈകിയവേളയിലും സംസ്ഥാന സർക്കാരിന് വേണമെങ്കിൽ തിരുത്തൽ നടപടികൾ സ്വീകരിക്കാവുന്നതേയുള്ളൂ; അഥവാകാരം നടപടികളൊന്നും സ്വീകരിക്കപ്പെടാത്ത പക്ഷം അതിന്റെ പ്രത്യാഘാതങ്ങൾ അതീവ ഗുരുതരമായിരിക്കുമെന്നും കരുണാകരൻ മുന്നറിയിപ്പു നൽകി.

"ഗുരുദേവ സന്ദേശങ്ങൾ പിറവികൊണ്ടതും പ്രചരിപ്പിക്കപ്പെട്ടതുമായ പവിത്രമായ ആ മണ്ണിന് തന്നെ ഇത്തരമൊരു ദുരുപദേശം വന്നുപെട്ടതിൽ വ്യക്തിപരമായി ഞാൻ അതീവ ദുഃഖിതനാണ്. ശ്രീനാരായണ പ്രസ്ഥാനത്തിനോടുള്ള ലക്ഷോപലക്ഷം കേരളീയരുടെ അചഞ്ചലമായ വിശ്വാസത്തിന്റെ പ്രതീകമാണ് വർക്കലയിലെ ശിവഗിരി മഠം. ഗുരുദേവ ദർശനത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരാളെന്ന നിലയ്ക്ക് നിർഭാഗ്യകരമായ ഈ സംഭവം എന്നെ കൂടുതൽ വേദനിപ്പിക്കുന്നു"---കരുണാകരൻ എടുത്തു പറഞ്ഞു.

ഈ സംഭവത്തിൽ പ്രതിഷേധിച്ച് കേരളത്തിലെ ഇന്നലത്തെ ബന്ദിനോടുള്ളതുടെയും, വിശേഷിച്ചും ആ പ്രത്യേക സമുദായത്തിന്റെയും ഹൃദയവികാരങ്ങളെ മാനിച്ച് എത്രയും പെട്ടെന്ന് ഒരു ജുഡിഷ്യൽ അന്വേഷണത്തിന് ഉത്തരവാകേണ്ടതാണെന്ന് കരുണാകരൻ നിർദ്ദേശിച്ചു. അന്വേഷണം തീർത്തും സ്വതന്ത്രസ്വഭാവത്തിലുള്ളതായിരിക്കണം. സംഭവത്തിന് ഉത്തരവാദികളായവർക്കെല്ലാതെ തിരെ---അവർ എത്ര തന്നെ ഉന്നതരായിരുന്നാലും ശരി--കർക്കശമായ ശിക്ഷാനടപടി സ്വീകരിക്കുകയും വേണം. കുറ്റക്കാരെന്നു കാണുന്ന ഏറ്റവും താഴെത്തട്ടുമുതൽ ഏറ്റവും ഉന്നതതലത്തിൽ വരെയുള്ള പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുന്നതടക്കമുള്ള നടപടികളാണ് സ്വീകരിക്കേണ്ടതെന്നും കരുണാകരൻ എടുത്തു പറഞ്ഞു.

ആർ. ബാലകൃഷ്ണപിള്ള

തിരുവനന്തപുരം : ശിവഗിരിയിൽ പൊലീസ് കയറിയ നടപടിയെ ആർ. ബാലകൃഷ്ണപിള്ള നിശിതമായി വിമർശിച്ചു.

• ഒരു ഡിവിഷൻ ബെഞ്ച് അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു സിംഗിൾ ബെഞ്ചിന്റെ പുറപ്പെടുവിക്കുന്ന വിധി ശിവഗിരി പോലെ ഒരു വലിയ സമുദായത്തിന്റെ ആത്മീയ കേന്ദ്രത്തിൽ നടപ്പാക്കുന്നത് വളരെ അഭിലഷണീയമായ ഒരു കാര്യമായിരുന്നു. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ യു.ഡി.എഫ്. ഏകോപനസമിതിയുടെ അംഗീകാരം വാങ്ങണമായിരുന്നു. മുഖ്യമന്ത്രി എ.കെ. ആന്റണി ഒരു മന്ത്രിസഭാ ഉപസമിതിയെ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ നിയോഗിച്ച് സ്ഥിതിക്ക് അവരുടെ കൂട്ടായ അഭിപ്രായം അറിഞ്ഞശേഷം മാത്രമേ അനുരഞ്ജനം അവസാനിപ്പിച്ചതായുള്ള പ്രസ്താവന പുറപ്പെടുവിക്കാൻ പാടുണ്ടായിരുന്നുള്ളൂ. നിയമാവലിക്ക് വിരുദ്ധമായ ഒരു വിധി നടപ്പാക്കാൻ ഒരിക്കലും ഗവൺമെന്റ് കൂട്ടുനിൽക്കാൻ പാടില്ലാത്തിരുന്നു. ഞാൻ അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സന്ന്യാസിവര്യനാണ് ശാശ്വതികാനന്ദ സ്വാമികൾ. അദ്ദേഹത്തിനും ആ സമുദായത്തിനും ഏറ്റ ഈ വൻ ആഘാതത്തിൽ എനിക്ക് ഹൃദയവേദനയുണ്ടാവാത്ത ദിവസമാണ്. ശിവഗിരിയിൽ പൊലീസ് നടത്തിയതായി പറയപ്പെടുന്ന നഗ്നനായാട്ട് കേരളത്തിന് ഏറ്റവും വലിയ അപമാനം വരുത്തിവച്ചിരിക്കുകയാണ്---ഡൽഹിയിലേക്ക് തിരിക്കുംമുമ്പ് അദ്ദേഹം 'കേരളകൗമുദി'യോട് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 13

കേരളത്തിന്റെ ആദ്ധ്യാത്മിക ചരിത്രം മാപ്പു നൽകില്ല: ജസ്റ്റിസ് കൃഷ്ണയ്യർ

കൊച്ചി: ന്യായാധിപൻമാർ സാങ്കേതികമായ വശങ്ങളിൽക്കൂടി മാത്രം പരിശോധിക്കുന്നതിനപ്പുറം വിശാലവും വിശിഷ്ടവുമായ കാഴ്ചപ്പാടോടെ ഒരു മഹാനായ ദാർശനികന്റെ ഗുരുകുലമാണ് വിവാദ വസ്തുവായി തീർന്നിട്ടുള്ളതെന്ന് ഓർത്തിരുന്നുവെങ്കിൽ പൊലീസിന്റെ പ്രവേശനത്തിനു മുമ്പായി മറ്റു മാർഗ്ഗങ്ങൾ ഉണ്ടോ എന്നുകൂടി അന്വേഷിക്കാൻ തുനിയുമായിരുന്നില്ലേ എന്ന് തനിക്കു തോന്നുന്നതായി ശിവഗിരി സംഭവങ്ങളെ പരാമർശിച്ച് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പ്രസ്താവിച്ചു. 'കേരളകൗമുദി'യോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡൽഹിയിൽനിന്ന് ഇന്നലെ അദ്ദേഹം മടങ്ങിയെത്തിയതേയുള്ളൂ.

ശിവഗിരിയെപ്പോലുള്ള പരിപാവനമായ പ്രദേശത്തെ സംബന്ധിക്കുന്ന പ്രശ്നത്തിൽ സാധാരണഗതിയിലുള്ള ഒരു ഭൂമി തർക്കത്തിലോ സ്ഥാപന തർക്കത്തിലോ എന്നപോലെ പൊലീസിനെ പ്രവേശിപ്പിക്കുന്നത്, മറ്റെല്ലാ വിധത്തിലും കോടതിയുടെ തീരുമാനം ഫലപ്രദമായി നടപ്പിൽ വരുത്താൻ ശ്രമിച്ചു. പരാജയപ്പെട്ടശേഷം മാത്രമെ പാടുള്ളൂ എന്ന് കരുതിക്കൂടേ-കൃഷ്ണയ്യർ തുടർന്നു ചോദിച്ചു. ഡൽഹിയിലെ ഇമാമിനെ കോടതിയിൽ ഹാജരാക്കാൻ വേണ്ടി കേരള ഹൈക്കോടതി പുറപ്പെടുവിച്ച കല്പന നടപ്പിലാക്കാൻ വേണ്ടി പൊലീസിന്റെ ശക്തി പ്രയോഗിച്ചോ എന്നുള്ള ചോദ്യവും ഇവിടെ പ്രസക്തമാണെന്ന് കൃഷ്ണയ്യർ പറഞ്ഞു. ശിവഗിരിയിൽ ഒടുവിലത്തെ കൈയേറ്റക്കാരെ ഇറക്കിയത് കോടതിയുടെ നിർബന്ധപ്രകാരമാണോ എന്ന് തനിക്ക് പറയാൻ കഴിയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നാരായണ ഗുരുദേവൻ അഖില ലോക സമുദ്ധാരണത്തിനു വേണ്ടി ജീവിതകാലം മുഴുവൻ ദുഃഖം നിർവ്വഹിച്ച മഹാനായിരുന്നു. അദ്ദേഹത്തിന്റെ പാദസ്പർശം കൊണ്ട് ധന്യമായ ശിവഗിരി, പൊലീസ് ബൂട്ട്സ്കൊണ്ട് മലിനീകരിക്കപ്പെട്ട വാർത്ത എന്നെപ്പോലെ നാരായണഗുരുവിനെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന കോടിക്കണക്കിനാളുകളുടെ ഹൃദയങ്ങൾക്ക് തുളച്ചുകയറുന്ന വേദനയുണ്ടാക്കുന്നു. പൊലീസ് പ്രവേശനം എന്ന സംഭവത്തെക്കുറിച്ചല്ല ഞാൻ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നത്. കോടതിയുടെ കല്പന ഉണ്ടായിരിക്കാം. അതു നടപ്പിൽ വരുത്തേണ്ട ബാദ്ധ്യത ഗവൺമെന്റിനും ഉണ്ടായിരിക്കാം. എങ്കിലും കോടതിക്കും ഗവൺമെന്റിനും അതിലുമധികമായ ആത്മീയ പ്രപഞ്ചത്തിന്റെ യഥാർത്ഥ്യമാണ് നമ്മൾ ഈ ഘട്ടത്തിൽ കണക്കിലെടുക്കേണ്ടത്. സന്യാസിമാരെക്കുറിച്ചും പൊലീസുകാരെക്കുറിച്ചും ട്രസ്റ്റിമാരായി തിരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ചും പരിഹസിക്കുകയോ സ്തുതി പാടുകയോ ചെയ്തതുകൊണ്ട് കാര്യമില്ല. തീരാനഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ആത്മീയ ചൈതന്യം ഒരു കെടാവിളക്കായി പ്രശോഭിച്ചു കൊണ്ടിരുന്ന നാരായണ ഗുരുദേവന്റെ പരിപാവനമായ സ്മരണയുടെമേൽ കരിതിവെക്കുന്നതാണ് ചരിത്രം കണ്ടുകൊണ്ടിരിക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം കോടതി, നീതി നിർവ്വഹണകാര്യത്തിൽ പ്രഥമമായ സ്ഥാപനമാണെങ്കിലും, അതുപോലെ തന്നെ നീതി നിർവ്വഹണ പ്രക്രിയയിൽ കോടതിയെ സഹായിക്കാനുള്ള ഭൗതിക ബാദ്ധ്യത ഗവൺമെന്റിനു

(ശേഷം പേജ് 7, കോളം 6)

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 13

ആദ്ധ്യാത്മിക ചരിത്രം മാപ്പുനൽകില്ല

(ഒന്നാംപേജിൽനിന്നും തുടരുന്നു)

ഉണ്ടെന്ന് വരികിലും. നമ്മൾ ഈ സംഭവത്തിന്റെ സാക്ഷികളായി നിൽക്കുമ്പോൾ നമ്മളെ തെട്ടിപ്പി ക്കുന്ന വസ്തു ഈ രണ്ടു സ്ഥാപ നങ്ങൾക്കും അതീതമായ നാരാ യണ ഗുരുദേവന്റെ ചൈതന്യവ ത്തായ സാന്നിദ്ധ്യമാണ്. ഈ വി ഷ്ണത്തിൽ കൂടി പരിശോധി ക്കുമ്പോൾ ശാശ്വതികാനന്ദനും ശാ ശ്വതമല്ലാത്ത സന്യാസിമാരും ഈ സംഭവത്തിന് ഇടയാക്കിയ തന്ന കാ രണങ്ങളും എത്രതന്നെ ഗൗരവമു ള്ളവയായാലും കേരളത്തിന്റെ ആദ്ധ്യാത്മിക ചരിത്രം നമുക്ക് മാ പ്പുതരില്ല.

ഇത്തരമൊരു സംഭവം, അത്യാ പത്തിതം നമ്മുടെ നാട്ടിൽ നടന്നു എന്നുള്ളത് നമ്മെ എല്ലാവരെയും കുറ്റക്കാരാക്കിയിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഉത്കൃഷ്ടമായ ആദ്ധ്യാത്മിക ശ്രേഷ്ഠത, അതോ ടൊപ്പമുള്ള മൂല്യങ്ങൾ എന്നിവ പരമമായ നിധിയായി നമ്മൾ കാ ത്തുസൂക്ഷിച്ചിരിക്കുന്നു. ബാബ്റി മ സ്ജിദ് പള്ളി തകർത്തപ്പോൾ ഒരു കെട്ടിടം പൊളിച്ചു എന്നുള്ളതായി രുന്നില്ല നമ്മുടെ വികാരം. അതു പോലെ ശിവഗിരിയെ സംബന്ധി ച്ച് ഒരു കോടതിയുടെ കല്പന കൂ റെ പൊലീസുകാർ നടപ്പാക്കി അല്ലെങ്കിൽ നടപ്പിലാക്കാൻ ശ്രമി ച്ചു എന്നുള്ള സങ്കുചിതമായ വി ഷ്ണം വെടിഞ്ഞ് അത്തരം ഒരു സംഘർഷം ഉണ്ടാവാൻ കാരണ മെന്ത് എന്നും, ആ സംഘർഷം മൂലം അക്രമം പോലും ഉണ്ടാവാൻ ഇടയുണ്ടെന്നും ഉള്ളതായ ഭാ ഗങ്ങൾ ബന്ധപ്പെട്ട എല്ലാവരും ഓർക്കേണ്ടതായിരുന്നു. ഒരുപ ക്ഷേ ന്യായാധിപൻമാരും സാങ്കേ തികമായ വശങ്ങളിൽ കൂടി മാത്രം പരിശോധിക്കുന്നതിനപ്പുറം വിശാ ലവും വിശിഷ്ടവുമായ കാഴ്ചപ്പാ ടോടെ ഒരു മഹാനായ ദാർശനി കന്റെ ധന്യമായ ഗുരുകുലമാണ് വിവാദ വസ്തുവായിത്തീർന്നിട്ടുള്ള തെന്ന് ഓർത്തിരുന്നുവെങ്കിൽ പൊ ലീസിന്റെ പ്രവേശനത്തിനു മുൻ പായി മറ്റു മാർഗ്ഗങ്ങൾ ഉണ്ടോ എന്നുകൂടി ആരായാൻ തുനിയുമായിരുന്നില്ലേ എന്നെനിക്കു തോന്നു ന്നു. ബാബ്റി മസ്ജിദിന്റെ കാര്യ ത്തിൽ സുപ്രീംകോടതി തന്നെ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്നാണ് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചതെന്നും കൃഷ്ണയ്യർ ചൂ ണ്ടിക്കാട്ടി.

അതുപോലെ ശിവഗിരി പോ ലെയുള്ള എത്രയും പവനമായ പ്രദേശത്ത് സാധാരണഗതിയി ലുള്ള ഭൂമി തർക്കത്തിലോ, സ്ഥാ പനതർക്കത്തിലോ എന്നപോലെ പൊലീസിനെ പ്രവേശിപ്പിക്കുന്നത് റ്റെല്ലാവിധത്തിലും കോടതി തിരു മാനം ഫലപ്രദമായി നടപ്പിൽ വരു ത്താൻ ശ്രമിച്ചു പരാജയപ്പെട്ടാൽ, മാത്രമെ പാടുള്ളു എന്നു കരുതി ക്കൂടേ?

കാര്യത്തിന്റെ ഗൗരവം, ഉണ്ടാ കാനിടയുള്ള വൈഷമ്യങ്ങൾ, പ്ര ത്യാഘാതങ്ങൾ, പൊലീസ് അക്രമം തുടങ്ങിയ അവിഷ്യത്തുകൾ മുന്നിൽ കണ്ടുകൊണ്ട് ഗവൺമെന്റ് തന്നെ കോടതിയെ സമീപിച്ച് മറ്റുമാർ ഗ്ഗങ്ങൾ ആരായണമെന്ന് അപേ ക്ഷിച്ചിരുന്നുവെങ്കിൽ, ഒരുപക്ഷേ ബഹുമാനപ്പെട്ട ന്യായാധിപൻ തന്റെ നിർബന്ധത്തിന് അയവ് വ രുത്തിയേനെ എന്ന് താൻ കരുതു ന്നതായും കൃഷ്ണയ്യർ പറഞ്ഞു.

ഇനി നമ്മൾ എന്തു ചെയ്യണം

ആദ്യമായി അംഗീകരിക്കേണ്ടത് ശിവഗിരിയുടെ ആദ്ധ്യാത്മിക പ്രാ ധാന്യമാണെന്ന് അദ്ദേഹം തുടർ ന്നു പറഞ്ഞു. ഇതൊരു കമ്പനി യെ ച്ചൊല്ലിയുള്ള കേസ് അല്ല. ആഗോള വ്യാപ്തിയുള്ള ആരാധ കൻമാരുടെ വികാരത്തിൻമേൽ ആ ഘാതമേല്പിക്കുന്ന കാര്യമാണ്. അതുകൊണ്ടു തന്നെ ജാതി-മത ഭേദമെന്യേ ശ്രീനാരായണ ഗുരുദേ വന്റെ സ്മരണയുടെ മുന്നിൽ മാ പ്പപേക്ഷിച്ചുകൊണ്ട് കേരളത്തിലെ. അതുപോലെ തന്നെ കേരളത്തിന പ്പുറമുള്ള പുരോഗമിച്ച പൗരൻ മാർ സമാധാനപരമായും ഉന്നത മായ മൂല്യങ്ങൾ കണക്കിലെടുത്തു കൊണ്ടും ശിവഗിരി ധർമ്മസംഘ ത്തെ സംബന്ധിച്ചുള്ള ഒരു പുതിയ സ്കീം അനുരഞ്ജനമാർ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി 1995 ഒക്ടോബർ 13

ആദ്ധ്യാത്മിക ചരിത്രം മാപ്പുനൽകില്ല

(ഒന്നാംപേജിൽനിന്നും തുടരുന്നു)

ഗ്രഹത്തിൽ കൂടി നടപ്പാക്കാൻ ബന്ധപ്പെട്ട കക്ഷികളുമായി സംസാരിച്ച് പരിശ്രമിക്കുകയും തിരുമാനത്തിലെത്താൻ കഴിഞ്ഞാൽ അതു നടപ്പിലാക്കാൻ വേണ്ടി കോടതിയെ സമീപിക്കുകയും ചെയ്യുക എന്നതാവണം നമ്മുടെ എല്ലാവരുടെയും കർത്തവ്യം. ശിവഗിരിയെ 'ശവഗിരി' ആക്കാനുള്ള ഇന്നത്തെ പോക്ക് തടഞ്ഞില്ലെങ്കിൽ വഷളായ വിഷലിപ്തമായ വഴി അവിടെ നമ്മെ എത്തിക്കും. എന്നിക്ക് നാരായണ ഗുരുഭക്തന്മാരോടും ആ മഹാ ചൈതന്യത്തെ ആദരിക്കുന്നവരോടും ഒരു എളിയ അഭ്യർത്ഥനയേ ഉള്ളൂ. ഉടനടി ഇന്നങ്ങൾ മഹാസമ്മേളനം വിളിച്ചുകൂട്ടി ശാന്തമായി മഹത്തായ മൂല്യങ്ങളെ സംരക്ഷിക്കുന്ന വിധത്തിൽ ഒരു പോംവഴി കണ്ടെത്താനുള്ള ശ്രമം അടിയന്തരമായി തുടങ്ങുക എന്നുള്ളതാണ് അത്. ഈ പ്രവർത്തനത്തിൽ മുൻകൈയെടുക്കേണ്ടത് നമ്മുടെ നാട്ടിലെ മഹാൻമാരായ വ്യക്തികളും ചിന്തകൻമാരുമാണ്. അവരുടെ പിന്നിൽ അണിനിരക്കാൻ എന്നെപ്പോലെയുള്ള നിരവധി വ്യക്തികൾ ഉണ്ടാകുമെന്നുള്ളതിന് സംശയമില്ല. നമുക്ക് വൈകിക്കൂടാ.

കേരളകൗമുദിയോട് അഭ്യർത്ഥന

'കേരളകൗമുദി' പത്രം തന്നെ ഈ പ്രയാണത്തിന് ഇതിഹാസമായി മാറട്ടെ. മറ്റൊരു മാർഗ്ഗവും ഇന്ന കോടികളെ സമീപിക്കാൻ ഞാൻ കാണുന്നില്ല. ആത്മാർത്ഥമായും ആത്മീയമൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടും ഈ കാര്യത്തിൽ അടിയന്തരമായും നടപടി തുടങ്ങണമെന്ന് വിനീതമായി ഞാൻ എഡിറ്റർ ഇൻ ചീഫ് എം.എസ്. മണിയോട് വ്യക്തിപരമായും വിനീതമായും അഭ്യർത്ഥിക്കുന്നു. ഇന്നു തന്നെ വൈകിയിരിക്കുകയാണ്. നാളെ കൂടുതൽ കാര്യങ്ങൾ നമ്മുടെ കൈയിൽനിന്നു വഴുതിപ്പോകാൻ സാദ്ധ്യതയുള്ളതാണ്. കോടതിയെത്തന്നെ സമീപിച്ച് ഈ പ്രവർത്തനത്തിന് അനുമതിവാങ്ങാൻ തയ്യാറുള്ള മാന്യവ്യക്തികൾ ധാരാളം ഉണ്ടാവും. യശഃശ്ചായ അത്തരം ഒരു അപേക്ഷയെ കോടതിക്കും മുഖ്യമന്ത്രിക്കും തള്ളിക്കളയാനാവില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

DESHABHIMANI 1995 OCTOBER 5 PAGE 8

ശിവഗിരിട്രസ്റ്റ്: വിധി നടപ്പാക്കാൻ സംരക്ഷണം

കൊച്ചി, ക്ടോബർ 4: ശിവഗിരി എസ് എൻ ധർമസംഘം ട്രസ്റ്റിന്റെ ഭരണ കൈമാറ്റം സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിന് ആവശ്യമായ പൊലീസ് സഹായം നൽകാൻ അഡ്വ. ജനറൽ എസ് നാരായണൻപോറ്റി തിരുവനന്തപുരം പൊലീസ് സൂപ്രണ്ട്, ആറ്റിങ്ങൽ ഡി വൈ എസ് പി എന്നിവർക്ക് നിർദേശം നൽകി.

ഹൈക്കോടതി സർക്കാരിന് അനുവദിച്ച സമയപരിധിയായ ഒരുമാസവും ഒരാഴ്ചയും പിന്നിട്ടിട്ടും പ്രശ്നം പരിഹരിക്കാനാവാത്തതിനെ തുടർന്നാണ് അഡ്വക്കറ്റ് ജനറലിന്റെ നടപടി. ഭരണ കൈമാറ്റം നടത്താനുള്ള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് ആറ്റിങ്ങൽ സബ് കോടതി ആമീന് വേണ്ട പൊലീസ് സഹായം നൽകാനാണ് അഡ്വക്കറ്റ് ജനറലിന്റെ നിർദേശം.

മന്ത്രി കെ എം മാണി ശിവഗിരി അനുരഞ്ജനത്തിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി അംഗങ്ങളായ ധനമന്ത്രി സി വി പത്മരാജൻ, വനംമന്ത്രി കടവൂർ ശിവദാസൻ, വയലാർ രവി എന്നിവരുമായി ഈ വിഷയത്തെക്കുറിച്ച് ചർച്ചകൾ നടത്തിയിരുന്നു. ഇതു സംബന്ധിച്ച കേസിൽ സർക്കാർ കക്ഷിയല്ലാത്തതിനാൽ സർക്കാരിന് പരിമിതമായ റോൾ മാത്രമേ ഉള്ളൂവെന്ന് അഡ്വക്കറ്റ് ജനറൽ പറഞ്ഞു. ശിവഗിരി പ്രശ്നത്തെക്കുറിച്ച് സംസാരിക്കുന്നതിനായി മുഖ്യമന്ത്രിയെ ടെലിഫോണിൽ ബന്ധപ്പെട്ടപ്പോഴാണ് അനുരഞ്ജന ചർച്ചകൾ വിഫലമായെന്ന് അറിഞ്ഞതെന്ന് അഡ്വക്കറ്റ് ജനറൽ വ്യക്തമാക്കി.

നേരത്തെ ട്രസ്റ്റിന്റെ രക്ഷാകർതൃത്വം ഏറ്റെടുത്തു സർക്കാർ ഹൈക്കോടതിയിൽ അഡ്വക്കറ്റ് ജനറൽ മുഖേന സമർപ്പിച്ച ഹർജിയിൽ ഒരുമാസം സാവകാശം കിട്ടിയാൽ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് ഉറപ്പുനൽകിയിരുന്നു. പിന്നീട് ഒരാഴ്ചത്തെ സമയംകൂടി നീട്ടി ചോദിച്ചു. അന്ന് കേസിൽ കക്ഷി ചേരാതിരുന്നിട്ടും ഇതിലിടപെട്ട് ഹൈക്കോടതിയിൽ നിന്ന് സമയം തേടിയ സർക്കാരിന്റെ രേയൊരു ലക്ഷ്യം മുനിസിപ്പൽ-പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ കഴിഞ്ഞുകിട്ടുക എന്നതായിരുന്നു.

കേരള സർക്കാരിന്റെ സുപ്രീംകോടതിയിലെ സ്റ്റാൻഡിങ്ങ് കൗൺസിൽ എം ടി ജോർജിനെ നീക്കം ചെയ്തതു സംബന്ധിച്ച ആരോപണത്തെക്കുറിച്ച് മറുപടി പറഞ്ഞ അഡ്വക്കറ്റ് ജനറൽ എം ടി ജോർജിനെ സ്ഥാനത്തുനിന്നും നീക്കിയിട്ടില്ലെന്നും മുൻമന്ത്രി പിള്ളയും മറ്റും പ്രതിയായ ഗ്രാഫേറ്റ് കേസിലെ ഉത്തരവിനെതിരെ സുപ്രീംകോടതിയിലുള്ള കേസ് നടത്തുന്ന ചുമതലയിൽ നിന്നു മാത്രമേ ജോർജിനെ നീക്കിയിട്ടുള്ളൂവെന്നും വ്യക്തമാക്കി

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 8 ഞായർ പേജ് 12 വില 2 രൂപ 55 പൈസ.

ജാതിവികാരം ഇളക്കിവിടുന്നത് സത്യം മറയ്ക്കാൻ: ധർമ്മസംഘം

തിരു, ഒക്ടോ. 7: ശിവഗിരിമഠത്തിൽ നടന്നുവന്നിരുന്ന ക്രമക്കേട് പരസ്യമാകും എന്ന ഭയംകൊണ്ടാണ് ഹൈക്കോടതിവിധി നടപ്പാക്കുന്നതിനെ ചിലർ എതിർക്കുന്നതെന്ന് ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് സ്വാമി പ്രകാശാനന്ദയും ജനറൽ സെക്രട്ടറി സ്വാമി അമേയാനന്ദയും ട്രഷറർ സ്വാമി അമൃതാനന്ദയും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

എഴംഗ ബോർഡിൽ ഈഴവസമുദായത്തിൽപ്പെടാത്ത ഒരു കൈവല്യാനന്ദ മാത്രം ഉൾപ്പെടുന്നതുകൊണ്ട് കോടതിവിധി നടപ്പിലാക്കാൻ പാടില്ലെന്ന് പറഞ്ഞ് കോടതിവിധിക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്നവർ സ്വയം ലജ്ജിതരാവുകയാണ്. ഗുരുദേവന്റെ കസേരയിൽ കൈവല്യാനന്ദയെ ഇരുത്തുകയില്ലെന്ന എസ്എൻഡിപി യോഗം മുൻ ജനറൽസെക്രട്ടറി എ എസ് പ്രസ്താവനയിൽ പ്രസ്താവന നികൃഷ്ടമായ അജ്ഞതയിൽനിന്നും ഉളവായതാണ്.

1928-ൽ സന്ന്യാസിസംഘം രൂപീകരിക്കുമ്പോൾ സത്യവാനും ദീർഘദർശിയുമായ ഗുരുദേവൻ "സന്ന്യാസിമാരെ നിയമം രക്ഷിക്കും", എന്ന് അരുൾ ചെയ്തിരുന്നു. അതിന്റെ ഫലപ്രാപ്തിയാണ്. ഇപ്പോഴത്തെ കോടതിവിധി എന്നു പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നീതി നടപ്പാക്കാതിരിക്കാൻ ഗുരുദേവ ധർമ്മത്തെ കൂട്ടുപിടിക്കുന്നത് വഞ്ചനയും ആത്മഹത്യാപരവുമാണ്. ദീർഘകാലമായി ശിവഗിരിമഠത്തിലെ ഭരണാധികാരിയായിരുന്ന സ്വാമി ശാശ്വതികാനന്ദയുടെ ഭരണവൈകല്യങ്ങളെ ചോദ്യം ചെയ്യാനും തുറന്നുകാട്ടാനും ഒരുവിഭാഗം സന്ന്യാസിമാർ സധൈര്യം മുന്നോട്ടുവന്നതിന്റെ പരിണതഫലമാണ് കോടതിവിധി. ഈ വിധി നടപ്പിൽവന്നുകഴിഞ്ഞാൽ ശിവഗിരിയിൽ നടന്നുവന്നിരുന്ന ക്രമക്കേടുകൾ പരസ്യമാകും എന്ന് ഭയന്നാണ് വിധി നടപ്പാക്കുന്നതിനെ ചെറുക്കുന്നത്. ഇതിനുവേണ്ടി വസ്തുതകൾ ധരിയ്ക്കാത്തവരും തെറ്റിദ്ധരിക്കപ്പെട്ടവരുമായ ഗുരുദേവ ഭക്തന്മാരെ അന്ധപരമായി കരുക്കളാക്കുകയാണ്. പത്രധർമ്മം മറന്ന് ഒരു പത്രവും ഇതിനു കൂട്ടുനിൽക്കുകയാണ്. വ്യാജപ്രചാരണങ്ങളിലൂടെ സത്യത്തെ മൂടിവയ്ക്കാനും തെറ്റിദ്ധാരണകൾ പരത്താനും കൊണ്ടുപിടിച്ചു ശ്രമിക്കുകയാണ്. ഒരു വ്യക്തി നിയമത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പണവും അവിഹിതമായ സ്വാധീനങ്ങളും ഉപയോഗിച്ചു ചെയ്യുന്ന പ്രവർത്തനങ്ങളാണ് വാസ്തവത്തിൽ ശിവഗിരിക്ക് തിരാക്കളങ്കം ഉണ്ടാക്കുന്നത്.

കോടതിവിധിയുടെ വെളിച്ചത്തിൽ ധർമ്മസംഘത്തിന്റെ ഔദ്യോഗിക മാരേവാഹികളെ മൂന്നുതവണ തെരഞ്ഞെടുത്തിരുന്നു. ആ വിവരം നിലവിലുള്ള ഭരണസമിതിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. സ്വാമി കൈവല്യാനന്ദ അധികാരസ്ഥാനങ്ങളിൽനിന്ന് സ്വയം വിട്ടുനിന്നിരുന്നു. അസ്വസ്ഥതമൂലം

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 8 ഞായർ പേജ് 12 വില 2 രൂപ 55 പൈസ.

ളം വരുന്ന ധർമ്മസംഘത്തിൽ അന്യസമുദായത്തിൽപ്പെട്ട ചിലരെങ്കിലും അംഗങ്ങളായിരിക്കുന്നത് അഭിമാനകരമല്ല? ഗുരുദേവൻ സ്ഥാപിച്ച പന്ത്രണ്ടംഗ ധർമ്മസംഘത്തിൽ മറ്റെതോളം ഇതര സമുദായത്തിൽപ്പെട്ടവർ ഉണ്ടായിരുന്നു എന്നത് ഗുരുഭക്തന്മാർ ഓർക്കണം. ഗുരുദേവദർശനത്തിൽ ഒരു സമുദായത്തിനേ സ്ഥാനമുള്ളൂ. അത് മനുഷ്യസമുദായമാണ്. ശിവഗിരിയിൽ മരണക്കൈകാര്യം നടക്കുമെന്നുറപ്പായപ്പോൾ മാത്രമാണ് ജാതിവികാരം പൊങ്ങിയതെന്ന് ഭക്തജനങ്ങൾ ഓർക്കണം.

സ്കീം അനുസരിച്ച് മരണം നടത്തുന്നതിനുള്ള ഒരു ബോഡി നിലവിലുണ്ടെന്ന് ബഹുമാനപ്പെട്ട കോടതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അധികാരമൊഴിയുന്നതിന് ഉത്തരവായത്. അയത് സുപ്രീംകോടതിയും അംഗീകരിച്ചിട്ടുണ്ട്. വിധി വന്നതിനുശേഷം അധികാരമൊഴിയാതെ ഒരാൾ രാജിവെച്ചുവെന്നു പറയുന്നത് അപ്രസക്തമാണ്.

പൈലോട്ടോടിയുടെ നിർദ്ദേശമനുസരിച്ച് നാലുപേരെക്കൂടി കോ-ഓപ്പ്റ്റു ചെയ്തിട്ടുണ്ട്. അതിനാൽ ഇപ്പോൾ പതിനാറംഗ ട്രസ്റ്റിയുണ്ട്. കോ-ഓപ്റ്റ് ചെയ്യപ്പെട്ട നാലുപേരും ബ്രഹ്മവിദ്യാലയത്തിൽനിന്നും അധ്യയനം പൂർത്തിയാക്കി സന്ന്യാസം സ്വീകരിച്ച് ദീർഘകാലം ശിവഗിരിയിലും ശാഖാ സ്ഥാപനങ്ങളിലും സേവനം ചെയ്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്. ശാശ്വതികാനന്ദസ്വാമികളുടെ 'മരണവൈകല്യങ്ങളെ ചൂണ്ടിക്കാണിച്ചതിന്റെ പേരിൽ ഇതിൽ പലരും പീഡനത്തിനു വിധേയരായിട്ടുണ്ട്. അത് ഇന്നും തുടരുന്നു. വളരെ സംഘടിതമായ ശ്രമം നടത്തിയിട്ടും കോടതി വിധിയെ നിഷേധിക്കുന്നതിന് ആളെക്കിട്ടാത്ത സ്ഥിതിവിശേഷമാണ് ശിവഗിരിയിലുള്ളത്. സ്വാർത്ഥമോഹികളായ ചിലരും കുപ്രചാരണങ്ങളാൽ തെറ്റിദ്ധരിക്കപ്പെട്ട മറ്റു ചിലരും മാത്രമേ ഇവരോടൊപ്പം അണിചേരാനുള്ളൂ. എസ്എൻഡിപി യോഗം അനുരജ്ഞനവുമായി മുന്നോട്ടുവന്നപ്പോൾ നിസ്സഹകരിച്ചവരാണ് ഇപ്പോൾ അനുരജ്ഞനം എന്ന വ്യാജേന കോടതിവിധിയ്ക്കു തുരങ്കം വയ്ക്കാൻ ശ്രമിക്കുന്നത്.

പത്രമാധ്യമങ്ങളിൽക്കൂടി വെട്ടിപ്പിന്റെയും തട്ടിപ്പിന്റെയും തട്ടിക്കൊണ്ടുപോകലിന്റെയും കൊലപാതകശ്രമങ്ങളുടെയും മറ്റും വിവാദപുരുഷനായിത്തീർന്നിരിക്കുന്ന ഒരു വ്യക്തിയുടെ സംരക്ഷണത്തിനുവേണ്ടി മാത്രമാണ് ഭക്തജനങ്ങളെ പ്രകോപിതരാക്കി ശിവഗിരിയിൽ സംഘർഷം സൃഷ്ടിച്ചിരിക്കുന്നത്. ഗുരുദേവഭക്തന്മാർ സത്യത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി ശിവഗിരിയുടെ പവിത്രതയെ കാത്തുസൂക്ഷിക്കുവാൻ [illegible] അപേക്ഷിക്കുന്നതോടൊപ്പം അവിടത്തെ അന്തരീക്ഷം കലുഷമാക്കുവാൻ അധാർമ്മിക പ്രവർത്തികളുമായി ബന്ധപ്പെട്ട് മഹാപാപത്തിനും ഗുരുദ്രോഹത്തിനും തുനിയരുതേയെന്നും സ്വാമിമാർ അഭ്യർഥിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 8 ഞായർ പേജ് 12 വില 2 രൂപ 55 പൈസ.

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരി: വിധി നടപ്പാക്കാൻ നാട്ടുകാരുടെ പ്രകടനം

വർക്കല, ഒക്ടോ. 7: ശിവഗിരിമഠം ഭരണത്തെ സംബന്ധിച്ച ഹൈക്കോടതിവിധി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു ശിവഗിരിയിൽ ഒരു വിഭാഗം നാട്ടുകാർ ശനിയാഴ്ച പ്രകടനം നടത്തി. അതേസമയം കോടതിവിധി നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ട് എസ് മോഹൻശങ്കർ ശിവഗിരിയിൽ അനിശ്ചിതകാല നിരാഹാരം തുടങ്ങി.

സ്വാമി ശാശ്വതീകാനന്ദയുടെ നേതൃത്വത്തിലുള്ള ഭരണസമിതി തുടരണമെന്ന ആവശ്യത്തിനുവേണ്ടി മഠത്തിലും പരിസരത്തുമായി അഞ്ഞൂറോളം പേരെ സംഘടിപ്പിച്ചു വർത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ നിന്നും വന്നവരാണിവർ. മഠംവക ഊട്ടുപുരയിൽനിന്നും ഇവർക്കു ഭക്ഷണം നൽകുന്നുണ്ട്. ശാശ്വതീകാനന്ദ, ബി വിജ്ഞിംടൺ എന്നിവരാണ് ശനിയാഴ്ച പകൽ മേൽനോട്ട പ്രവർത്തനം നടത്തിയത്.

കോടതിവിധി നടപ്പാക്കാൻ ആവശ്യപ്പെട്ടു വർക്കലയിൽ നടന്ന പ്രകടനത്തിൽ നാട്ടുകാരായ ഇരുന്നൂറോളംപേർ പങ്കെടുത്തു. കോൺഗ്രസുകാരനും എസ്എൻഡിപി യോഗം നേതാവുമായ രഘുനാഥൻ നേതൃത്വം നൽകി. വട്ടപ്ലാമൂടുനിന്നും ആരംഭിച്ച പ്രകടനം പാലച്ചിറ, പുത്തൻചന്ത, വർക്കല മൈതാനം, റെയിൽവേസ്റ്റേഷൻ വഴി ശിവഗിരിക്കു സമീപത്തെ മട്ടിൻമൂട് ജംഗ്ഷനിലെത്തി സമാപിച്ചു. കോടതിവിധി തിങ്കളാഴ്ച എങ്കിലും നടപ്പാക്കിയില്ലെങ്കിൽ രൂക്ഷമായ സമരം ആരംഭിക്കുമെന്ന് പ്രകടനത്തിനു നേതൃത്വം നൽകിയവർ പറഞ്ഞു. കോടതിവിധിക്ക് എതിരെ ശിവഗിരിയിൽ ഉപവാസം നടക്കുന്നതു കാരണം സംഘർഷം ഒഴിവാക്കാനാണ് പ്രകടനം മട്ടിൻമൂട്ടിൽ അവസാനിപ്പിച്ചത്.

ഇപ്പോൾ ശിവഗിരിയിൽ ഒരു സംഘർഷ സ്ഥിതിയും ഇല്ല. പൊലീസ് സംഘംപോലും ഇവിടെ ക്യാമ്പുചെയ്യുന്നില്ല. എന്നാൽ പൊലീസ് നടപടി ഉണ്ടായാൽ തടുക്കാൻ എന്നപേരിൽ ശാശ്വതീകാനന്ദയും അദ്ദേഹത്തെ അനുകൂലിക്കുന്ന വിഭാഗക്കാരും ആളുകളെ കൂട്ടുകയാണ്. ഒരു കോടതിവിധി തെറ്റാണെങ്കിൽ അത് കോടതിയെ ബോധ്യപ്പെടുത്തി തിരുത്തുകയാണ് മാർഗമെന്നും അതല്ലാതെ നിയമസംവിധാനത്തെ തകർക്കാൻ ജാതിവികാരം [illegible] ശ്രമിക്കുന്നത് ആപത്കരമാണെന്നും ഒരു ഉന്നത എസ്എൻഡിപി യോഗം നേതാവ് പറഞ്ഞു.

എസ്എൻഡിപി യോഗത്തിന്റെ നിലവിലുള്ള ഭാരവാഹികൾ, ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിൽ ശാശ്വതീകാനന്ദയുടെ ഭരണം തുടരുന്നതിന് എതിരാണ്. കോടതിവിധി നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടു ശനിയാഴ്ച ഉപവാസം തുടങ്ങിയ മോഹൻശങ്കർ എസ്എൻഡിപി യോഗം ഡയറക്ടർബോർഡ് അംഗങ്ങളിൽ ഒരാളാണ്.

ശേഷം പേജ് 5 കോളം 4

ശിവഗിരി

ഒന്നാം പേജിൽ നിന്ന്

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 9 തിങ്കൾ പേജ് 8 വില 2 രൂപ 50 പൈസ.

ശിവഗിരി ശാന്തം

തിരു, ഒക്ടോ. 8: വർക്കല ശിവഗിരിമഠത്തിൽ കോടതിവിധി നടപ്പാക്കുന്നതിനെതിരേ ആർ ശങ്കറുടെ മകൻ എസ് മോഹൻശങ്കർ ആരംഭിച്ച നിരാഹാരസമരം ഞായറാഴ്ചയും തുടർന്നു. കേരളകൗമുദി പത്രാധിപർ എം എസ് മണിയും എസ് എൻഡിപി നേതാക്കളും സത്യഗ്രഹിയെ സന്ദർശിച്ചു.

ശാശ്വതീകാനന്ദയെ അനുകൂലിക്കുന്ന വിഭാഗം ഗുരുധർമ്മപ്രചാരസഭ എന്ന പേരിൽ ശിവഗിരിയിൽ പ്രഭാഷണപരമ്പരയും തുടങ്ങി. ഇത് ഒക്ടോബർ പത്തുവരെ തുടരുമെന്ന് സംഘാടകർ അറിയിച്ചു. പൊലീസ് സ്ഥലത്തുണ്ടെങ്കിലും ഇതുവരെ ഇടപെടേണ്ടിവന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 11 ബുധൻ പേജ് 8 വില 2 രൂപ 50 പൈസ.

കോടതിവിധി നടപ്പാക്കുക തന്നെ വേണം: ധർമ്മസംഘം

സ്വന്തം പ്രതിനിധി

തിരു, ഒക്ടോ. 10: ഹൈക്കോടതി വിധി പ്രകാരമുള്ള അധികാര കൈമാറ്റമല്ലാതെ യാതൊരു തരത്തിലുള്ള അനുരഞ്ജനത്തിനും തങ്ങൾ ഒരുക്കമല്ലെന്ന് ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡണ്ട് സ്വാമി പ്രകാശാനന്ദ, സെക്രട്ടറി അമേയാനന്ദ, ട്രഷറർ അമൃതാനന്ദ എന്നിവർ പത്രലേഖകരോട് പറഞ്ഞു.

ക്രിമിനൽ കേസ്സുകൾ ഉൾപ്പെടെ നിരവധി കേസ്സുകളിൽ പ്രതിയായ ശാശ്വതികാനന്ദ ശിക്ഷാനടപടികളിൽ നിന്നും തടിതപ്പുന്നതിനുവേണ്ടി മഠാധിപതിസ്ഥാനം നിലനിർത്തുന്നതിനുള്ള ശ്രമമാണ് നടക്കുന്നതെന്ന് അവർ പറഞ്ഞു. ശാശ്വതികാനന്ദയുടെ ഈ ശ്രമത്തിന് ജാതിയും മതവും പറഞ്ഞു ശ്രീനാരായണദർശനങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ചില തൽപരകക്ഷികൾ ഒത്താശചെയ്യുകയാണെന്ന് പ്രകാശാനന്ദ ആരോപിച്ചു.

സന്യാസിമാർക്കും നിയമം പരിരക്ഷ നൽകുമെന്നാണ് ശ്രീനാരായണഗുരു പറഞ്ഞത്. ഞങ്ങൾ നിയമത്തിലും ധർമ്മത്തിലും നീതിയിലും വിശ്വസിക്കുന്നു. ഗുരുവിന്റെ സമാധികൊണ്ട് പവിത്രമായ ശിവഗിരി കൊള്ളരുതാത്തവരുടെ കാൽക്കീഴിൽ അമരുന്നത് അനുവദിക്കാനാകില്ല. കോടതി ഉത്തരവ് നടപ്പാക്കുന്ന ഘട്ടത്തിൽ ഗുരുദേവവിശ്വാസത്തിന്റെ പിൻബലത്തിൽ നിരായുധരായി ഞങ്ങൾ ശിവഗിരിയിൽ പോകും. ഗുണ്ടകളുടെയും സമൂഹവിരുദ്ധ

ശേഷം പേജ് 5 കോളം 2

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി

കോടതിവിധി നടപ്പാക്കണം

ഒന്നാം പേജിൽ നിന്ന്

രുടെയും കായികശക്തി ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. അന്ന് എന്ത് അനിഷ്ടസംഭവമുണ്ടായാലും അതിന് ഗവൺമെന്റും ശാശ്വതികാനന്ദയും ഉത്തരവാദികളായിരിക്കും- പ്രകാശാനന്ദ പറഞ്ഞു.

ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ബോർഡിന്റെ ഭരണക്രമമനുസരിച്ചും നിയമാവലി അനുസരിച്ചും തെരഞ്ഞെടുക്കപ്പെട്ടവരാണ് ശാശ്വതികാനന്ദ ഉൾപ്പെടെ നിലവിലുള്ള ബോർഡംഗങ്ങളെന്ന് അദ്ദേഹം പറഞ്ഞു. മിനിമം എഴുപേരും പരമാവധി 11 പേരും ബോർഡിലുണ്ടാവണമെന്നാണ് നിയമം. തെരഞ്ഞെടുക്കപ്പെട്ടവരിൽ ശാശ്വതികാനന്ദ ഒഴികെയുള്ള പത്തുപേരും ബോർഡിലുണ്ട്. ആ സ്ഥിതിക്ക് നിയമാവലി അനുസരിച്ചുള്ള ബോർഡല്ലെന്ന വാദം അടിസ്ഥാനരഹിതമാണ്.

നിയമം അനുശാസിക്കുന്ന തരത്തിലുള്ള ബോർഡായതു കൊണ്ടാണ് ഹൈക്കോടതിയും സുപ്രീംകോടതിയും സാധുത്വമുണ്ടെന്ന് പ്രഖ്യാപിച്ചത്. കോടതിവിധി കണ്ടില്ലെന്നു നടിച്ചുകൊണ്ടാണ് ഒരുപക്ഷം ഉൾപ്പെടെ ചിലർ ജാതിക്കളി നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ട്രസ്റ്റ് ബോർഡ് സ്കീം അനുസരിച്ച് നിലവിൽവന്ന സമിതി ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി കഴിഞ്ഞവർഷം ആഗസ്റ്റ് 10-ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം ശാശ്വതികാനന്ദ സ്റ്റേ ചെയ്തതോടെയാണ് ശിവഗിരിയിൽ പ്രശ്നങ്ങളുടെ ആരംഭം. തനിക്ക് മേധാവിത്വം ലഭിക്കില്ലെന്നുറപ്പായതാണ്, ശാശ്വതികാനന്ദയെ കോടതിയിടപെടാൻ പ്രേരിപ്പിച്ചത്. പ്രകാശാനന്ദ പറഞ്ഞു.

23-ാം വയസ്സിൽ ശിവഗിരിയിലെത്തിയ ആളാണു ഞാൻ. ഇപ്പോൾ 72 വയസ്സായി. ഇതുവരെയും വഴിവിട്ട രീതിയിൽ ആരെയും കണ്ടിട്ടില്ല. സ്കൂൾ മാനേജരായ വെള്ളിഗിരണ് സംഭാവനയായി ലഭിച്ച പണം സ്വന്തം പേരിൽ ബാങ്കിൽ നിക്ഷേപിച്ച കാര്യം ശാശ്വതികാനന്ദ തന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. ബ്രഹ്മവിദ്യാലയത്തിൽനിന്നും ഒളിച്ചോടിയ ശശി എന്ന ശാശ്വതികാനന്ദയ്ക്കും പുനഃപ്രവേശനം നൽകിയത് അന്ന് സെക്രട്ടറിയായിരുന്ന ഞാനാണ്. '79-ൽ ശാശ്വതികാനന്ദ ബോർഡിൽ വരുമ്പോൾ അദ്ദേഹം സന്ന്യാസം സ്വീകരിച്ചിട്ട് മൂന്നുമാസമേ ആയിട്ടുള്ളൂ- പ്രകാശാനന്ദ പറഞ്ഞു.

പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് മധ്യസ്ഥനെന്ന നിലയിൽ വന്ന മന്ത്രി കടവൂർ ശിവദാസൻ ശാശ്വതികാനന്ദയ്ക്കനുകൂലമായാണ് വാദിച്ചത്. ശാശ്വതികാനന്ദയുടെ ഏജന്റിനെപ്പോലെ സംസാരിച്ച അദ്ദേഹം കോടതിവിധി നടപ്പാക്കിയാൽ തുടർന്ന് യാതൊരു വിധ സംരക്ഷണവും ലഭിക്കുകയില്ലെന്നാണ് പറഞ്ഞത്. നിയമം നടപ്പാക്കാൻ ബാധ്യസ്ഥനായ ഒരു മന്ത്രിയാണിതു പറഞ്ഞത്.

പ്രശ്നം ഇത്രത്തോളം വഷളാക്കിയത് ഗവൺമെന്റാണ്. അഞ്ചുരൂപണ നോട്ടുകൾ മുഖ്യമന്ത്രിയെ കണ്ടു. കോടതി ഉത്തരവിന്റെ പകർപ്പു നൽകി പഠിക്കണം എന്ന് പറയാനുള്ളതൊന്നും കണ്ടോണ്ടിനും അദ്ദേഹം തയ്യാറായില്ല.

സവർണഹാസിസ്റ്റുകൾ ശിവഗിരി കയ്യടക്കാൻ പോകുന്നുവെന്ന പ്രചാരണം അബദ്ധവും ദുരുദ്ദേശപരവുമാണ്. 1978 മുതൽ ശിവഗിരിയിൽ കഴിയുന്ന സ്വാമി ചൈതന്യാനന്ദയെയാണ് ഇപ്പോൾ സവർണ ഫാസിസ്റ്റായി വ്യാഖ്യാനിക്കുന്നത്. മഠത്തിൽ നടമാടിയ അഴിമതിയെ ചോദ്യം ചെയ്തതിന്റെ പേരിലാണ് ഇദ്ദേഹത്തെ ഫാസിസ്റ്റാക്കി ചിത്രീകരിച്ചിരിക്കുന്നത്.

ഗുരുദേവ ആദർശങ്ങളുടെയോ സവർണതയുടെയോ ഫാസിസ്റ്റതയോ പറയുന്നത് എന്താണെന്നുപോലും തനിക്ക് അറിയില്ലെന്ന് പ്രതിഷേധിയായി പേർന്നപ്പോഴോ അതിനുശേഷം സന്ന്യാസം സ്വീകരിച്ചപ്പോഴോ ആരും തന്നെ ജാതി ചോദിച്ചിട്ടുണ്ടെന്ന് അദ്ദേഹം ദൃഢതയോടെ പറഞ്ഞു.

ശാശ്വതികാനന്ദസ്വാമി സുപ്രീംകോടതിയിൽ പറയാൻ പോയ സീനിയർ ലീഡ് പെറ്റീഷൻ കോൺസൽ നിരാകരിച്ചതിനുശേഷമാണ് സവർണഫാസിസ്റ്റുകൾ ശിവഗിരി കൈയടക്കാൻ ശ്രമിക്കുന്നുവെന്ന പ്രചാരണം ആരംഭിച്ചതെന്ന് സ്വാമി അമൃതാനന്ദ പറഞ്ഞു.

ശാശ്വതികാനന്ദയോടൊപ്പം ബ്രഹ്മവിദ്യാലയത്തിൽ നിന്നിറങ്ങിപ്പോയിരിക്കുകയും പിന്നീട് സന്ന്യാസം സ്വീകരിക്കുകയും ചെയ്ത സുധാനന്ദ, നിത്യാനന്ദ, അമൃതാനന്ദ എന്നിവരെ പലപ്പോഴായി മഠത്തിൽനിന്നും പുറത്താക്കിയിട്ടുണ്ട്.

അഴിമതിക്കും മറ്റു കൊള്ളരുതായ്മകൾക്കും എതിരെ സംസാരിച്ചവരെ എന്നെ ചോറ് തിന്നിട്ട് എന്നെ എന്നിൽ കുത്തുന്നോടോ എന്നാണ് ശാശ്വതികാനന്ദ ചോദിക്കുന്നത്. ശിവഗിരിമഠം ആരുടെയും കുടുംബസ്വത്തല്ല. ശാന്തമായ അന്തരീക്ഷം പുനഃസ്ഥാപിക്കാൻ സന്ന്യാസിമാർ തയ്യാറാകണം. സന്ന്യാസിമാർ പറഞ്ഞു.

മാരകായുധങ്ങളുമായി കൂടാതെ ബോർഡംഗങ്ങളായ നിത്യാനന്ദ, പ്രീതാത്മാനന്ദ, കൈവല്യാനന്ദ, നിരുദ്ധാത്മാനന്ദ, സച്ചിദാനന്ദ, സുധാനന്ദ, അരുമാനന്ദ, എന്നിവരും പ്രാനന്ദ സന്നിഹിതരായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

Ext.No.P14 (9) dt. 12-10-95

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 12 വ്യാഴം പേജ് 8 വില 2 രൂപ 50 പൈസ

• ശിവഗിരിയിലെ പുണ്യഭൂമി യുദ്ധക്കളമായി മാറി. • ലാത്തിച്ചാർജ്, ടിയർഗ്യാസ്, കല്ലേറ് കത്തിക്കുത്ത്. • സന്യാസിമാരും പൊലീസും അടക്കം 150 പേർക്കു പരിക്ക്. • കോടതിവിധി നടപ്പാക്കി. • പുതിയ ഭരണസമിതിയെ അധികാരം ഏൽപ്പിച്ചു. • ശിവഗിരിയിലും പരിസരത്തും നിരോധനാജ്ഞ. സംഘർഷം തുടരാൻ സാധ്യത.

ശിവഗിരിയിൽ സംഘട്ടനം നിരവധിപേർക്ക് പരിക്ക്

സ്വന്തം പ്രതിനിധി

തിരു, ഒക്ടോ. 11: വർക്കല ശിവഗിരി മഠത്തിൽ ഹൈക്കോടതി വിധി നടപ്പാക്കാനെത്തിയ പൊലീസും അതിനെ എതിർത്തവരും തമ്മിൽ ബുധനാഴ്ച പുലർച്ചെയുണ്ടായ ഏറ്റുമുട്ടലിൽ നൂറ്റമ്പതോളം പേർക്ക് പരിക്കേറ്റു. സന്യാസിമാരും പൊലീസുകാരുമടക്കം 139 പേർ വിവിധ ആശുപത്രികളിലുണ്ട്. മൂന്നു മണിക്കൂർ നീണ്ട ലാത്തിച്ചാർജിനും ടിയർഗ്യാസ് പ്രയോഗത്തിനും ശേഷം കോടതിവിധി പ്രകാരം അധികാരമേൽപ്പിക്കേണ്ട സ്വാമിമാരെ പൊലീസ് മഠത്തിനുള്ളിലെത്തിച്ചു. ഈ സമയത്തെല്ലാം പൊലീസിനുനേരെ കല്ലേറുമുണ്ടായി.

കാലത്ത് അഞ്ചുമണിയോടെയാണ് തിരുവനന്തപുരത്തുനിന്നും കൊല്ലത്തുനിന്നുമെത്തിയ പൊലീസ് ശിവഗിരി കുന്നുകൾ വളഞ്ഞത്. പാലച്ചിറ, മട്ടിൻമൂട്, പുത്തൻചന്ത, തുരപ്പിൻമുഖം, ശിവഗിരി കോളേജ് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് ആയിരത്തിഇരുനൂറോളം പൊലീസുകാർ മഠം നാലുവശത്തുനിന്നും വലയംചെയ്തു. ഈ സമയം പിഡിപി പ്രവർത്തകരും ശാശ്വതീകാനന്ദയെ അനു

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി

1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ സംഘട്ടനം

കൂലിക്കുന്ന എസ്എൻഡിപി നേതാക്കളും സ്വാമിമാരുമായി രണ്ടായിരത്തോളം പേർ മഠത്തിന്റെ വളപ്പിലുണ്ടായിരുന്നു. ജനക്കൂട്ടത്തോട് പിരിഞ്ഞുപോകണമെന്ന് മൈക്കിലൂടെ പൊലീസ് ആവശ്യപ്പെട്ടു. കോടതിവിധി നടപ്പാക്കരുതെന്നാവശ്യപ്പെട്ട് മോഹൻശങ്കർ നിരാഹാരസമരം നടത്തിയിരുന്ന പന്തലിലും മൈക്കുണ്ടായിരുന്നു. പൊലീസ് മഠം പിടിച്ചെടുക്കാൻ വരികയാണെന്നും ചെറുക്കണമെന്നും ആ മൈക്കിലൂടെ ആഹ്വാനം മുഴങ്ങി.

പിന്നീട് വൈദ്യുതിബന്ധം നിലച്ചതോടെ പൊലീസിന്റെ ഹാൻഡ്മൈക്കിലൂടെയുള്ള അറിയിപ്പുകൾ മാത്രമേ കേൾക്കാൻ കഴിയുമായിരുന്നുള്ളൂ. പൊലീസ്വ്യൂഹം നീങ്ങിത്തുടങ്ങിയതോടെ ജനക്കൂട്ടത്തിൽനിന്ന് മുളകുപൊടിയും കല്ലും പൊലീസിനുനേരെ പാഞ്ഞു. പൊലീസ് പൊടുന്നനെ ലാത്തിച്ചാർജ് തുടങ്ങി. ശാരദാമഠം, ശിവഗിരി ട്രസ്റ്റ് ആപ്പീസ്, വൈദികമഠം, ഗസ്റ്റ്ഹൗസ് എന്നിവിടങ്ങളിലൊക്കെ പാഞ്ഞുകയറിയ പൊലീസ് കണ്ണിൽകണ്ടവരെയൊക്കെ തല്ലി. ഇതിനിടെ ഒരു പൊലീസുകാരന്റെ കാലിൽ ശൂലംകൊണ്ട് കുത്തേറ്റു. ശൂരനാട് എസ് ഐ പ്രകാശിന് തലയ്ക്ക് വെട്ടേറ്റു. അടികൊണ്ടോടിയ ചിലർ മഹാസമാധിയ്ക്കു പിന്നിലെത്തി വീണ്ടും കല്ലെറിഞ്ഞു. പക്ഷേ പൊലീസ് അവിടേയ്ക്കു കടന്നില്ല.

ലാത്തിച്ചാർജും ടിയർഗ്യാസ് പ്രയോഗവുംകൊണ്ട് ജനക്കൂട്ടം ചിതറിഓടിയപ്പോൾ 6.50ന് ശാശ്വതീകാനന്ദ വിരുദ്ധ വിഭാഗത്തിലെ എട്ടു സ്വാമിമാരെ പൊലീസ് മഠത്തിനുള്ളിലേക്കെത്തിച്ചു. പുതിയ പ്രസിഡണ്ട് സ്വാമി പ്രകാശാനന്ദ, സെക്രട്ടറി സ്വാമി അമേയാനന്ദ, സ്വാമി അമൃതാനന്ദ, സ്വാമി സുധാനന്ദ, സ്വാമി വിശുദ്ധാനന്ദ, സ്വാമി പ്രീതാത്മാനന്ദ, സ്വാമി വിശുദ്ധാത്മാനന്ദ, സ്വാമി കൈവല്യാനന്ദ എന്നിവരും ആമീനുമാണ് പൊലീസ് സംരക്ഷണത്തോടെ ഉള്ളിൽ കടന്നത്. ഏതാനും സമയം ട്രസ്റ്റ് ആപ്പീസിൽ ചെലവിട്ടശേഷം ഇവരെ പൊലീസ് പുറത്തെത്തിച്ചു. ആപ്പീസ് പൂട്ടി താക്കോൽ സ്വാമി പ്രകാശാനന്ദയെ പൊലീസ് ഏൽപ്പിച്ചു. വിധി നടപ്പാക്കിയതായി ഹൈക്കോടതി രജിസ്ട്രാറെ. പൊലീസ് അറിയിക്കുകയും ചെയ്തു.

മഠത്തിന്റെ വളപ്പിൽനിന്ന് ഒട്ടേറെ ആയുധങ്ങൾ പൊലീസ് പിടികൂടി. ചാക്കിൽ നിറച്ചു സൂക്ഷിച്ചിരുന്ന കല്ലുകൾ, മുളകുപൊടി, കുറുവടികൾ, വാൾ, കത്തികൾ എന്നിവയൊക്കെ പൊലീസിന്റെ കസ്റ്റഡിയിലുണ്ട്. കളക്ടർ, റൂറൽ എസ് പി, എഡിഎം, ഡെപ്യൂട്ടി കളക്ടർമാർ, ആറ്റിങ്ങൽ-നെയ്യാറ്റിൻകര ഡിവൈഎസ്പിമാർ, നെടുമങ്ങാട് എഎസ്പി തുടങ്ങിയവരൊക്കെ സംഭവസ്ഥലത്തുണ്ടായിരുന്നു.

പൊലീസും ജനങ്ങളുമായി ഏറ്റുമുട്ടൽ നടക്കുമ്പോൾ സ്വാമി ശാശ്വതീകാനന്ദയും മറ്റേതാനും സ്വാമിമാരും മഠത്തിന്റെ മുകൾ നിലയിലുണ്ടായിരുന്നു. പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരിൽ എസ്എൻഡിപി യോഗം മുൻ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരിൽ എസ്എൻഡിപി യോഗം മുൻ ജനറൽ സെക്രട്ടറി എ എസ് പ്രതാപ്സിംഗ്, നെടുമങ്ങാട് യൂണിയൻ പ്രസിഡണ്ട് കാവിയാട് മാധവൻകുട്ടി, ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എൻ വേണുഗോപാൽ, പിഡിപി ജനറൽ സെക്രട്ടറി എസ് സുവർണകുമാർ, സന്ന്യാസിമാരായ സ്വാമി അസ്പൃശ്യാനന്ദ, സ്വാമി സുഖാകാശ സരസ്വതി, സ്വാമി ചിന്മയാനന്ദ സരസ്വതി, സ്വാമി ശ്രീനാരായണ തീർഥ, സ്വാമി പവിത്രാനന്ദ, സ്വാമി രത്നതീർഥ തുടങ്ങിയവർ ഉൾപ്പെടുന്നു.

കോടതി വിധി നടപ്പാക്കേണ്ടത് ഗവൺമെണ്ടിന്റെ ഉത്തരവാദിത്തമാണെന്ന് അഡ്വക്കറ്റ് ജനറൽ ഉപദേശിച്ചതനുസരിച്ചാണ് ശിവഗിരിയിൽ പൊലീസ് ഇടപെട്ടതെന്ന് ഔദ്യോഗികവൃത്തങ്ങൾ വ്യക്തമാക്കി.

ശിവഗിരിയിൽ സംഘർഷാവസ്ഥ ഒഴിവാക്കാനായിരുന്നു പൊലീസ് ശ്രമം. എന്നാൽ പൊലീസിനുനേരെ അക്രമം കാട്ടിയതാണ് പ്രശ്നങ്ങൾ വഷളാക്കിയതെന്ന് ഒരു ഉയർന്ന പൊലീസുദ്യോഗസ്ഥനും വ്യക്തമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

Ext.P2(21) dt. 12-10-95

ദേശാഭിമാനി 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയുടെ പരിശുദ്ധി മാനിക്കണം: നായനാർ

LIBRARY ARCHIVES Kerala Legislative Assembly

തിരു, ഒക്ടോ. 11: ശിവഗിരിയിലെ തർക്ക പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാനും പരിശുദ്ധി കാത്തുസൂക്ഷിക്കാനും ശ്രീനാരായണപ്രസ്ഥാനത്തിന്റെ പ്രവർത്തകർ തയ്യാറാവണമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി ഇ കെ നായനാർ അഭ്യർഥിച്ചു. അതിന് ഗവർമെണ്ട് മുൻകയ്യെടുക്കണം. സംഘർഷം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നും നായനാർ ആവശ്യപ്പെട്ടു.

വർക്കല ശിവഗിരി മഠത്തിൽ പൊലീസ് കയറി അക്രമം കാട്ടുകയും അവിടെയുണ്ടായിരുന്ന സ്വാമിമാരുൾപ്പെടെ നിരവധി പേരെ ക്രൂരമായി തല്ലിച്ചതയ്ക്കുകയും ചെയ്ത സംഭവത്തിൽ നായനാർ ശക്തിയായി പ്രതിഷേധിച്ചു.

കോടതി വിധി നടപ്പാക്കാൻ ആമിൻ സ്ഥലത്തുപോയി ചെയ്യേണ്ട നിയമനടപടികൾ പൂർത്തിയാക്കാതെ പൊലീസിനെ കയറൂരിവിട്ട് അവിടെയുണ്ടായിരുന്ന ജനങ്ങൾക്കുനേരെ ക്രൂരമായ മർദ്ദനം അഴിച്ചുവിടുകയാണ് ചെയ്തത്. ഇതിന്റെ ഫലമായി നിരവധി പേർക്ക് പരിക്കുപറ്റി ആശുപത്രികളിൽ ചികിൽസയിലാണ്.

കോടതിവിധി നടപ്പാക്കാനാണ് പൊലീസ് അവിടെ കയറി അതിക്രമങ്ങൾ കാട്ടിയതെന്ന സർക്കാരിന്റെ ന്യായവാദം നീതിക്കുനിരക്കുന്നതല്ല. നിയമപ്രകാരം കോടതി വിധി നടപ്പിലാക്കുന്നതിനു പകരം ശ്രീനാരായണധർമ്മസംഘം ട്രസ്റ്റിന്റെ ഭാരവാഹികളെ സംബന്ധിച്ച തർക്കം മുതലെടുത്ത് ഒരു വിഭാഗത്തെ അടിച്ചൊതുക്കി മറ്റൊരു വിഭാഗത്തിന് അധികാരം കൈക്കലാക്കാൻ പൊലീസിനെ നഗ്നമായി ഉപയോഗിക്കുകയാണ് സർക്കാർ ചെയ്തത്.

കോടതിവിധി എന്തുതന്നെയായാലും ലക്ഷക്കണക്കിനാളുകൾ ആദരവോടെ കണക്കാക്കുന്ന ശിവഗിരി മഠം പോ

ദേശാഭിമാനി 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയുടെ പരിശുദ്ധി മാനിക്കണം: നായനാർ

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ഒരു കേന്ദ്രത്തിൽ പൊലീസ് കടന്നുകയറി ഇത്തരത്തിൽ അതിക്രമം കാട്ടുകയും അവിടെയുള്ളവരെ ക്രൂരമായി തല്ലിച്ചതയ്ക്കുകയും ചെയ്ത നടപടി ഒരിക്കലും നീതീകരിക്കാനാവില്ല. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിലുണ്ടായ തർക്ക പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കുന്നതിനും ശിവഗിരിയിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ഗവർമെണ്ട് മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നതിനു പകരം സ്ഥിതിഗതികൾ ഈ നിലയിൽ കൊണ്ടെത്തിച്ചതിന്റെ ഉത്തരവാദിത്തം ഗവർമെണ്ടിനാണുള്ളത്. അതിനു ഗവർമെണ്ടും അതിന്റെ തലവനെന്ന നിലയിൽ മുഖ്യമന്ത്രി ആൻറണിയും മറുപടി പറയണം.

കെപിസിസി ഐ പ്രസിഡണ്ട് രവിയടക്കം ഉൾപ്പെട്ട ഒരു സമിതിയെ ട്രസ്റ്റിലെ തർക്കപ്രശ്നം പരിഹരിക്കാൻ ഗവർമെണ്ട് നിശ്ചയിച്ചുവെന്നു പത്രത്തിൽ കാണുകയുണ്ടായി. എന്നാൽ അവർ എന്തു നടപടിയാണിക്കാര്യത്തിൽ സ്വീകരിച്ചതെന്ന് ജനങ്ങളോട് പറയണം.

ശിവഗിരിയിൽ പൊലീസ് അതിക്രമത്തിന്റെ ഫലമായി രക്തക്കറ പുരളാൻ ഇടയാക്കിയ സംഭവം അങ്ങേയറ്റം ഖേദകരമാണ്. എന്നാൽ ശിവഗിരി മഠത്തിലെ സ്വാമിമാരുടെ ഇടയിലെ തർക്കപ്രശ്നത്തിൽ ചേരിപിടിച്ചുകൊണ്ട് സ്ഥിതിഗതികളെ അക്രമത്തിലേക്കു നയിക്കുന്നതിൽ മതമൗലികവാദിയായ മദനിക്കും കൂട്ടർക്കും ഒരു പങ്കുള്ളതായി കാണുന്നു. ഇത്തരത്തിൽ മതേതരത്വത്തിന്റെ പ്രതീകമായി നിലകൊള്ളുന്ന ശിവഗിരിയെ മതമൗലികവാദികളുടെ കേന്ദ്രമാക്കാനുള്ള ശ്രമം ഒരിക്കലും അനുവദനീയമല്ല. ശിവഗിരിപോലുള്ള ആരാധനാകേന്ദ്രത്തിന്റെ സംശുദ്ധി തകർക്കാൻ ഇത്തരം മതമൗലികവാദികൾക്ക് അവസരം നൽകാൻ ശ്രീനാരായണ പ്രസ്ഥാനത്തിന്റെ പേരിൽ പ്രവർത്തിക്കുന്നവർ ഇടനൽകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന്

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 12 വ്യാഴം പേജ് 8 വില 2 രൂപ 50 പൈസ

പ്രശ്നം തീരുന്നില്ല ഭരണം സ്തംഭിക്കും

സ്വന്തം പ്രതിനിധി

തിരു. ഒക്ടോ. 11:
പൊതുക്കോടതിവിധിപ്രകാരം
സാങ്കേതികമായി അധികാരമൊഴിഞ്ഞെങ്കിലും ശിവഗിരി മഠത്തിലെ
ഭരണസ്തംഭനം തുടരും.
കോടതിവിധിയനുസരിച്ച് അധികാരം
ഏറ്റെടുത്ത സ്വാമി
പ്രകാശാനന്ദയുടെ
നേതൃത്വത്തിലുള്ള ഭരണസമിതിക്ക്
ഭരണപരമായ ചുമതലകൾ
നിർവഹിക്കാൻ കഴിയാത്ത
സാഹചര്യമാണ് ശിവഗിരിയിൽ
നിലവിലുള്ളത്. ഈ അവസ്ഥ
ഫലത്തിൽ
ഭരണസ്തംഭനത്തിനിടയാക്കും.

കഴിഞ്ഞവർഷം ജൂലൈ 26-ന് ട്രസ്റ്റ്
ബോർഡിലേക്ക് നടന്ന
തെരഞ്ഞെടുപ്പോടെയാണ്
ശിവഗിരിയിൽ പ്രശ്നങ്ങൾക്ക്
തുടക്കംകുറിച്ചത്. അന്ന്
തെരഞ്ഞെടുക്കപ്പെട്ട പതിനൊന്നംഗ
സമിതി സത്യപ്രതിജ്ഞചെയ്യുന്നത്
വിലക്കണമെന്ന് ആവശ്യപ്പെട്ട്
ശാശ്വതീകാനന്ദ സ്വാമികൾ
ആറ്റിങ്ങൽ സബ്കോടതിയെ
സമീപിച്ചതോടെ അധികാരത്തർക്കം
നിയമയുദ്ധത്തിന് വഴിമാറി.

ജൂലൈ 26-ന് തെരഞ്ഞെടുക്കപ്പെട്ട
11 പേരിൽ ആറു പേർ
രാജിവെച്ചതിനാൽ ബോർഡിന്
നിയമസാധുതയില്ലെന്നും
അതുകൊണ്ട് പുതിയ തെരഞ്ഞെടുപ്പ്
നടത്തണമെന്നുമാണ്
ശാശ്വതീകാനന്ദ ആറ്റിങ്ങൽ
സബ്കോടതിയിൽ ബോധിപ്പിച്ചത്.
എന്നാൽ നാലുപേർ മാത്രമേ
രാജിവെച്ചിട്ടുള്ളൂവെന്നും ട്രസ്റ്റ്
സ്കീം അനുസരിച്ച് മിനിമം
ഏഴുപേരുള്ള ബോർഡിന്
സാധുതയുണ്ടെന്നും എതിർവിഭാഗം
വാദിച്ചു. ഈ വാദം അംഗീകരിച്ച
കോടതി ശേഷിക്കുന്ന നാല്
അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി
പുൾബോർഡ് രൂപീകരിക്കണമെന്ന്
നിർദേശിച്ചു.

തെരഞ്ഞെടുപ്പ്
അസ്ഥിരപ്പെടുത്തണമെന്ന്
ആവശ്യപ്പെട്ട് ശാശ്വതീകാനന്ദ
നൽകിയ ഹർജി
പരിഗണനയിലിരിക്കെതന്നെ 1994
ഡിസംബർ 25-ന് ശാശ്വതീകാനന്ദ
ജനറൽബോഡി യോഗം
വിളിച്ചുചേർത്ത് പുതിയ
തെരഞ്ഞെടുപ്പ് നടത്തി.
എതിർവിഭാഗക്കാർ ഈ
തെരഞ്ഞെടുപ്പ്
അസ്ഥിരപ്പെടുത്തണമെന്ന്
ആവശ്യപ്പെട്ട് ആറ്റിങ്ങൽ കോടതിയിൽ

(ശേഷം പേജ് 8 കോളം 2
മുതൽ.....)

LIBRARY ARCHIVES Kerala Legislative Assembly

18782

KERALA LEGISLATURE LIBRARY

ദേശാഭിമാനി 1995 ഒക്ടോബർ 12 വ്യാഴം

ഭരണം സ്തംഭിക്കും

ഒന്നാം പേജിൽ നിന്ന്

മറ്റൊരു ഹർജികൂടി നൽകി. ഇതിനിടെ ബോർഡിന് നിയമസാധുതയുണ്ടെന്ന ആറ്റിങ്ങൽ സബ്കോടതി വിധിക്കെതിരെ ശാശ്വതികാനന്ദ തിരുവനന്തപുരം ജില്ലാകോടതിയിൽ അപ്പീൽ ഫയൽചെയ്തു. പതിനൊന്നംഗങ്ങളെയും പുതിയതായി തെരഞ്ഞെടുക്കണമെന്ന് നിർദേശിച്ചുകൊണ്ട് ജില്ലാകോടതി അപ്പീൽ അനുവദിച്ചു.

ഇതിനെതിരെ പ്രകാശാനന്ദ ഹൈക്കോടതിയിൽ റിവിഷൻ പെറ്റിഷൻ ഫയൽചെയ്തു. റിവിഷൻ പെറ്റിഷൻ അനുവദിച്ച ഹൈക്കോടതി സിംഗിൾബെഞ്ച് ജൂലൈ 26-ന് തെരഞ്ഞെടുക്കപ്പെട്ട ബോർഡിന് നിയമസാധുതയുണ്ടെന്ന് ചൂണ്ടിക്കാട്ടി. ജസ്റ്റിസ് പി കെ ബാലസുബ്രഹ്മണ്യത്തിന്റെ വിധിന്യായത്തിൽ മൂന്നു കാര്യങ്ങളാണ് പ്രധാനമായും പറഞ്ഞിരുന്നത്.

കേസിലെ എതിർകക്ഷിയായ ശാശ്വതികാനന്ദയടക്കം ഏഴുപേർ നിലവിൽ ബോർഡിൽ ഉള്ളതിനാൽ പ്രകാശാനന്ദയുടെ നേതൃത്വത്തിലുള്ള ബോർഡിന് നിയമസാധുതയുണ്ട്.

ഒഴിവുള്ള നാലു സ്ഥാനങ്ങളിലേക്ക് ട്രസ്റ്റ് അംഗങ്ങളിൽനിന്നും നാലുപേരെക്കൂടി ഉൾപ്പെടുത്തണം. ഈ ബോർഡിന് അധികാരം കൈമാറാൻ ശാശ്വതികാനന്ദ തയാറാവണം.

1995 ജൂലൈ 27ന് മുമ്പ് അധികാരം [illegible] ജസ്റ്റിസ് പി കെ ബാലസുബ്രഹ്മണ്യം നിർദേശിച്ചത്. വിധി നടപ്പാക്കുന്നതിന് ആറ്റിങ്ങൽ സബ്കോടതിക്ക് നിർദേശം നൽകി.

വിധി നടപ്പാക്കുന്നതിന് പത്തുതവണയെങ്കിലും ആറ്റിങ്ങൽ സബ്കോടതി നിയോഗിച്ച ആമിനും പൊലീസും ശിവഗിരിയിലെത്തിയെങ്കിലും വിധി നടപ്പാക്കാനായില്ല. ഇക്കാര്യം ആറ്റിങ്ങൽ കോടതിയിൽനിന്നു ഹൈക്കോടതിയെ ധരിപ്പിച്ചു.

തുടർന്ന് വിധി നടപ്പാക്കാത്തതിനെക്കുറിച്ച് ഹൈക്കോടതി ഗവർമെന്റിനോട് വിശദീകരണം ആരാഞ്ഞപ്പോൾ ഗവർമെന്റ് ഒരു മാസത്തെ സമയം ചോദിച്ചു. ഈ സമയപരിധി കഴിഞ്ഞപ്പോൾ ഒരാഴ്ചത്തെ സാവകാശംകൂടി സർക്കാർ ചോദിച്ചു. ഒക്ടോബർ മൂന്നാംതീയതിവരെയായിരുന്നു കോടതി അനുവദിച്ച സമയം. മൂന്നാംതീയതിമുതൽ വിധി നടപ്പാക്കുന്നതിന് അധികൃതർ ശ്രമിക്കുകയായിരുന്നെങ്കിലും ബുധനാഴ്ച മാത്രമാണ് അതിനു കഴിഞ്ഞത്.

അധികാരം ഏറ്റെടുത്തശേഷം ശിവഗിരിയിൽനിന്നും പോയ പ്രകാശാനന്ദ സ്വാമികൾ മരണപരമായ ചുമതല നിർവഹിക്കുന്നതിനു പൊലീസ് സഹായം തേടിയേക്കും. ഇതിനായി അടുത്തദിവസംതന്നെ പൊലീസ് സഹായം അഭ്യർഥിച്ച് ഹൈക്കോടതിയെ സമീപിക്കുമെന്ന് അദ്ദേഹവുമായി ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി 1995 ഒക്ടോബർ 12 വ്യാഴം

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരിയിൽ ചെയ്തത് നിയമം നടപ്പാക്കൽ: ആൻറണി

തിരു, ഒക്ടോ. 11: സംഘടിത ശക്തിയിലൂടെ നിയമം മറികടക്കാൻ ശ്രമിച്ചപ്പോൾ അതിനെ എതിർക്കുക മാത്രമാണ് ശിവഗിരിയിൽ ചെയ്തതെന്ന് മുഖ്യമന്ത്രി എ കെ ആൻറണി പറഞ്ഞു.

അവിടെ നിയമം നടപ്പാക്കാൻ ശ്രമിക്കുകയായിരുന്നു സർക്കാർ. പ്രശ്നം തീർക്കാൻ സർക്കാർ കാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ചു. പക്ഷേ, എല്ലാം നിഷ്ഫലമായി.

സൗഹാർദത്തിൻെറയും സാഹോദര്യത്തിൻെറയും സന്ദേശം പ്രചരിപ്പിച്ച ശ്രീനാരായണഗുരുവുമായി ബന്ധപ്പെട്ട സ്ഥലത്താണ് ഇങ്ങനെ സംഘർഷമുണ്ടായതെന്നതു ഖേദകരമാണ് - ആൻറണി പറഞ്ഞു.

ദേശാഭിമാനി

തിരുവനന്തപുരം 1995 ഒക്ടോബർ 13 വെള്ളി പേജ് 8 വില 3 രൂപ 30 പൈസ

ശിവഗിരിയിൽ ആയുധകൂമ്പാരം എന്തിനായിരുന്നു: മുഖ്യമന്ത്രി

തിരു. ഒക്ടോ. 12: ശിവഗിരിയെ ആയുധക്കൂമ്പാരമാക്കിയത് ശ്രീനാരായണഗുരുവിന്റെ അനുയായികൾക്ക് ചേർന്നതല്ലെന്ന് മുഖ്യമന്ത്രി എ കെ ആന്റണി അഭിപ്രായപ്പെട്ടു. പരിപാവനമായ ശിവഗിരിയിലേക്ക് അതുമായി ബന്ധമില്ലാത്തവരെ സംഘടിപ്പിച്ചതും തെറ്റാണ്. നിയമാനുസൃതമായ ഒരു കാര്യം നടപ്പാക്കാൻ പോയ പൊലീസിനു നേരെ ആസിഡുബൾബ് എറിയുകയും മുളകുവെള്ളം ഒഴിക്കുകയും ചെയ്യുന്നതാണോ ജനാധിപത്യം– ആന്റണി ചോദിച്ചു. പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സർക്കാരിന്റെ കടമ നിർവ്വഹിക്കാനായിരുന്നു ശിവഗിരിയിൽ പൊലീസ് നടപടി സ്വീകരിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ശിവഗിരി സംഭവം നിർഭാഗ്യകരമാണ്. പക്ഷേ പൊലീസ് നടപടിക്കു ഒഴിച്ചുകൂടാനാവാത്ത കാരണമുണ്ട്. നിയമവാഴ്ച നടപ്പാക്കാൻ ആഗ്രഹിക്കുന്നവർ സർക്കാർ നടപടി അംഗീകരിക്കും. ഇതെല്ലാതെ സർക്കാരിനു മുന്നിൽ മറ്റൊരു മാർഗ്ഗമില്ലായിരുന്നു. ഇതെല്ലാം കണ്ടു നിസ്സഹായമായി ഒരു സർക്കാരിനു കൈയുംകെട്ടി നിൽക്കാനാവില്ല. ബുധനാഴ്ചത്തെ സംഭവത്തിന്റെ പേരിൽ ആവശ്യമില്ലാത്ത വികാരം ആളിക്കത്തിക്കാൻ ശ്രമിക്കുകയാണ്. ജനാധിപത്യവും നീതിയും പുലർന്നുകാണാൻ ആഗ്രഹിക്കുന്നവർ അതിനെ അനുകൂലിക്കില്ല. നിയമം നടപ്പാക്കാൻ പോയ പൊലീസിനെ ഇങ്ങനെ ആക്രമിക്കാമോ. ഈ സ്ഥിതിയിൽ സർക്കാർ സർക്കാരിന്റെ കടമയും പൊലീസ് പൊലീസിന്റെ കടമയും ചെയ്തു.

രണ്ടു സന്യാസി വിഭാഗങ്ങൾ തമ്മിൽ തർക്കമുണ്ടായി. അതേത്തുടർന്നുള്ള കോടതിവിധി നടപ്പാക്കാൻ സർക്കാർ ശ്രമിച്ചു. അപ്പോൾ ഒരു വിഭാഗം സന്യാസിമാരുടെ അനുയായികൾ അക്രമം അഴിച്ചുവിട്ടു.

? ശിവഗിരിയിൽ ആയുധക്കൂമ്പാരം പൊലീസ് പിടിച്ചിട്ടുണ്ടോ.

= അവിടെ ആയുധങ്ങൾ സൂക്ഷിച്ചിരുന്നു. ശിവഗിരിയിൽ പിഡിപിക്ക് എന്താ കാര്യം. ശിവഗിരിയുടെ പരിപാവനത കാത്തുസൂക്ഷിക്കാൻ വേണ്ടിവന്നാൽ ബലപ്രയോഗം നടത്തു

ശേഷം പേജ് 5 കോളം 1

LIBRARY ARCHIVES Kerala Legislative Assembly

ദേശാഭിമാനി
തിരുവനന്തപുരം 1995 ഫെബ്രുവരി 13 വെള്ളി പേജ് 8 വില 2 രൂപ 50 പൈസ.

മുഖ്യമന്ത്രി

ഒന്നാം പേജിൽ നിന്ന്

മെന്ന് പറയുന്നത് ശരിയാണോ. തെരഞ്ഞെടുപ്പിൽ ജയിച്ച സന്യാസി സംഘവും തെരഞ്ഞെടുപ്പിൽ തോറ്റ സന്യാസി സംഘവും തമ്മിലാണ് തർക്കം. തോറ്റ സന്യാസിമാർ ജയിച്ചവർക്ക് അധികാരം കൈമാറാൻ വിസമ്മതിച്ചു. ഇതിൽ കോടതി വിധിയുണ്ടായി. സർക്കാർ തലത്തിലും സാമുദായിക തലത്തിലും നടന്ന അനുരഞ്ജന ശ്രമം പരാജയപ്പെട്ടു. കോടതി ഉത്തരവ് ഉണ്ടായിട്ടും ഉന്നത വ്യക്തികളുടെ അഭിപ്രായം മാനിച്ച് ഒത്തുതീർപ്പിന് സർക്കാർ പിന്നെയും ശ്രമിച്ചു.

സർക്കാരിന് സർക്കാരിന്റെ കടമ നിറവേറ്റേണ്ട. കോടതി വേണ്ട, നിയമം വേണ്ട എന്ന വ്യവസ്ഥയിലേക്കു കേരളം പോകണമോ. കോടതി വിധിയിൽ അപാകതയുണ്ടെങ്കിൽ കോടതി മുഖാന്തരം തന്നെ അത് പരിഹരിക്കുകയാണ് മാർഗ്ഗം.

? ഇങ്ങനെയാണെങ്കിൽ ക്രീമിലെയർ പ്രശ്നത്തിൽ സുപ്രീംകോടതി വിധി മറികടക്കാൻ സംസ്ഥാന നിയമസഭയിൽ സംവരണബിൽ പാസാക്കിയതോ.

= കോടതിവിധിയെ എതിർക്കാൻ ആളെക്കൂട്ടി ഇറങ്ങുകയായിരുന്നില്ല; നിയമനിർമ്മാണത്തിനുള്ള സംസ്ഥാന നിയമസഭയുടെ അവകാശം ഉപയോഗിക്കുകയായിരുന്നു. അതു ചെയ്തശേഷം സുപ്രീംകോടതിയെ ആ വിവരം അറിയിച്ചു. ശിവഗിരി പ്രശ്നത്തിൽ കോടതി വിധി വന്നിട്ട് ഒത്തുതീർപ്പിന് സർക്കാർ മൂന്നുമാസം ശ്രമിച്ചു.

? "ഓപ്പറേഷൻ ശിവഗിരി'ക്ക് പൊലീസിന് അനുമതി മുഖ്യമന്ത്രി നൽകും മുമ്പ് അതേപ്പറ്റി മന്ത്രിസഭാംഗങ്ങളുമായി ആലോചിച്ചില്ലെന്ന പരാതി ഉണ്ടല്ലോ.

- മുഖ്യമന്ത്രി എന്ന നിലയിൽ കോടതിവിധി നടപ്പാക്കാനുള്ള ബാധ്യത എനിക്കുണ്ട്. അതാണ് ചെയ്തത്.

? 'ശിവഗിരി'യിൽ ആയുധശേഖരണം നടത്താൻ സർക്കാർ സമയം നൽകിയത് ശരിയായോ.

= അതേപ്പറ്റി ജുഡീഷ്യൽ അന്വേഷണത്തിൽ പരിശോധിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ
Estd. 1888
തിരുവനന്തപുരം
18 പേജ് 2.50 രൂപ Published from Kottayam Kozhikode Kochi Thiruvananthapuram Palakkad Kannur and Kollam 1995 ഒക്ടോബർ 11 ബുധൻ

ശിവഗിരിയിൽ വിധി നടപ്പാക്കാൻ ബാധ്യത: അഡ്വ. ജനറൽ

സ്വന്തം ലേഖകൻ

കൊച്ചി: ശിവഗിരി പ്രശ്നവുമായി ബന്ധപ്പെട്ടു സ്വാമി സ്വരൂപാനന്ദ സമർപ്പിച്ച നിവേദനം പരിഗണിക്കേണ്ട കാര്യമില്ലെന്നും കോടതി ഉത്തരവു നടപ്പാക്കുക മാത്രമാണു സർക്കാരിന്റെ ചുമതലയെന്നും അഡ്വക്കറ്റ് ജനറൽ എസ്. നാരായണൻ പോറ്റി മുഖ്യമന്ത്രിക്ക് ഉപദേശം നൽകി.

ഹൈക്കോടതിയുടെ പരിഗണനയിലുള്ള പുനരവലോകന ഹർജിയിൽ തീരുമാനമാകുംവരെ, ഭരണമാറ്റം വേണമെന്ന ഹൈക്കോടതിയുടെ നേരത്തേയുള്ള വിധി നടപ്പാക്കരുതെന്നഭ്യർഥിച്ചു ശിവഗിരി എസ്. എൻ. ധർമ്മസംഘം ട്രസ്റ്റ് സെക്രട്ടറി സ്വരൂപാനന്ദ മുഖ്യമന്ത്രിക്കു നിവേദനം നൽകിയിരുന്നു. ഈ നിവേദനം നിയമോപദേശത്തിനായി മുഖ്യമന്ത്രി അഡ്വക്കറ്റ് ജനറലിന് അയച്ചു കൊടുത്തതിനെ തുടർന്നാണ് അദ്ദേഹം ഉടനെതന്നെ ഉപദേശം നൽകിയത്.

ട്രസ്റ്റുമായി ബന്ധപ്പെട്ട കേസിൽ ഇരുപക്ഷത്തിനും പറയാനുള്ളതു കോടതിയിലാണു പറയേണ്ടത്. കോടതി വിധി നടപ്പാക്കാനിരിക്കെ സർക്കാർ ഇക്കാര്യത്തിൽ ഇടപെടുന്നതു ശരിയല്ല. വിധി നടപ്പാക്കാൻ ആമീനു കഴിയുന്നത്ര സഹായം നൽകുക മാത്രമാണു സർക്കാരിനു ചെയ്യാവുന്നത് - അഡ്വക്കറ്റ് ജനറൽ സർക്കാരിനെ അറിയിച്ചു. കേസിന്റെയോ വിധിയുടെയോ ഗുണദോഷങ്ങൾ സർക്കാർ പരിഗണിക്കേണ്ടതില്ല.

പുനരവലോകന ഹർജി ഹൈക്കോടതി ഇതുവരെ പരിഗണിച്ചിട്ടില്ല. ഏതു ദിവസം വേണമെങ്കിലും ഹർജി പരിഗണനയ്ക്കു വരാം എന്നതാണു സ്ഥിതി.

ശിവഗിരിയിൽ ഉപവാസ സമരം തുടരുകയാണ്. തച്ചടി പ്രഭാകരൻ എം. എൽ. എ., പി. ഡി. പി. നേതാവ് അബ്ദുൾ നാസർ മ അദനി എന്നിവരും എസ്. എൻ. ഡി. പി. യോഗത്തിന്റെ ചില കൗൺസിലർമാരും ശിവഗിരി സന്ദർശിച്ചു.

ശിവഗിരിയിൽ ഭരണമാറ്റം തടയുമെ

(ശേഷം പേജ് 16 കോളം 8)

കോടതിവിധി

LIBRARY ARCHIVES Kerala Legislative Assembly

കോടതിവിധി നടപ്പാക്കണം: സച്ചിദാനന്ദ

(ഒന്നാംപേജിൽനിന്ന്)

ന്നുള്ള മ അദനിയുടെ പ്രഖ്യാപനത്തെ തുടർന്നു പി. ഡി. പി. പ്രവർത്തകരും സ്ഥലത്ത് എത്തിയിട്ടുണ്ട്.

സ്വാമി ശാശ്വതീകാനന്ദ പ്രസിഡൻറായതിനു ശേഷമാണു ശിവഗിരിയിൽ അനുരഞ്ജനത്തിനു പഴുതില്ലാത്തവിധം അഭിപ്രായ വ്യത്യാസങ്ങൾ തീവ്രമായതെന്ന് എം. കെ. സാനു കോട്ടയത്ത് പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

സ്വാമി ശാശ്വതീകാനന്ദയ്ക്കെതിരേ ഉയർന്നിട്ടുള്ള ആരോപണങ്ങൾ ശരിയാണെന്നു വിശ്വസിക്കുന്ന പതിനായിരങ്ങളുണ്ടെന്നു തനിക്കു ബോധ്യമായിട്ടുണ്ടെന്നു സാനു പറഞ്ഞു. അനേകംപേർ തെളിവു സഹിതം ആരോപണങ്ങൾ സമർഥിക്കാൻ തുനിയുന്നതിനും താൻ സാക്ഷിയാണ്. അവരുടെ വിശ്വാസം ശരിയോ തെറ്റോ എന്ന് അറിഞ്ഞുകൂടാ. പക്ഷേ, ഇത്രത്തോളം ആരോപണവിധേയനായ ഒരു വ്യക്തി, ആ കാരണംകൊണ്ടുതന്നെ ധർമസംഘം ട്രസ്റ്റിന്റെ പ്രസിഡൻറ് സ്ഥാനത്തു തുടർന്നുകൂടെന്ന് അഭിപ്രായമുണ്ട്. അദ്ദേഹത്തെപ്പറ്റി അന്വേഷണം എർപ്പെടുത്തുകയാണു ശിവഗിരി സംരക്ഷണത്തിനാഗ്രഹിക്കുന്നവർ ന്യായമായി ചെയ്യേണ്ടത്.

അരിനുമുമ്പു ഹൈക്കോടതിവിധി നടപ്പാക്കുന്നതിനു പിന്തുണ നൽകാനുള്ള ജനാധിപത്യ സംസ്കാരം പ്രകടിപ്പിക്കണമെന്നു സാനു പറഞ്ഞു. അക്കാര്യത്തിൽ നീക്കുപോക്കു പാടില്ല. ദുർവാശിയും മർക്കടമുഷ്ടിയും ശ്രീനാരായണ ധർമത്തിനെതിരാണ്. ജാതി സ്പർദ്ധ ഇളക്കിവിടാനുള്ള കുൽസിത ശ്രമങ്ങളും ഗുരുനിന്ദയാണെന്ന് ഓർക്കണം. സത്യത്തിന്റെ നെഞ്ചിൽ ചവിട്ടിനിന്നു ധർമഭ്രംശത്തിനൊരുങ്ങുന്ന ധനികരും അധികാര ദുർമോഹികളും ശിവഗിരിയുടെ പുണ്യഭൂമിയിൽ പാപത്തിന്റെ കറപുരട്ടുക മാത്രമാണു ചെയ്യുന്നതെന്നു സാനു പറഞ്ഞു.

ശിവഗിരിയിലെ പ്രശ്നങ്ങളിൽനിന്നു സർക്കാരിനു മാറിനിൽക്കാനാവില്ലെന്നും അടിയന്തരമായി കോടതിവിധി നടപ്പാക്കണമെന്നും സ്വാമി സച്ചിദാനന്ദയും ശിവഗിരി സംരക്ഷണ ധർമസമിതി ചെയർമാൻ കെ. കെ. ബാബു കല്ലുങ്കലും കോട്ടയത്ത് ആവശ്യപ്പെട്ടു.

ശിവഗിരി മഠം സവർണ ഫാസിസ്റ്റുകൾ കോടതിവിധിയിലൂടെ കയ്യടക്കുവാൻ ശ്രമിക്കുന്നുവെന്ന ആരോപണത്തിനു കഴമ്പില്ലെന്നു സ്വാമി സച്ചിദാനന്ദ പറഞ്ഞു. കാരണം, ഔദ്യോഗിക ഭാരവാഹികളായി ദീർഘകാല സേവനപരിചയമുള്ള സ്വാമി പ്രകാശാനന്ദ, സ്വാമി അമേയാനന്ദ, സ്വാമി അമൃതാനന്ദ എന്നിവരേയാണു തെരഞ്ഞെടുത്തിട്ടുള്ളത്. ഉത്തമരായ ഗുരുശിഷ്യരാണ് ഇവർ. ആരോപണ വിധേയനായ സ്വാമി കൈവല്യാനന്ദ ഭാരവാഹിത്വത്തിൽ ഇല്ലെന്നതും ശ്രദ്ധേയമാണ്.

സംഘത്തിൽ കോറം ഇല്ലെന്ന വാദത്തിലും കഴമ്പില്ല. പതിനൊന്നംഗ ബോർഡിൽ ഫുൾകോറം ഉണ്ട്. അതുകൊണ്ട് അധികാര കൈമാറ്റം നടത്താൻ സ്വാമി ശാശ്വതീകാനന്ദയെ പ്രേരിപ്പിക്കുവാനാണു മോഹൻ ശങ്കറും സുന്ദരേശനും മ അദനിയുമൊക്കെ ശ്രമിക്കേണ്ടത്.

മ അദനിയേയും ഗൗരിയമ്മയേയും കൂട്ടുപിടിച്ചതുവഴി സ്വാമി ശാശ്വതീകാനന്ദ ആർ. എസ്. എസ്. പോലുള്ള വർഗീയ പ്രസ്ഥാനങ്ങളുമായുണ്ടാക്കിയിരുന്ന ബന്ധം തുടരുകയാണെന്നു സ്ഥാപിച്ചു. ജാതിഭേദവും മതവ്യത്യാസവുമില്ലാത്ത മഠത്തിന്റെ ഭരണാധികാരികൾ കൂട്ടുപിടിച്ചിരിക്കുന്നതും ഇത്തരം വിഘടനവാദികളെയാണ്.

ബ്രഹ്മവിദ്യാലയം അടച്ചുപൂട്ടുകവഴി ശിവഗിരിയുടെ ഭാവിപോലും തകർത്തതായി സ്വാമി സച്ചിദാനന്ദ കുറ്റപ്പെടുത്തി. ലക്ഷക്കണക്കിനു ഗുരുദേവ ഭക്തരും അഗ്രമാരും ഇന്നു വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. കോടതിവിധി നടപ്പായിക്കാനൊൻ ആഗ്രഹിക്കുന്നവരാണു ഭൂരിപക്ഷവും.

മഹാനായ ആർ. ശങ്കറെ സ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ മകൻ മോഹൻ ശങ്കർ ശാശ്വതീകാനന്ദയെ സംരക്ഷിക്കാൻ ഉപവാസത്തിനിറങ്ങിയത് ഏതൊരു ഗുരുദേവ ഭക്തനെയും ലജ്ജിപ്പിക്കും. എൻ. സുന്ദരേശനെപ്പോലുള്ളവർ ആ ഉപവാസം ഉദ്ഘാടനം ചെയ്തതും കുറ്റമാണെന്ന് ബാബു കല്ലുങ്കൽ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ അധികാരമാറ്റം; ഏറ്റുമുട്ടലിൽ പൊലീസിനും സ്വാമിമാർക്കും പരുക്ക്

ശിവഗിരി: പൊലീസ് സഹായത്തോടെ ശിവഗിരിയിൽ ഹൈക്കോടതി വിധി സർക്കാർ നടപ്പാക്കി. സ്വാമി പ്രകാശാനന്ദ പ്രസിഡന്റായുള്ള ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ശിവഗിരി മഠത്തിന്റെ ഭരണം ഏറ്റെടുത്തു.

ഭരണമാറ്റം തടയാൻ ശ്രമിച്ചവരും പൊലീസുമായുണ്ടായ ഏറ്റുമുട്ടലിൽ 140 പേർക്കു പരുക്കേറ്റു. ശിവഗിരിയിൽ ഇന്നലെ പുലർച്ചെമുതൽ നിരോധനാജ്ഞ പുറപ്പെടുവിച്ചിരുന്നു.

എസ്. എൻ. ഡി. പി. യോഗത്തിന്റെ മുൻനേതാക്കളായ എ. എസ്. പ്രതാപ്സിങ്, വി. വേണുഗോപാൽ, പി ഡി. പി. നേതാവ് സുവർണകുമാർ, ശിവഗിരിയിൽ സത്യഗ്രഹം അനുഷ്ഠിച്ചിരുന്ന ഭക്തർ എന്നിവരുൾപ്പെടുന്ന ഒട്ടേറെ പേർക്കു ലാത്തിച്ചാർജിൽ പരുക്കേറ്റു. ഇവരെ വർക്കല മെഡിക്കൽ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരുക്കേറ്റ 64 പൊലീസുകാരിൽ രണ്ടു പേരുടെ നില ഗുരുതരമാണ്. ഇവർ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലാണ്.

സ്വാമി കേശവാനന്ദയുള്ള കെ. എ. വി. അഞ്ചാം ബറ്റാലിയനിലെ കോൺസ്റ്റബിൾമാരായ കുഞ്ഞുമോൻ, നൗഷാദ് ഖാൻ എന്നിവർക്കാണു ഗുരുതരമായി പരുക്കേറ്റത്. ഇരുവർക്കും വടിവാളു കൊണ്ടു കാലിനു വെട്ടേറ്റു. ആര്യനാട് എസ്. ഐ. പ്രകാശൻ, റിസർവ് എസ്. ഐ. ആന്റണി എന്നിവരുടെ തലയ്ക്കാണു പരുക്ക്.


അക്രമത്തിൽ ശിവഗിരിയിലെ ശാരദാമഠത്തിന്റെ മുൻഭാഗത്തുള്ള ചില്ലു തകർന്നു. ആശ്രമപരിസരത്തുണ്ടായിരുന്ന ഒരു ഡസനോളം വാഹനങ്ങൾ അടിച്ചു തകർക്കപ്പെട്ടു. ശിവഗിരിയിലെ വിദ്യാലയത്തിനുള്ളിലും ചില്ലുകൾ തകർക്കപ്പെട്ടു.

സോഡാക്കുപ്പിയും കല്ലും ഉപയോഗിച്ചു നടന്ന കനത്ത കല്ലേറിനിടയിൽ ആശ്രമത്തിനുള്ളിൽ കടന്ന പൊലീസ് അവിടെയുണ്ടായിരുന്നവരെ അടിച്ചോടിച്ചു. ആയിരത്തോളം പൊലീസുകാരാണു കോടതി വിധി നടപ്പാക്കാൻ എത്തിയത്.

വടിവാൾ, കല്ല്, കുറുവടി, മുളകുപൊടി, ഇരുമ്പുവടി തുടങ്ങിയ ആയുധങ്ങളുമായി പൊലീസിനു നേരേ ആക്രമണമുണ്ടായി.

ഈ മണിക്കൂറോളം നീണ്ട പോരാട്ടത്തിനുശേഷമാണു പൊലീസ് സ്വാമി പ്രകാശാനന്ദയ്ക്ക് അധികാരമേറ്റെടുക്കാൻ അവസരമൊരുക്കിയത്. ട്രസ്റ്റിന്റെ അധികാരം ഏറ്റെടുത്ത സ്വാമി പ്രകാശാനന്ദയും സംഘവും ഒരു മണിക്കൂറോളം ഓഫിസിൽ താമസിയശേഷം പൊലീസിന്റെ അകമ്പടിയോടെ ശിവഗിരിയിലെ ഗുരുമന്ദിരത്തിലെത്തി പൂജയും പ്രാർഥനയും നടത്തി. പുതിയ താക്കോലുപയോഗിച്ച് അവർ ഓഫിസ് പൂട്ടി. ജില്ലാ കലക്ടർ ആരു ടാ രാമനാണ്, സൂപ്രണ്ട് എസ്. പി ശങ്കർ റെഡ്ഡി, എ. ഡി. എം. ഷാജഹാൻ, ഡപ്യൂട്ടി കലക്ടർ മാധവജി എന്നിവരുടെ നേതൃത്വത്തിലാണു പൊലീസ് കോടതി വിധി നടപ്പാക്കാൻ എത്തിയത്.

അധികാര കൈമാറ്റം നടന്ന് ഒരു മണിക്കൂറിനുള്ളിൽ പൊലീസ് സംഘത്തിലെ ഏറെപേരും ആശ്രമവളപ്പിൽനിന്നു പുറത്തിറങ്ങി. ഉച്ചയ്ക്കു മുമ്പുതന്നെ നൂറോളം പേരെ സ്പെഷൽ നിയോഗിച്ചശേഷം ബാക്കി പൊലീസ് പിരിഞ്ഞു. എന്നാൽ ഉച്ചയ്ക്കുശേഷം



□ എസ്. എൻ. ഡി. പി. യോഗം മുൻ ജനറൽ സെക്രട്ടറി എ. എസ്. പ്രതാപ്സിങ്ങും മുൻ ദേവസ്വം സെക്രട്ടറി വേണുഗോപാലും (കോഴിക്കോട്) പൊലീസ് ലാത്തിച്ചാർജിൽ പരുക്കേറ്റു വർക്കല എസ്. എൻ. മിഷൻ ആശുപത്രിയിൽ. -മനോരമ

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ അധികാരമാറ്റം; ഏറ്റുമുട്ടലിൽ പൊലീസിനും സ്വാമിമാർക്കും പരുക്ക്

പൊലീസിനു നേരേ ഒരു യുവാവ് ആശ്രമവളപ്പിൽനിന്നു കത്തിയെറിഞ്ഞു.

സമ്മേളനാവശ്യങ്ങളുമായി ബന്ധപ്പെട്ടു സന്യാസിമാരടക്കം 30 പേരെ വീക്കറെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇവരിൽ പിന്നീടു വിട്ടയച്ചു. ദക്ഷിണ മേഖലാ ഐ. ജി ടോമിൻ തച്ചങ്കരി, ഡി. ഐ. ജി. അശോകൻ രൺജൻ എന്നിവർ സ്ഥലത്തെത്തി.

ശിവഗിരിയും പരിസരവും സംഘർഷഭരിതമായി തുടരുകയാണ്. പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ, പി. ഡി. പി. ചെയർമാൻ അബ്ദുൽ നാസർ മ അദ്നി തുടങ്ങിയവർ ഇന്നു ശിവഗിരിയിലെത്തി. സ്വാമി ശാശ്വതീകാനന്ദയെ സന്ദർശിച്ചു. പരുക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരെയും ഇവർ സന്ദർശിച്ചു.

ശിവഗിരിയിൽ ഇന്നലെ രാവിലെ അഞ്ചരയ്ക്കു ശേഷമാണു നാടകീയ രംഗങ്ങൾ അരങ്ങേറിയത്. അങ്ങനെ മുതൽ ശിവഗിരിയും പരിസരത്തും പൊലീസ് ആക്ട് പ്രകാരം സർക്കാർ നിരോധനാജ്ഞ പുറപ്പെടുവിച്ചു.

ആറുമണിയോടെ വൻ സംഘം പൊലീസ് ശിവഗിരി മഠത്തിനു മുന്നിലെ

ശിവഗിരിയിൽ
ഇനി എന്ത്?
(പ്രമുഖരുടെ പ്രതികരണങ്ങൾ)

ആറാം പേജിൽ

ത്തി. ഇതിനകംതന്നെ ശിവഗിരിയിലേക്കുള്ള വാഹനഗതാഗതം പൊലീസ് തടഞ്ഞിരുന്നു. പൊലീസെത്തിയതോടെ ആശ്രമത്തിലുണ്ടായിരുന്ന പി. ഡി. പി. പ്രവർത്തകർ ഉൾപ്പെടെ അഞ്ഞൂറോളം പേർ സജീവമായി രംഗത്തെത്തി. പൊലീസിനെ ആശ്രമവളപ്പിൽ കടന്നു കുത്താൻ അനുവദിക്കില്ലെന്ന് അധികാര കൈമാറ്റത്തെ എതിർക്കുന്നവർ വ്യക്തമാക്കി. എന്നാൽ, കോടതി വിധി നടപ്പാക്കുന്നതിന് ആരെയെ അനുവദിക്കണമെന്നും പ്രകോപനം ഉണ്ടാക്കരുതെന്നും പൊലീസ് കൈക്കിഴുടെ അഭ്യർഥിച്ചു. ശിവഗിരിയിലെ കൺവൻഷൻ പന്തലിലുള്ള കൈക്കിഴുടെ പൊലീസിനെ തടയാൻ ആഹ്വാനമുണ്ടായി.

പൊലീസും ആശ്രമത്തിലുള്ളവരും തമ്മിലുള്ള വാക്കേറ്റം നിമിഷനേരം കൊണ്ടു സംഘർഷത്തിനു വഴിമാറി. പൊലീസ് വാഹനങ്ങൾ ആശ്രമത്തിനുള്ളിൽ കയറാതിരിക്കാൻ രണ്ടു ബസുകൾ റോഡിൽ നിർത്തിയിട്ടു. പ്രകോപനം ഉണ്ടാക്കരുതെന്നും സഹകരിക്കണമെന്നുമുള്ള പൊലീസിന്റെ അഭ്യർഥന നിരസിക്കപ്പെട്ടതോടെ ബലപ്രയോഗം ഉറപ്പായി. ട്രസ്റ്റ് ഓഫിസിന്റെ ഗേറ്റ് തുറക്കണമെന്ന പൊലീസിന്റെ ആവശ്യം നിരസിക്കപ്പെട്ടു.

പ്രകോപനങ്ങൾ ഉണ്ടാകാതിരിക്കാൻ സ്വാമിമാരും എ. എസ്. പ്രതാപ് സിങ്ങിനെപ്പോലെ മുതിർന്ന നേതാക്കളും മുന്നോട്ടു വന്നു. ആറരയോടെ ആശ്രമത്തിനുള്ളിൽ കയറാനുള്ള തീരുമാനം പൊലീസ് പ്രഖ്യാപിച്ചു. ട്രസ്റ്റ് ഓഫിസിന്റെ മതിൽ ഗേറ്റിനു മുന്നിലേക്കും ആശ്രമം ഗസ്റ്റ് ഹൗസ് പരിസരത്തേക്കും പൊലീസ് ലാത്തിച്ചാർജ് നടത്തി. പൊലീസ് ഗേറ്റ് ചാടി അകത്തുകടന്നു.

ഈ സമയം ആശ്രമത്തിനുള്ളിൽനിന്നു സോഡാക്കുപ്പികൊണ്ടും കല്ലുകൊണ്ടും കനത്ത ഏറുണ്ടായി. ഒട്ടേറെ പൊലീസുകാരുടെ തലയ്ക്കു പരുക്കേറ്റു. ഇതോടെ പൊലീസ് ലാത്തിച്ചാർജ് ആരംഭിച്ചു. അര മണിക്കൂറിനുള്ളിൽ അക്രമികളെ തുരത്തുകയും ചെയ്തു.

ശിവഗിരി കുന്നിൽ ഗുരുദേവ സമാധിയുടെ പരിസരത്തുവരെ പൊലീസെത്തി. പ്രതാപ് സിങ്, സി. കെ. ശ്രീധരൻ, മോഹൻ ശങ്കർ എന്നിവർക്കും ലാത്തിച്ചാർജിൽ പരുക്കേറ്റു. ജനനമഠത്തിലും ശാരദാ മഠത്തിലും ഇരുന്നവരെയും പൊലീസ് തല്ലി. പൊലീസിന്റെ നേരേ വടിവാളും മുകളിൽ പൊടിയുമായി ആക്രമണമുണ്ടായി.

ശ്രീനാരായണ ധർമ സംഘത്തിന്റെ മുൻ സെക്രട്ടറി സ്വാമി സ്വരൂപാനന്ദ, സ്വാമി വിശുദ്ധാനന്ദ, സ്വാമി കൃഷ്ണാനന്ദ, സ്വാമി അവ്യയാനന്ദ, സ്വാമി ചിദംബരാനന്ദ, സ്വാമി മഹേശ്വരാനന്ദ, സ്വാമി സുപ്രഭാനന്ദ, സ്വാമി വിശാത്മാനന്ദ, സ്വാമി സുഖ ആകാശ സരസ്വതി, സ്വാമി സുഗുണാനന്ദ, സ്വാമി ജ്യോതിസാനന്ദ എന്നിവർക്കും ലാത്തിച്ചാർജിൽ പരുക്കേറ്റു.

ലാത്തിച്ചാർജ് തുടരുന്നതിനിടെ പരുക്കേറ്റവരെയുംകൊണ്ട് പൊലീസ് വാഹനങ്ങൾ ശിവഗിരിയിലെ വിവിധ ആശുപത്രികളിലേക്കു പാഞ്ഞു. അരമണിക്കൂറിനുള്ളിൽ പൊലീസ് നടപടി പൂർത്തിയായതോടെ ആശ്രമപരിസരം വിജനമായി.

എങ്ങും സോഡാ കുപ്പികൾ പൊട്ടിച്ചിതറിക്കിടന്നു. ആശ്രമവളപ്പിൽനിന്നു കുറുവടികളും ചാക്കുകളിൽ കല്ലും ഗുളികൊടിയും പൊലീസ് പിടിച്ചെടുത്തു.

എട്ടു മണിയോടെ ആറ്റിങ്ങൽ സബ് കോടതി ഉത്തരവുമായി ആമിനെത്തി. ശ്രീനാരായണ ധർമ സംഘത്തിന്റെ വി

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ അധികാരമാറ്റം; ഏറ്റുമുട്ടലിൽ പൊലീസിനും സ്വാമിമാർക്കും പരുക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിയ പ്രസിഡന്റ് സ്വാമി പ്രകാശാനന്ദ, സെക്രട്ടറി സ്വാമി അഗേയാനന്ദ, ട്രഷറർ സ്വാമി അമൃതാനന്ദ, ഭരണസമിതി അംഗങ്ങളായ സ്വാമി സുധാനന്ദ, സ്വാമി കൈവല്യാനന്ദ, സ്വാമി പ്രീതാത്മാനന്ദ, സ്വാമി വിശുദ്ധാനന്ദ, സ്വാമി നിശ്ചലാത്മാനന്ദ എന്നിവർ പൊലീസ് അകമ്പടിയോടെയാണ് ഒരു വാനിൽ അധികാരമേറ്റെടുക്കാനെത്തിയത്.

എസ്.പി. ശങ്കർ റെഡ്ഡി അധികാരകൈമാറ്റത്തിനു നേതൃത്വം നൽകി.

പത്തുമണിയോടെ പൊലീസ് സംഘത്തിലെ ഏറെപ്പേരും ശിവഗിരിയിൽനിന്നു വർക്കലയിലേക്കു മാറി. വർക്കല പൊലീസ് സ്റ്റേഷനിലെത്തിയ ഡി. ഐ. ജി. അരവിന്ദ രഞ്ജനും എസ്. പി. ശങ്കർ റെഡ്ഡിയും പൊലീസുകാരുടെ പരുക്കുകൾ പരിശോധിച്ചു.

ആശ്രമത്തിൽ പൊലീസ് നടപടി ഉണ്ടായതോടെ ഭക്ഷണശാല പൂട്ടി. ഇതോടെ ആശ്രമത്തിലെ സ്വാമിമാർക്കും അന്തേവാസികൾക്കും ഭക്ഷണം മുടങ്ങി.

പൊലീസ് നടപടിക്കുശേഷവും ശിവഗിരിയിൽ പതിനായിരങ്ങൾ ശ്രീനാരായണ ഭക്തരെത്തി. സംഘർഷാവസ്ഥമൂലം അവർ വൈകാതെ മടങ്ങി.

പൊലീസ് പരമാവധി ആത്മസംയമനം പാലിച്ചതുകൊണ്ടാണു കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരുന്നതെന്ന് ഐ. ജി. മേക്കണി പുന്നൂസും ഡി. ഐ. ജി. അരവിന്ദ് രഞ്ജനും പറഞ്ഞു. പരമാവധി നിയന്ത്രണം പാലിച്ചതുകൊണ്ടാണ് ഇത്രയും പൊലീസുകാർക്കു പരുക്കേറ്റത്.

ആറ്റിങ്ങൽ സബ് കോടതി ഉത്തരവുമായി ആനന്ദബാബു, സി. സോമശേഖരൻ നായർ എന്നീ ആമീൻമാരാണ് എത്തിയത്. ഇവർ കോടതി ഉത്തരവ് ആശ്രമം അധികൃതരെ പരിചയപ്പെടുത്തി.


പൊലീസ് മർദ്ദനത്തിൽ പരുക്കേറ്റ മൂന്നു സന്യാസിമാർ മിഷൻ ആശുപത്രിയിൽ ചികിൽസയിലാണ്. ഒൻപതു സന്യാസിമാരെ പൊലീസ് വാഹനത്തിൽ അറസ്റ്റ് ചെയ്തു സ്റ്റേഷനിലേക്കു കൊണ്ടുപോയെങ്കിലും പിന്നീടു മണിയോടെ വിട്ടയച്ചു.

അധികാരം ഏൽക്കാനുള്ള സന്യാസിമാരും ആമീനും ഒന്നും ഇല്ലാതെ മടങ്ങിപ്പോകുന്നതിനു മുൻപ് ഇവരെ പൊലീസ് ആശ്രമത്തിൽ ചാടി ഉപദ്രവിച്ചതിനെ പ്രതിഷേധവും നടന്ന സംഭവത്തെക്കുറിച്ചുള്ള നിജസ്ഥിതിയും ജനങ്ങളെ ധരിപ്പിക്കുകയായിരുന്നു എന്നു ശ്രീനാരായണ ധർമ പ്രചാരണസഭ കേന്ദ്ര കമ്മിറ്റിയംഗം സി. കെ. ശ്രീധരൻ പറഞ്ഞു. സത്യഗ്രഹിയായ മോഹൻ ശങ്കറിന്റെ കുടിലിൽ ഇരുന്ന തന്നെ പൊലീസ് തല്ലിച്ചതയ്ക്കുകയായിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

ശ്രീനാരായണ ധർമസംഘം ട്രസ്റ്റിന്റെ അംഗങ്ങളായി ശിവഗിരിയിൽ 53 സന്യാസിമാരാണുള്ളത്. ഇവരിൽ 40 പേരും ഇപ്പോഴും തന്റെ കൂടെ ആശ്രമത്തിലുണ്ടെന്ന് സ്വാമി ശാശ്വതീകാനന്ദ പറഞ്ഞു. 13 പേരാണ് ഐക്യവ്യാപനയോടൊപ്പം കുന്നുംപുറത്തിൽ ഉള്ളത്.

പരുക്കേറ്റ 55 പൊലീസുകാരെ കൊല്ലം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(ശേഷം പേജ് 11 കോളം 7)



ശിവഗിരിയിലെ നടപടിക്കുശേഷം പൊലീസിനു ലഭിച്ച ആയുധങ്ങൾ വർക്കല പൊലീസ് സ്റ്റേഷനിൽ.

പൊലീസ് നടപടി

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

പൊലീസ് നടപടി അര മണിക്കൂർ കൊണ്ടു തീർന്നു

LIBRARY ARCHIVES Kerala Legislative Assembly

ശിവഗിരി (ഒന്നാംപേജിൽനിന്ന്)

ച്ചു. ഏറെപ്പേർക്കും സോഡാ കുപ്പിയും കല്ലും ഉപയോഗിച്ചുള്ള ഏറിലാണ് പരുക്കേറ്റത്.

എ. ആർ. ക്യാംപിലെ റിസർവ് ഇൻസ്പെക്ടർ വി. പരമുവിനു കല്ലേറിൽ തലയ്ക്കു പരുക്കേറ്റു. എസ്. ഐ.മാരായ തോമസ്, പുഷ്പകുമാർ എന്നിവർക്കും സാരമായ പരുക്കുണ്ട്. ലോക്കൽ പൊലീസിലെ രവീശനും തലയ്ക്കു പരുക്കേറ്റു. പത്തോളം പേർക്കാണു സാരമായ പരുക്ക്.

എം. എസ്. പി., കെ. എ. പി. ആംഡ് റിസർവ്, ലോക്കൽ എന്നീ വിഭാഗങ്ങളിലായി എഴുന്നൂറോളം പൊലീസുകാരാണ് കൊല്ലത്തുനിന്നു ശിവഗിരിയിലേക്കു പോയത്. മിനൽപട രൂപവൽക്കരിക്കാനെന്ന പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി രണ്ടു ദിവസം മുമ്പാണ് ഇവരെ വിളിച്ചുവരുത്തിയത്. ജോനകപ്പുറം, പള്ളിത്തോട്ടം എന്നിവിടങ്ങളിലേക്കാക്കെ ഇവരെ കൊണ്ടുപോകുകയും ചെയ്തിരുന്നു. വിവരം ചോരാതിരിക്കാനായിരുന്നുവത്രേ ഇത്.

സ്വാമി പ്രകാശാനന്ദ പ്രസിഡന്റായുള്ള ഭരണസമിതിക്കു ശിവഗിരി മഠത്തിന്റെ ഭരണം ഒരു മാസത്തിനകം കൈമാറണമെന്ന് ഓഗസ്റ്റ് 24-നാണു ഹൈക്കോടതി ഉത്തരവായത്. ഇതു നടപ്പാക്കാൻ നടപടി സ്വീകരിക്കാൻ ഹൈക്കോടതി ആറ്റിങ്ങൽ സബ് കോടതിക്കു നിർദേശം നൽകി.

എന്നാൽ ഉത്തരവു നടപ്പാക്കാൻ ഒരു മാസം സാവകാശം നൽകണമെന്ന സർക്കാരിന്റെ അഭ്യർഥന ഹൈക്കോടതി അംഗീകരിച്ചു. ഇക്കാലയളവിൽ പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കാൻ മുഖ്യമന്ത്രി മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചു.

ഹൈക്കോടതിവിധിക്കെതിരേ ട്രസ്റ്റിന്റെ മുൻ ഭരണസമിതി അംഗങ്ങൾ നൽകിയ പ്രത്യേകാനുമതി ഹർജി സുപ്രീം കോടതി നിരാകരിച്ചു. റിവ്യൂ ഹർജി ഹൈക്കോടതിയിൽ നൽകിയെങ്കിലും അധികാരം കൈമാറണമെന്ന ഇടക്കാല ഉത്തരവു നടപ്പാക്കാൻ കോടതി നിർദേശിച്ചു. എന്നാൽ നിയമസാധുത ഇല്ലാത്ത ഭരണസമിതിയാണു സ്വാമി പ്രകാശാനന്ദയുടെ നേതൃത്വത്തിലുള്ളതെന്നും അതിനു അധികാരം കൈമാറാനാവില്ലെന്നും സ്വാമി ശാശ്വതികാനന്ദയുടെ നേതൃത്വത്തിലുള്ള മുൻഭരണസമിതി വാദിച്ചു.

വിധി നടപ്പാക്കുംമുമ്പ് ഇക്കാര്യം പുനഃപരിശോധിപ്പിക്കണമെന്നാവശ്യപ്പെട്ട് സ്വാമി സച്ചിദാനന്ദ ഇക്കഴിഞ്ഞ ദിവസം മുഖ്യമന്ത്രിക്കു നിവേദനം നൽകി. ഇതു മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയ്ക്കയച്ചു. കോടതി ഉത്തരവ് ഉടൻ നടപ്പാക്കുക മാത്രമാണു സർക്കാരിന്റെ ചുമതലയെന്നു വ്യക്തമാക്കിയതോടെ പൊലീസ് നടപടി അനിവാര്യമായി.

പരുക്കേറ്റ വർക്കല ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രിയിലുള്ളവർ: സ്വാമി പവിത്രാനന്ദ, സ്വാമി ത്രിരത്നതീർഥർ, സുവർണകുമാർ, എസ്. എൻ. വിജയൻ, പുലിക്കുന്നു സ്വദേശികളായ ശാർങ്ഗധരൻ, സുരേഷ്കുമാർ, ബേബിച്ചൻ, സി. കെ. രാമണി (ആലുവ), സാബു (പട്ടത്താനം), ഇ. വി. ഉത്തമൻ (എടമ്പ), ഭുവനചന്ദ്രൻ (ആര്യനാട്), പി. കെ. രാമചന്ദ്രൻ (കൊട്ടാരക്കര), വി. കെ. നാരായണൻ (മീനച്ചൽ), വി. സി. പ്രേംകുമാർ (ഇടുക്കി), അരുവിപ്പുറം സ്വദേശികളായ ഡി. ശ്രീകുമാർ, ജി. പുഷ്പാംഗദൻ, കെ. പത്മനാഭൻ (നുറനാട്), കെ. ശ്രീകുമാർ (നെയ്യാറ്റിൻകര), ടി. വി. ശശികുമാർ (ശിവഗിരി), സി. വി. സുബ്രഹ്മണ്യൻ (ആലുവ), സി. പി. മനോഹരൻ (വൈക്കം), അബ്ദുൽ ജഗദീശ്, സ്വാമി ആർഷജ്ഞാനാനന്ദ, ബാബു മുനിയറ (ഇടുക്കി), പി. എ. ദാക്ഷായണിയമ്മ (കാർത്തികപ്പള്ളി), ഗുരുധർമ പ്രചാരണസഭ സംസ്ഥാന ജനറൽ സെക്രട്ടറി പി. ജി. കമലാസനൻ, വൈസ് പ്രസിഡന്റ് പി. എൻ. രാഘവൻ, എസ്. എൻ. ഡി. പി. യോഗം കൗൺസിലർ കെ. എ. ബാഹുലേയൻ, എസ്. എൻ. ഡി. പി. ഡയറക്ടർ ബോർഡ് അംഗം അപ്പൽ സുരേന്ദ്രൻ, അരുവിപ്പുറം പ്രഭാകരൻ, വി. എസ്. പ്രസാദ്, കെ. ടി. രാജൻ, വി. കമലാസനൻ (ഇരുവരും അഭിഭാഷകർ), സാംസ്കാരികസമിതി സംസ്ഥാന കമ്മിറ്റി അംഗം എസ്. എൻ. വിജയൻ, സോമൻ (കൊട്ടാരക്കര).

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ ചെയ്തതു വിധി നടപ്പാക്കൽ മാത്രം: ആൻറണി

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ശിവഗിരി സംഘർഷത്തിന്റെ പേരിൽ വർഗീയവികാരം ആളിക്കത്തിക്കാൻ ശ്രമിക്കരുതെന്നു മുഖ്യമന്ത്രി എ. കെ. ആൻറണി മുന്നറിയിപ്പു നൽകി. ഡൽഹിയിൽനിന്നു മടങ്ങിയെത്തിയ അദ്ദേഹം പത്രലേഖകരുമായി സംസാരിക്കുകയായിരുന്നു.

ശിവഗിരിയിൽ കോടതി വിധി നടപ്പാക്കുകമാത്രമാണു സർക്കാർ ചെയ്തത്. കോടതിയെ ധിക്കരിക്കാൻ സർക്കാർ കൂട്ടുനിൽക്കണമെന്നു പറഞ്ഞാൽ നടക്കില്ല. വിധി നടപ്പാക്കാൻ ചെന്നവർക്കു നേരേ ബലപ്രയോഗം നടത്തിയതും പോലീസിനെ ആക്രമിച്ചതും നിർഭാഗ്യകരമായിപ്പോയി എന്ന് ആൻറണി പറഞ്ഞു.

ശിവഗിരിയിൽ സംഭവിച്ചതിനെച്ചൊല്ലി ദുഃഖമുണ്ട്. പക്ഷേ, നിയമവാഴ്ചയെ പോയും ചെയ്ത് ആർക്കും മുന്നോട്ടു പോകാനാവില്ല. 'പൊലീസും കോടതിയും നന്നാകണ്ട, കൈയൂക്കുള്ളവൻ കാര്യക്കാരൻ' എന്ന സ്ഥിതി രാജ്യത്തിനു നല്ലതാണോ എന്ന് എല്ലാവരും ചിന്തിക്കണം. നിയമവാഴ്ചയും കോടതിയും നിലനിൽക്കണമെന്നതു സമാധാനകാംക്ഷികളുടെ ആഗ്രഹമാണ്.

കോടതിവിധി നടപ്പാക്കുകയല്ലാതെ സർക്കാരിനു മറ്റു പോംവഴിയില്ലെന്ന അഡ്വക്കറ്റ് ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണു നടപടി സ്വീകരിച്ചതെന്ന് ആൻറണി വിശദീകരിച്ചു.

സർക്കാർ ഏകപക്ഷീയമായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. രണ്ടുവിഭാഗം സന്ന്യാസിമാർ തമ്മിലുള്ള തർക്കത്തിൽ സർക്കാർ കക്ഷിയല്ല. തർക്കം കോടതിയിലെത്തിയപ്പോൾ കോടതി ഒരു ഉത്തരവു നൽകി. അതു നടപ്പാക്കാൻ സർക്കാരിനു ബാധ്യതയുണ്ട്.

മൂന്നു മാസത്തിലേറെയായി കോടതി വിധി ഉണ്ടായിട്ട്. രണ്ടുതീർപ്പു ശ്രമങ്ങൾ പരാജയപ്പെട്ടതിനെത്തുടർന്നു താൻതന്നെ ഇടപെട്ടു മന്ത്രിസഭാ ഉപസമിതിയെ മധ്യസ്ഥശ്രമങ്ങൾക്കായി ചുമതലപ്പെടുത്തിയെന്നും അതും വിജയിച്ചില്ലെന്നും ആൻറണി പറഞ്ഞു.

ഒത്തുതീർപ്പിനു ശ്രമിക്കണമെന്നും വിജയിച്ചില്ലെങ്കിൽ പ്രശ്നമുണ്ടാക്കാതെ സ്ഥാനമൊഴിയാമെന്നും സ്വാമി ശാശ്വതികാനന്ദ ഉറപ്പു നൽകിയിരുന്നു. ആ ഉറപ്പു വിശ്വസിച്ചാണു കോടതിയോട് ഒരു മാസംകൂടി സാവകാശം ചോദിച്ചത്. കോടതി സർക്കാരിനെ കുറ്റപ്പെടുത്തിയിട്ടുപോലും കാത്തിരുന്നത് എല്ലാം രമ്യമായിത്തീരുമെങ്കിൽ തിരക്കു എന്നു കരുതിയാണ്. പക്ഷേ, സ്വാമി ശാശ്വതികാനന്ദ ആ ഉറപ്പിൽനിന്നു പിന്നോട്ടു പോയെന്ന് അദ്ദേഹം പറഞ്ഞു.

കോടതിവിധി നടപ്പാക്കിയാൽ ശിവഗിരിയുടെ പരിപാവനത കളങ്കപ്പെടും എന്നു പറയുന്നവർതന്നെ വിധി നടപ്പാക്കാതെ ഭരണം സർക്കാർ ഏറ്റെടുത്തു കൊള്ളാൻ പറയുന്നു. അങ്ങനെ ചെയ്താൽ പരിപാവനതയ്ക്കു കളങ്കമുണ്ടാവില്ലെന്നാണോ. ഈ ഇരട്ടത്താപ്പു നയം തനിക്കു മനസിലാവുന്നില്ലെന്ന് ആൻറണി പറഞ്ഞു. പരാതിയുള്ളവർ കോടതിയെത്തന്നെ സമീപിക്കട്ടെ. സർക്കാരിനെ ഇതിലേക്കു വലിച്ചിഴയ്ക്കരുത്. സർക്കാർ നിയമത്തിനു മുറുകെപ്പിടിച്ചുതന്നെ നിൽക്കും.

ഏതായാലും 'ജാതിമതഭേദമന്യേ ഏതു മില്ലാതെ പ്രവർത്തിക്കേണ്ടവർ ഇങ്ങനെ തുടങ്ങിയാൽ സർക്കാർ എന്തു ചെയ്യുമെന്ന് ആൻറണി ചോദിച്ചു. ജാതി ചോദിക്കരുത്, പറയരുത് എന്നുപദേശിച്ച ശ്രീനാരായണഗുരുവിന്റെ പേരിൽ ഇതൊന്നും വേണ്ടിവരുന്നില്ല എന്നേ തനിക്കു പറയാനുള്ളൂ.

"പക്ഷം പിടിച്ചാൽ ന്യായം ന്യായം പെയ്താൽ പക്ഷം" എന്ന സമീപനം ശരിയല്ല. നിയമത്തിന്റെകൂടെയേ സർക്കാർ നിൽക്കൂ.

ബാഹ്യശക്തികളുടെ ഇടപെടലിനെക്കുറിച്ചു താൻ അഭിപ്രായമൊന്നും പറയുന്നില്ലെന്ന് ആൻറണി മറുപടി നൽകി. സർക്കാരിനെ ഇതെങ്ങനെ ബാധിക്കും എന്ന് ആരാഞ്ഞപ്പോൾ "ഇതിനു രാഷ്ട്രീയമൊന്നും ഇല്ല. നിയമം നടപ്പാക്കലാണ്" എന്നായിരുന്നു മറുപടി.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

LIBRARY ARCHIVES Kerala Legislative Assembly

പൊലീസ് കയറി തല്ലിയതു തെറ്റ്: കരുണാകരൻ

സ്വന്തം റിപ്പോർട്ടർ

ന്യൂഡൽഹി: ശിവഗിരി മഠത്തിൽ പൊലീസ് കയറേണ്ട സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതായിരുന്നുവെന്നു കേന്ദ്ര വ്യവസായമന്ത്രി കെ. കരുണാകരൻ അഭിപ്രായപ്പെട്ടു.

ശിവഗിരിയിലെ തർക്കം കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് പരാതിയുണ്ടെന്ന് കരുണാകരൻ ചൂണ്ടിക്കാട്ടി. പൊലീസ് അതിരുവിട്ടു പ്രവർത്തിച്ചുവെന്നാണു പരാതി. മഠത്തിലേക്കു പൊലീസ് കയറി സന്യാസിമാരെയും ഭക്തന്മാരെയും പരുക്കേൽപിച്ചുവെന്നതിൽ ജനങ്ങൾക്ക് അങ്ങേയറ്റം അമർഷവുമുണ്ട്.

ഈ വൈകിയ വേളയിലെങ്കിലും സർക്കാർ ശിവഗിരി പ്രശ്നത്തിനു പരിഹാരം കാണണമെന്നു കരുണാകരൻ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ കേരള സർക്കാർ വിഴ്ച വരുത്തിയാൽ പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്നു കരുണാകരൻ മുന്നറിയിപ്പു നൽകി.

പൊലീസിന്റെ ഭാഗത്തുനിന്നു അതിരുകടന്ന പ്രയോഗമുണ്ടായതായി വ്യാപകമായ പരാതിയാണ്. ഇതെക്കുറിച്ച് അടിയന്തരമായി അന്വേഷണം നടത്തണം. കുറ്റക്കാർക്കെതിരേ നടപടി കൈക്കൊള്ളുകയും വേണമെന്നു കരുണാകരൻ ആവശ്യപ്പെട്ടു.

ഈ പുണ്യ സ്ഥലത്ത് ഇങ്ങനെയൊരു സംഭവമുണ്ടായതിൽ വ്യക്തിപരമായി തനിക്കു ദുഃഖമുണ്ടെന്നു കരുണാകരൻ പറഞ്ഞു. നാനാജാതി മതസ്ഥരും വരുന്ന പുണ്യ സ്ഥലമാണിത്. ഗുരുദേവ സന്ദേശം പ്രചരിപ്പിക്കുന്ന ഈ മഠത്തിൽ പൊലീസ് കയറിയതിൽ തനിക്കു വേദനയുണ്ടെന്നും കരുണാകരൻ പറഞ്ഞു.

ശിവഗിരിയിൽ പൊലീസ് കയറിയ നടപടി തികച്ചും തെറ്റാണെന്നു കെ. പി. സി. സി. ജനറൽ സെക്രട്ടറി കെ. മുരളീധരൻ എം.പി. അഭിപ്രായപ്പെട്ടു. സന്യാസിവര്യന്മാരെ മർദിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരേ നടപടിയെടുക്കണമെന്നു മുരളീധരൻ ആവശ്യപ്പെട്ടു.

ശിവഗിരിയിൽ നടന്ന സംഭവങ്ങൾ തികച്ചും ദൗർഭാഗ്യകരമാണെന്നു മുൻ കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ എം.പി. ഡൽഹിയിൽ അഭിപ്രായപ്പെട്ടു. ശിവഗിരിയുടെ പവിത്രത കാത്തുസൂക്ഷിക്കാൻ എല്ലാ ശ്രീനാരായണ ഭക്തന്മാർക്കും കേരളീയർക്കും ചുമതലയുണ്ടെന്നു കൃഷ്ണകുമാർ ചൂണ്ടിക്കാട്ടി. ശിവഗിരിയിൽ സന്യാസിമാർക്കും ഭക്തജനങ്ങൾക്കും പരുക്കേറ്റതിൽ ദുഃഖം രേഖപ്പെടുത്തുന്നു. ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ താൻ എല്ലാ കഴിവും വിനിയോഗിക്കുമെന്നും കൃഷ്ണകുമാർ പറഞ്ഞു.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

കോടതി വിധി നടപ്പാക്കിയതിൽ തെറ്റില്ല: ശ്രീധരൻ

ആലപ്പുഴ: ശിവഗിരിയിലെ പൊലീസ് നടപടി നിർഭാഗ്യകരമാണെങ്കിലും അവിടെ കോടതി വിധി നടപ്പാക്കിയതിൽ തെറ്റൊന്നുമില്ലെന്നു ബി. ജെ. പി. സംസ്ഥാന പ്രസിഡൻറ് കെ. വി. ശ്രീധരൻ അഭിപ്രായപ്പെട്ടു. കോടതി വിധി നടപ്പാക്കിയതിൻെറ പേരിലുള്ള ബന്ദാഹ്വാനം തെറ്റാണ്. ബന്ദാഹ്വാനം ജനങ്ങൾ തള്ളിക്കളയണമെന്ന് അദ്ദേഹം പറഞ്ഞു.

സ്വാമി ശാശ്വതികാനന്ദയുടെ 16 വർഷത്തെ ദുർഭരണത്തിൻെറ ഫലമാണ് ധർമസംഘം തെരഞ്ഞെടുപ്പിൽ 7-ാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടത്. സ്വന്തം ശിഷ്യഗണങ്ങൾ വോട്ട് ചെയ്യാൻ തയാറാകാഞ്ഞതിന് ആർ. എസ്. എസ്. നെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല.

ജഡ്ജിക്കു സംരക്ഷണം

കൊച്ചി: ശിവഗിരി എസ്. എൻ. ധർമ സംഘം ട്രസ്റ്റുമായി ബന്ധപ്പെട്ട കേസിൽ വിധിപറഞ്ഞ ഹൈക്കോടതി ജഡ്ജി പി. കെ. ബാലസുബ്രഹ്മണ്യത്തിനു പൊലീസ് സംരക്ഷണം ഏർപ്പെടുത്തി.

ഹൈക്കോടതി വിധി നടപ്പാക്കിയപ്പോഴുണ്ടായ പ്രശ്നങ്ങളും ഇന്നത്തെ ബന്ദാഹ്വാനവും പരിഗണിച്ചു മുൻ കരുതലെന്ന നിലയിലാണ് ഇന്നലെ ഉച്ചയ്ക്കുശേഷം പൊലീസ് സംരക്ഷണം ഏർപ്പെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ പുറമേയ്ക്ക് എല്ലാം ശാന്തം

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം

ശിവഗിരി: തകർന്ന വാഹനങ്ങൾ, ചിതറിത്തെറിച്ച ചില്ലു കഷണങ്ങൾ, നാശം സംഭവിച്ച മന്ദിരഭാഗങ്ങൾ, എല്ലാറ്റിനും സാക്ഷിയായി കുറെ മനുഷ്യരും.

എന്നാലും ശിവഗിരിയിലെ അന്തരീക്ഷം പഴയതുപോലെതന്നെ ശാന്തമാണ് - പുറമേനിന്നു നോക്കിയാൽ പക്ഷേ അതു സമാധാനത്തിന്റെ ശാന്തിയായിരുന്നുവെങ്കിൽ ഇന്ന് അടിച്ചേൽപ്പിക്കപ്പെട്ട ശാന്തത. അടുത്തുചെന്നു നോക്കിയാൽ ഉള്ളിലെ വികാരാവേശത്തിന്റെ തീവ്രത വ്യക്തം.

പ്രാർഥനാ മന്ത്രങ്ങളാൽ മുഖരിതമാകാറുള്ള പുലർവേള നിർഭാഗ്യവശാൽ ഇന്നലെ ശിവഗിരിക്ക് അന്യമായി. ആക്രമണത്തിന്റെയും പെരുത്തുനിൽപ്പിന്റെയും ബഹളങ്ങളാണു പകരം മുഴങ്ങിയത്. ആറുമണിയോടെ പൊലീസ് ആക്ഷൻ ഏതാണ്ടു കഴിഞ്ഞപ്പോഴേക്ക് എല്ലാം നിശബ്ദം. കഴിഞ്ഞുപോയ കലഹത്തിനു തെളിവ് അലങ്കോലമായ ആശ്രമപരിസരം മാത്രം.

ശിവഗിരിയിലേക്കുള്ള വഴിയിലേക്കു വാഹനങ്ങൾ കടത്തിവിടാതെ തടയുന്ന പൊലീസ് മാത്രമാണ് എന്തോ സംഭവിച്ചു എന്നതിന്റെ ബാഹ്യസൂചന. പിന്നെ വഴിയിൽ ഇടയ്ക്കിടെ മാത്രം ചേർന്നു കിടക്കുന്ന പൊലീസ് വാഹനങ്ങൾ. ഇവയൊഴിച്ചാൽ അനിഷ്ടസംഭവങ്ങളുടെയോ ആപത്തിന്റെയോ ലക്ഷണങ്ങളൊന്നും ശിവഗിരിയിലേക്കുള്ള വഴികളിൽ ഇന്നലെ പകൽ കാണാനില്ല. പക്ഷേ അതിരാവിലെ കുറേ നേരത്തേയ്ക്കു വർക്കല, ശിവഗിരി ഭാഗങ്ങളിൽ ആരും ആവശ്യപ്പെടാതെതന്നെ പ്രതിഷേധം അലയടിച്ചുയർന്നിരുന്നു. ജനജീവിതം കുറച്ചൊന്നു തടസപ്പെടുകയും ചെയ്തു.

ശിവഗിരിക്കുന്നിനു ചോട്ടിൽ അവിടവിടെയായി പൊലീസുകാർ. ചിലർ ഗാഢനിദ്രയിൽ. വെളിച്ചം വീഴും മുൻപു നടത്തിയ ഓപ്പറേഷന്റെ ക്ഷീണം കൊണ്ടാവും. മുകളിൽ ശിവഗിരിയിലേക്കുള്ള വഴിയിൽ ഒരു ഡസനോളം കാറുകളെങ്കിലും ചില്ലു തകർന്നു കിടക്കുന്നു. റോഡിനു കുറുകെ കിടക്കുന്ന എസ്. എൻ. വിദ്യാലയത്തിന്റെ വാഹനത്തിനും നാശനഷ്ടങ്ങൾ. പവിത്രമായ ശാരദാമഠത്തിന്റെ കണ്ണാടി ജനാലകൾ തകർന്നു ചിതറി കിടക്കുന്നു. സമീപത്തെ പൂജാമന്ദിരത്തിൽ നിറയെ ചില്ലു കഷണങ്ങളുടെ കൂന.

ശിവഗിരിയിലും പരിസരത്തുമുണ്ടായിരുന്ന വാഹനങ്ങളൊക്കെ പൊലീസ് തകർത്തുവെന്നു ചില ദൃക്സാക്ഷികൾ. തങ്ങളെ ചെറുത്തവരിൽനിന്നു കല്ലും കുപ്പിയും കൊണ്ടുള്ള ഏറുണ്ടായെന്നു പൊലീസ്. രണ്ടും ശരിയാവാമെന്നതിനു ചില്ലു വാഹനങ്ങളും ചിതറിക്കിടക്കുന്ന കുപ്പിക്കഷണങ്ങളും കല്ലുകളുമൊക്കെ സാക്ഷ്യപത്രങ്ങൾ. റോഡിനു കുറുകെ കിടക്കുന്ന എസ്.എൻ. സ്കൂൾ വാഹനങ്ങളുടെ ബസുകൾ പൊലീസിനെ തടയാൻ ശ്രമിച്ചതിനു തെളിവുമാകാം. പക്ഷേ പൂജാ മന്ദിരവും ശാരദാമഠവും കയ്യാങ്കളിക്കു വിധേയമാക്കിയവർ ആരായാലും അതിനു ന്യായീകരണത്തിനു പഴുതില്ല.

ധർമ്മ സംഘം സെക്രട്ടറിയുടെ മുറി

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിൽ പുറമേയ്ക്ക് എല്ലാം ശാന്തം

LIBRARY ARCHIVES Kerala Legislative Assembly

ലേഖകൻ

പൊലീസ് സാന്നിധ്യത്തിൽ പുതിയ പൂട്ടിട്ട് പൂട്ടിയ നിലയിൽ. ആശ്രമത്തിന്റെ സാന്നിധ്യത്തിൽ പുതിയ സെക്രട്ടറിയെ അവരോധിച്ച ശേഷം പൂട്ടിയതാണെന്നു ശിവഗിരിയിലെ അന്തേവാസികൾ വിശദീകരിക്കുന്നു. ഒപ്പം സ്റ്റോറും സന്യാസിമാരുടേയും മറ്റും സാധനങ്ങൾ വച്ച മുറികളും പൊലീസ് അടച്ചു പൂട്ടിയതിനാൽ ഭക്ഷണത്തിനുപോലും നിവൃത്തിയില്ലെന്നു പരാതിയും.

പ്രതിസന്ധികൾക്കു നടുവിലും തന്റെ മുറിയിൽ സ്വാമി ശാശ്വതീകാനന്ദ അക്ഷോഭ്യൻ. സമീപത്ത് ഇരിക്കുന്ന മുൻ മന്ത്രി ബി. വെല്ലിംഗ്ടൺ, ശിവഗിരി സന്യാസിമാർ എന്നിവരുമായി അദ്ദേഹം ഗൗരവപൂർവ്വം ചർച്ചകൾ നടത്തുന്നു. സങ്കടത്തോടെ തന്നെ കാണാനെത്തുന്ന സന്ദർശകരെ പുഞ്ചിരിയോടെ സ്വാഗതം ചെയ്യുന്നു. ഓരോ മിനിറ്റിലും ടെലിഫോണിലൂടെയെത്തുന്ന അന്വേഷണങ്ങൾക്കു മറുപടി നൽകുന്നു. പൊലീസ് നടപടിയിൽ അമർഷം കൊണ്ട് അനുയായികൾ പൊട്ടിത്തെറിക്കുമ്പോഴും ശാശ്വതികാനന്ദ ശാന്തനായി കാണപ്പെടുന്നു. മണി പന്ത്രണ്ടര. ആരോ ശാശ്വതികാനന്ദയുടെ മുറിയിലേക്കു റേഡിയോ കൊണ്ടുവയ്ക്കുന്നു. വാർത്ത കേൾക്കാൻ. ശിവഗിരിമഠത്തിൽ നടന്ന സംഭവത്തെത്തുടർന്നു നൂറോളം പൊലീസുകാരടക്കം നൂറ്റൻപതു പേർക്കു പരുക്കേറ്റുവെന്നു വാർത്തയിൽ പറയുമ്പോൾ വെല്ലിംഗ്ടൺ രോഷം കൊള്ളുന്നു. "എന്തൊക്കെ കള്ളമാണീ പറയുന്നത്".

വർക്കലയിലെ ആശുപത്രികളിൽ പരുക്കുകളോടെയെത്തിയ ശ്രീനാരായണീയർ യാരാളം. നിരവധി സന്യാസിമാർ. എസ്. എൻ. ഡി. പി. യോഗം മുൻ ജന. സെക്രട്ടറി എ. എസ്. പ്രതാപ് സിംഗ്, മുൻ ദേവസ്വം സെക്രട്ടറി വേണുഗോപാൽ, ശിവഗിരിയിൽ അനിശ്ചിതകാല നിരാഹാരം നടത്തിവന്ന മോഹനൻ ശങ്കർ, എൻ. ഡി. പി. സംസ്ഥാന സെക്രട്ടറി സുവർണകുമാർ..... എല്ലാവരും പൊലീസിന്റെ അടിയേറ്റ ശരീരവുമായി ആശുപത്രി കട്ടിലുകളിൽ. ഇവരെ കാണാനും വിവരങ്ങളറിയാനും വരുന്ന ശ്രീനാരായണീയരുടെ നിലയ്ക്കാത്ത പ്രവാഹം. അവിടവിടെ കൂട്ടമായിനിന്ന് അവർ ചർച്ച ചെയ്യുമ്പോൾ വാക്കുകളിൽ അമർഷം.

ശിവഗിരിയിലെ പ്രശ്നങ്ങളറിയാതെ ഇന്നലെയും ഭക്തജനങ്ങൾ അവിടെയെത്തുന്നുണ്ടായിരുന്നു. അവരെ മുകളിലേക്കു കയറ്റി വിടാതെ തടയാൻ ചില പൊലീസുകാർ ശ്രമിച്ചെങ്കിലും ഉയർന്ന പൊലീസുദ്യോഗസ്ഥർ ഇടപെട്ട് അവരെ പിന്തിരിപ്പിച്ചു.

കല്ലേറിലും കുപ്പിയേറിലും പരുക്കേറ്റ പൊലീസുകാർ തിരുവനന്തപുരത്തെയും കൊല്ലത്തെയും ആശുപത്രികളിലാണ്. നൂറിലേറെ പൊലീസുകാർക്കു പരുക്കുണ്ടെന്നു പൊലീസ് വൃത്തങ്ങൾ. നൂറുകണക്കിനു ശ്രീനാരായണീയരുടെമേൽ നടത്തിയ മൃഗീയമായ ലാത്തിച്ചാർജ് മറയ്ക്കാൻ വേണ്ടിയുള്ള തെറ്റായ കണക്കാണിതെന്ന് എതിർപക്ഷം. ഒന്നു മാത്രം തർക്കങ്ങൾക്കതീതം. ശിവഗിരിയുടെ ചരിത്രത്തിൽ സ്വാമിമാർ തമ്മിൽ ഇത്തരമൊരു കേസും പൊലീസ് ആക്ഷനും ആദ്യമെന്ന സത്യം.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിലെ ഒഴിപ്പിക്കൽ തെറ്റ്: യോഗം കൗൺസിൽ

സ്വന്തം ലേ

കൊല്ലം: ബാഹ്യശക്തികളുടെ അനാവശ്യമായ ഇടപെടൽ മൂലമാണു ശിവഗിരി പ്രശ്നം കൂടുതൽ വഷളായതെങ്കിലും നിയമനടപടികൾക്കു ഗവൺമെന്റ് മുതിയുമ്പോൾ ശിവഗിരിയുടെ പവിത്രതയും പ്രാധാന്യവും വേണ്ടത്ര ഗൗരവത്തോടെ കണക്കിലെടുത്തില്ലെന്ന് എസ്. എൻ. ഡി. പി. യോഗം കൗൺസിൽ കുറ്റപ്പെടുത്തി.

ശിവഗിരിയിൽ നടത്തിയ ഒഴിപ്പിക്കൽ നടപടികളും അറിടെ ഉണ്ടായിരുന്നവർക്ക് പരുക്കേൽക്കാൻ ഇടയായ സംഭവവും തികച്ചും തെറ്റും പ്രതിഷേധാർഹവുമാണ്. രാജ്യത്തെ എല്ലാ ശ്രീനാരായണ വിശ്വാസികളെയും സംഭവം രൂഖേപ്പിക്കുകയും ഞെട്ടിപ്പിക്കുകയും ചെയ്തു. ബലം പ്രയോഗിക്കേണ്ടതെങ്ങനെയെന്നുള്ള ചെറുത്തുനിൽപ് ഇല്ലാതിരുന്നിട്ടും ആറരശതത്തിൽ കൂടുതൽ ബലം പ്രയോഗിക്കുകയാണു പൊലീസ് ചെയ്തതെന്നും കൗൺസിൽ കുറ്റപ്പെടുത്തി.

പൊലീസ് ഇടപെടൽ ശിവഗിരിയുടെ ശാന്തതയ്ക്കും പവിത്രതയ്ക്കും കളങ്കം വരുത്തിയെന്നും കൗൺസിൽ വിലയിരുത്തി.

ശിവഗിരിയിലെ പൊലീസ് മർദനത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് എസ്. എൻ. ഡി. പി. യോഗം പ്രസിഡന്റ് ഡോ. കെ. കെ. രാഹുലൻ തൃശൂരിൽ ആവശ്യപ്പെട്ടു. പൊലീസിന്റെ ക്രൂരമായ നടപടിയിൽ യോഗം പ്രതിഷേധിക്കുന്നതായി അദ്ദേഹം അറിയിച്ചു. കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാൻ സർക്കാർ മുന്നോട്ടുവരണം.

ശിവഗിരിയിൽ സമാധാനപരമായി നടക്കേണ്ട ഭരണകൈമാറ്റം പല അനിഷ്ട സംഭവങ്ങൾക്കും വഴിവച്ചിരിക്കുന്നു. നീതിയും ന്യായവും നടപ്പാക്കുന്നത് അനീതിപരമായ മാർഗങ്ങളിലൂടെയാവരുത്- രാഹുലൻ അഭിപ്രായപ്പെട്ടു.

ശിവഗിരിയിൽ രണ്ടു വിഭാഗം സന്യാസിമാർ തമ്മിലുണ്ടായ അഭിപ്രായവ്യത്യാസം ഒരു മേശയ്ക്കു ചുറ്റുമിരുന്നു പറഞ്ഞുതീർക്കാൻ ഒരു കൊല്ലം മുമ്പ് യോഗം കൗൺസിൽ തീരുമാനിച്ചു. സ്വാമി ശാശ്വതികാനന്ദയുമായി യോഗം ജനറൽ സെക്രട്ടറി മുന്നു പ്രാവശ്യം സംസാരിച്ചു. അദ്ദേഹം ശിവഗിരി പ്രശ്നത്തിൽ യോഗം ഇടപെടേണ്ടെന്നു തറപ്പിച്ചുപറഞ്ഞു. ഹൈക്കോടതി വിധിയും തുടർന്നു സുപ്രീം കോടതി വിധിയും അധികാരം കൈമാറണമെന്നു പറഞ്ഞപ്പോഴും യോഗം സ്വാമി ശാശ്വതികാനന്ദയെയും മറ്റുഭാഗം സന്യാസിമാരെയും അനുരഞ്ജന യോഗത്തിന് യോഗം ഓഫിസിലേക്കു വിളിച്ചു.

സ്വാമി കൈവല്യാനന്ദയുടെ കൂടെയുള്ള രണ്ടു സന്യാസിമാർ ക്ഷണം സ്വീകരിച്ചുവന്നു. പക്ഷേ ശാശ്വതികാനന്ദ വന്നില്ലെന്നും ഒരു മറുപടിപോലും തന്നില്ലെന്നും ഡോ. രാഹുലൻ പറഞ്ഞു. അദ്ദേഹത്തിന്റെ നിസ്സഹകരണംകൊണ്ട് യോഗത്തിന്റെ ഒത്തുതീർപ്പു ശ്രമം പരാജയപ്പെട്ടുവെന്നും യോഗം പ്രസിഡന്റ് പറഞ്ഞു.

ശിവഗിരിയുടെ പരിപാവനാന്തരീക്ഷം കറിനപ്പെടുത്താൻ ആരും തയാറാവരുതെന്നു യോഗത്തിനു നിർബന്ധമുണ്ടെന്നു ഡോ. രാഹുലൻ പറഞ്ഞു. ഇതുപറഞ്ഞ യോഗ നേതൃത്വത്തെ കരിവാരി തേക്കാനുള്ള ശ്രമമാണ് അറിടെ നടക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

യോഗത്തിന്റെ പ്രകൃയും ശിവഗിരിയെ സംരക്ഷിക്കലാണു സ്വാമിമാരെ സംരക്ഷിക്കലല്ല. യോഗാംഗങ്ങൾ സംയമനം പാലിക്കണമെന്നു ഡോ. രാഹുലൻ അഭ്യർഥിച്ചു.

ഭരണമാറ്റം നടന്നുകഴിഞ്ഞ സ്ഥിതിക്ക്, ഇനി വിഭാഗം സ്വാമിമാരും ഇനിയെങ്കിലും ഒന്നിച്ചിരുന്ന് കരണം നടത്തിക്കൊണ്ടുപോകണം. അതിന് എതിരു നിൽക്കുന്നവരെ മാറ്റി നിർത്തുകയും വേണം. രണ്ടുകൂട്ടരും വിട്ടുവീഴ്ചയ്ക്കു തയാറായാൽ ധർമസംഘം ട്രസ്റ്റ് നിയമപ്രകാരമുള്ള തെരഞ്ഞെടുപ്പ് വേഗം നടത്താനും പുതിയ ബോർഡ് ഉണ്ടാക്കാനും കഴിയും -രാഹുലൻ അഭിപ്രായപ്പെട്ടു.

ശിവഗിരിയിൽ സമാധാനം പുനഃസ്ഥാപിക്കാൻ എസ്.എൻ.ഡി.പി. യോഗം നടത്തിയ അവസാന ശ്രമത്തിനു ഫലം കണ്ടു തുടങ്ങുമ്പോഴായിരുന്നു പൊലീസ് നടപടി. സമാധാന പരിശ്രമങ്ങൾക്ക് അതോടെ പ്രസക്തിയില്ലാതാവുകയും ചെയ്തു -യോഗം ജനറൽ സെക്രട്ടറി കെ. ഗോപിനാഥൻ അറിയിച്ചു.

ഗോപിനാഥന്റെ നേതൃത്വത്തിലുള്ള സബ് കമ്മിറ്റി ചൊവ്വാഴ്ച രാത്രി കുന്നുവാരയിൽ സ്വാമി കൈവല്യാനന്ദന്റെ നേതൃത്വത്തിലുള്ള സന്യാസിമാരുമായി ചർച്ച നടത്തിയിരുന്നു. രാത്രി മുന്നിനു ചർച്ച അവസാനിക്കുമ്പോൾ രണ്ടു തീരുമാനങ്ങൾ ഉരുത്തിരിഞ്ഞിരുന്നു.

ഒന്ന്: സ്വാമി ശാശ്വതികാനന്ദയും സ്വാമി കൈവല്യാനന്ദയും പ്രസിഡന്റ് പദത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

ശിവഗിരിയിലെ ഒഴിപ്പിക്കൽ തെറ്റ്: യോഗം കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

യും മറ്റൊരു സന്യാസി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് സാന്ത്വിയാക്കുകയും ചെയ്യുക. രണ്ട്: ട്രസ്റ്റിനെ മുന്ന് സന്യാസിമാരെ മാറ്റണമെന്നുള്ള സ്വാമി ശാശ്വതികാനന്ദയുടെ ആവശ്യം തത്വത്തിൽ അംഗീകരിക്കുന്നു. മുന്നു പേരിൽ ഒരാളെ ആദ്യം മാറ്റിയിട്ടു പകരം മറ്റൊരു സന്യാസിയെ നോമിനേറ്റു ചെയ്യും. തുടർന്ന് രണ്ടാമത്തെ സന്യാസിയെ ഇതുപോലെ മാറ്റും. ഒടുവിൽ മൂന്നാമത്തെ സന്യാസിയെയും.

ഇന്നലെ രാവിലെ സബ് കമ്മിറ്റി സ്വാമി ശാശ്വതികാനന്ദയുമായി ചർച്ച നടത്താനിരിക്കുകയായിരുന്നു. അതുണ്ടാകുന്നതിനുമുൻപ് പൊലീസ് ഇടപെടൽ ഉണ്ടായി. സന്യാസിമാർ തമ്മിലുള്ള തർക്കം തികച്ചും ആഭ്യന്തരമായി പരിഹരിക്കപ്പെടണമെന്നായിരുന്നു യോഗത്തിന്റെ നിലപാട്. കോടതി വിധിക്കു മുൻപു തന്നെ പ്രശ്നപരിഹാരത്തിനു യോഗം മുൻകൈ എടുത്തിരുന്നു. ജനറൽ സെക്രട്ടറി തന്നെ രണ്ടുവട്ടം ശിവഗിരി മഠത്തിൽ പോയി സംഭാഷണം നടത്തിയിരുന്നു. എന്നാൽ ഒരു ഗ്രൂപ്പിൽപ്പെട്ട സന്യാസിമാർ സഹകരിക്കാത്തിരുന്നതുകൊണ്ട് ആ ശ്രമങ്ങൾക്ക് ഫലം ഉണ്ടായില്ല.

അവസാനം ബാഹ്യശക്തികൾ ഇടപെട്ട് ശിവഗിരിയിൽ ക്രമസമാധാന പ്രശ്നം ഉണ്ടാക്കിയപ്പോഴാണു യോഗം വീണ്ടും സമാധാന ശ്രമവുമായി രംഗത്തു വന്നതെന്ന് കെ. ഗോപിനാഥൻ വ്യക്തമാക്കി.

ശിവഗിരി സംഭവങ്ങളിൽ മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ദുഃഖം പ്രകടിപ്പിച്ചു. കേരളീയ സാംസ്കാരിക ജീവിതത്തിനു മഹത്തായ സംഭാവനകൾ നൽകിയ ശിവഗിരിയുടെ പവിത്രത തകർക്കുന്ന നടപടികളൊന്നും അവിടെയുണ്ടാകാൻ പാടില്ലായിരുന്നു. എല്ലാം ഖേദകരമായിപ്പോയി: തങ്ങൾ പറഞ്ഞു.

ശിവഗിരിയിലുണ്ടായ അനിഷ്ട സംഭവങ്ങൾ ദൗർഭാഗ്യകരമായിപ്പോയെന്നു സി. എം. പി. സംസ്ഥാന സെക്രട്ടറിയറ്റ് അഭിപ്രായപ്പെട്ടു.

ശിവഗിരി സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു സി. പി. എം. സംസ്ഥാന സെക്രട്ടറി ഇ. കെ. നായനാർ ആവശ്യപ്പെട്ടു. ശിവഗിരിയിലെ തർക്ക പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിച്ച് പരിശുദ്ധി നിലനിർത്തുന്നതിനു ശ്രീനാരായണ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ശ്രമിക്കണം. ഇതിനു സർക്കാർ മുൻകൈയെടുക്കണം.

ശിവഗിരിയിൽ ഉണ്ടായ സംഭവങ്ങൾ തീർത്തും ദുഃഖകരവും അപലപനീയവുമാണെന്ന് ബി. ജെ. പി. സംസ്ഥാന സെക്രട്ടറി എം. എസ്. കുമാർ പറഞ്ഞു. നിയന്ത്രണപ്പോലും ധിക്കരിക്കാനുള്ള ആഹ്വാനവും കുഴപ്പം ഉണ്ടാക്കാനുള്ള ഐ. എസ്. എസിന്റെ മനോധർമ്മവുമായ ശ്രമവുമാണ് ആക്രമണത്തിന്റെ പിന്നിലുള്ളത്.

ശിവഗിരിയിലെ പൊലീസ് നടപടിയെക്കുറിച്ച് പക്ഷപാതരഹിതമായ അന്വേഷണം നടത്തണമെന്നു സി. പി. ഐ. ആവശ്യപ്പെട്ടു. ശിവഗിരിയിൽ കണ്ണിൽ കണ്ടവരെയെല്ലാം പൊലീസ് ക്രൂരമായി തല്ലിച്ചതച്ചതായി മുൻ പി. എസ്. സി. അംഗം കായിക്കര ബാബു കുറ്റപ്പെടുത്തി.

കൂടിയാലോചനയിലൂടെയേ ശിവഗിരി പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്ന് എസ്. ആർ. പി. സെക്രട്ടറിയറ്റ് യോഗം അഭിപ്രായപ്പെട്ടു. പൊലീസ് നടപടിയെ യോഗം അപലപിച്ചു.

ശിവഗിരി സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു നാഷനൽ യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി ഫസൽ ഗഫൂർ എന്നിവർ ആവശ്യപ്പെട്ടു. അന്വേഷണം നടത്തണമെന്ന് എഫ്. എൻ. എസ്. ജില്ലാ കമ്മിറ്റിയും ആവശ്യപ്പെട്ടു.

ഗുരുദേവന്റെ പാദസ്പർശത്താൽ പരിപാവനമായ ശിവഗിരിയിലെ പൊലീസ് നടപടിയുടെ പേരിൽ മുഖ്യമന്ത്രി എ. കെ. ആന്റണി രാജിവയ്ക്കണമെന്നു കെ. പി. സി. സി. (എസ്) കൗൺസിൽ കുറ്റപ്പെടുത്തി.

മെഡിക്കൽ കോളജ് ആശുപത്രിയിൽ കഴിയുന്നവരെ പി. ഡി. പി. ജില്ലാ വൈസ് പ്രസിഡന്റ് പുത്തൂർ സിറാജിന്റെ നേതൃത്വത്തിൽ പാർട്ടി പ്രവർത്തകർ സന്ദർശിച്ചു.

ശിവഗിരിയിൽ സർക്കാർ നിസ്സീമ്മരണം പുനർപ്പരിശോധിക്കുകയായിരുന്നു ഉചിതമെന്ന് ഡി. സി. സി. (ഐ) പ്രസിഡന്റ് കാവിയാട് ദിവാകരൻ പ്രസ്താവിച്ചു.

സമാധാനപരവും മര്യാദാപരവുമായി പരിഹരിക്കാൻ കഴിയുമായിരുന്ന ശിവഗിരി പ്രശ്നത്തെ സംഘട്ടനത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും പാതയിലേക്കു വലിച്ചിഴച്ചതിന്റെ ഉത്തരവാദിത്തം പി. ഡി. പി. യും ചെയർമാൻ അബ്ദുനാസർ മഅദനിക്കുമാണെന്നു പറഞ്ഞു ഐക്യവേദി ജനറൽ കൺവീനർ കുമ്മനം രാജശേഖരൻ കുറ്റപ്പെടുത്തി.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

മഠത്തെ കുരുതിക്കളമാക്കി: ശാശ്വതികാനന്ദ

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം: ആൻറണി ഗവൺമെൻറ് ശിവഗിരിമഠത്തെ കുരുതിക്കളമാക്കി മാറ്റിയതായി സ്വാമി ശാശ്വതികാനന്ദ ആരോപിച്ചു. രാഷ്ട്രീയ സദാചാരവും നിയമപരമായ ധാർമ്മികതയും ഗവർമെൻറിൻറെ ഉത്തരവാദിത്വവും കാറ്റിൽപറത്തിക്കൊണ്ടുള്ള ക്രിമിനൽ നടപടികൾക്കാണു ശിവഗിരി മഠം സാക്ഷ്യം വഹിച്ചത്. ഇതാകട്ടെ നടപ്പാക്കാൻ അസാധ്യവും അധാർമ്മികവുമായ കോടതിവിധിയുടെ അടിസ്ഥാനത്തിലായിരുന്നെന്ന് അദ്ദേഹം പറഞ്ഞു.

ധർമ്മസംഘം ട്രസ്റ്റിൻറെ 53 പേരുള്ള ജനറൽ ബോഡിയിലെ കേവലം 13 പേർ മാത്രമാണ് ഔദ്യോഗിക പക്ഷത്തോടു വിധേയത്വം പുലർത്തുന്നതെന്ന് അദ്ദേഹം അറിയിച്ചു.

സ്വാമി കൈവല്യാനന്ദയുടെ ദുരൂഹമരണത്തിൽ താൻ തിരിച്ചറിഞ്ഞതിലും വളരെയധികം വൈകിയിരുന്നു. കൈവല്യാനന്ദ സ്വാമിയുടെ ശുപാർശ അനുസരിച്ചു സന്ന്യാസവും അംഗത്വവും നൽകപ്പെട്ടവരാണു സ്വാമി അമലേയാനന്ദ, സ്വാമി വിശുദ്ധാനന്ദ, സ്വാമിപ്രീതാത്മാനന്ദ, സ്വാമി ഋതുംബരാനന്ദ, സ്വാമി വിദ്യാതാനന്ദ എന്നിവർ.

വിവാദപരമായ തെരഞ്ഞെടുപ്പിൽ എൻറെ പാനലിൽ സ്വാമി കൈവല്യാനന്ദയെയും ഉൾപ്പെടുത്തിയിരുന്നു. തെരഞ്ഞെടുപ്പിനുള്ള പ്രാരംഭനടപടികൾ നടക്കുമ്പോൾ ഞാൻ ലണ്ടനിൽ ആയിരുന്നു. ഔദ്യോഗിക പാനലിനു മുഴുവൻ നൽകിയിട്ടാണു ഞാൻ പോയത്. നോമിനേഷൻ നൽകുന്നതിനു രണ്ടു ദിവസം മുൻപു മടങ്ങിയെത്തി. ഔദ്യോഗിക പാനലിൽപ്പെട്ട മൂന്നു പേർക്കു നോമിനേഷൻ സമയത്തിനു മുൻപു വന്നുചേരാൻ കഴിഞ്ഞില്ല.

ആ അവസരം മുതലെടുത്തു സ്വാമി കൈവല്യാനന്ദ താൽക്കാലിക നീക്കുപോക്ക് എന്ന നിലയിൽ തൻറെ ശിഷ്യൻമാരായ വിശുദ്ധാനന്ദനെ, അമലേയാനന്ദ, പ്രീതാത്മാനന്ദ എന്നിവരെക്കൊണ്ടു നോമിനേഷൻ കൊടുപ്പിച്ചു. ട്രസ്റ്റ് സ്കീം അനുസരിച്ച് ഇവർക്കു മൂന്നു പേർക്കും ബോർഡിലേക്കു മത്സരിക്കുവാനുള്ള യോഗ്യത ഉണ്ടായിരുന്നില്ല. ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ ജയിച്ചതിനുശേഷം ഇവരെ മൂന്നു പേരെയും രാജിവയ്പിക്കാമെന്നും പകരം നോമിനേഷൻ നൽകാൻ പറ്റാത്തവരെ ബോർഡിലൂടെ നോമിനേറ്റു ചെയ്യാമെന്നും കൈവല്യാനന്ദ സ്വാമി ഏറ്റിരുന്നു. ഈ ധാരണയുടെ അടിസ്ഥാനത്തിലാണു വിശ്വശാന്തമാനന്ദ അമലേയാനന്ദ, പ്രീതാത്മാനന്ദ എന്നിവർ ഔദ്യോഗിക പാനലിനൂടെ തെരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം, കൈവല്യാനന്ദയും, മൂന്നു ശിഷ്യൻമാരും നാടകീയമായി നിലപാടു മാറ്റി. അതുവരെ വിശ്വസ്തത ഭാവിച്ചു നിന്നിരുന്ന കൈവല്യാനന്ദ 11 പേരുള്ള ബോർഡിൽ നാലുപേരുടെ സഖ്യബലം ലഭിച്ചപ്പോഴാണു തനിനിറം കാണിച്ചു തുടങ്ങിയത്.

വഞ്ചന തിരിച്ചറിഞ്ഞപ്പോൾ അഞ്ചു പേർ ബോർഡിൽനിന്നു രാജിവച്ചു. തന്നെ മനസിലാക്കി എന്നറിഞ്ഞപ്പോൾ കൈവല്യാനന്ദയും രാജി വയ്ക്കുകയാണ് ഉണ്ടായത്. 11 പേരുള്ള ബോർഡിൽനിന്ന് ആറുപേർ രാജിവച്ചാൽ അവശേഷിക്കുന്നത് അഞ്ചുപേരാണ്. ഏഴു പേരെങ്കിലും ഉണ്ടെങ്കിലേ ബോർഡായി പ്രവർത്തിക്കുവാൻ കഴിയൂ. ഈ പശ്ചാത്തലത്തിലാണു ധർമ്മസംഘം ട്രസ്റ്റിൻറെ പരമാധികാര സഭയായ ജനറൽ ബോഡി ട്രസ്റ്റിലേക്കു പുതിയ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചത്.

ധർമ്മസംഘം ട്രസ്റ്റിൻറെ ഈ തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസിൻമേൽ വിധി വന്നപ്പോൾ ഒഴിഞ്ഞുകിടക്കുന്ന ബോർഡംഗങ്ങൾ ആകുമെന്ന സ്ഥിതി വന്നു. ഇവർ ഉൾപ്പെടുന്ന ബോർഡിനു നിയമസാധുതയില്ല.

ഇതിനുള്ള പരിഹാരം സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയാണ്. സുപ്രീംകോടതിയാകട്ടെ വസ്തുതകളിലേക്കു പ്രവേശിക്കാതെ താൽക്കാലിക വിധിയായതുകൊണ്ട് ഈ പെറ്റീഷൻ അനുവദിച്ചിട്ടില്ല. ഇതേതുടർന്നു ഹൈക്കോടതിയിൽ നിയമപരിഹാരത്തിനുവേണ്ടി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഇതു തള്ളുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല. വിധി കാത്തുകിടക്കുകയാണ്. നിയമപരിഹാരമാർഗ്ഗങ്ങൾ അടയുകയും കൈമാറാൻ നിയമാനുസൃതമായ ബോർഡ് ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യം കോടതിയേയും ഗവൺമെൻറിനേയും അറിയിച്ചിരുന്നു. ഗുരുദേവൻറെ പാവന നാമധേയത്തിൽ നിലകൊള്ളുന്ന ശിവഗിരി മഠത്തിൽ ചരിത്രം മാപ്പു നൽകാത്ത നഗ്നമായ ക്രൂരതയാണു ജുഡീഷ്യറിയും എക്സിക്യൂട്ടീവും കൈകോർത്തു പിടിച്ചു കാട്ടിക്കൂട്ടാൻ ധൈര്യം കാണിച്ചതെന്നു ശാശ്വതികാനന്ദ പറഞ്ഞു.

പഴയ ചാതുർവർണ്യയുഗത്തിലേക്ക് ഈ മഹത്തായ നവോത്ഥാന പ്രസ്ഥാനത്തെ തന്ത്രപരമായി തിരിച്ചു കൊണ്ടുപോകുകയാണ്. ഞങ്ങൾ ചരിത്രബോധത്തോടും ദൂരക്കാഴ്ചയോടുംകൂടി ഈ അനീതിയ്ക്കെതിരായി നിലകൊള്ളുന്നു. സാങ്കേതിക പദങ്ങളേയും കൗശലങ്ങളേയും തെറ്റായ പ്രചാരണങ്ങളേയും വൈകിയാണെങ്കിലും കാലം തിരിച്ചറിയുകയും ആത്മസംയമനത്തോടുകൂടി തങ്ങൾ നേരിടുകയും ചെയ്യുമെന്നു ശാശ്വതികാനന്ദ പറഞ്ഞു.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

മഠത്തെ കുരുതിക്കളമാക്കി: ശാശ്വതികാനന്ദ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു മുന്നറിയിപ്പുമില്ലാതെയുള്ള പൊലീസ് നടപടിയാണു നടന്നതെന്നു

ആഭ്യന്തരമന്ത്രി ബി. വെല്ലിംഗ്ടണും ആശ്രമത്തിലെ പ്രായം ചെന്ന സ്വാമി വിശുദ്ധാനന്ദയും പറഞ്ഞു. മുഖ്യമന്ത്രി ഇതിനു മറുപടി പറയണം, വെല്ലിംഗ്ടൺ അഭിപ്രായപ്പെട്ടു. നിയമബോധമുള്ളവർ ഈ സംഭവത്തിൽ ഒറ്റക്കെട്ടായി പ്രതിഷേധിക്കണം.

പി.ഡി.പി. ക്കാരെ ആശ്രമത്തിൽ താവളമടിപ്പിച്ച് പൊലീസിനെതിരേ നടത്തിയ ആക്രമണമല്ലേ പൊലീസ് ബല പ്രയോഗത്തിനു വഴിതെളിച്ചതെന്ന ചോദ്യത്തിന് വ്യവസ്ഥയില്ലാത്ത സഹായം ആരിൽനിന്നുണ്ടായാലും വേണ്ടെന്നു പറയാനാവില്ലെന്നായിരുന്നു വെല്ലിംഗ്ടന്റെ മറുപടി.

കോടതിവിധിയിൽ പരാതിയുള്ള ശാശ്വതികാനന്ദ നൽകിയ നിവേദനത്തിൽ ഹർജി വാദം കേട്ടു തീരുമാനിക്കാതെ മാറ്റിവച്ച് കോടതിവിധി നടപ്പാക്കാനുള്ള വ്യഗ്രത കാണിച്ചതിനു പിന്നിൽ നീതിക്കു നിരക്കാത്ത എന്തോ ഉണ്ടെന്നും വെല്ലിംഗ്ടൺ പറഞ്ഞു.

പുതിയ കമ്മിറ്റിക്ക് ചാർജ് കൊടുക്കുന്നില്ലെന്നല്ല, ചാർജെടുക്കാൻ ആളില്ലാതെ പോയതാണ് ശിവഗിരിയിലെ പ്രശ്നം. കമ്മിറ്റിയിലെ മുന്നിൽ രണ്ട് അംഗങ്ങൾ ചേർന്നേ ഭരണസമിതി ഉണ്ടാക്കാനാവൂ. ധർമ്മസംഘം ട്രസ്റ്റ് ഭരണഘടന അനുശാസിക്കുന്ന മുന്നിൽ രണ്ടു ഭൂരിപക്ഷമില്ലാതെ ഭരണാധികാരികളെ തെരഞ്ഞെടുക്കാനാവില്ല- വെല്ലിംഗ്ടൺ അഭിപ്രായപ്പെട്ടു. ഉപവാസപന്തലിനു മുന്നിലെ മൈക്ക് പിടിച്ചെടുത്ത് 144 പ്രഖ്യാപിച്ചതുകൊണ്ടായുള്ള അനൗൺസ്മെന്റും ജനക്കൂട്ടത്തെ പിരിച്ചുവിടാനുള്ള വാഹനപ്രചാരണവും നടത്തുകയായിരുന്നു എന്ന് വെല്ലിംഗ്ടൺ പറഞ്ഞു.

സ്വാമി വിശുദ്ധാനന്ദ ഇതുപോലൊരു ക്രൂരമായ പൊലീസതിക്രമം തന്റെ ജീവിതത്തിൽ ആദ്യമാണെന്നഭിപ്രായപ്പെട്ടു. മുന്നറിയിപ്പു നൽകി ജനക്കൂട്ടത്തിനു പിരിഞ്ഞു പോകാൻ അവസരം നൽകിയിട്ടേ ബ്രിട്ടീഷുകാരുടെ കാലത്തു പൊലീസ് ബലപ്രയോഗം നടത്തിയിരുന്നുള്ളൂ. ശിവഗിരിയിൽ പ്രാർഥനാഗാനത്തിൽ മുഴുകിയിരുന്ന ജനത്തിനു നേരേ പിന്നിലൂടെ മതിൽ ചാടിക്കയറി വന്ന പൊലീസ് ചാടി വീഴുകയായിരുന്നു.

മുസ് അച്യുതവാര്യരുടെ നേതൃത്വത്തിൽ കോടതിവിധി നടത്തിപ്പിനു വന്നപ്പോഴും മര്യാദയായി പെരുമാറിയ ഡിഐജി എസ്. പി. ഇന്നലെ തികച്ചും ക്രൂരനായാണു കാണപ്പെട്ടത്. കാലിൽ പിടിച്ചു വലത്തെ തൂണുതേ എന്നപേക്ഷിച്ച വൃദ്ധനെ അപേക്ഷ കേൾക്കാതെ ബലമായി പിടിച്ചിരുത്തി പുറത്തടിച്ചു.

എസ്.എൻ.ഡി.പി. യോഗം മുന്നാം ജനറൽ സെക്രട്ടറി എ. എസ്. പ്രതാപസിങ്: "ഇതുപോലെ ക്രൂരമായ രാഷ്ട്രീയ ചാർജ് സ്വാതന്ത്ര്യലബ്ധിക്കുശേഷം ഉണ്ടായിട്ടില്ല. പൊലീസ് അക്രമം കാട്ടുന്നുവെന്നു കേട്ട് സമീപത്തെ ഒരു മുറിയിൽ ഒരു പത്രപ്രവർത്തകനോടൊപ്പം ഉൽകണ്ഠാകുലനായി നിൽക്കുകയായിരുന്നു ഞാൻ. പൊലീസ് കരുക്കൾ ചവിട്ടിത്തെറിപ്പിച്ചെത്തി ഞങ്ങളെ ആക്രമിച്ചു. എന്റെ മുഖത്തടിച്ചു. മുഖം പിടിച്ചു തിരിച്ചു. വലിച്ചു മുറ്റത്തേക്കിട്ടു. കമിഴ്ന്നു വീണ എന്റെ ചുറ്റും [illegible] പൊലീസുകാർ നിന്നു പുറത്തും തലയിലും മാറി മാറി ലാത്തികൊണ്ടടിച്ചു. [illegible] പൊലീസ് വാഹനത്തിൽ കയറി. ഷർട്ടുണ്ടായിരുന്ന പത്രപ്രവർത്തകനെ അടിച്ചപ്പോൾ പത്രമാണെന്നയാൾ വിളിച്ചു പറഞ്ഞു: ഫൊട്ടോഗ്രാഫറെക്കൂടി കൊണ്ടുവരാഞ്ഞതെന്ത് എന്നു പോലീസിനെ തല്ലി."

മോഹൻ ശങ്കർ: ശിവഗിരിക്കു മുന്നിൽ അനിശ്ചിതകാല ഉപവാസം നടത്തുകയായിരുന്ന ഞാനും മറ്റും പൊലീസിന്റെ മുന്നറിയിപ്പൊന്നും കേട്ടില്ല. നിരോധനം വിളിച്ചു പറഞ്ഞതിനൊന്നിനു അതിനു മുമ്പൊരാളെ അടിച്ചു വീഴ്ത്തിയിരിക്കണം. സാധാരണ സ്ഥലങ്ങളിൽപോലും നടത്തിക്കൂടാത്ത ക്രൂരതയാണ് പൊലീസ് പവിത്രമായ ശിവഗിരി സങ്കേതത്തിൽ കാട്ടിയത്. ആദിവാസിയുള്ള അധികാര കൈമോശത്തിനു പകരം പൊലീസ് ആദ്യം ശിവഗിരി പിടിച്ചെടുത്ത ശേഷം ആദിവാസിയെ കൊണ്ടുവരികയായിരുന്നു. ആരാധനാസ്വാതന്ത്ര്യത്തിനു നേർക്കുള്ള നിന്ദ്യമായ പൊലീസ് നടപടിക്ക് മുഖ്യമന്ത്രി മറുപടി പറയണം.

ഉണ്ടായ സംഭവങ്ങൾ തികച്ചും നിർഭാഗ്യകരമായിപ്പോയി എന്ന് എസ്. എൻ. ട്രസ്റ്റ് മുൻ ഡയറക്ടർ ബോർഡ് അംഗം എൻ. സുന്ദരേശൻ അഭിപ്രായപ്പെട്ടു. കോടതി വിധി നടപ്പാക്കുന്നതിനു സാവകാശമായി വരിച്ച അഞ്ചാഴ്ചക്കാലത്തിനുള്ളിൽ മാധ്യസ്ഥരായി പ്രവർത്തിച്ചവർ ചെയ്യേണ്ടതു ചെയ്തില്ല. ഈ വിഭാഗത്തോടും പിരിച്ചു വിട്ടു പുതിയ തെരഞ്ഞെടുപ്പു നിഷ്പക്ഷമായി നടത്തി ഭരണത്തിന്റെ സാന്നിധ്യത്തിൽ നടത്തി ഭരണത്തിനു അവസരം സൃഷ്ടിക്കുകയാണു കരണീയമായുള്ളതെന്നും എൻ. സുന്ദരേശൻ പറഞ്ഞു.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

സർക്കാർ കടമ നിറവേറ്റി: പ്രകാശാനന്ദ

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ശിവഗിരിയിൽ ഇന്നത്തെ സാഹചര്യത്തിൽ ചെയ്യാവുന്നതാണു സർക്കാർ ചെയ്തതെന്നു ശ്രീനാരായണ ധർമസംഘം ട്രസ്റ്റിന്റെ പുതിയ പ്രസിഡന്റായി ചുമതലയേറ്റ സ്വാമി പ്രകാശാനന്ദ പ്രസ്താവിച്ചു.

പൊലീസിനെ കയറ്റിയ സാഹചര്യം ശിവഗിരിയിൽ സൃഷ്ടിച്ചതു മുൻ പ്രസിഡന്റ് സ്വാമി ശാശ്വതികാനന്ദയും മറ്റുള്ളവരുടെ ഗുണ്ടകളും കുലിത്തല്ലുകാരുമാണെന്നു പ്രകാശാനന്ദ ആരോപിച്ചു.

ചുമതലയേറ്റശേഷം രണ്ടുമൂന്നു മുറികൾ തുറന്നു തന്നിക്കു രേഖകൾ ഒന്നുംതന്നെ കാണാനായില്ലെന്നു പ്രകാശാനന്ദ പറഞ്ഞു. അവയും ഇരുന്നുപെട്ടിയിലുണ്ടായിരുന്ന സ്വർണവും വെള്ളിയുമൊക്കെ എടുത്തിമാറ്റിയിരിക്കുകയാണ്. വിലപിടിപ്പുള്ള ഒന്നുംതന്നെ അവിടെയില്ല. ശിവഗിരിയിലെ അന്തരീക്ഷം മോശമായതിനാൽ ഓഫിസ് പൂട്ടി താൻ കഴിഞ്ഞ രണ്ടുവർഷമായി സെക്രട്ടറിയായ തിരുവല്ലം കുന്നുംപാറ ക്ഷേത്രത്തിലേക്കു പോരുകയായിരുന്നു. ശിവഗിരി മഠത്തിനു കീഴിലുള്ള ക്ഷേത്രമാണിത്.

ശിവഗിരിയിൽ നടപടിയെന്തെങ്കിലുമുണ്ടായാൽ അതിന്റെ ഉത്തരവാദിത്തം ശാശ്വതികാനന്ദയ്ക്കായിരിക്കുമെന്നു താൻ മന്ത്രി കടവൂർ ശിവദാസനോടും അഡ്വക്കറ്റ് ജനറലിനോടും പറഞ്ഞിരുന്നു. [illegible] മുൻപു ഭരണം ശാശ്വതികാനന്ദ ഒഴിയണമെന്നു 19 നു കോടതി വിധിച്ചതാണ്. അന്നേ ഒഴിഞ്ഞിരുന്നെങ്കിൽ കുഴപ്പങ്ങൾ ഒഴിവാക്കാമായിരുന്നു- പ്രകാശാനന്ദ പറഞ്ഞു.

ശിവഗിരി സംഭവവികാസങ്ങളിൽ ജനങ്ങൾ പ്രകോപിതരാകാതെ ആത്മസംയമനം പാലിക്കണമെന്നു സ്വാമി പ്രകാശാനന്ദ ആഹ്വാനം ചെയ്തു. ശാന്തിയുടെയും സമാധാനത്തിന്റെയും കേദാരമായ നമ്മുടെ പുണ്യഭൂമിയിൽ സംഘർഷങ്ങൾ പാടില്ലാത്തതു സംഘർഷത്തിന്റെ സാമൂഹിക വിരുദ്ധ ശക്തികളുടെ നീക്കുപോക്കും വഴിതെളിച്ചു.

ട്രസ്റ്റ് ഭരണമാറ്റം: ഇന്നു കോടതിയെ അറിയിക്കണം

കൊച്ചി: ശിവഗിരി ധർമ്മസംഘം ട്രസ്റ്റിന്റെ ഭരണമാറ്റംസംബന്ധിച്ച ഹൈക്കോടതി വിധി നടപ്പാക്കിയ കാര്യം സർക്കാർ ഇന്ന് ഔദ്യോഗികമായി ഹൈക്കോടതിയെ അറിയിക്കും.

വിധി നടപ്പാക്കിയ കാര്യം അഡ്വക്കറ്റ് ജനറൽ എസ്. നാരായണൻ പോറ്റിയാണ് ഔപചാരികമായി കോടതിയെ അറിയിക്കേണ്ടത്. എന്നാൽ, ഇന്നലെ വൈകുംവരെ ഇതുസംബന്ധിച്ച അറിയിപ്പ് അഡ്വക്കറ്റ് ജനറലിനു ലഭിച്ചിട്ടില.

മലയാള മനോരമ 1995 ഒക്ടോബർ 12 വ്യാഴം

പൊലീസിനെ ഇറക്കിയതു നിയമോപദേശപ്രകാരം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ശിവഗിരിയെ സംബന്ധിച്ച കോടതിവിധി നടപ്പാക്കാൻ സർക്കാർ കോടതി ആമീന് എല്ലാ സൗകര്യങ്ങളും പൊലീസ് സംരക്ഷണവും നൽകണമെന്ന് അഡ്വക്കേറ്റ് ജനറൽ എസ്. നാരായണൻ പോറ്റി മുഖ്യമന്ത്രിക്കു നൽകിയ നിയമോപദേശത്തിൽ പറയുന്നു. അഡ്വക്കേറ്റ് ജനറലിന്റെ കത്ത് മുഖ്യമന്ത്രിതന്നെ പത്രങ്ങൾക്കു നൽകി.

കോടതി ഉത്തരവു നടപ്പാക്കാൻ സംരക്ഷണം നൽകുക എന്ന അടിസ്ഥാനപരമായ സാധ്യത സർക്കാർ നിറവേറ്റാത്തപക്ഷം രാജ്യത്തു നിയമവും ചട്ടവും സാധ്യമല്ലാതെ വരും എന്നു കത്തിൽ മുന്നറിയിപ്പു നൽകുന്നു.

കോടതിവിധി നടപ്പാക്കുന്നതിൽ സർക്കാരിന്റെ പങ്ക് വളരെ പരിമിതമാണ്. പൊലീസ് സംരക്ഷണം നൽകുക മാത്രമാണു സർക്കാരിന്റെ ജോലി.

കോടതിവിധിയുടെ ശരിയും തെറ്റും നോക്കേണ്ടകാര്യം പൊലീസിനില്ല. കോടതി ഉത്തരവ് ശരിയല്ലെന്നുണ്ടെങ്കിൽ അതിനു കോടതിയിൽതന്നെ വേണം പരിഹാരം കാണാൻ. ശിവഗിരിയുടെ കാര്യത്തിൽ ഭരണം ചിലർക്കു കൈമാറാൻ കോടതി ഉത്തരവായി. അതു നടപ്പാക്കേണ്ട ചുമതല ആമീനും; പൊലീസിന്റെ ചുമതല ആമീനു സംരക്ഷണം നൽകലും.

ഹൈക്കോടതി ഉത്തരവിനു ഭേദഗതി ആവശ്യപ്പെട്ടു കോടതിയെത്തന്നെ സമീപിക്കാനുള്ള സ്വാതന്ത്ര്യം സ്വാമി സ്വരൂപാനന്ദയ്ക്കും മറ്റു തൽപ്പര കക്ഷികൾക്കുമുണ്ട്. ഈ വിവാദത്തിൽ തലയിടേണ്ട കാര്യം സർക്കാരിനോ പൊലീസിനോ ഇല്ല.

"സ്വാമി സ്വരൂപാനന്ദയുടെ ആവശ്യം ഒരു മുഖ്യമന്ത്രിയുടെ മുന്നിൽ ഉന്നയിക്കാൻതന്നെ പാടില്ലാത്തതായിരുന്നു. (ആവശ്യം എന്താണെന്നു കത്തിൽ പറയുന്നില്ല). അദ്ദേഹത്തിനു ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ പോകാമായിരുന്നു. ഹൈക്കോടതിയിൽ സ്വാമി സ്വരൂപാനന്ദ് നൽകിയ ഹർജി നമ്പർ 704/1995-യിൻമേൽ ഉത്തരവിനുവേണ്ടി പ്രസ് ചെയ്യുന്നതെന്താണെന്നും എനിക്കു മനസിലാവുന്നില്ല."

"അങ്ങ് നിയോഗിച്ച കമ്മിറ്റിയും ഞാനും ഒത്തുതീർപ്പുണ്ടാക്കാൻ പരമാവധി ശ്രമിച്ചു. ഒന്നിനും ഫലം കണ്ടില്ല. ഈ സാഹചര്യത്തിൽ കോടതിവിധി നടപ്പാക്കാൻ ആമീനു പൊലീസ് സംരക്ഷണം നൽകുകയല്ലാതെ മറ്റൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല."

"നിയമസംരക്ഷണമാണു പരമപ്രധാനമായ ചുമതലയെന്നിരിക്കെ പൊലീസ് സംരക്ഷണം നൽകാതെ അനധികൃതമായി പ്രവർത്തിക്കുന്നവരെ സഹായിക്കുന്ന നിലപാടു സർക്കാർ സ്വീകരിച്ചാൽ അതു ശരിയായ നടപടിയല്ല." കത്തിൽ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ
Estd. 1888
തിരുവനന്തപുരം
16 പേജ് 2.50 രൂപ Published from Kottayam Kozhikode Kochi Thiruvananthapuram Palakkad Kannur and Kollam 1995 ഒക്ടോബർ 13 വെള്ളി

അധികാരം കൈമാറാൻ കോടതി പറഞ്ഞില്ല: ശാശ്വതികാനന്ദ

സ്വന്തം ലേഖകൻ

ശിവഗിരി: അധികാരം കൈമാറണമെന്ന് കോടതിവിധി നിലവിലില്ലാതിരിക്കെ ശിവഗിരിയിൽ നിയമവാഴ്ചയും കോടതിവിധിയും നടപ്പാക്കിയെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന തെറ്റിദ്ധാരണാ ജനകമാണെന്ന് സ്വാമി ശാശ്വതികാനന്ദ അറിയിച്ചു.

ധർമ്മസംഘം ട്രസ്റ്റിന്റെ ആസ്തിയും മാനേജ്മെൻറും 94 ജൂൺ 27-ന് തെരഞ്ഞെടുക്കപ്പെട്ട ബോർഡിന് കൈമാറണമെന്നതാണ് കോടതിവിധി. ബോർഡ് നാളിതുവരെ നിലവിൽ വന്നിട്ടില്ല.

ശിവഗിരിപോലെ ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥാപനത്തിൽ ബലപ്രയോഗം നടത്തുന്നതിന് മുമ്പായി വിധിയിൽ നിർദ്ദേശിക്കുന്നവിധം ഒരു ബോർഡ് നിലവിൽ വന്നിട്ടുണ്ടോ എന്ന് ഗവൺമെൻറ് പരിശോധിക്കേണ്ടതായിരുന്നു. കോടതിവിധി നടപ്പാക്കേണ്ടതില്ലെന്ന് ഞങ്ങൾ ഒരിക്കലും പറഞ്ഞിട്ടില്ല. ആർ അംഗങ്ങൾക്ക് അധികാരം കൈമാറണമെന്ന്, കോടതി നിർദ്ദേശം ഉണ്ടായാൽ, എന്തെല്ലാം വിയോജിപ്പുകൾ ഉണ്ടായാലും അത് അനുസരിക്കാൻ ശിവഗിരിമഠം തയാറാണെന്ന വിവരം ബന്ധപ്പെട്ട എല്ലാവരേയും അറിയിച്ചിരുന്നു.

ശിവഗിരി ധർമ്മ സംഘം ട്രസ്റ്റ് പബ്ലിക് ട്രസ്റ്റാണ്. പബ്ലിക് ട്രസ്റ്റിന്റെ രക്ഷാധികാരി എന്നനിലയിൽ ഈ പ്രശ്നത്തിൽ ഇടപെടാൻ ഗവൺമെൻറിന് നിയമ തടസ്സങ്ങളില്ലെന്നാണ് മഠത്തിന് ലഭ്യമായ നിയമോപദേശം. ട്രസ്റ്റ് സ്കീം അനുസരിച്ചും, കോടതിവിധിയുടെ അടിസ്ഥാനത്തിലും ആർ അംഗങ്ങൾക്ക് ബോർഡ് എന്ന നിലയ്ക്കുള്ള അധികാരകൈമാറ്റം സാധ്യമല്ലെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഗവൺമെൻറിന് ഉചിതമായ നിർദ്ദേശം കോടതിയെ അറിയിക്കാമായിരുന്നു. പ്രശ്നപരിഹാരത്തിനായി ലഭിച്ച ഒരു മാസത്തെ സമയം കഴിഞ്ഞപ്പോൾ ബലപ്രയോഗത്തിലൂടെ നിയമവിരുദ്ധമായി ഒരു ബോർഡിനെ നിലവിൽകൊണ്ടുവരുവാൻ ശ്രമിച്ചത് ശിവഗിരിയുടെ ചരിത്രത്തിലെ കറുത്ത അധ്യായമാണ്. അനശ്വരചരിത്ര മുഹൂർത്തങ്ങൾക്ക് വഴിയൊരുക്കിയ ഗുരുദേവന്റെ സ്മരണയ്ക്കുമുമ്പിൽ പ്രാർഥനാപൂർവം ഈ വെല്ലുവിളി ഞങ്ങൾ നേരിടും. ബോർഡ് നിലവിലുണ്ടെന്നും, പ്രസിഡൻറിനേയും സെക്രട്ടറിയേയും തെരഞ്ഞെടുത്തു എന്നുമുള്ള ചിലരുടെ അവകാശവാദങ്ങൾ തികച്ചും നിയമവിരുദ്ധമാണെന്ന് ശാശ്വതികാനന്ദ വ്യക്തമാക്കി.

ശിവഗിരിയിൽ നടന്ന അതിക്രൂരമായ പൊലീസ് മർദ്ദനത്തെ ന്യായീകരിക്കുന്നവർക്ക് ചരിത്രം മാപ്പു നൽകട്ടെയെന്ന് അദ്ദേഹം പറഞ്ഞു. അതിരാവിലെ നടന്ന ആസൂത്രിത നരവേട്ടയ്ക്കു വളരെ കുറച്ചു മാധ്യമ പ്രതിനിധികൾ മാത്രമേ സാക്ഷ്യം വഹിച്ചിട്ടുള്ളൂ. അതിലൊരു ലേഖകനു നേരേ ഉണ്ടായ ക്രൂരമായ മർദ്ദനംതന്നെ പൊലീസ് സമീപനത്തിന്റെ മാതൃകയാണ്.

പൊലീസ് ശിവഗിരിയിൽനിന്നു കണ്ടെടുത്തുവെന്ന് അവകാശപ്പെടുന്ന ആയുധങ്ങൾ യഥാർത്ഥത്തിൽ എവിടെനിന്നാണ് കൊണ്ടുവന്നതെന്ന് അവർക്കു നന്നായി അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

മാതൃഭൂമി 1995 ഒക്ടോബർ 5 വ്യാഴാഴ്ച 5

ശിവഗിരി: വിധി നടപ്പാക്കാൻ അഡ്വ. ജനറൽ പോലീസിന് നിർദേശം നല്കി

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി: ശിവഗിരിയിലെ തർക്കത്തിനു രമ്യമായ പരിഹാരം കണ്ടെത്താൻ സർക്കാരിനു കഴിയാതെ വന്നതിനെ തുടർന്ന് ധർമ സംഘം ട്രസ്റ്റിന്റെ ഭരണ മാറ്റം സംബന്ധിച്ച ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് കോടതി അധികൃതർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കാൻ, സംസ്ഥാന അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം ജില്ലാ പോലീസ് സൂപ്രണ്ടിനും ആറ്റിങ്ങൽ ഡിവൈ.എസ്.പി.ക്കും ഉത്തരവ് നല്കി. ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് ആറ്റിങ്ങൽ സബ് കോടതി ആമീന് എല്ലാ സഹായവും ചെയ്തു കൊടുക്കണമെന്ന് ഉത്തരവിൽ പറയുന്നു.

മുഖ്യമന്ത്രി എ.കെ. ആന്റണിയുമായി ടെലിഫോണിൽ ചൊവ്വാഴ്ച രാത്രിയിലും ബുധനാഴ്ച രാവിലെയും ചർച്ചകൾ നടത്തിയ ശേഷമാണ് അഡ്വ. ജനറൽ എസ്. നാരായണൻ പോറ്റി പോലീസ് അധികൃതർക്ക് ഉത്തരവ് നല്കിയത്. പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയിലെ അംഗങ്ങളായ കടവൂർ ശിവദാസനും സി.വി. പത്മരാജനും നിയമ മന്ത്രി കെ.എം. മാണിയും ചൊവ്വാഴ്ച അഡ്വക്കേറ്റ് ജനറലുമായി ചർച്ചകൾ നടത്തി. കെ.പി.സി.സി. പ്രസിഡണ്ട് വയലാർ രവിയും ചർച്ചകളിൽ പങ്കെടുത്തിരുന്നു.

വിധി നടപ്പാക്കുന്നതിന് സർക്കാരിന്റെ അപേക്ഷ പ്രകാരം ആഗസ്ത് 24-ന് ഹൈക്കോടതി ഒരു മാസത്തെ സാവകാശം അനുവദിച്ചിരുന്നു. പിന്നീട് അഡ്വക്കേറ്റ് ജനറലിന്റെ അപേക്ഷയിൽ ഒരാഴ്ച കൂടി സാവകാശം അനുവദിച്ചു. ഈ കാലാവധിക്കുള്ളിൽ തർക്കം പരിഹരിക്കാനാവാതെ വന്നതിനെ തുടർന്നാണ് വിധി നടപ്പാക്കാൻ അഡ്വക്കേറ്റ് ജനറൽ നിർദേശം നൽകിയത്.

ശ്രീനാരായണ ധർമ സംഘം ട്രസ്റ്റിന്റെ, 1994 ജൂലായ് 26-ന് തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിന് അധികാരം കൈമാറണമെന്ന്, 1994 ഡിസംബർ 25-ന് തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിന്, കഴിഞ്ഞ ജൂൺ 19-ന് ഹൈക്കോടതി നിർദേശം നൽകി. ഹൈക്കോടതിയുടെ നിർദേശം നിലവിലുള്ള ഭരണ സമിതി അനുസരിച്ചില്ല. ധർമ സംഘം ട്രസ്റ്റിന്റെ ആസ്തികളും അധികാരങ്ങളും കൈമാറണമെന്ന ഉത്തരവ് നടപ്പാക്കാൻ പോലീസ് സഹായം ലഭ്യമാക്കാൻ പോലീസിന് പ്രത്യേകം നിർദേശം നൽകിയെങ്കിലും ഫലമുണ്ടായില്ല. ഇതിനിടെ നിലവിലുള്ള ഭരണ സമിതി നല്കിയ റിവിഷൻ ഹർജിയും സുപ്രീം കോടതിയിൽ നല്കിയ സ്പെഷൽ ലീവ് പെറ്റീഷനും തള്ളിയിരുന്നു.

കോടതി വിധി നടപ്പാക്കുന്നതിൽ സന്ന്യാസിമാരുടെ പെരുമാറ്റത്തെ വിമർശിച്ചു കൊണ്ട്, ഭരണം കൈമാറാൻ ആഗസ്ത് 22-ന് ഹൈക്കോടതി വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. ഇതേത്തുടർന്ന് പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് സർക്കാർ ഒരു മാസത്തെ സാവകാശം തേടി.

ഒരു മാസത്തെ സാവകാശം അനുവദിച്ചാൽ വിധി നടപ്പാക്കുകയോ ഒത്തുതീർപ്പുണ്ടാക്കുകയോ ചെയ്യാമെന്ന് അഡ്വക്കേറ്റ് ജനറൽ ബോധിപ്പിച്ചിരുന്നു. സർക്കാരിന്റെ അപേക്ഷ അനുവദിച്ച ഹൈക്കോടതി, സാവകാശം ചോദിച്ച് അപേക്ഷ നല്കിയവർക്ക് കോടതി വിധി നടപ്പാക്കാനുള്ള ബാധ്യതയുണ്ടെന്നും വ്യക്തമാക്കിയിരുന്നു.

ചന്ദ്രിക

1995 ഒക്ടോബർ 12 വ്യാഴം 1416 ജ: അവ്വൽ 17 പേജ് 8 വില 2ക. 50 പൈസ

LIBRARY ARCHIVES Kerala Legislative Assembly

കോടതിവിധി നടപ്പാക്കി

ശിവഗിരിയിൽ ലാത്തിച്ചാർജ്ജ് 150 പേർക്ക് പരിക്ക്

തിരുവനന്തപുരം: ശിവഗിരി മഠത്തിന്റെ ഭരണം തെരഞ്ഞെടുക്കപ്പെട്ട സമിതിക്ക് കൈമാറണമെന്ന കേരള ഹൈക്കോടതി നിർദേശം നടപ്പാക്കുന്നതിനെ ചൊല്ലുണ്ടായ വിഭാഗീയതയും പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 150 പേർക്ക് പരിക്കേറ്റു. സ്വാമി ശാശ്വതീകാനന്ദ, സ്വാമി കൈവല്യാനന്ദ എന്നിവരുടെ നേതൃത്വത്തിലുള്ള രണ്ടു ഗ്രൂപ്പുകൾ തമ്മിലുള്ള അധികാരവടംവലിയാണ് ശിവഗിരി മഠത്തിലെ നിർഭാഗ്യകരമായ സംഭവങ്ങൾക്ക് കാരണമായത്.

പരിക്കേറ്റവരിൽ 50 പോലീസുകാരും പെടും. സംഭവവുമായി ബന്ധപ്പെട്ട് അറുപതിലധികംപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നു മണിക്കൂർ നീണ്ട പോലീസ് ഇടപെടലിലും ടിയർ ഗ്യാസ് പ്രയോഗത്തിനും കല്ലേറിനും ശേഷം ശിവഗിരിയുടെ നിയന്ത്രണം പൂർണ്ണമായി പോലീസ് ഏറ്റെടുത്തിരിക്കുകയാണ്. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സ്വാമി പ്രകാശാനന്ദയുടെ നേതൃത്വത്തിലുള്ള സ്വാമിമാർക്ക് അധികാരം കൈമാറുന്നത് മറുവിഭാഗവും സഹായികളും ചെറുത്തു തോൽപ്പിച്ചതിനെ തുടർന്നാണ് സംഘർഷമുണ്ടായത്. ഇതിനിടെ ഒരു വിഭാഗം സന്യാസിമാർ മഠത്തിന്റെ ഓഫീസിൽ കയറി രേഖകൾ പിടിച്ചെടുത്തു. ഇതിനിടെ ഓഫീസിലുണ്ടായിരുന്ന ഫർണിച്ചറുകൾ തകർന്നു. ഇതിനിടെ ഒരു വിഭാഗം സന്യാസിമാർ ഓഫീസിനു തീവെക്കാൻ ശ്രമിച്ചതായും പറയുന്നു. സാഹചര്യത്തിലാണ് പോലീസ് ഇടപെടലും സംഘട്ടനവും നടന്നത്.

സ്വാമി ശാശ്വതീകാനന്ദയെ സ്ഥാന

ദുഃഖകരം: ശിഹാബ് തങ്ങൾ

തിരുവനന്തപുരം: ശിവഗിരിയിലെ സംഭവങ്ങൾ ദുഃഖകരമാണെന്ന് സംസ്ഥാന മുസ്ലിം ലീഗ് പ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ കൊല്ലത്ത് പ്രസ്താവിച്ചു.

ഒരു പള്ളിയുടെ ഉദ്ഘാടനചടങ്ങുമായി ബന്ധപ്പെട്ട് കൊല്ലത്ത് എത്തിയതായിരുന്നു തങ്ങൾ. ഇവിടെ ഇങ്ങനെയൊന്നും സംഭവിക്കാൻ പാടില്ലായിരുന്നു. ഭേദകരവും നിർഭാഗ്യകരവുമാണ് സംഭവം. കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിന് മഹത്തായ സംഭാവനകൾ നൽകിയ ശിവഗിരിയുടെ പവിത്രതക്ക് കളങ്കം വരുത്തുന്ന ഒരു സംഭവവും അവിടെ ഉണ്ടാകാൻ പാടില്ലായിരുന്നുവെന്ന് തങ്ങൾ പറഞ്ഞു.

ചന്ദ്രിക

1995 ഒക്ടോബർ 12 വ്യാഴം 1416 ജ: അവ്വൽ 17 പേജ് 8 വില 2ക. 50 പൈസ

ലാത്തിച്ചാർജ്

ഒന്നാം പേജിലെ ബാക്കി

ത്തുനിന്നും മാറ്റി അധികാരം കൈമാറിയതായി പോലീസ് കോടതിയെ അറിയിച്ചു. ഇതേതുടർന്നു പോലീസും ശിവഗിരിയിലെ സന്നദ്ധ സേനാംഗങ്ങളും തമ്മിൽ ഏറ്റുമുട്ടലും ലാത്തിച്ചാർജ്ജുമുണ്ടായി. പരിക്കേറ്റവരിൽ എസ്.എൻ.ഡി.പി. സംസ്ഥാന സെക്രട്ടറി എ.എ സ്. പ്രതാപ്സിംഗും പെടും.

ശിവഗിരി കൺവെൻഷൻ സെന്റർ ഗുഡ നീക്കം നടത്തുകയാണെന്ന് ആരോപിച്ച്കൊണ്ട് ഇവിടെ സത്യഗ്രഹം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന മുൻ മുഖ്യമന്ത്രി ആർ. ശങ്കറിന്റെ പുത്രൻ മോഹൻശങ്കറിനെയും പോലീസ് അറസ്റ്റ് ചെയ്ത് ആസ്പത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. വർക്കല മെഡിക്കൽ മിഷൻ ആസ്പത്രിയിലും മോഹൻ ശങ്കർ നിരാഹാരം തുടരുകയാണ്.

പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ സ്വാമിമാരായ ഗുരുദേവ ശിശുപാലൻ, അസ്പർശാനന്ദ, ചിൻമയ ചൈതന്യ, ശ്രീനാരായണ തീർത്ഥ, പവിത്രാനന്ദ എന്നിവർ പെടുന്നു. ആര്യനാട് എസ്.ഐ. ഉൾപ്പെടെയുള്ള പോലീസുകാർക്ക് ആണ് പരിക്കേറ്റത്. പ്രതാപ്സിംഗിന്പുറമെ എസ്.എൻ.ഡി.പി. നെടുമങ്ങാട് താലൂക്ക് യൂണിയൻ സെക്രട്ടറി കാവിയാട് മാധവൻകുട്ടി, കമലാശനൻ ടി.ജി. എന്നിവരടക്കം അമ്പതോളംപേരെ വർക്കല ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

ലാത്തിച്ചാർജിൽ പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആസ്പത്രിയിൽ കഴിയുന്നവരെ മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ. എം. മാണി എന്നിവർ സന്ദർശിച്ചു.

പി.ഡി.പി. ഇന്ന് ബന്താഹ്വാനം നൽകിയ സാഹചര്യത്തിൽ ക്രമസമാധാനപാലനത്തിനു സർക്കാർ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾക്കല്ലാതെ അവധിയെടുക്കരുതെന്നു സർക്കാർ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള-മഹാത്മാഗാന്ധി സർവ്വകലാശാലകൾ ഇന്നു നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചിട്ടുണ്ട്. ശിവഗിരി സംഭവത്തിൽ പ്രതിഷേധിച്ച് ഇന്നലെ കൊല്ലത്ത് ഹർത്താൽ ആചരിച്ചു. സംസ്ഥാനത്ത് മറ്റു ചില ഭാഗങ്ങളിലും ഹർത്താലുണ്ടായിരുന്നു.

ശിവഗിരി സംഭവത്തെകുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു കൊല്ലത്ത് ചേർന്ന എസ്.എൻ.ഡി.പി. യോഗം ആവശ്യപ്പെട്ടു. സന്യാസിമാരുടെ ശരീരത്തെയുള്ളവർക്ക് നേരെ നടന്ന അക്രമത്തിൽ യോഗം പ്രതിഷേധവും ഉൽക്കണ്ഠയും അറിയിച്ചു.

ശിവഗിരിയിൽ സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണാധീനമാണ്. ബുധനാഴ്ച രാത്രി ഒമ്പത് മണി വരെ സ്ഥലത്ത് നിരോധാജ്ഞ ഏർപ്പെടുത്തി.

ശിവഗിരി സംഭവം ദുർഭാഗ്യകരമാണെന്ന് ബി.ജെ.പി. അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് ഒ. രാജഗോപാൽ എം.പി. ഒരു പ്രസ്താവനയിൽ പറഞ്ഞു. അവിടെ കോടതി വിധി നടപ്പാക്കാൻ എല്ലാവരും സഹകരിക്കുകയായിരുന്നു വേണ്ടതെന്ന് രാജഗോപാൽ അഭിപ്രായപ്പെട്ടു.

ശേഷം പേജ് 5 കോളം 5

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രിക

1995 ഒക്ടോബർ 12 വ്യാഴം 1416 ജ: അവ്വൽ 17 പേജ് 8 വില 2ക. 50 പൈസ

കുഴപ്പത്തിന് കാരണം ബാഹ്യ ശക്തികളെന്ന്

കണ്ണൂർ: വളരെ സമാധാനപരമായും രമ്യമായും പരിഹരിക്കുവാൻ കഴിയുമായിരുന്ന ശിവഗിരി പ്രശ്നത്തെ സംഘട്ടനത്തിന്റേയും രക്തച്ചൊരിച്ചിലിന്റേയും പാതയിലേക്ക് വലിച്ചിഴച്ചതിന്റെ ഉത്തരവാദിത്തം പി.ഡി.പി.ക്കും ചെയർമാൻ മഅ്ദനിക്കുമാണെന്ന് ഹിന്ദു ഐക്യവേദി ജനറൽ കൺവീനർ കുമ്മനം രാജശേഖരൻ ആരോപിച്ചു.

ബാഹ്യ ഇടപെടലുകൾ ഒന്നും കൂടാതെ ശിവഗിരി ഗുരുദേവ സമാധിക്ക് മുമ്പിൽ സന്യാസി ശ്രേഷ്ഠന്മാർ ഒത്തൊരുമിച്ച് കൂടുന്നുവെന്നും പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നുവെന്നും കണ്ടപ്പോഴാണ് ആസിഡ് ബൾബും മാരകായുധങ്ങളും ഉപയോഗിച്ച് അക്രമമഴിച്ചു വിടാൻ പി.ഡി.പി. ശ്രമിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

ശിവഗിരിയുടെ പവിത്രതക്കും വിശുദ്ധിക്കും മങ്ങലേൽപ്പിക്കുക മാത്രമാണ് ഇവരുടെ ലക്ഷ്യം.

ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ് ഉടമ്പടിയിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ചുമതല സന്യാസി ശ്രേഷ്ഠന്മാർക്കാണ്. അത് നിർവ്വഹിക്കുന്നതിനു മുമ്പേ നിഷേധിക്കുകയും സമ്മർദ്ധന നീക്കങ്ങളെ തുരങ്കം വെക്കുകയും ചെയ്ത എല്ലാ ബാഹ്യ ശക്തികളേയും ഒറ്റപ്പെടുത്താൻ ഹിന്ദു സമൂഹം തയ്യാറാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രിക

1995 ഒക്ടോബർ 12 വ്യാഴം 1416 ജ: അവ്വൽ 17 പേജ് 8 വില 2ക. 50 പൈസ

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രിക 5

ശിവഗിരി: നടപടി ശരിയായില്ല കരുണാകരൻ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ശിവഗിരി മഠത്തിലെ സംഘർഷങ്ങളിൽ കേന്ദ്ര യുവ സായ മന്ത്രി കെ. കരുണാകരൻ കടുത്ത ദുഃഖം പ്രകടിപ്പിച്ചു.

ശിവഗിരി പ്രശ്നങ്ങൾ കൈകാര്യം ചെയ്ത രീതി തൃപ്തികരമല്ലെന്ന് പലകുറി പരാതിയുണ്ടായിരുന്നു. ഗവർമെൻറ് ഈ സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതായിരുന്നു. പോലീസ് അതിരുവിട്ട് പ്രവർത്തിച്ചതായും പരാതിയുണ്ട്. ഈ സംഘർഷത്തിൽ ജനങ്ങൾക്കു അങ്ങേയറ്റം അമർഷം ഉണ്ടായെന്ന് താൻ മനസ്സിലാക്കുന്നതായി കരുണാകരൻ തുടർന്നു പറഞ്ഞു. വൈകിയവേളയിലെങ്കിലും പ്രശ്നം പരിഹരിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം. ഗവർമെൻറ് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമതയില്ലായ്മ വീഴ്ച വരുത്തിയിട്ടുണ്ട്. ഇതിൻെറ പ്രത്യാഘാതം ഗുരുതരമായിരിക്കും.

പോലീസ് ഭാഗത്തുനിന്നുണ്ടായ വീഴ്ചയെകുറിച്ചന്വേഷിക്കണമെന്നും ജനങ്ങൾക്കു വിശ്വാസമുണ്ടാക്കുന്ന രീതിയിലുള്ള അന്വേഷണം വേണമെന്നും കരുണാകരൻ ആവശ്യപ്പെട്ടു.

കൃഷ്ണകുമാർ

ശിവഗിരി സംഘർഷങ്ങൾ നിർഭാഗ്യകരമായിപ്പോയി. ശിവഗിരിയുടെ പരിശുദ്ധത കാത്തു സൂക്ഷിക്കേണ്ട ചുമതല ക്ഷേത്രമാരുടെയും കേരളത്തിലെ ജനങ്ങളുടേതുമാണെന്ന് ഡൽഹി ശ്രീനാരായണ കേന്ദ്രം രക്ഷാധികാരി കൂടിയായ മുൻ കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ പറഞ്ഞു.

ക്ഷേത്രാർക്കും സ്വാമിമാർക്കും പരിക്കേറ്റതിലദ്ദേഹം ദുഃഖം പ്രകടിപ്പിച്ചു. പരിക്കേറ്റവരെ സന്ദർശിക്കാനും ശിവഗിരി പ്രശ്നത്തെകുറിച്ച് ഗവർമെൻറുമായി ചർച്ച നടത്താനും കൃഷ്ണകുമാർ ഇന്ന് ശിവഗിരിയിലെത്തും.

ബേബിജോൺ

പോലീസിൻെറ ബലപ്രയോഗം കൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമല്ല ശിവഗിരിയിലേതെന്ന് ആർ.എസ്.പി. അഖിലേന്ത്യാ ജനറൽ സെക്രട്ടറി ബേബിജോൺ പറഞ്ഞു. ഗവർമെൻറ് വീണ്ടുമൊരു തെറ്റുതിരുത്തിനായി മുന്നിട്ടിറങ്ങണം. ശ്രീനാരായണ ഗുരുവിൻെറ സന്ദേശം സ്നേഹത്തിലധിഷ്ഠിതമാണ്. എന്നാൽ ഇപ്പോൾ സ്നേഹത്തിനു പകരം വിദ്വേഷവും സംഘർഷവുമുണ്ടാക്കുന്ന അവസരമാണുണ്ടാകുന്നത്.

ചന്ദ്രിക

1995 ഒക്ടോബർ 12 വ്യാഴം 1416 ജ: അവ്വൽ 17 പേജ് 8 വില 2കെ. 50 പൈസ

നിയമവാഴ്ച നടപ്പാക്കാതെ വയ്യ: മുഖ്യമന്ത്രി

തിരുവനന്തപുരം: നിയമവാഴ്ച ഉറപ്പാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് മുഖ്യമന്ത്രി എ.കെ. ആൻറണി അഭ്യർത്ഥിച്ചു. സാമുദായിക വികാരം ഉളവാക്കിവിട്ട് മുതലെടുക്കാൻ ശ്രമിക്കുന്നത് ആർക്കും ഗുണം ചെയ്യില്ലെന്ന് ശിവഗിരി സംഘർഷത്തിനുശേഷം തൻറെ ചേമ്പറിൽ ചെന്ന പത്രലേഖകരോട് ആൻറണി പറഞ്ഞു. അനിഷ്ട സംഭവങ്ങളിൽ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചു.

കോടതിവിധി നടപ്പാക്കാൻ മാത്രമായിരുന്നു ഗവർമെണ്ട് നടപടി കൈക്കൊണ്ടത്. ഇക്കാര്യത്തിൽ മറ്റെന്തെങ്കിലും രീതിയിൽ പ്രവർത്തിക്കാൻ ഗവർമെണ്ടിന് കഴിയുമായിരുന്നില്ല. ശ്രീനാരായണ ഗുരുവിൻറെ പേരിൽ നടക്കുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ഇത്തരം സംഘർഷങ്ങൾ അരങ്ങേറുന്നത് ദൗർഭാഗ്യകരമാണ്. ഇക്കാര്യം ബന്ധപ്പെട്ടവരെല്ലാം ഓർക്കേണ്ടതാണ്.

ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ കോടതി വിധി നടപ്പാക്കുകയല്ലാതെ മറ്റു വഴി ഒന്നും ഗവർമെണ്ടിൻറെ മുമ്പിൽ ഉണ്ടായിരുന്നില്ല. ഇക്കാര്യം ശാശ്വതീകാനന്ദയോടും പറഞ്ഞിരുന്നതാണ്.

സംഘർഷവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച ബന്ത് ഗവർമെണ്ട് എങ്ങിനെ കൈകാര്യം ചെയ്യുമെന്ന് ആരാഞ്ഞപ്പോൾ നേരിടാൻ ആവശ്യമായത് ചെയ്യുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ശിവഗിരിയിലെ പ്രശ്നത്തിന് രമ്യമായ പരിഹാരത്തിന് ഗവർമെണ്ട് ശ്രമിച്ചിരുന്നു. പ്രശ്ന പരിഹാരത്തിന് ഒരു മന്ത്രിസഭാ സബ് കമ്മിറ്റി രൂപവൽക്കരിക്കുകയും ചെയ്തു. ആൻറണി പറഞ്ഞു. ദൗർഭാഗ്യവശാൽ ഈ ശ്രമങ്ങൾ ഫലവത്തായില്ല.

നിയമവാഴ്ച നിലനിൽക്കുന്നുവെന്ന് കാണാനാണ് ഗവർമെണ്ടിന് താൽപര്യം. നിയമലംഘനത്തിൻറെ ഒരു ശ്രമത്തിനും കക്ഷിയാവാൻ ഗവർമെൻറിനാവില്ല.

ലോക സാഹോദര്യം പ്രചരിപ്പിച്ച ശ്രീനാരായണ ഗുരുവിൻറെ പേരുമായി ബന്ധപ്പെട്ട ഒരു പുണ്യ സ്ഥലത്താണ് ശിവഗിരിയിൽ അനിഷ്ട സംഭവമുണ്ടായതെന്നത് കൂടുതൽ ഖേദകരമാണെന്ന് ആൻറണി പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രിക

1995 ഒക്ടോബർ 12 വ്യാഴം 1416 ജ: അവ്വൽ 17 പേജ് 8 വില 2ക. 50 പൈസ

പോലീസ് പരമാവധി സംയമനം പാലിച്ചു'

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം: വർക്കല ശിവഗിരിയിൽ കോടതിവിധി നടപ്പാക്കാനെത്തിയ പോലീസിന് നേരെ ഗുരുതരമായ പ്രകോപനമുണ്ടായിട്ടും പരമാവധി സംയമനം പാലിച്ചതായി ഡി.ജി.പി രാജഗോപാലൻ നായർ വ്യക്തമാക്കി. അക്രമത്തിൽ ചില പോലീസുകാർക്ക് പരിക്കേറ്റതായി അദ്ദേഹം പറഞ്ഞു.

